അധികാരം ജനങ്ങളിലേക്ക്

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി



# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട്

## സമർപ്പണം

കാലാകാലങ്ങളിലുണരുകയും

കൂട്ടായ്മയിലൂടെ, അദ്ധ്വാനം കൊണ്ട്

ക്ഷേമത്തിന്റേയും നന്മയുടേയും

സുന്ദരലോകങ്ങൾ -

ആരചിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന

ജനങ്ങളുടെ മുമ്പിൽ -

അംഗീകാരത്തിനും

പുതിയ നിർദ്ദേശങ്ങൾക്കുമായി

ഈ റിപ്പോർട്ട്

വിനയപൂർവ്വം സമർപ്പിക്കുന്നു.

കുറ്റിച്ചൽ

എസ്. ശാന്തകുമാരി

പ്രസിഡന്റ്.



" ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം."
അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

– ഗാന്ധിജി –

# ആശംസ



ഇ. കെ. നായനാർ
കേരളമുഖ്യമന്ത്രി

കുറ്റിച്ചൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വികസന സെമിനാർ നടക്കുന്നതായി അറിഞ്ഞു സന്തോഷിക്കുന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതി വികേന്ദ്രീകൃതവും ജനകീയവുമായി നടപ്പാക്കുന്നതിനോടനുബന്ധിച്ചുള്ളതാണല്ലോ ഇത്. ജനങ്ങളുടെ പങ്കാളിത്തത്തോടെ കക്ഷിരാഷ്ട്രീയഭേദങ്ങൾക്ക് അതീതമായി പദ്ധതി വികസന കാര്യങ്ങൾ നടപ്പാക്കുന്നതിന്റെ സാഫല്യം ജനങ്ങളിലെത്തിക്കാൻ സെമിനാറിന് സാധിക്കട്ടെ.

എന്റെ ആശംസകൾ

മുഖ്യമന്ത്രി

**ഐ.എസ്. ഗുലാത്തി**
**വൈസ് ചെയർമാൻ**
**സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

പ്രിയ സുഹൃത്തേ,

നിങ്ങളുടെ പഞ്ചായത്തിൽ ജനകീയപങ്കാളിത്തത്തോടെ ഒരു വികസന റിപ്പോർട്ട് തയ്യാറാക്കി വരുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പഞ്ചായത്തിലെ ഒരു ജനകീയ പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളിൽ ഈ വികസന റിപ്പോർട്ടിന് ഏറെ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചാണ് നിങ്ങൾ റിപ്പോർട്ട് തയ്യാറാക്കുന്നതെന്ന് എനിക്ക് ഉറപ്പുണ്ട്.

റിപ്പോർട്ട് തയ്യാറാക്കുന്ന അവസരത്തിൽ നിങ്ങൾക്ക് നേടാനായ ജനകീയ പങ്കാളിത്തം പിന്നീട് ഉരുത്തിരിഞ്ഞുവരുന്ന പദ്ധതികൾ നടപ്പാക്കുന്ന അവസരത്തിലും നിലനിർത്താൻ നിങ്ങൾക്ക് കഴിയണം. നിങ്ങളുടെ പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള ജനകീയ പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളിൽ ഈ വികസന റിപ്പോർട്ട് ഏറെ സഹായകമാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

സസ്നേഹം

**ഐ. എസ്. ഗുലാത്തി.**



**പാലൊളി മുഹമ്മദുകുട്ടി**

**തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി**

ജനകീയ ആസൂത്രണപദ്ധതിയുടെ ഭാഗമായി കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വികസന സെമിനാറിന് ഭാവുകങ്ങൾ നേരുന്നു.

തദ്ദേശഭരണസ്ഥാപനങ്ങൾ ഭരണനിർവ്വഹണത്തിൽ മാത്രം ശ്രദ്ധിച്ചാൽ പോര. വികസന രംഗത്തും ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ പങ്കാളിത്തത്തോടെ ആസൂത്രണവും വികസനവും നടപ്പിലാക്കിയാൽ നമ്മുടെ സംസ്കാരത്തിലൂടെ മുഖഛായ തന്നെ മാറ്റാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. താങ്കളുടെ പഞ്ചായത്തിൽ നടക്കുന്ന വികസന സെമിനാർ ഈ ലക്ഷ്യം സാധൂകരിക്കുന്നതിന് സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

സസ്നേഹം

**പാലൊളി മുഹമ്മദുകുട്ടി**



**എം. സമ്പത്ത്**

**പാർലമെന്റ് മെമ്പർ**

ജനകീയ ആസൂത്രണ പരിപാടിയുടെ വിജയത്തിനായി കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കാൻ നമുക്ക് നിശ്ചയമായും കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ പ്രവർത്തനങ്ങളോട് അനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്ന വിവരം അറിഞ്ഞു. സന്തോഷപൂർവ്വം ഞാൻ ആശംസകൾ അർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**അഡ്വ. എ. സമ്പത്ത്**

# സന്ദേശം



**അഡ്വ. വിതുരശശി**
**ജില്ലാ പഞ്ചായത്ത് മെമ്പർ**

നാടിന്റെ വികസന പ്രവർത്തനങ്ങളിൽ നമുക്കൊരുമയോടെ പ്രവർത്തിക്കാം. അതിലൂടെ മാത്രമേ ഐശ്വര്യവും സമാധാനവും നേട്ടവും കൈവരിക്കാനാവൂ. ഈ നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് അത്യാരത്തിലൊരു വികസന സംസ്കാരം നമ്മുടെ മനസ്സുകളിൽ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

വിതുര ശശി



**ജി. അർജ്ജുനൻ**
**വൈസ് പ്രസിഡന്റ്**
**ബ്ളോക്ക് പഞ്ചായത്ത്**

ഗ്രാമസ്വരാജ് എന്ന മഹനീയ സങ്കൽപത്തിലൂടെ വികസന രംഗത്ത് ഒരു പുതു ചൈതന്യം പകരുവാൻ ഉണർത്തുപാട്ടുമായി കടന്നുവന്ന ജനകീയ ആസൂത്രണ പദ്ധതി കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തി വികസന രംഗത്ത് തിളക്കമാർന്ന ഒരു അദ്ധ്യായം കുറിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ജി. അർജ്ജുനൻ


ആര്യനാട് പഞ്ചായത്ത്
ഭൂപടം
കുറ്റിച്ചൽ പഞ്ചായത്ത്
പൂവച്ചൽ പഞ്ചായത്ത്
ആഗസ്ത്യവനം
കള്ളിക്കാട് പഞ്ചായത്ത്

# ഈ പഞ്ചായത്തിന്റെ
# മുൻപ്രസിഡന്റുമാർ



ആർ. ഗോപിനാഥൻ നായർ



കെ. പി. മുഹമ്മദ് (1979–84)



വി. വേലപ്പൻ



എ. എസ്. ഭദ്രകുമാർ



**ജി. രാഘവൻ**

(വി. എച്ച്. എസ്. എസ്. പരുത്തിപ്പള്ളി)

1996-ലെ ഗുരുശ്രേഷ്ഠ അവാർഡ് നേടിയ അദ്ധ്യാപകൻ



**എ. മൈദീൻകുഞ്ഞ് സാഹിബ്**

പഞ്ചായത്തിന് ആസ്ഥാനമുണ്ടാക്കാൻ സ്ഥലം സംഭാവന ചെയ്ത വ്യക്തി.

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

# നിലവിലുള്ള ഭരണസമിതി



**എസ്. ശാന്തകുമാരി**
(പ്രസിഡന്റ്)

**എം. സിറാജുദ്ദീൻ**
(വൈസ് പ്രസിഡന്റ്)



**ജി. അപ്പുക്കുട്ടൻ നായർ**
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

## മെമ്പർമാർ



**ജെ. സുരേഷ്**
(വാർഡ് 1)



**പി. അബ്ദുൾ റഹ്മാൻ**
(വാർഡ് 2)



**വി. എസ്. സരസമ്മ**
(വാർഡ് 3)



**എസ്. സുഗന്ധി**
(വാർഡ് 5)



**പി. വനജ**
(വാർഡ് 7)



**പി. ശ്രീകുമാർ**
(വാർഡ് 9)

# റിപ്പോർട്ടിന്റെ ഘടന

I. ആമുഖം

II. പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

III. സാമൂഹ്യചരിത്ര പശ്ചാത്തലം.

IV. ഭൂപ്രകൃതി

V. സാമൂഹിക. സാമ്പത്തിക മേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. ഊർജ്ജവും, ഗതാഗതവും, മാർക്കറ്റും
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. വിദ്യാഭ്യാസം
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണ മേഖല
11. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം

VI. ഉപസംഹാരം

## ഉപയോഗപ്പെടുത്തിയ രേഖകൾ

❖

1. ഗ്രാമസഭാറിപ്പോർട്ടുകൾ
2. പഞ്ചായത്ത്-വില്ലേജ് ഭൂപടങ്ങൾ
3. പഠനപര്യടന റിപ്പോർട്ടുകൾ
4. കാരണവൻമാരുമായുള്ള അഭിമുഖസംഭാഷണ റിപ്പോർട്ടുകൾ
5. ലഘുലേഖകൾ, ഗ്രന്ഥങ്ങൾ
6. വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച സ്ഥിതിവിവരകണക്കുകൾ

❖

## ഈ പഞ്ചായത്തിൽ നിന്നുള്ള ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. കെ.പി. മുഹമ്മദ് (കൺവീനർ)
2. ആർ. അനിൽകുമാർ
3. എ.ബി. അനിൽകുമാർ
4. എസ്. സുരേഷ് കുമാർ
5. ജി. ജയചന്ദ്രൻ
6. കെ. സെബാസ്റ്റ്യൻ
7. ആർ. സുദർശനൻ
8. കെ. പ്രഭാകരൻ നായർ
9. കെ. എസ്. സനൽകുമാർ

## റിപ്പോർട്ടിന്റെ പണിപ്പുരയിൽ



1. [illegible]
(ലക്ചറർ ഗവ. കോളേജ് നെടുമങ്ങാട്)
2. [illegible] കുട്ടി
(ലക്ചറർ, വി. [illegible] എസ് കോളേജ് ധനുവച്ചപുരം)
3. എസ്. [illegible]
4. കെ. ലതാകുമാരി
5. എൽ. രാജേശ്വരി
6. എസ്. സാഗരകുമാരി
7. കെ. ഉപേന്ദ്രൻ
(ഡി.സി.ഡി, മലയിൻകീഴ്)
8. ജി. കൃഷ്ണനാശാരി
(കൺവീനർ, ക്രോഡീകരണ കമ്മിറ്റി)
9. എസ്. രാധാകൃഷ്ണൻ
(കൺവീനർ, റിപ്പോർട്ട് കമ്മിറ്റി)

എസ്. ശാന്തകുമാരി
(പ്രസിഡന്റ്)

എം. സിറാജുദ്ദീൻ–
പഞ്ചായത്തുതല ആസൂത്രണത്തിന്റെ മുഖ്യസംഘാടകൻ

# ആമുഖം

മാറ്റമില്ലാത്തതായി മാറ്റം മാത്രമേയുള്ളൂ എന്ന ആശയത്തെ സാധൂകരിക്കുന്നതാണ് ഇന്നുവരെയുള്ള മനുഷ്യചരിത്രം. അനുഭവത്തിൽ നിന്നും ലഭിക്കുന്ന പാഠങ്ങളുടെ വെളിച്ചത്തിൽ പുതിയ ജീവിതം കരുപ്പിടിപ്പിക്കാനായിരുന്നു മനുഷ്യൻ എന്നും ശ്രമിച്ചു പോന്നിട്ടുള്ളത്. ജനാധിപത്യത്തിൻെറ പുതിയ തലങ്ങളിലേക്ക് നാം എത്തിച്ചേർന്നതങ്ങനെയാണ്. അധികാരവികേന്ദ്രീകരണത്തിൻെറ അനിവാര്യത നമുക്ക് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുന്നു. നമ്മുടെ ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ചട്ടക്കൂടിനുള്ളിൽ അതിൻെറ ബീജം നിക്ഷേപിക്കപ്പെട്ടുകഴിഞ്ഞു. അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യവുമായി അവതരിച്ച ഒൻപതാം പദ്ധതി ഒരു ജനകീയ പദ്ധതിയായി പരിണമിച്ചത് ഇങ്ങനെയാണ്.

പ്രായോഗികതലത്തിൽ പരാജയപ്പെട്ടതായിരുന്നു നാം പിന്നിട്ട എട്ട് പദ്ധതികളും. കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവും ആയിരുന്നു അവ. ജനങ്ങൾക്ക് ആ പദ്ധതികളിൽ ഭാഗഭാഗിത്വമുണ്ടായിരുന്നില്ല. പദ്ധതി നടത്തിപ്പിൻെറമോണിട്ടറിംഗും തൃപ്തികരമായിരുന്നില്ല. ഡിപ്പാർട്ടുമെൻറലിസവും അതിൻെറ പ്രത്യേകതയായിരുന്നു. ഇങ്ങനെ ന്യൂനതകൾ നിറഞ്ഞതായിരുന്നു കഴിഞ്ഞ എട്ടു പദ്ധതികളുടേയും ആസൂത്രണം.

ആസൂത്രണം മേലേത്തട്ടിൽ നിന്ന് കീഴേതട്ടിലേക്കായിരുന്നപ്പോഴുണ്ടായിരുന്ന ജനകീയ പങ്കാളിത്തത്തിൻെറ അപര്യാപ്തത മനസ്സിലാക്കിയാണ് ഇത്തരമൊരു പദ്ധതിക്ക് കേരള ഗവൺമെൻറ് ജന്മം നൽകിയത്. എല്ലാ വോട്ടർമാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഒരു ഭരണക്രമത്തിനാണ് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുക. ഈ സാമൂഹ്യപ്രക്രിയയെയാണ് "ജനകീയാസൂത്രണം" ലക്ഷ്യമാക്കുന്നത്. ന്യൂനപക്ഷത്തിൻെറ ധനികവൽക്കരണവും ഭൂരിപക്ഷത്തിൻെറ ദരിദ്രവൽക്കരണവും മാറേണ്ടതുണ്ട്. സമ്പത്തിൻെറ ഉല്പാദനവും വിതരണവും നീതിപൂർവ്വകവും സ്ഥായിയുമായിരിക്കണം. ഓരോ പ്രദേശത്തിൻേറയും ഭൂപ്രകൃതി, സ്ഥല-ജല വിഭവ, സാധ്യത ജനകീയാവശ്യങ്ങൾ എന്നിവയ്ക്കനുസരിച്ച് താഴെത്തട്ടിൽ നിന്നും ജനങ്ങളുടെ പങ്കാളിത്തത്തോടെ വികസന പദ്ധതികൾ തയ്യാരാക്കുക എന്ന സർവ്വസമ്മതമായ ദേശീയലക്ഷ്യം സാക്ഷാൽക്കരിക്കാൻ വേണ്ടിയാണ് സംസ്ഥാന ഗവൺമെൻറും ആസൂത്രണബോർഡും ചേർന്ന് പ്രസ്തുത ജനകീയ പദ്ധതിക്ക് രൂപം കൊടുക്കുന്നത്. ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രാദേശിക വികസന പ്രശ്നങ്ങൾ കണ്ടെത്തുക, അവയെ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ട "ജനകീയാസൂത്രണ" പ്രവർത്തനത്തിൻെറ പ്രഥമ ഉല്പന്നമാണ് ഈ വികസന റിപ്പോർട്ട്.

# പഞ്ചായത്തുതല പ്രവർത്തനസംഗ്രഹം

ജനകീയാസൂത്രണ പരിപാടികളുടെ കുറിച്ചൽ പഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് ഹരിശ്രീ കുറിച്ചത് 9-9-96 നു ചേർന്ന പഞ്ചായത്ത് സമിതി യോഗത്തിൽ വായിച്ചിരുന്നു. ആസൂത്രണ വികസനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പഞ്ചായത്തിൻെറ വിവധ പ്രദേശങ്ങളിൽ താമസിക്കുന്ന അഭ്യസ്ഥവിദ്യരും സേവന തൽപരരുമായ 9 ആളുകളെ പഞ്ചായത്ത് സമിതി തിരഞ്ഞെടുത്ത് 1996 സെപ്റ്റംബർ 9 മുതൽ 11 വരെ ജില്ലാതലത്തിൽ നെടുമങ്ങാട്ട് നടന്ന പരിശീലന ക്യാമ്പിലേക്ക് അയച്ചു.

വാർഡുതലത്തിൽ വിശേഷാൽ ഗ്രാമസഭകൾ കൂടേണ്ടതിൻെറ ആവശ്യത്തെപ്പറ്റി പ്രചാരണം നടത്താൻ 100 ഓളം പേർക്ക് കത്തുകൾ പഞ്ചായത്ത് നേരിട്ട് നൽകി, പേഴുംമൂട് എ. കെ. എം. എൽ. പി സ്ക്കൂളിലേക്ക് ക്ഷണിച്ചു. 12-9-96ന് നടന്ന ആ യോഗത്തിൽ 54 പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ നടന്ന ആലോചനായോഗത്തിൽ ജില്ലാതല പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരും കീ റിസോഴ്സ് പേഴ്സൺമാരും പങ്കെടുത്ത് വിശദീകരണങ്ങൾ നൽകി. തുടർന്ന് ചർച്ചകൾ നടന്നു. വാർഡുതലങ്ങളിൽ ആസൂത്രണ പ്രക്രിയയ്ക്ക് നേതൃത്വം നൽകുവാനുള്ള പരിശീലന കളരി 18-10-96ൽ നടത്തുവാൻ തീരുമാനിച്ചു. അതിൻെറ ചെലവുകൾ ജനകീയ സമിതിയും പഞ്ചായത്തും കൂട്ടായി വഹിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. പ്രവർത്തനം ഭംഗിയായി നടത്തുന്നതിന് സാമൂഹ്യപ്രവർത്തകനായ ശ്രീ. എ.എസ്. കൃഷ്ണപിള്ള ചെയർമാനും പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ എം. സിറാജുദിൻ കൺവീനറായും ആയ ഒരു കമ്മിറ്റിക്ക് രൂപം നൽകുകയും ചെയ്തു.

ഒന്നാംഘട്ട പരിശീലനത്തിനും അധികാരം ജനങ്ങളിലേക്ക് എന്ന ആശയ പ്രചാരണത്തിനുമായി നോട്ടീസ്, ബോർഡുകൾ, ബാനറുകൾ എന്നിവ ഉപയോഗിച്ചും മൈക്ക് പബ്ലിസിറ്റി നടത്തുകയും ചെയ്തു. 18-9-96ൽ പച്ചക്കാട് മിത്രവേദി ഭവനിലായിരുന്നു ശില്പശാല നടത്തേണ്ടിയിരുന്നത്. അപ്രതീക്ഷിതമായ കാരണങ്ങളാൽ 18-ാം തീയതി നടത്താൻ കഴിഞ്ഞില്ല. പകരം 20-ാം തീയതി രാവിലെ 9 മണി മുതൽ 10.30 വരെ പൊതുസമ്മേളനവും 10.30 മുതൽ വൈ 6 മണി വരെ ശില്പശാലയിൽ, ആസൂത്രണബോർഡിൻെറ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ക്ലാസ്സുകളും നടന്നു. പരിശീലനത്തിൽ 104 പേർ പങ്കെടുത്തു.

ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സ്വാഗതസംഘം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു വാർഡുതലങ്ങളിൽ നിന്നും പരിശീലനത്തിനായി എത്തിയവരുടെ പ്രത്യേക ഗ്രൂപ്പ് യോഗങ്ങൾ ചേർന്ന് കൺവീനർമാരെ തെരഞ്ഞെടുക്കുകയും വിശേഷാൽ ഗ്രാമസഭകൾ കൂടാൻ തീരുമാനിക്കുകയും ചെയ്തു.

ഒന്നാം ഘട്ടത്തിലെ ശില്പശാലയുടേയും പ്രചാരണപ്രവർത്തനങ്ങളുടേയും ചെലവുകളിൽ മൂന്നിൽ രണ്ട് ഭാഗം വഹിച്ചത് വ്യക്തികളും സ്ഥാപനങ്ങളുമാണ്. ബാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവാക്കി.

ഗ്രാമസഭകളുടെ മുന്നോടിയായി വാർഡുതലങ്ങളിൽ ഗ്രാമജ്യോതി തെളിച്ചു, മൈക്ക് പ്രചാരണം നടത്തി, നോട്ടീസ്, ബോർഡുകൾ, ബാനറുകൾ എന്നിവ പ്രദർശിപ്പിച്ചു.

രണ്ടാംഘട്ട ശില്പശാല 9-11-96ൽ പരുത്തിപ്പള്ളി എൽ. പി. എസ്സിൽ നടന്നു. വാർഡുതല റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകലായിരുന്നു ലക്ഷ്യം. ഇതിൽ 111 പേർ പങ്കെടുത്തു. വിഭവഭൂപടം തയ്യാറാക്കുന്നതിൻെറ ഭാഗമായുള്ള പഠനപര്യടനം 2-ാം വാർഡിലെ കള്ളോട്ടുനിന്നു് ആരംഭിച്ചു. രണ്ട് ഗ്രൂപ്പായാണ് പര്യടനം നടത്തിയത്. 26 പേർ പങ്കെടുത്തു. 15-11-96 രാവിലെ 9 മണിമുതൽ തുടങ്ങിയ പര്യടനം വൈകിട്ട് 6 മണിക്ക് കാപ്പുകാട്ടിൽ സമാപിക്കുകയുണ്ടായി. 20-11-96 ൽ പഞ്ചായത്തിൻെറ പൂർവ്വകാല ചരിത്രങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പഴയ തലമുറയിലെ തെരഞ്ഞെടുത്ത 35 പേരെ ക്ഷണിച്ചെങ്കിലും 24 പേരെ പങ്കെടുത്തുള്ളു. റിപ്പോർട്ടിനാവശ്യമായ വസ്തുതകൾ ശേഖരിക്കാൻ (Data collection) നവംബർ 13-ാം തീയതിയും 20-ാം തീയതിയും

പഞ്ചായത്തിലെ വിവിധ ഓഫീസ് മേധാവികളുടെ യോഗം ചേരുകയുണ്ടായി.

16-ാം തീയതി റിപ്പോർട്ട് ക്രോഡീകരണത്തിനു വേണ്ടി കമ്മിറ്റി കൂടി. പ്രാഥമിക പ്രവർത്തനങ്ങൾ നടത്തി. 17-11-96ന് റിപ്പോർട്ട് എഴുതാൻ ആരംഭിച്ചു. 6-12-96 ന് പണി പൂർത്തിയായി. 7-12-96ന് വികസന റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

*റിപ്പോർട്ടിൻെറ പണിപ്പുര*

വാർഡുതിരിച്ച് നടത്തിയ ഗ്രാമസഭാ യോഗങ്ങളിൽ നിന്നുയർന്ന് വന്ന പ്രശ്നങ്ങളും പരിഹാരങ്ങളും ക്രോഡീകരിച്ചതും കാരണവൻമാരുമായി നടത്തിയ അഭിമുഖങ്ങളിലൂടെയും പഠനപര്യടനങ്ങളിലൂടെയും ശേഖരിച്ച വിവരങ്ങളും കൃഷിഭവൻ, മൃഗാശുപത്രി, സ്ക്കൂളുകൾ, സഹകരണ സംഘങ്ങൾ, പി എച്ച് സി, വി ഈ ഒ ഓഫീസ്, വില്ലേജാഫീസ്, മുതലായ ഔദ്യോഗിക സ്ഥാപനങ്ങളിൽ നിന്നു് ലഭിച്ച രേഖകളും, ചില ഗ്രന്ഥങ്ങളിൽ നിന്നും ലഘുലേഖകളിൽ നിന്നു സംഭരിച്ച വസ്തുതകളും മുന്നിൽ വച്ചുകൊണ്ടാണ് റപ്പോർട്ട് എഴുതാൻ ആരംഭിച്ചത്. കിട്ടിയ വിവരങ്ങളിലെ അപൂർണ്ണത പരിഹരിക്കുകയായിരുന്നു പ്രഥമ പരിപാടി. പുതുതായി ആവശ്യമെന്ന് തോന്നിയ കുറേ വസ്തുതകൾ കൂടി ശേഖരിക്കുകയും കിട്ടിയവയുടെ വിശ്വാസ്യത പരിശോധിക്കുകയും ചെയ്ത ശേഷമാണ് റിപ്പോർട്ടിൻെറ കരടു രൂപം എഴുതാനാരംഭിച്ചത്. വിഷയങ്ങളെ പ്രധാനപ്പെട്ട 4 ശീർഷകങ്ങളായി തിരിച്ചു- ആമുഖവും പൊതു വിവരണവും സാമൂഹിക സാംസ്ക്കാരിക ചരിത്രം, ഭൂപ്രകൃതിയും വിഭവങ്ങളും, വിവിധ വികസന തുറകളെ ക്കുറിച്ചുള്ള അവലോകനം- എന്നിങ്ങനെ. ഓരോ വിഷയവുമായി ബന്ധപ്പെട്ട് ഉപശീർഷകങ്ങൾ നിശ്ചയിച്ചു. രണ്ട് പേർ വീതം ഓരോ വിഷയത്തെക്കുറിച്ചുള്ള ആദ്യറിപ്പോർട്ട് എഴുതി തയ്യാറാക്കി. രണ്ട് ഭാഷാവിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ അതു പരിശോധിക്കുകയും ചെയ്തു. ഇങ്ങനെ 5 കമ്മിറ്റി പ്രവർത്തിച്ചു. ചാർട്ടും മാപ്പും പട്ടികകളും തയ്യാറാക്കുന്നതിന് മറ്റൊരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. 15 ദിവസത്തെ അക്ഷീണ പരിശ്രമം വേണ്ടിവന്നു റിപ്പോർട്ടിന് അന്തിമ രൂപമുണ്ടാക്കാൻ.

| പൊതു വിവരങ്ങൾ | |
|---|---|
| പഞ്ചായത്തിൻെറ പേര് | കുറ്റിച്ചൽ |
| ഉൾപ്പെടുന്ന വില്ലേജ് | മണ്ണൂർക്കര |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | കുറ്റിച്ചൽ |
| ബ്ലോക്ക് പഞ്ചായത്ത് | വെള്ളനാട് |
| താലൂക്ക് | നെടുമങ്ങാട് |
| അസംബ്ലി മണ്ഡലം | ആര്യനാട് |
| വിസ്തീർണ്ണം | 19.74 ച.കി.മി |
| അതിരുകൾ | കിഴക്ക്- പശ്ചിമഘട്ടം പടിഞ്ഞാറ്- പൂവച്ചൽ-കാട്ടാക്കട പഞ്ചായത്തുകൾ വടക്ക്- ആര്യനാട്-പഞ്ചായത്ത് തെക്ക് കള്ളിക്കാട് പഞ്ചായത്ത് |
| ജനസംഖ്യ | 18428 1991-ലെ കാനേഷുമാരി |
| വാർഡുകൾ | 9 |
| 1. കൊക്കുടി | |
| 2. കള്ളോട് | |
| 3. കുറ്റിച്ചൽ | |
| 4. തച്ചൻകോട് | |
| 5. ഉത്തരംകോട് | |
| 6. എരുമക്കുഴി | |
| 7. എലിമല | |
| 8. കോട്ടൂർ | |
| 9. പരുത്തിപ്പള്ളി | |
| പ്രസിഡൻറിൻെറ പേര് | ശ്രീമതി. എസ്. ശാന്തകുമാരി |
| വൈസ് പ്രസിഡൻറ് | ശ്രീ. എം. സിറാജുദ്ദീൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. ജി. അപ്പുക്കുട്ടൻ നായർ |

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## ഗ്രാമസഭ കൂടിയതിൻെറ വിശദവിവരങ്ങൾ

| വാർഡ് | തീയതി | പങ്കെടുത്തവർ | ആൺ | പെൺ | എസ്. സി | എസ്.റ്റി | ഉദ്യോഗസ്ഥർ | കൂടിയ സ്ഥലം | ജനപ്രതിനിധി | ഗ്രൂപ്പ് | സന്നദ്ധസേവകർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 5-10-96 | 225 | 99 | 126 | 15 | 5 | 1 | മാങ്കുഴിച്ചിറ | 4 | 5 | 25 |
| 2 | 2-10-96 | 80 | 49 | 31 | | | 1 | ഗവ. L.P.S പരുത്തിപ്പള്ളി | 3 | 6 | 25 |
| 3 | 2-10-96 | 83 | 32 | 51 | 5 | | 1 | ഗവ. L.P.S പരുത്തിപ്പള്ളി | 3 | 6 | 15 |
| 4 | 27-9-96 | 145 | 70 | 75 | 23 | | 2 | മിത്രവേദിഭവൻ, പച്ചക്കാട് | 11 | 6 | 25 |
| 5 | 5-10-96 | 225 | 121 | 124 | 8 | 4 | 1 | ഗവ. U.P.S ഉത്തരംകോട് ഇരുവേലി | 4 | 6 | 35 |
| 6 | 2-10-96 | 171 | 92 | 79 | 30 | | 1 | ഗവ. U.P.S ഉത്തരംകോട് ഇരുവേലി | 4 | 5 | 50 |
| 7 | 2-10-96 | 82 | 60 | 22 | 16 | 9 | 1 | ജവഹർ ബാലവാടി, കോട്ടൂർ | 3 | 5 | 25 |
| 8 | 2-10-96 | 169 | 102 | 67 | 31 | | 1 | പഞ്ചായത്ത് U.P.S കോട്ടൂർ | 5 | 7 | 50 |
| 9 | 6-10-96 | 168 | 97 | 71 | 60 | | 2 | L.P.S മന്തിക്കളം | 4 | 6 | 15 |
| | ആകെ | 1348 | 702 | 646 | 188 | 18 | 11 | ——— | 41 | 52 | 265 |

## ഭരണചരിത്രം

കേരളത്തിൻെറ ഭൂപടത്തിൽ കുറ്റിച്ചൽ പഞ്ചായത്തിന് സ്ഥാനമുണ്ടായിട്ട് 28 വർഷം കഴിഞ്ഞു. 1968 വരെ പൂവച്ചൽ പഞ്ചായത്തിൻെറ ഭാഗമായിരുന്നു ഇത്. മണ്ണൂർക്കര, കൊക്കുടി, പരുത്തിപ്പള്ളി, കോട്ടൂർ എന്നീ നല് വാർഡുകൾ ചേർത്താണ് 1-7-1968 ലെ എം.എസ്. 343/ 68 ഡിഡി നമ്പർ ഗവൺമെൻറ് ഉത്തരവിൻ പ്രകാരം കുറ്റിച്ചൽ പഞ്ചായത്ത് രൂപവൽക്കരിച്ചത്. തുടർന്ന് 8-8-1968-ൽ നിലവിലുണ്ടായിരുന്ന നാല് വാർഡുകളിലെ മെമ്പർമാരായ സർവ്വശ്രീ. ആർ. ഗോപിനാഥൻ നായർ, കെ. വിശ്വംഭരൻ, കെ. കേശവപ്പണിക്കർ, കെ. കൃഷ്ണൻ നായർ എന്നിവരെ ഭരണനിർവ്വഹണത്തിന് നിയോഗിച്ചു. കമ്മിറ്റിയുടെ പ്രസിഡൻറായിരുന്നത് ശ്രീ. ആർ. ഗോപിനാഥൻ നായർ ആണ്. ഈ കമ്മിറ്റിയുടെ പ്രവർത്തനം സുഗമമല്ലാതായി കണ്ടതുകൊണ്ട് പഞ്ചായത്തിൽ ഭരണസ്തംഭനം നേരിടുന്നതായി എക്സിക്യൂട്ടീവ് ഓഫീസർ ഗവൺമെൻറിലേക്ക് നൽകിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ 30-7-1975-ലെ ജി.ഓ എം.എസ് നമ്പർ 185/75/എൽഎ ഡി എസ് ഡബ്ല്യൂ ഡി നമ്പർ ഗവൺമെൻറ് ഉത്തരവനുസരിച്ച് 16-8-1975-ൽ നിലവിലുള്ള അംഗങ്ങൾക്ക് പുറമേ അഞ്ച് പേരെ കൂട്ടിച്ചേർത്ത് ഒൻപത് പേരുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണം ഏൽപ്പിച്ചു. കമ്മിറ്റിയുടെ പ്രസിഡൻറ് ശ്രീ. ആർ ഗോപിനാഥൻ നായർ തന്നെ ആയിരുന്നു. മറ്റംഗങ്ങൾ ശ്രീ. എം. മുഹമ്മദ് ഇബ്രാഹിം, ഡോ. വേളി എ. ഇബ്രാഹിം സാഹിബ്, ശ്രീ. എ. എം. സാലി, ശ്രീമതി. ഈഡിത് ഹെലൻ ജോൺസൺ, ശ്രീ. പി. ലോറൻസ്, ശ്രീ. കെ സലിം, ശ്രീ. കെ. കൃഷ്ണൻ നായർ, ശ്രീ. കെ വിശ്വംഭരൻ എന്നിവരും. കമ്മിറ്റിൽ തുടർച്ചയായി ഹാജരാകാത്തതിൻെറ പേരിൽ ശ്രീ. കെ. വിശ്വംഭരനെ പിന്നീട് നീക്കം ചെയ്തു

പഞ്ചായത്തിൻെറ പ്രഥമതെരഞ്ഞെടുപ്പ് നടക്കുന്നത് 15-9-1979ലാണ്. പ്രതിപക്ഷമുന്നണിയിൽപ്പെട്ട സി.പി.ഐ. (എം) ഉം ഭരണമുന്നണിയിലെ പ്രമുഖകക്ഷിയായ കോൺഗ്രസ് (എ)യും ഒരു ഭാഗത്തും, സി.പി.ഐ, ജനതാദൾ, മുസ്ലീംലീഗ്, കോൺഗ്രസ് (ഐ) എന്നീ കക്ഷികൾ മറുഭാഗത്തും നിന്നായിരുന്നു മത്സരം. ഇതിൽ സി.പി.ഐ എം3, കോൺഗ്രസ് (എ) 3, സ്വതന്ത്രർ 2 എന്നിങ്ങനെ വിജയം വരിട്ടു. ഫലപ്രഖ്യാപനത്തെ തുടർന്ന് നിലവിൽവന്ന പുതിയ കമ്മിറ്റിയുടെ പ്രസിഡൻറായി ശ്രീ. കെ.പി.മുഹമ്മദ് കോൺഗ്രസ് (എ) നെ തെരഞ്ഞെടുത്തു. വൈസ് പ്രസിഡൻറ് ശ്രീ. ജി. കൃഷ്ണനാശാരി സി.പി.ഐ (എം) ആയിരുന്നു. അഞ്ച് വർഷത്തെ കാലാവധി കഴിഞ്ഞപ്പോൾ തെരഞ്ഞെടുപ്പ് നടത്താതെ സംസ്ഥാനത്താകെ പഞ്ചായത്ത് കമ്മിറ്റികൾ പിരിച്ചുവിട്ട കൂട്ടത്തിൽ കുറ്റിച്ചലും‌പെട്ടു. 29-9-84ൽ ആയിരുന്നു ഇത്.

പിന്നീട് 1988 ജനുവരിയിൽ തെരഞ്ഞെടുപ്പ് നടന്നു. ഐക്യജനാധിപത്യമുന്നണിയിൽ കോൺഗ്രസ് ഐ ഒറ്റയ്ക്കും, ഇടതുപക്ഷമുന്നണിയിൽ സി.പി.ഐ എം, സി.പി.ഐ, ആർ.എസ്.പി എന്നീ കക്ഷികളും മൽസരിച്ചു. ഒൻപത് സീറ്റിൽ എട്ടും കോൺഗ്രസ് ഐക്കും ഒരു സീറ്റ് സി.പി.ഐക്കും കിട്ടി. ശ്രീ. വേലപ്പൻ പ്രസിഡൻറായും ശ്രീ. എ.എസ്. ഭദ്രകുമാർ വൈസ് പ്രസിഡൻറായും പുതിയ കമ്മിറ്റി 8-2-1988-ൽ അധികാരത്തിൽ വന്നു. കോൺഗ്രസ് ഐ യിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളെ തുടർന്ന് ആറ് മാസം പിന്നിട്ടപ്പോൾ ശ്രീ. കെ.പി. മുഹമ്മദും ശ്രീമതി. പുഷ്പാഭായിയും കോൺഗ്രസിൽ നിന്നും രാജിവച്ചു, സി.പി.ഐ (എം)ൽ ചേർന്നു പ്രസിഡൻറുമായുള്ള അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ ശ്രീ. വി. ചന്ദ്രമോഹനൻ പഞ്ചായത്തുമെമ്പർ സ്ഥാനം രാജിവയ്ക്കുകയുണ്ടായി. 1992 ഒക്ടോബർമാസം പഞ്ചായത്ത് പ്രയിഡൻറ് വേലപ്പൻ ഗൾഫിൽ പോയതിനെതുടർന്ന് വൈസ് പ്രസിഡൻറ് ശ്രീ. എ.എസ്. ഭദ്രകുമാർ ആക്ടിങ്ങ് പ്രസിഡൻറായി ചുമതലയേറ്റു. കമ്മിറ്റിയുടെ കാലാവധി 9-2--1994-ൽ അവസാനിക്കുകയും പകരം തെരഞ്ഞെടുപ്പ് നടക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലുള്ള അംഗങ്ങളെ തന്നെ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായി നിയമിച്ചുകൊണ്ട് ഉത്തരവായി ഭരണപരമായ പാളിച്ചകളെ തുടർന്ന് 1-10-1994-ലെ ജി.ഒ (എം.എസ്) 234/94 നമ്പർ സർക്കുലർ ഉത്തരവനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയെ സർക്കാർ പിരിച്ചുവിട്ടു. പകരം നെടുമങ്ങാട് താലൂക്ക് പഞ്ചായത്ത് ഓഫീസറെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചു.

1995 സെപ്റ്റംബറിൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. ഇടതുപക്ഷജനാധിപത്യമുന്നണിയായി സി.പി.ഐ (എം), സി.പി.ഐ, ആർ.എസ്.പി, ജനതാദൾ കക്ഷികളും ഐക്യജനാധിപത്യമുന്നണിയായി കോൺഗ്രസ് (ഐ), മുസ്ലീംലീഗ് കക്ഷികളും കൂടാതെ ബി.ജെ.പി, കെ.ഡി,പി, പി.ഡി.പി കക്ഷികളുടെ മുന്നണികളും തിരഞ്ഞെടുപ്പ് ഗോദയിൽ

മാറ്റുരയ്ക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന് തന്നെ പുതുമ പകരുന്ന തെരഞ്ഞെടുപ്പ് ഫലങ്ങളാണ് വന്നത്. ഇടതുപക്ഷജനാധിപത്യമുന്നണി നാലും (സി.പി.എം 1, സി.പി.ഐ 1, ആർ.എസ്.പി 2), ബി.ജെ.പി 3, കെ.ഡി.പി1, ഐക്യമുന്നണിയിലെ മുസ്ലീംലീഗ് 1 എന്നിങ്ങനെയായിരുന്നു കക്ഷിനില. പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫി ൻെറ പിന്തുണയുണ്ടായിരുന്ന ശ്രീമതി. എസ്. ശാന്ത കുമാരിക്ക് നാല് വോട്ടും ബി.ജെ.പിയുടെ കുമാരി വനജയ്ക്ക് മൂന്നുവോട്ടും ലഭിക്കുകയുണ്ടായി. കൂടുതൽ വോട്ട് ലഭിച്ച എസ്. ശാന്തകുമാരി പ്രസിഡൻറായി. വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിലെ എം. സിറാജുദീന് നാല് വോട്ടും ബി.ജെ.പിയിലെ റ്റി. ശ്രീകുമാറിന് നാല് വോട്ടും എന്ന ക്രമത്തിൽ വന്നതിനാൽ നറുക്കെടുപ്പിലൂടെ എൽ.ഡി.എഫിലെ എം. സിറാജുദീനെ വൈസ് പ്രസിഡൻറായി തെരഞ്ഞെടുത്തു. പഞ്ചായത്തീരാജ് ആക്ട് അനുസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായ് എൽ.ഡി.എഫിലെ ശ്രീ. ജി.അപ്പുകുട്ടൻനായരെ പിന്നീട് തെരഞ്ഞെടുത്തു. ഒറ്റയ്ക്ക് ഒരു കക്ഷിക്കൊ ഒരു മുന്നണിക്കൊ കേവല ഭൂരിപക്ഷമില്ലാത്ത പഞ്ചായത്ത് സമിതിയാണ് നിലവിലുള്ളത്. ഒൻപത് വാർഡുകളിൽ, മൂന്ന് വനിതാ സംവരണ വാർഡും, ഒരു പട്ടികജാതി സംവരണ വർഡും ഒരു പട്ടികവർഗ്ഗ സംവരണ വാർഡും, നാല് ജനറൽ വാർഡുകളുമാണുള്ളത്. പട്ടികവർഗ്ഗവാർഡിൽ നിന്നും ഒരു വനിതകൂടി തെരഞ്ഞെടുക്കപ്പെട്ടതോടെ പഞ്ചായത്തിലെ വനിതാംഗങ്ങളുടെ എണ്ണം നാലായി.

1960 മുതൽ പഞ്ചായത്തു ഭരണസമിതി അംഗങ്ങളായിരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക - 1

| ക്രമ നമ്പർ | പേര് | സ്ഥാനം | വാർഡിൻെറ പേര് | പ്രത്യേകത |
|---|---|---|---|---|
| 1. | ആർ. ഗോപിനാഥൻ നായർ | പ്രസിഡൻറ് | കൊക്കുടി | |
| 2. | കെ. വിശ്വംഭരൻ | മെമ്പർ | മണ്ണൂർക്കര | |
| 3. | കെ. കേശവപ്പണിക്കർ | മെമ്പർ | പരുത്തിപ്പള്ളി | |
| 4. | കെ. കൃഷ്ണൻ നായർ | മെമ്പർ | കോട്ടൂർ | |

30-7-1995 ലെ ജി.ഒ.എം.എസ് നമ്പർ 185/75/എൽ.എ.ഡി.എസ്.ഡബ്ല്യു.ഡി നമ്പർ ഗവൺമെൻറ് ഉത്തരവ് അനുസരിച്ച് 16-0-1997ൽ നിലവിൽ വന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങൾ

പട്ടിക - 2

| ക്രമനമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1. | ആർ. ഗോപിനാഥൻ നായർ | പ്രസിഡൻറ് |
| 2. | എം. മുഹമ്മദ് ഇബ്രാഹിം | മെമ്പർ |
| 3. | ഡോ. വേളി എ. ഇബ്രാഹിം സാഹിബ് | മെമ്പർ |
| 4. | എ.എം. സാലി | മെമ്പർ |
| 5. | ഈഡിത് ഹെലൻ ജോൺസൺ | മെമ്പർ |
| 6. | പി. ലോറൻസ് | മെമ്പർ |
| 7. | കെ. സലീം | മെമ്പർ |
| 8. | കെ. കൃഷ്ണൻ നായർ | മെമ്പർ |
| 9. | കെ. വിശ്വംഭരൻ | |

## 29-9-1979ൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങൾ
പട്ടിക - 3

| ക്രമനമ്പർ | പേര് | സ്ഥാനം | വാർഡിന്റെ പേര് | പ്രത്യേകത |
|---|---|---|---|---|
| 1. | കെ.പി. മുഹമ്മദ് | പ്രസിഡന്റ് | പച്ചക്കാട് | |
| 2. | എം.പി. പ്രഭാകരൻ നായർ | മെമ്പർ | പേഴുംമൂട് | |
| 3. | ടി. രാജു | മെമ്പർ | കുറ്റിച്ചൽ | ഹരിജൻ സംവരണം |
| 4. | ജി. അർജ്ജുനൻ | മെമ്പർ | കൊക്കുടി | |
| 5. | പി.എസ്. മോഹനൻ.. | മെമ്പർ | പരുത്തിപ്പള്ളി | |
| 6. | എൽ. പൊന്നമ്മ | മെമ്പർ | ഉത്തരംകോട് | വനിതാസംവരണം |
| 7. | ജി. കൃഷ്ണനാശാരി | വൈസ്പ്രസിഡന്റ് | കോട്ടൂർ | |
| 8. | എം. സൈനുലാബ്ദീൻ | മെമ്പർ | കാപ്പുകാട് | |

## 8-2-1988ൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങൾ
പട്ടിക - 4

| ക്രമനമ്പർ | പേര് | സ്ഥാനം | വാർഡിന്റെ പേര് | പ്രത്യേകത |
|---|---|---|---|---|
| 1. | വി. വേലപ്പൻ | പ്രസിഡന്റ് | കുറ്റിച്ചൽ | |
| 2. | എ.എസ്. ഭദ്രകുമാർ | വൈസ്പ്രസിഡന്റ് | വാഴപ്പള്ളി | |
| 3. | വി. രാജേന്ദ്രൻ | മെമ്പർ | ഉത്തരംകോട് | |
| 4. | വി. ചന്ദ്രമോഹനൻ | മെമ്പർ | പരുത്തിപ്പള്ളി | - |
| 5. | എസ്. സണ്ണി | മെമ്പർ | മലവിള | ഹരിജൻ സംവരണം |
| 6. | സുബൈദാബീവി. ആർ | മെമ്പർ | കോട്ടൂർ | |
| 7. | കെ.പി. മുഹമ്മദ് | മെമ്പർ | പേഴുംമൂട് | |
| 8. | പുഷ്പാബായി. എസ് | മെമ്പർ | കൊക്കുടി | വനിതാസംവരണം |
| 9. | ബാഹുലേയൻ. ആർ | മെമ്പർ | പച്ചക്കാട് | - |

## 30-9-1995ൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങൾ
പട്ടിക - 5

| ക്രമനമ്പർ | പേര് | സ്ഥാനം | വാർഡിന്റെ പേര് | പ്രത്യേകത |
|---|---|---|---|---|
| 1. | എസ്. ശാന്തകുമാരി | പ്രസിഡന്റ് | തച്ചൻകോട് | വനിതാസംവരണം |
| 2. | എം. സിറാജുദ്ദീൻ | വൈസ്പ്രസിഡന്റ് | കോട്ടൂർ | |
| 3. | ജെ. സുരേഷ് | മെമ്പർ | കൊക്കുടി | ഹരിജൻ സംവരണം |
| 4. | അബ്ദുൽറഹ്മാൻ. പി | മെമ്പർ | കള്ളോട് | |
| 5. | എസ്. സരസ്സമ്മ | മെമ്പർ | കുറ്റിച്ചൽ | വനിതാസംവരണം |
| 6. | എസ്. സുഗന്ധി | മെമ്പർ | ഉത്തരംകോട് | വനിതാസംവരണം |
| 7. | ജി. അപ്പുക്കുട്ടൻനായർ | സ്റ്റാൻറിംഗ്കമ്മിറ്റിചെയർമാൻ | എരുമക്കുഴി | - |
| 8. | പി. വനജ | മെമ്പർ | എലിമല | പട്ടികവർഗ്ഗസംവരണം |
| 9. | റ്റി. ശ്രീകുമാർ | മെമ്പർ | പരുത്തിപ്പള്ളി | |

പഞ്ചായത്ത് രൂപപ്പെട്ടപ്പോൾ ഉണ്ടായിരുന്ന വാർഡുകളുടെ എണ്ണം 4 ആയിരുന്നു. അടുത്ത തെരഞ്ഞെടുപ്പിൽ വാർഡുകളുടെ സംഖ്യ ഇരട്ടിയായി വില്ലേജിന്റെ പേരായ മണ്ണൂർക്കരയെ ഒഴിവാക്കുകയും പച്ചക്കാട്, പേഴുംമൂട്, കുറ്റിച്ചൽ, ഉത്തരംകോട്, കാപ്പുകാട് എന്നിങ്ങനെ വാർഡുനാമങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തു. അടുത്ത തെരഞ്ഞെടുപ്പ് ആയപ്പോൾ വാർഡുകളിൽ പിന്നെയും പരിഷ്ക്കാരങ്ങൾസ വന്നു. അതിർത്തികളിലും പേരുകളിലും മാറ്റവും വരുത്തി. കാപ്പുകാടിനെ നീക്കുകയും മലവിളയും വാഴപ്പള്ളിയും പുതുതായി ഉൾപ്പെടുത്തുകയും ചെയ്തു. വാർഡുകൾ വിഭജിച്ച് പേര് നൽകിയതിൽ വീണ്ടും ഉണ്ടായി പരിഷ്ക്കാരങ്ങൾ. പേഴുംമൂട്, പച്ചക്കാട്, മലവിള, വാഴപ്പള്ളി എന്നീ പേരുകൾ മാറ്റുകയും പകരം കള്ളോട്, തച്ചൻകോട്, എലിമല, എരുമക്കുഴി എന്നിങ്ങനെ പേരുകൾ നൽകുകയും ചെയ്തു. പേരുമാറ്റത്തിലൂടെയും അതിർത്തിമാറ്റത്തിലൂടെയും ഇപ്പോൾ 9 വാർഡുകളിൽ എത്തിനിൽക്കുകയാണ് കുറ്റിച്ചൽ പഞ്ചായത്ത്.

# 1

# സാമൂഹ്യ ചരിത്രപശ്ചാത്തലം

ഏതു പൗരനും ചരിത്രബോധം അനിവാര്യമായ യുഗമാണിത് . 'ഇന്നലെ'യെ അറിഞ്ഞ് 'ഇന്നി'നെ വിലയിരുത്തി'നാളെ'യിലേക്ക് നമുക്ക് പ്രയാണം ചെയ്യേണ്ടതുണ്ട്. നിർഭാഗ്യവശാൽ അസമഗ്രവും വികലവുമാണിന്ന് നമ്മുടെ ചരിത്രം രാജാക്കൻമാരുടെയും വലിയ വലിയ ജനപഥങ്ങളുടെയും ചരിത്രത്തിൽനിന്നും പ്രജകളുടെ ചരിത്രത്തിലേക്ക് നമുക്ക് കടക്കേണ്ടിയിരിക്കുന്നു. ഐതിഹ്യങ്ങളേയും കെട്ടുകഥകളെയും അബദ്ധപഞ്ചാംഗങ്ങളായി കരുതി തള്ളിക്കളയേണ്ടവയല്ലെന്ന് ചരിത്രകാരൻമാർ പറയുന്നു. മനുഷ്യന്റെ ആന്തരികജീവിതവുമായി അവയ്ക്ക് രക്തബന്ധമുണ്ടെന്നാണ് അവരുടെ പക്ഷം. കൊച്ചു കൊച്ചു ഗ്രാമങ്ങളുടെ ചരിത്രം. വലിയ രാജ്യചരിത്രത്തിന്റെ ഭാഗമാണ്. ഗ്രാമത്തിലെ ഓരോ സ്ഥാപനത്തിനും അത് എത്ര ചെറുതായാലും ചരിത്രം ഉണ്ടായിരിക്കും. ആ ചരിത്രവും കൂടിച്ചേർന്നതാണ് പ്രാദേശികചരിത്രം. ഈ ഭൂമികയിൽ നിന്ന് നമുക്ക് കുറ്റിച്ചൽ പഞ്ചായത്തിന്റെ ചരിത്രം അഭിവീക്ഷിക്കാം.

സഹ്യന്റെ മടിയിൽ തലചാച്ച് ശയിക്കുന്ന കുറ്റിച്ചലിന് പഴയ അഴകും ആരോഗ്യവും ഇന്നില്ല. 'എങ്കിലും "തമാലനീലച്ഛവി" ഇനിയും വിട്ടുപോയിട്ടില്ല. സഹ്യന്റെ ദക്ഷിണഭാഗത്തുള്ള അത്യന്തം കമനീയവും അത്യുന്നതവുമായ ശൃംഗം- അഗസ്ത്യകൂടം- ദർശിക്കാൻ ഭക്തരും പ്രകൃതിസ്നേഹികളും ശാസ്ത്രജ്ഞരും ടൂറിസ്റ്റുകളും പോയിരുന്നത് കൂടുതലും ഈ പഞ്ചായത്തിലെ കോട്ടൂരിൽ കൂടിയായിരുന്നു. സിനിമാക്കാരുടെ കണ്ണും ഇവിടുത്തെ ഹരിതഭൂമിയിൽ പലയിടത്തും ഉടക്കിയിട്ടുണ്ട്. നിരവധി ചലച്ചിത്ര ദൃശ്യങ്ങൾക്ക് ഈ സ്ഥലം ഉപയുക്തമായിട്ടുമുണ്ട്.

ഒരു നൂറ്റാണ്ട് മുൻപു വരെ കുറ്റിച്ചൽ പ്രദേശം മിക്കവാറും വനഭൂമിയായിരുന്നു. ഇല്ലിക്കൂട്ടങ്ങളും ഈറ്റക്കാടുകളും നിറഞ്ഞ് ഹിംസ്രമൃഗങ്ങളുടെ വിഹാരരംഗമായി കിടന്നിരുന്നു. ആന, കാട്ടുപന്നി,മാൻ, മ്ളാവ്,കരടി,കാട്ടുപോത്ത്,കുരങ്ങ് തുടങ്ങിയ മൃഗങ്ങൾ ഇവിടത്തെ അന്തേവാസികളായിരുന്നു. കാട്ടിനിടയിലൂടെ അന്ന് വെറും ഊടുപാതകൾ മാത്രമേ ഉണ്ടായിരുന്നുള്ളു ഗിരിവർഗ്ഗക്കാരായ കാണിക്കാരായിരുന്നു അന്നിവിടങ്ങളിൽ പാർത്തിരുന്നത്. പരിഷ്ക്കാരത്തിന്റെ ചെങ്കതിരുകൾ അന്നിവിടെ കടന്നുവന്നിരുന്നില്ല. ബാഹ്യലോകത്തിന് തികച്ചും അജ്ഞാതമായി, കാനനത്തിന്റെ എല്ലാ ഭീതിയോടും ഭംഗികളോടും കൂടി ഒറ്റപ്പെട്ടുകിടന്ന ഭൂവിഭാഗമാണ് കുറ്റിച്ചൽ. വൈദേശികരും നാട്ടുകാരുമായ ആളുകളുടെ പ്രിയപ്പെട്ട നായാട്ടു സങ്കേതമായിത്തീർന്നതോടെ ഈ പ്രദേശം പുറം ലോകത്തിന് പരിചിതമായി ആദിവാസികളൊഴികെ ഇന്നിവിടെ വസിക്കുന്നവരെല്ലാം മറ്റു പ്രദേശങ്ങളിൽ നിന്നും കുടിയേറിയവർ ആയിരിക്കണം.

എന്നാൽ ഈ പഞ്ചായത്തിലെ കോട്ടൂർ പ്രദേശം നൂറ്റാണ്ടുകൾക്ക് മുമ്പ് പരിഷ്ക്കാരം കളിയാടിയിരുന്ന ഒരു ദിക്കായിരുന്നുവെന്ന് മനസ്സിലാക്കാനിടതരുന്ന വാമൊഴികളും നാടോടിപ്പാട്ടുകളും സ്ഥലനാമങ്ങളും ഉണ്ട്. ഉത്തരംകോടിനടുത്തുള്ള കുരുന്തറകോണം അരുവിമൂപ്പത്തിഅമ്മ ക്ഷേത്രത്തെക്കുറിച്ചുള്ള ഐതീഹ്യത്തിൽ പാണ്ടിദേശവുമായുള്ള ബന്ധം സൂചിതമാകുന്നു. (അവലംബം ഉത്തരംകോട് ശശിയുടെ അരുവിമൂപ്പത്തിയമ്മ ക്ഷേത്രം). "കണിയാരതമ്പുരാൻ" ഊട്ടുപാട്ട് എന്ന നാടോടിപ്പാട്ടു കൃതിയിൽ (സമ്പാ: ഉത്തരംകോട് ശശി) അഗസ്ത്യമലതാണ്ടിവരുന്ന മാതികുട്ടിയെ ക്കുറിച്ച് പരാമർശമുണ്ട്. കോട്ടൂരിലൂടെ തമിഴ്നാട്ടിലെ അംബാസമുദ്രത്തിലേക്ക് ഒരു പഴയപാതയുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. തൊട്ടടുത്ത പഞ്ചായത്തായ ആര്യനാട് നിന്നും ഇന്നത്തെ തിരുനൽവേലി ജില്ലയിലേക്ക് "കിരവാടാത്തടം" എന്നു വിളിക്കപ്പെട്ടുപോന്ന ഒരു പഴയ പാതം ഉണ്ടായിരുന്ന തായി ശ്രീ.റ്റി.കെ. വേലുപിള്ളയുടെ Travancore State Manual (Volume1)ൽ പറയുന്നതുമായി തട്ടിച്ചുനോക്കി യാൽ ഈ പറച്ചിലിൽ സത്യമുണ്ടായിക്കൂടന്നില്ല. "ഊരി"ലവസാനിക്കുന്ന ചില സ്ഥലനാമങ്ങളും, ഗിരിവർഗ്ഗാരാധാനാ കേന്ദ്രങ്ങളും ഈ പ്രദേശത്തിൻെറ പ്രാക്തനതക്ക് തെളിവാണ്. ജനതാനിരുക്തി (Folk Etynology)പ്രകാരം കോട്ടകളുടെ ഊരാണ് കോട്ടൂർ കോടും (മല,കുന്നിൽപ്രദേശം) ഊരും (ഗ്രാമം) ചെർന്ന് കോട്ടൂർ ഉണ്ടായെന്നും അഭിപ്രായമുണ്ട്. ഊര് എന്ന പദം ഉൾപ്പെടുന്ന ദേശനാമം സാമൂഹികബന്ധസൂചക മാണെന്ന് സ്ഥലനാമപഠിതാക്കൾ വ്യക്തമാക്കുന്നു.

*സ്ഥലനാമങ്ങളിലൂടെ:-*

വൃക്ഷവുമായി ബന്ധപ്പെട്ട സ്ഥലപ്പേരാണ് കുറ്റിച്ചൽ (കുറ്റിയോട് നിറഞ്ഞ സ്ഥലം എന്നർത്ഥം) വെട്ടിയെടുത്തതോ ഏതെങ്കിലും കാരണവശാൽ മുറി ഞ്ഞുവീണതോ ആയ മരത്തിൻെറ കുറ്റികൾ ധാരാള മുള്ള സ്ഥലവുമാകാം. കുറ്റിച്ചാൽ എന്ന പദത്തിൽ നിന്നും ഉണ്ടായതാണ് കുറ്റിച്ചൽ എന്നും ചിലർക്ക് പക്ഷമുണ്ട്. കുറ്റിച്ചൽ വേനൽക്കാലത്തുപോലും ജലമയമായിരുന്ന , ധാരാളം വൃക്ഷലതാദികൾ ഉണ്ടാ യിരുന്ന ഒരു പ്രദേശമായിരുന്നു. കാട് തെളിച്ച് മനുഷ്യവാസത്തിന് പരുവപ്പെടുത്തിയെടുത്ത ഒരു ദേശമാണ് കുറ്റിച്ചൽ എന്നതാവാം വാസ്തവം. പഞ്ചായ ത്തിലെ മറ്റു സ്ഥലനാമങ്ങളുമായി തട്ടിച്ചുനോക്കു മ്പോൾ കുറ്റിച്ചൽ എന്നത് പുതിയൊരു പേരാണ്. വില്ലേജിൻെറ പേരായ മണ്ണൂർക്കരയ്ക്ക് സ്ഥലനാമ മെന്ന രീതിയിൽ ഇപ്പോൾ പ്രധാന്യമില്ല. പഞ്ചായ ത്തിൻെറ രൂപികരണവേളയിൽ ഒരു വാർഡിൻെറ പേരായി അത് നിലനിന്നിരുന്നു. ഇപ്പോളതും നഷ്ടമായിരിക്കുന്നു. മൺ + ഊർ + കര എന്നീ മൂന്നു പദങ്ങൾ ചേർന്നുണ്ടായതാണ് മണ്ണൂർക്കര. മണ്ണിന് നിലം എന്നർത്ഥം ഊരും കരയും കൂടി ചേരുമ്പോൾ നിലമുള്ള ഊരിലെ കര എന്നാകുന്നു അർത്ഥം. ധാരാളം നിലങ്ങളുണ്ടായിരുന്ന കുറ്റിച്ചലിൻെറ ഭൂപ്രകൃതിയെ ആവാഹിച്ചിട്ടുള്ള ഒരു സ്ഥലനാമമാണ് മണ്ണൂർക്കര.

"ഏല"കളും "വിള"കളും മറ്റും ഇവിടത്തെ സ്ഥല പ്പേരുകളിൽ കാണുന്നതിൽ നിന്നും ഇവിടെ കൃഷി യായിരുന്നു ജനങ്ങളുടെ മുഖ്യതൊഴിൽ എന്ന് ഗ്രഹി ക്കാൻ കഴിയും. കഴിഞ്ഞ നൂറ്റാണ്ടുവരെ ഇവിടുത്തെ പകുതിയിലധികം ജനങ്ങളുടെയും ആഹാരം തിന,നെല്ല്,ചാമ, തുടങ്ങിയ ധാന്യങ്ങളോ കാച്ചിൽ. ചേന നെടുവൻ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളോ ആയിരുന്നു. തിനവിള, ചാമവിള, നെടുവൻവയൽ തുടങ്ങിയ സ്ഥലനാമങ്ങൾ ഈ യാഥാർത്ഥ്യത്തിന് അടിവരയിടുന്നു. കൃഷിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സംസ്കൃതി ഇവിടെ നിലനിന്നിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.

ഭൂപ്രകൃതിയെ ഒരു കണ്ണാടിയിലെന്ന പോലെ പ്രതിബിംബിപ്പിക്കുവാൻ ഇവിടുത്തെ സ്ഥാനമാന ങ്ങൾക്കു കഴിയുന്നു. കാടും മലയും കുന്നും കുഴിയും തേരിയും മറ്റുമുള്ള ഈ പ്രദേശത്ത് ഓരുത്, താന്നി, കുന്തിരി, തേമ്പാവ്, മൊട്ടൽ, പോങ്ങ്, ഇലവ്,ഇലിപ്പ, പുളി, പ്ളാവ്, പുന്ന, കമുക്, കാഞ്ഞിരം, പാല, പേഴ്, മാവ്, തുടങ്ങിയ വൃക്ഷങ്ങളും ഇരുവവലി, ഉപ്പനച്ചം, കൈതകള്ളി തുടങ്ങിയ സസ്യങ്ങളും കുളവുപാറപോലുള്ള ലതകളും കാണാം. പുലി, കടുവ, മാൻ,കടമാൻ,പന്നി തുടങ്ങിയ മൃഗങ്ങളും കുരുവി, പുള്ള്, മയിൽ, കൊക്ക്,തുടങ്ങിയ പക്ഷികളും ഇവിടെ ധാരാളമായി കണ്ടിരുന്നു. തോടും ചിറയും ഏലയും എല്ലാം കൂടി ഇവിടുത്തെ പ്രകൃതിയെ മനോഹരമാക്കിയിരുന്നു.

സ്ഥലപ്പേരുകളിൽ പറ്റിനിൽക്കുന്ന ജാതിശബ്ദ ങ്ങൾ ഈ പ്രദേശം കുറവർ, വേടർ, പറയർ, തച്ചർ, പാണർ എന്നിവരുടെ അധിവാസ ഭൂമിയായിരുന്നു എന്നറിയിക്കുന്നു.. പട്ടക്കുടിയും ചമതമൂട്ടം മഠത്തി ക്കോണവും സവർണ്ണ സമുദായത്തിൻെറ സാന്നിദ്ധ്യം കുറിക്കുന്നു. പള്ളിത്തറ, പള്ളിവിളാകം എന്നിങ്ങനെ പള്ളിയുമായി ബന്ധപ്പെട്ടു വരുന്ന സ്ഥലപ്പേരുകൾ മുസ്ലീംപള്ളികളെയും ക്രിസ്ത്യൻപള്ളികളെയും

കുറിക്കുന്നു. ഈ പേരുകളാകട്ടെ സമീപക്കാലത്താണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥലനാമങ്ങളായി കടന്നുവന്നിട്ടുള്ളതെന്നും അറിയേണ്ടതാണ്.

പട്ടക്കുടിയിലും കുറവൻവിളാകത്തും ഇന്ന് താമസിക്കുന്നത് ഇതര സമുദായക്കാരാണ്. പാണൻക്കുഴിയിൽ പാണൻമാരെ മഷിയിട്ടുനോക്കിയാലും കണ്ടുകിട്ടുക പ്രയാസം കുറ്റിച്ചലിൽനിന്നും കുറ്റിയറ്റുപോയ ഒരു ജനവിഭാഗമായിത്തീർന്നിരിക്കുന്നു പാണർ.

കുറ്റിച്ചൽ ഒറ്റപ്പെട്ടുകിടന്നതോ കിടക്കുന്നതോ ആയ പ്രദേശമല്ലാത്തതിനാൽ കുറ്റിച്ചിലൻറിന്റെ സംസ്കാരം കുറ്റിച്ചലിന്റെതുമാത്രമല്ല. തൊട്ടടുത്തു കിടക്കുന്ന നിരവധി പഞ്ചായത്തുകളുടെയും അതുൾക്കൊള്ളുന്ന താലൂക്കുകളുടെയും കൂടിയാണ്. ഒരു വ്യക്തിയുടെ ചരിത്രം അവന്റെ മാത്രം ചരിത്രമല്ലന്ന് പറയുന്നതുപോലെയാണിത്. കൊച്ചുകൊച്ചു ഗ്രാമങ്ങളുടെ ചരിത്രവും സംസ്ക്കാരവും വലിയ രാജ്യത്തിന്റെ ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും ഭാഗമാകുന്നു.

1960-65 കാലഘട്ടത്തിൽ തോട്ടം തൊഴിലാളി മേഖലയിലണ് ആദ്യമായി ട്രേഡ് യൂണിയൻ രൂപം കൊള്ളുന്നത്. മുതലിമാരുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ അവകാശ സമരങ്ങൾ ആരംഭിച്ചത് ഇതോടുകൂടിയാണ്. റബ്ബർ എസ്റ്റേറ്റിലെ ടാപ്പിംഗ് തൊഴിലാളികൾ പ്രധാനമായും സമരം നടത്തിയത് കൂലിവർദ്ധനവിനും പിരിച്ചവിടലിനുമെതിരെയായിട്ടായിരുന്നു. രൂക്ഷമായ സംഘട്ടനങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. മൂന്ന് മാസത്തോളം നീണ്ടുനിന്ന സമരങ്ങൾ കോട്ടൂരും മുക്കാട്ടുമലയിലും നടന്നിട്ടുണ്ട്. കോട്ടൂരെ ആർ.കെ.വി എസ്റ്റേറ്റ് സമരം ഒത്തുതീർക്കുന്നതിന് ബന്ധപ്പെട്ട മന്ത്രി സ്ഥലത്ത് വന്ന സംഭവവും ഉണ്ടായിട്ടുണ്ട്. മുക്കാട്ടുമല രാജൻ എസ്റ്റേറ്റ് സമരങ്ങളോടനുബന്ധിച്ച് പോലീസിന്റെ തേർ വാഴ്ചയും നടന്നിട്ടുണ്ട്.

തുടർന്ന് എഴുപതുകളിൽ ചുമട്ട് തൊഴിലാളി യൂണിയനുകൾ ഉണ്ടായി. ഈ യൂണിയനുകളുടെ വിജയത്തെ തുടർന്ന് ഇതരമേഖലകളിലും ലോഡിംഗ് അൺ ലോഡിംഗ് ട്രേഡ് യൂണിയനുകൾ പ്രവർത്തനങ്ങൾ സജീവമായി. കർഷകത്തൊഴിലാളി, നിർമ്മാണ ത്തൊഴിലാളി മേഖലകളും ഇപ്പോൾ പുഷ്ടിപ്രാപിച്ചു വരുന്നു. പഞ്ചായത്തിൽ ഇപ്പോൾ നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണമാണ് കൂടുതൽ. മരപ്പണിക്കാർ, കല്ലുപണിക്കാർ, കൊത്തൻ, കൈയാളൻമാർ, പെയിൻററമാർ, ഇഷ്ടികത്തൊഴിലാളികൾ തുടങ്ങിയവരാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. കുറച്ചുകാലം മുൻപ് കർഷകത്തൊഴിലാളി മേഖലയിലായിരുന്നു കൂടുതൽ അംഗങ്ങൾ ഉണ്ടായിരുന്നത്. സംഘടിത ശക്തിയിൽ മുന്നേറ്റമുണ്ടായെങ്കിലും കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

മിച്ചഭൂമി സമരത്തിനുമുൻപ് ഭൂരഹിതരായ കർഷകർ കാവ്യാറ്റുമൺപുറം (ഇപ്പോഴത്തെ പേപ്പാറ ഡാം റിസർവോയർ) കൈയേറി കുടിലുകൾ കെട്ടി താമസം തുടങ്ങയെങ്കിലും ആപ്രസ്ഥാനം വിജയിച്ചില്ല. പഞ്ചായത്തിൽ വലിയ വിളയിൽ ശ്രീകൃഷ്ണ പ്ലാൻേറഷൻ ചരിത്ര പ്രസിദ്ധമായ മിച്ചഭൂമി സമരം നടന്നിട്ടുണ്ട്. തേങ്ങയിടീൽ സമരമെന്ന് പ്രസിദ്ധിക്കപ്പെട്ട ഒരു വീറുറ്റ സമരമുറയായിരുന്നു അത്. ഈ സമരം മൂലം പോലീസ് മർദ്ദനവും ജയിൽവാസവും കർഷകത്തൊഴിലാളികൾക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഈ മിച്ചഭൂമി (8 ഏക്കർ 40 സെൻറ്) ഇനിയും കോടതി വ്യവഹാരങ്ങളിൽ നിന്നും മോചനം നേടിയിട്ടില്ല.

വിദ്യാഭ്യാസം, ആരോഗ്യം, വസ്ത്രം, പാർപ്പിടം, ഗതാഗതം തുടങ്ങിയ മേഖലകളിൽ പറയത്തക്ക പുരോഗതി ഈ ഗ്രാമത്തിനുണ്ടായി എന്ന് അഭിമാനിക്കൻ വയ്യ. വേണ്ടത്ര രീതിയിൽ വിദ്യ അഭ്യസിക്കുന്നതിനുള്ള അവസരങ്ങൾ കുറവായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുപോലും അയൽ ഗ്രാമങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു ആദ്യകാലത്ത്. ഉന്നത വിദ്യാഭ്യാസത്തിനു തിരുവനന്തപുരമായിരുന്നു ശരണം. ധനവാൻമാർക്ക അത് സാധിക്കുമായിരുന്നുള്ളൂ. അതുകൊണ്ട് ബിരുദധാരികളുടെ എണ്ണം പഴയകാലത്ത് വളരെ കുറവായിരുന്നു. കാട്ടാക്കട കൃസ്ത്യൻ കോളേജ് വന്നതോടെ ദിവസേന കോളേജിൽ പോയി പഠിക്കാമെന്ന സ്ഥിതി വന്നു. ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, കോളേജധ്യാപകൻ തുടങ്ങിയവരുടെ സംഖ്യ ഇപ്പോഴവിടെ വിരലിലെണ്ണാവുന്നതുമാത്രമാകുന്നു. സാങ്കേതിക വിദ്യാഭ്യാസം നേടാൻ ഈ ഗ്രാമത്തിൽ ഇപ്പോഴും അവസരങ്ങൾ കുറവാണ്. ആരോഗ്യത്തിന്റെ കാര്യത്തിലും ഈ ഗ്രാമം പിന്നിലായിരുന്നു. ശുചിത്വബോധമില്ലായ്മ, രോഗങ്ങളെക്കുറിച്ചുള്ള അജ്ഞത, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്കും അടിമകളായിരുന്നു ജനങ്ങൾ. ആരോഗ്യ കേന്ദ്രങ്ങളുടേയും ബോധവൽക്കരണത്തിന്റെ അഭാവവും ഏറെയുണ്ടായിരുന്നു. വസ്ത്രധാരണ വിഷയത്തിൽ പുതിയ തലമുറ വളരെ ശ്രദ്ധിക്കുന്നു

ണ്ടെങ്കിലും പഴയ തലമുറയുടെ സ്ഥിതി അതായിരുന്നില്ല. താണ ജാതിക്കാരായ സ്ത്രീ പുരുഷൻമാർ അഴുക്കണിഞ്ഞ വിലകുറഞ്ഞ വസ്ത്രങ്ങളായിരുന്നു ധരിച്ചിരുന്നത്. വേഷം കണ്ടാലവരുടെ ജാതിയും സാമ്പത്തികമായ പിന്നോക്കാവസ്ഥ വേർതിരിച്ചറിയാമായിരുന്നു. മുട്ടിനു് കീഴെ മുണ്ടുടുക്കാനുള്ള സ്വാതന്ത്ര്യവും ആദ്യകാലത്ത് അവർക്ക് നിഷേധിച്ചിരുന്നു. പ്രതികൂല കാലാസ്ഥയെ അതിജീവിക്കാൻ പ്രാപ്തിയുള്ള വീടുകളും അവർക്കുണ്ടായിരുന്നില്ല. കൂണിൻെറ ആകൃതിയിലുള്ള കൊച്ചു പുൽക്കൂരകളിലായിരുന്നു അവർ അന്തിയുറങ്ങയിരുന്നത്. വീടിൻെറ പരിസരങ്ങളാകട്ടെ ആരോഗ്യകരമായിരുന്നില്ല. സാമ്പത്തിക സ്ഥിതിയുള്ളവർ ഓടിട്ട ബംഗ്ലവുകളിലാണ് പാർത്തിരുന്നത്. ബഹുപൂരിപക്ഷവും ഓലകെട്ടിയ വീടുകളിലാണ് കഴിഞ്ഞിരുന്നത്. ഗ്രാമത്തിലെ ഗതാഗത സ്ഥിതിയും വളരെ മോശമായിരുന്നു. നല്ല റോഡുകൾ പൊതുവെ കുറവായിരുന്നു. കാട്ടിനുള്ളിലൂടെയുള്ള പാതകളിലൂടെയാണ് താമസ സ്ഥലങ്ങളിലേക്ക് പോയിരുന്നത്.

ഗതാഗത സൗകര്യങ്ങൾ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. ഗ്രാമത്തിലെ മിക്കവാറും എല്ലാ ഭാഗങ്ങളിലേക്കും ഇപ്പോൾ ബസ്സ് സർവ്വീസ്സുണ്ട്.

സാമൂഹിക രംഗത്ത് കഴിഞ്ഞ 15 വർഷത്തിനിടയ്ക്ക് ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സാമൂഹിക ക്ഷേമപ്രവർത്തനങ്ങളും കുറെ നടന്നിട്ടുണ്ട്. അതിൻെറ സദ്ഫലങ്ങൾ നാം അനുഭവിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ ഉല്പാദന മേഖലയിൽ മുരടിപ്പ് നിലനിൽക്കുന്നു. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ സ്ത്രീ പുരുഷൻമാരുടെ സംഖ്യ കുറവല്ല. സ്ത്രീകളെ രണ്ടാം തരം പൗരൻമാരായി പരിഗണിച്ചുപോരുന്ന പ്രവണത നിലനിൽക്കുന്നു. ഇതുവരെയുള്ള നമ്മുടെ പുരോഗതി വിലയിരുത്തുമ്പോൾ ശുഭാപ്തി വിശ്വാസത്തിന് വകയുണ്ട്. പല പ്രശ്നങ്ങളും പരിഹരിക്കാൻ നമുക്ക് തീർച്ചയായും കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന പ്രശ്നങ്ങളെ മനസ്സിലാക്കാനും പരിഹരിക്കാനും പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും നാം സന്നദ്ധരാവേണ്ടതുണ്ട്.

# 2

## ഭൂപ്രകൃതി പ്രകൃതിവിഭവങ്ങൾ

പശ്ചിമഘട്ടത്തിൻെറ ഓരം പറ്റികിടക്കുന്ന ഗ്രാമമാണ് കുറ്റിച്ചൽ. കുന്നും മലയും കുഴിയും പാറയും നിറഞ്ഞ പ്രദേശം. ഭൂമി എങ്ങും ജലമയം ഭൂപ്രകൃതി അനുസരിച്ച് നോക്കിയാൽ മലനാട്ടിലാണ് (Highland) സ്ഥിതിചെയ്യുന്നു. അതുകൊണ്ട് സമുദ്രനിരപ്പിൽ നിന്ന് 75 മീറ്ററിലധികം ഉയരും വരും. ദ്രാവിഡ ഭൂഭാഗ വിഭജനമനുസരിച്ച് കുറ്റിച്ചൽ കുറിഞ്ഞിനിലമാണ് ശാസ്ത്രീയ പഠനത്തിൽ ഇവിടം 562.5 സ്ക്വയർ കിലോമീറ്റർ മദ്ധ്യ മലനാടും (Mid High land) 424.3 സ്ക്വയർ കിലോമീറ്റർ ഹൈലാൻറും ആണ്. കാർഷിക കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാലും കുറ്റിച്ചൽ മലനാടുതന്നെ. ഭൂവിഭജനം ഉത്പാദ പ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂപ്രകൃതിയുടെ നിമ്നോന്നത സ്വഭാവം ഇവിടത്തെ ഉത്പാദന പ്രക്രിയയെ സ്വാധീനിച്ചിട്ടുണ്ട്. കുത്തുകുഴി, നെല്ലിക്കുന്ന് മുതലായ സ്ഥലനാമങ്ങൾ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടുണ്ടായതാണ്. പരുത്തുപ്പള്ളി ഫോറസ്റ്റ് റെയിഞ്ചിൽപ്പെടുന്ന ഭാഗങ്ങൾ കുറ്റിച്ചൽ ഉണ്ടായിരുന്നത് ഇപ്പോൾ ബയോളജിക്കൽ പാർക്കിനെടുത്തിരിക്കുന്നതിനാൽ കുറ്റിച്ചലിന് വനമില്ലെന്നാണ് ബന്ധപ്പെട്ട വനം വകുപ്പുദ്യോഗസ്ഥർ. പറയുന്നത്.

ഭൂപ്രകൃതിയുടെ പ്രധാനപ്പെട്ട മറ്റൊരു ഘടകം ജലമാണ്. ജലസമ്പത്താൽ അനുഗൃഹീതമാണ് ഈ പഞ്ചായത്ത്. കിണറുകൾ, തോടുകൾ, കുളങ്ങൾ, തീരുറവകൾ തുടങ്ങിയ ജല സ്രോതസുകളെയാണ് ഇവിടുത്തെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. 2 വലിയ തോടുകളും (കുമ്പിൾമൂട്, തേരാണി) നിരവധി ചെറിയ കൈത്തോടുകളും ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുണ്ട്. നീർച്ചാലുകൾ ഇല്ലാത്ത ദിക്കുകൾ കുറവാണ്. വയലുകളും കൈത്തോടുകളും മിക്കയിടങ്ങളിലും കാണാം. എന്നാൽ വലിയ നദികളൊന്നും തന്നെ ഇല്ല. കാർഷികവൃത്തിക്ക് ഈ ഭൂമിയെ അനുയോജ്യമാക്കിത്തീർക്കുന്നത് ഈ ജലപ്രകൃതിയാണ്. ഇടവത്തിലെയും തുലാത്തിലെയും

സമൃദ്ധമായ മഴ കൃഷിയ്ക്ക് പ്രയോജനപ്പെടുന്നു. കുന്നുകളും, പർവതങ്ങളും ഈ പ്രദേശത്തിന്റെ കാലാവസ്ഥയെ നിയന്ത്രിക്കുന്നു. കുറ്റിച്ചിലിനെ സസ്യനിബിഡമായ പ്രദേശമാക്കുന്നതിൽ കാലാവസ്ഥ പ്രധാന പങ്കുവഹിക്കുന്നു.

ഭൂപ്രകൃതിയുടെ വേറൊരു പ്രധാന ഘടകമാകുന്നു മണ്ണ്. ഭൗതികവും രാസപരവും ജൈവപരവുമായ പല പ്രക്രിയകളും മണ്ണുണ്ടാകുന്നതിന് സഹായിക്കുന്നു. മണ്ണിന്റെ പലതരങ്ങളും കുറ്റിച്ചലിലുണ്ട്. എക്കൽമണ്ണുമാണ് ഒന്നാമത്തേത്. നദീതീരത്ത് വന്നടിയുന്ന ഈ മണ്ണ് ഫലപുഷ്ടിയുള്ളതാണ്. തോടിന്റെ തീരങ്ങളിൽ നെല്ല്, വാഴ എന്നിവ സമൃദ്ധിയായി വളരാൻ ഇത് സഹായിക്കുന്നു.

ഇരുമ്പിന്റെ ഓക്സൈഡ് ധാരാളമായി അടങ്ങിയിരിക്കുന്ന മണ്ണാണ് ചെമ്മണ്ണ്. ഇതും കൃഷിക്ക് പറ്റിയതാണ്. ചരൽ കലർന്ന മണ്ണും ഇവിടെ കാണുന്നു.

മണ്ണൊലിപ്പു വളരെ മിതമാത തോതിലേ ഈ മേഖലയിലുള്ളൂ. വനപ്രദേശമായതിനാൽ സസ്യാവരണത്താൽ മണ്ണൊലിപ്പ് നിയന്ത്രിക്കപ്പെടുന്നു. നീർവാർച്ചയുള്ളതും കളിമണ്ണിന്റെ ഘടകങ്ങൾ അടങ്ങിയിട്ടുള്ളതുമായ മണ്ണും കാണുന്നുണ്ട്.

സസ്യസമൃദ്ധിയിൽ അൽ ഗ്രാമങ്ങളെ പിന്നിലാക്കുന്നു കുറ്റിച്ചൽ. ഔഷധസസ്യങ്ങൾക്കും വനസസ്യങ്ങൾക്കും പ്രസിദ്ധിപെറ്റ ഗ്രാമമാണിത്. ഈ പ്രദേശത്തെ വന വിഭവങ്ങളുടെ ലഭ്യതക്കുള്ള സാദ്ധ്യത ഏറെയാണ്. ചൂരൽ, മുള, ഈറ്റ, കോലരക്ക്, ആനക്കൊമ്പ് തുടങ്ങിയ വിലയേറിയ വനവിഭവങ്ങൾ ഇവിടത്തെ വനപ്രദേശത്ത് ലഭിക്കുന്നു.

ജൈവവൈവിധ്യത്തിന്റെ സന്തുലനം നിലനിറുത്തുന്നതിനും പ്രകൃതി സമ്പത്തിനെ ജീവസന്ധാരണത്തിന് പ്രയോജകീഭവിക്കത്തക്കവിധം എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെയും ആശ്രയിച്ചാണ്. ഒരു രാജ്യത്തിന്റെ വികസനവും സാമ്പത്തിക ഭദ്രതയും നിലകൊള്ളുന്നത്. ഗ്രാമവാസികളുടെ സാമൂഹിക സാമ്പത്തിക ആരോഗ്യരംഗങ്ങളുടെ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് പൂർണ്ണ ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കണം.

# 3

# കൃഷിയും ജലസേചനവും

സംസ്ക്കാരങ്ങളുടെ അന്തർധാര കൃഷിയാണ് പാശ്ചാത്യർ സംസ്ക്കാരത്തെ ദർശിക്കുന്നത് കൃഷിയുമായി ബന്ധപ്പെടുത്തിയാണ്. കാർഷിക സംസ്ക്കാരത്തിന് ഭാരതീയരും മേൻമ കൽപ്പിച്ചിട്ടുണ്ട്. ബുദ്ധൻ കൃഷിക്ക് നൽകിയ പ്രാധാന്യം സുവിദിതമാണല്ലോ? മനുഷ്യന്റേയും മറ്റു ജീവജാലങ്ങളുടേയും സ്വാതന്ത്ര്യം നിർണ്ണയിക്കുന്നതുപോലും കൃഷിയാണ്. അങ്ങനെ നോക്കുമ്പോൾ സർവതല സ്പർശിയാണ് കൃഷി എന്നു വരുന്നു.

ഭൂരിഭാഗം ജനങ്ങളും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ഒരു മലയോര ഗ്രാമമാണ് കുറ്റിച്ചൽ. ഇവിടുത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും അതിന് തികച്ചും അനുയോഢ്യമാണ്. കൃഷിയിൽ അധഷ്ഠിതമായ ഒരു സാമൂഹ്യ ജീവിതക്രമവും സാസ്ക്കാരിക പൈതൃകവും ആണ് നമുക്കുള്ളത്.

നെല്ല്, മരിച്ചീനി, തെങ്ങ്, കമുക്, വാഴ, കുരുമുളക് മുതലായ ആയിരുന്നു ആദ്യകാലത്തെ മുഖ്യ കൃഷികൾ. കൂടാതെ ചേമ്പ്, ചേന, കൂവ, കാച്ചിൽ നനകിഴങ്ങ്, ചെറുകിഴങ്ങ്, മുക്കിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും ചാമ, തിന, ഇറുങ്ങ്, ചോളം, കാണം മുതലായ ധാന്യങ്ങളും സർവ്വസാധാരണമായി കൃഷി ചെയ്തിരുന്നു. യുദ്ധം, വരൾച്ച തുടങ്ങിയവമൂലം ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടിരുന്ന സന്ദർഭങ്ങളിൽ മേല്പറഞ്ഞ ധാന്യങ്ങളെയാണ് ജനങ്ങൾ മുഖ്യമായും ആശ്രയിച്ചരുന്നത്. എന്നാൽ പച്ചക്കറി കൃഷിക്ക് ജനങ്ങൾ വലിയ പ്രാധാന്യം കൽപ്പിച്ചിരുന്നതായി കാണന്നില്ല. ഇന്ന് വ്യാപകമായി കൃഷിചെയ്യപ്പെടുന്ന റബ്ബറിന് ഇവിടെ കൂടുതൽ ചരിത്രമൊന്നും അവകാശപ്പെടാനില്ല 50 വർഷം മാത്രമേ ആയിട്ടുള്ളൂ ഇവിടെ റബ്ബർക്കൃഷി തുടങ്ങിയിട്ട്.




പഞ്ചായത്തിലെ
വിവിധഇനം
കൃഷികൾ

നെല്ലുതന്നെയായിരുന്നു ഇവിടുത്തെ മുഖ്യ നെൽക്കൃഷിക്കനുയോജ്യമായ ധാരാളം ടശേഖരങ്ങൾ നിറഞ്ഞതാണ് ഈ ഗ്രാമം. വലുതും റുതുമായ അനേകം തോടുകളാൽ അനുഗൃഹീത ണ് ഈ പഞ്ചായയത്ത്. പോത്തുകളെയും ളകളെയും ഉപയോഗിച്ചായിരുന്നു പണ്ട് നിലം ുക്കിയിരുന്നുത്. കലപ്പ, നുകം, മരം എന്നിവയായി ന്നു മുഖ്യകാർഷികോപകരണങ്ങൾ. എന്നാൽ പ്പോൾ കന്നുപൂട്ടിനോടൊപ്പം ട്രില്ലർ ഉപയോഗിച്ച് ലം ഒരുക്കുന്ന സമ്പ്രദായവും സ്വീകരിച്ചു ..പാരുന്നു.

തുളുനാടൻ, ഈഞ്ചക്കാടൻ, കുറ്റിച്ചിറയാടി, ഓവുമുണ്ടൻ, ഒരുവെള്ള, ..കിഴക്കൻവെള്ള, കൊച്ചുവെള്ള, മരുതംപൂവൻ തുടങ്ങിയ നാടൻ വിത്തി നങ്ങളായിരുന്നു ആദ്യകാലത്ത് കൃഷിചെയ്തിരുന്നത്. എന്നാൽ പിന്നീട് തവളക്കണ്ണി ഐ.ആർ-8, തൈനാൻ-3, എച്ച്4, 19, 26 തുടങ്ങിയ പുതിയ വിത്തിനങ്ങൾ കൃഷിചെയ്യാൻ തുടങ്ങി അടുത്തകാലത്തായി അത്യുൽപാദന ശേഷിയുള്ള പത്മ, ജയ, രോഹിണി, അന്നപൂർണ്ണ, പവിഴം, എ-പി-1 തുടങ്ങിയവയാണ് കർഷകർക്ക് കൂടുതൽ ഇഷ്ടം.

ഇരുപ്പൂനിലങ്ങളാണ് ഇവിടെ ഏറിയകൂറും കന്നിപ്പൂവും മേടപ്പൂവും. കന്നിയിൽ വിത്ത് പാകി ഞാറ് നടുന്ന സമ്പ്രദായവും മേടത്തിൽ വിത്തും ചാണകവുമായി കുഴച്ച് നുരിയിടുന്ന സമ്പ്രദായ വുമാണ് സ്വീകരിച്ചിരുന്നത്. ഒരു പറനിലം നടുന്നതിന് 2 പേർ എന്നാണ് കണക്ക്. നിലം ഉഴൽ, വരമ്പുവെട്ട്, മരമടി തുടങ്ങിയ ജോലികൾ പുരുഷന്മാരും നുരിയിടൽ, ഞാറുനടീൽ വിത്ത് പാകൽ, കള പറിക്കൽ മുതലായ പണികൾ സ്ത്രീകളും ചെയ്തിരുന്നു.

പണ്ട് പുരുഷന് 4 ചക്രവും സ്ത്രീക്ക് 2 ചക്രവും ആയിരുന്നു കൂലി. നിലം കൊയ്യാൻ പുരുഷന്മാരും സ്ത്രീകളും പങ്കുചേരുന്ന പതിവുണ്ട്. ആദ്യകാലത്ത് കൊയ്ത്തിന് കൂലിയായി കതിരാണ് നൽകിയിരുന്നത്. പിന്നീട് നെല്ല് കൊടുക്കന്ന സമ്പ്രദായം നിലവിൽവന്നു. ഒരു പറ നിലം കൊയ്യുന്നതിന് ഒരു പറ നെല്ലായിരുന്നു കൂലി. സാധാരണ ഒരു പറ നിലം കൊയ്യാൻ രണ്ടു തൊഴിലാളികൾ മതിയാവും, കൃഷിത്തൊഴിലാളികൾക്ക് ഭക്ഷണവും നൽകിയുരുന്നു. ഞാറു ഇളക്കി കഴിയുമ്പോൾ പഴംകഞ്ഞിയും നട്ടുകയറുമ്പോൾ മതിയാവോളം ആഹാരം കഴിക്കുന്നതിനും വീട്ടിൽ കൊണ്ടുപോകുന്നതിനും കൊടുക്കുമായിരുന്നു. എന്നാൽ ഇന്ന് കൊയ്ത്തിന് കൂലിയായി നെല്ലോ, രൂപയോ നൽകപ്പെടുന്നു. ഓണം, വിഷു തുടങ്ങിയ വശേഷദിവസങ്ങളിൽ തൊഴിലാളികൾ തങ്ങളുടെ ജന്മികൾക്ക് വാഴക്കുല, പച്ചക്കറികൾ എന്നിവ കാഴ്ച ദ്രവ്യമായി നൽകുകയും പകരം ഓണക്കോടിയും ധാന്യങ്ങളും, രൂപയും സമ്മാനമായി സ്വീകരിക്കുകയും പതിവായിരുന്നു. ഓരോ ജന്മിയുടേയും കീഴിൽ പതിവ് കൂലിക്കാർ ഉണ്ടായിരുന്നു. വേല-കൂലി എന്ന ബന്ധനത്തിനപ്പുറം അവർ തമ്മിൽ ഗാഢമായ സൗഹൃദം നിലനിന്നിരുന്നു.

ജൈവ -വളങ്ങളായിരുന്നു മുൻകാലങ്ങളിൽ കൃഷിക്ക് ഉപയോഗിച്ചിരുന്നത്. ചാണകം, ചാരം, പച്ചില, വളം, കോഴിക്കാരം ഇവയായിരുന്നു നെല്ലിന് ഉപയോഗിച്ചിരുന്നത്. കീടനാശിനി പ്രയോഗം അന്ന് അജ്ഞാതമായിരുന്നു. നെല്ലിനെ ബാധിക്കുന്ന പുഴുക്കളെ അകറ്റാൻ വയലിൽ അവിടവിടെ പണ യോല ഊന്നിനിറുത്തുമായിരുന്നു. ഏഴിയൻ (പാഴി) ശല്യം ഒഴുവാക്കാൻ ഏഴിയൽ വിലക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. പനയോലയിൽ മന്ത്രം കുറിച്ച് കമ്പലേറ്റി വയലിന്റെ നാലുമൂലക്കും കുത്തുനിറുത്തും. കണിയാന്മാരും കാണിക്കാരുമായി രുന്നു ഇത് ചെയ്തിരുന്നത്.

കൃഷിയും കൊയ്ത്തും ജനങ്ങൾ ഉത്സവം പോലെ കൊണ്ടാടിയിരുന്നു. ഞാറുനടുമ്പോൾ ഞാറ്റുപാട്ടും കൊയ്യുമ്പോൾ കൊയ്ത്തുപാട്ടും നമ്മുടെ വയലേലകളെ പുളകം കൊള്ളിച്ചിരുന്നു. കാർത്തിക, ദീപാവലി, തിരുവോണം മുതലായ ഉത്സവങ്ങൾ കൃഷിയുമായി ബന്ധപ്പെട്ടവയാണ്. കൃഷിപണികൾ എല്ലാം കഴിഞ്ഞതിന്റെ സന്തോശസൂചകമായി കൃഷിക്കാർ ദീപാവലിക്ക് എണ്ണ തേയ്ച്ച് കുളിക്കുന്നു. കാർത്തികയ്ക്ക് വയലേലകളിൽ വിളക്ക് വെയ്ക്കുന്നു.

കൊയ്ത്തുകാലങ്ങളിൽ അറ നിറയ്ക്കൽ ഒരു ഉത്സവമായി തന്നെ ആഘോഷിച്ചിരുന്നു. കർക്കിട മാസത്തിലെ ഒരു നല്ലദിവസം കാരണവർ പ്രഭാത ത്തിൽ കുളിച്ച് ശുദ്ധിവരുത്തി കതിര്, മാവില, പ്ലാവില, ഉഴിഞ്ഞ എന്നിവ എടുത്ത് മെഴുകി വൃത്തിയാക്കി മുറ്റത്ത് പലകയിട്ട് ഭസ്മം, ചന്ദനം എന്നിവ പുരട്ടി നാക്കില യിൽ കതിർവച്ച് നീരുംപൂവും കൊടുത്ത് നമസ്ക്കരിച്ച് ഉത്തരത്തിൽ കെട്ടിവെയ്ക്കും. അതിനുശേഷം നെൽ ക്കതിർ പത്തായത്തിലും, ഉരലിലും തൊഴുത്തിലും വെയ്ക്കും. ശേഖരിച്ച പുതു ധാന്യങ്ങളിൽ നിന്നും ആദ്യമായി വിഭവ സമൃദ്ധമായ സദ്യ ഉണ്ടാക്കുന്ന ദിവസമാണ് പുത്തരിയുണ്ണൽ എന്നറിയപ്പെടുന്നത്. ഇതിൽ പങ്കെടുക്കുന്നതിന് കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒത്തുചേരുക പതിവാണ്.

കുറ്റിച്ചൽ പഞ്ചായത്തിലെ ഏകദേശം 22 ഹെക്ടർ പ്രദേശം നെൽകൃഷിക്ക് യോഗ്യമാണ്. എന്നാൽ ഇതിൽ പകുതി ഭാഗം പോലും ഇന്ന് നെൽകൃഷിക്ക് ഉപയോഗിക്കുന്നില്ല. പല ഭാഗങ്ങളും മണ്ണിട്ട് നികത്തി തെങ്ങോ, റബ്ബറോ കൃഷിചെയ്തിരിക്കുന്നു. ചില ഭാഗങ്ങളിൽ വാഴ, മരച്ചീനി, ഇഞ്ചി, വെറ്റിലക്കൊടി, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നു. ജലസേചന സൗകര്യം ഇല്ലായ്മ, ജൈവവളംത്തിന്റെ ദൗർലഭ്യം, രാസവളത്തിന്റെ അമിതമായ വില, കൂലിക്കാരെ ലഭിക്കാതിരിക്കൽ, ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ അലംബിക്കുവാനുള്ള ശേഷിക്കുറവ് എന്നിവയാണ് നെൽകൃഷിക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

*തെങ്ങ്*

തെങ്ങ് കൃഷിക്ക് ഇവിടെ പണ്ടുമുതലേ വലിയ സ്ഥാനം ഉണ്ട്. മലയാളികളുടെ കൽപ്പവൃക്ഷമായ തെങ്ങ് ഇവിടെ വ്യാപകമായ കൃഷി ചെയ്തു പോന്നു. ഉയരമുള്ള കപ്പതെങ്ങ്, ചെന്തെങ്ങ് തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്തിരുന്നത്. അലങ്കാരത്തിന് മുഖ്യമായും ഉപയോഗിക്കുന്ന ഗൗരീഗാത്രം, ഇളംനീർകുടിക്കാൻ വിശേഷപ്പെട്ട യാപ്പാണൻ എന്നീ ഇനങ്ങളും കൃഷി ചെയ്തിരുന്നു. നാളികേരം ഉണക്കി കൊപ്രായാക്കി എണ്ണയെടുക്കുമായിരുന്നു. ഭക്ഷണത്തിന് സ്വാദ് വേണമെങ്കിൽ നാളികേരമോ വെള്ളിച്ചെണ്ണയോ വേണമെന്നത് മലയാളിക്ക് പണ്ടേ നിർബന്ധമാണല്ലോ?. ഈ പഞ്ചായത്തിലെ 205 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷി ചെയ്യുന്നു എന്നാണ് കണക്കെങ്കിലും ആകെയുള്ള തെങ്ങ്കൃഷി കണക്കാക്കിയാൽ 100 ഹെക്ടർ താഴെയേ വരൂ. തെങ്ങുകൾ മുറിച്ച്മാറ്റി റബ്ബർകൃഷി ചെയ്യുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ജലസേചന സൗകര്യക്കുറവും ജൈവ രാസവള പ്രയോഗത്തിന്റെ അപര്യാപ്തതയും തേങ്ങക്ക് നേരിടുന്ന വിലയിടിവുമാണ് തെങ്ങു കൃഷിക്കാരെ മറ്റു കഷികൾ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. സർക്കാർ പ്രഖ്യാപിച്ച താങ്ങുവില അപര്യാപ്തമായതിനാൽ കാലോചിതമായി ഉയർത്തേണ്ടതുണ്ട്. പാമോയിൽ ഇറക്കുമതിയും തെങ്ങു കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രദേശത്തെ തെങ്ങുകളിൽ വ്യാപിക്കുന്ന കാറ്റുവീഴ്ച രോഗം തടയുന്നതിന് സർക്കാർ ഏർപ്പെടുത്തിയ പദ്ധതി അപര്യാപ്തമാണ്.

*കൃഷിഭവൻ നടത്തിയ തെങ്ങ് സർവ്വേയുടെ ഫലം*

| | |
|---|---|
| ആകെതെങ്ങുകൾ | 1,69,892 |
| രോഗം ബാധിച്ചവ (രൂക്ഷം) | 1966 |
| പ്രധാനരോഗങ്ങൾ | കാറ്റുവീഴ്ച<br>കൂമ്പുചീയൽ |
| ശാരീരികോല്പാദനം | 40-50 തേങ്ങ ഒരുവർഷം |

*കേരവികസനസമിതി*

തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരളാ സർക്കാർ നടപ്പിലാക്കിയ പദ്ധതിപ്രകാരം കുറ്റിച്ചൽ കൃഷി ഭവന്റെ കീഴിൽ 1995ൽ ഒരു കേരവികസന സമിതി രൂപീകരിച്ചിട്ടുണ്ട്. രജിസ്ട്രർ നമ്പർ. 748 അംഗസംഖ്യ 577.

തെങ്ങുകൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ രാസവളകിറ്റുകൾ വർഷത്തിൽ രണ്ടുപ്രാവശ്യം സമിതിവഴി നല്കിവരുന്നു. രോഗം ബാധിച്ച തെങ്ങുകളെ മുറിച്ചുമാറ്റി പകരം നടുന്നതിനുള്ള ധനസഹായവും നല്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ 275 തെങ്ങുകൾക്കുള്ള നഷ്ടപരിഹാരം നല്കിയിട്ടുണ്ട്.

**1995-96 കേരവികസന സമിതി മുഖേന വിതരണം ചെയ്ത രാസവളകിറ്റുകളുടെ വിവരം.**

| അളവ് | വിതരണം ചെയ്തത് |
|---|---|
| 5 Palm Kit | 780 Packets |
| 10 Palm Kit | 460 Packets |
| 20 Palm Kit | 170 Packets |
| Total | 1410 Packets |

*മരിച്ചീനി*

ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും മരിച്ചീനി വ്യാപകമായി കൃഷിചെയ്തു വരുന്നു. മിരിച്ചീനിക്ക് പറ്റിയ മണ്ണും, കാലാവസ്ഥയുമാണിവിടെയുള്ളത്. ജനങ്ങളുടെ ഭക്ഷണത്തിൽ മുഖ്യസ്ഥാനവും മരിച്ചീനിയ്ക്കുതന്നെയാണ് നല്കിയിരുന്നത്. സാമ്പത്തി അഭിവൃദ്ധിയും വിദ്യാഭ്യാസപരമായ പുരോഗതിയും ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്തി. ക്രമേണ ആഹാരത്തിന്റെ പ്രധാന സ്ഥാനം നെല്ലരി കൈയ്യടക്കി. റബ്ബർകൃഷി വ്യാപകമായതോടെ മരിച്ചീനി കൃഷിയുടെ നില പരുങ്ങലിലായി. ആനമറവൻ, കയ്യാലചാടി, കരിമറവൻ, കലികാലൻ, മഞ്ഞഅവിയൻ, സുന്ദരിവെള്ള, കയ്പൻവെള്ള തുടങ്ങിയവയായിരുന്നു ആദ്യകാലത്തെ ഇനങ്ങൾ. മുമ്പ് ഇവിടെ ഉല്പാദിപ്പിച്ചിരുന്ന മരിച്ചീനി കാളവണ്ടിയിലും,

ലോറിയിലും കയറ്റി ബാലരാമപുരം, വിഴിഞ്ഞം, പൂവ്വാർ, ഉച്ചക്കട തുടങ്ങിയ സ്ഥലങ്ങളിൽ കൊണ്ടുപോയി വിറ്റിരുന്നു. രണ്ടാംലോക മഹായുദ്ധക്കാലത്ത് മരിച്ചീനിയിൽനിന്നും സ്റ്റാർച്ച് ഉല്പാദിപ്പിക്കുന്ന വ്യവസായശാലകൾ വ്യാപകമായപ്പോൾ മരിച്ചീനി കർഷകരുടെ നില മെച്ചമായി. എന്നാൽ ഇന്ന് മരിച്ചീനി ഒരപൂർവ്വവസ്തുവായി മാറുകയാണ്. വർദ്ധിച്ച കൂലിച്ചെലവും രാസവളങ്ങളുടെ അമിതമായ വിലയും മൂലം കൃഷി ലാഭകരമായി നടത്താൻ കഴിയാതെ വന്നപ്പോൾ കർഷകർ മരിച്ചീനി കൃഷിയിൽനിന്നും പിൻതിരിഞ്ഞു. കൃഷിഭവന്റെ കണക്കുപ്രകാരം 200 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ മരിച്ചീനി കൃഷിചെയ്യുന്നുണ്ടെങ്കിലും. യഥാർത്ഥത്തിൽ അത്രത്തോളം വരാൻ ഇടയില്ല. കറുത്ത കലിയൻ, കരിയിലപൊരിയൻ, എം4, താതൊഴുന്തൻ, ഭാരതി തുടങ്ങിയ ഇനങ്ങളാണ് ഇപ്പോൾ പ്രചാരത്തിലുള്ളത്.

*റബ്ബർ*

ഈ പഞ്ചായത്തിലെ മൂന്നിൽ രണ്ട് ഭാഗം പ്രദേശങ്ങളിലും റബ്ബർ പ്രധാനകൃഷിയായി മാറിയിരിക്കുന്നു. 9 വാർഡുകളിലും റബ്ബർ കൃഷിയുണ്ട്. കൃഷിഭവൻ രേഖപ്രകാരം 980 ഹെക്ടർ സ്ഥലത്താണ് റബ്ബർ കൃഷിയുള്ളത്. കുന്നിൽ പ്രദേശങ്ങളിലും സമതലങ്ങളിലും കൃഷിചെയ്തിരുന്ന റബ്ബർ ഇപ്പോൾ നെൽപ്പാടങ്ങളിലേക്ക് വരെ വ്യാപിച്ചുകൊണ്ടിരിക്കുന്നു. പത്ത് സെന്റ് ഭൂമിയുള്ളവർ ഇന്ന് റബ്ബർകൃഷി ചെയ്യുന്നു. റബ്ബറിന് ആരംഭഘട്ടത്തിലുള്ള പരിചരണവും, വളപ്രയോഗവും കഴിഞ്ഞാൽ വർഷത്തിൽ രണ്ടുതവണ വളമിടൽ മാത്രം മതി എന്നത് കർഷകരെ ആകർഷിക്കുന്നു. ദിവസവും ആദായം കിട്ടും എന്നത് മറ്റൊരു പ്രത്യേകതയാണ്. നമ്മുടെ പഞ്ചായത്തിലെ പ്രധാന ചെറുട്ട വൻകിട ഇടത്തരം റബ്ബർ തോട്ടങ്ങളിൽ മിക്കതും നഗരവാസികളായ കർഷകരുടേതാണന്ന വസ്തുത ശ്രദ്ധേയമാണ്. വൻകിട ഇടത്തരം എസ്റ്റേറ്റുകളിൽ നിരിടവിട്ട ദിവസങ്ങളിലാണ് ടാപ്പിംഗ് നടത്തുന്നുത്.

തുണ്ടുഭൂമികളിൽ കൃഷിചെയ്യുന്ന കർഷകനെ ശാസ്ത്രീയമാ കൃഷിസമ്പ്രദായങ്ങളോ, വളപ്രയോഗമോ, രോഗപ്രതിരോധ നടപടികളോ കൈക്കൊള്ളുവാൻ സാധിക്കുന്നില്ല. അതിനാൽ ചുരുങ്ങിയ കാലംകൊണ്ട് ആദായം കുറയും, എന്നുള്ളത് കർഷകന് ഭീഷണിയായി നിലനിൽക്കുന്നു. റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള നടപടിയായി റബ്ബർബോർഡ് വന്നു എങ്കിലും ചെറുകിട കർഷകനെ അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

*വാഴ*

വാഴകൃഷിക്ക് അനുയോജ്യമായ മണ്ണും, കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. പണ്ടുമുതലേ ഈ പഞ്ചായത്തിലെ നീർവാഴ്ചയുള്ള പ്രദേശങ്ങളിൽ വ്യാപകമായി വാഴകൃഷി ചെയ്തുവരുന്നു. പാളയംകോടൻ, രസകദളി, പൂവൻ, പടറ്റി, കപ്പ, പച്ചവെട്ടൻ, കദളിവാഴ, കല്ലുവാഴ, കുഴിവാഴ മുതലായ ഇനങ്ങളാണ് മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ മേൽപ്പറഞ്ഞ പ്രധാന ഇനങ്ങൾക്കു പുറമേ റോബസ്റ്റാ എന്ന പുതിയ ഇനം വാഴയും സാധാരണയായി കൃഷിചെയ്യുന്നു. ചാണകം, ചാരം, പച്ചിലവളം മുതലായ ജൈവവളങ്ങളായിരുന്നു മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നതെങ്കിൽ രാസവളങ്ങളാണ് ഇപ്പോൾ ഏറിയക്കൂറും ഉപയോഗിക്കുന്നത്. വാഴയ്ക്ക് സാധാരണയായി കണ്ടുവരുന്ന കൂമ്പടപ്പ് രോഗത്തിന് പ്രതിവിധിയായി മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നത് ജനങ്ങളുടെ ആരോഗ്യത്തിനും, പരിസ്ഥിതിയ്ക്കും ഭീഷണിയായിത്തീരുന്നുണ്ട്. വേനൽക്കാലത്തെ വരൾച്ചമൂലവും കൃഷിനശിക്കുന്നത് കർഷകരെ ദുരിതത്തിലാക്കുന്നു. എന്നാൽ മതിയായ തോതിലുള്ള നഷ്ടപരിഹാരം കർഷകർക്ക് ലഭിക്കാറില്ല.

*കമുക്*

മലപ്രദേശങ്ങളിലും തോണ്ടലുകളിലും മുൻകാലങ്ങളിൽ കമുകിൻതോട്ടം വച്ചുപിടിപ്പിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിലെ പ്രധാന മലഞ്ചരക്കു വിപണനകേന്ദ്രങ്ങളായ നെടുമങ്ങാട്ടെ മുഖ്യമായ ചരക്ക് അടയ്ക്കയായിരുന്നു. കുറ്റിച്ചൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കമുകിൻ കൃഷി ആദായകരമായി നടത്തിയിരുന്നു. അക്കാലത്ത് പച്ച അടയ്ക്കയുടേയും, കൊട്ടടയ്ക്കയുടെയും വ്യാപാരം നമ്മുടെ ഗ്രാമത്തിൽ ഉടനീളം സുലഭമായി നടന്നിരുന്നു. എന്നാൽ റബ്ബർകൃഷി വ്യാപകമായതോടെ കമുകുകൾക്ക് കഷ്ടകാലമായി. ഇന്ന് കമുകിൻ തോട്ടങ്ങൾ മിക്കവാറും അപ്രത്യക്ഷമായി കഴിഞ്ഞു. പാക്ക് ഒരു അപൂർവ്വ വസ്തുവായതോടെ അതിന്റെ വിലയും കുതിച്ചുയർന്നു.

*കുരുമുളക്*

കുറ്റിച്ചൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു നാണ്യവിളയാണ് കുരുമുളക്. ഭൂരിഭാഗവും ഉയർന്ന കുന്നുകളും, മലഞ്ചരിവുകളും ഉള്ള ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും കുരുമുളക് കൃഷിക്ക് അനുയോജ്യമാണ്. 10 സെന്റ്

വസ്തുവെങ്കിലും ഉള്ള കർഷകൻെറ വീട്ടിൽ ഒരു മൂട് കുരുമുളക് എങ്കിലും കാണാതിരിക്കില്ല. വാണിജ്യാടിസ്ഥാനത്തിൽ കുരുമുളക് കൃഷിചെയ്യുന്ന കർഷകരുണ്ട്. മുൻകാലങ്ങളിൽ നമ്മുടെ കയറ്റുമതിയിൽ ഈ കറുത്തപൊന്നിന് മുഖ്യസ്ഥാനം ഉണ്ടായിരുന്നു. അന്ന് നമ്മുടെ പഞ്ചായത്തിലും വൻകിട കർഷകരും ചെറുകിട കർഷകരും കുരുമുളക് തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. ഉയർന്ന പ്രദേശങ്ങളിലും മലഞ്ചരിവുകളിലും റബ്ബർകൃഷി വ്യാപിച്ചതോടെ കുരുമുളക് കൃഷി ക്രമേണ കുറഞ്ഞുവരുന്നു. കരുമുണ്ടാൻ, കൊറ്റനാടൻ തുടങ്ങിയ നാടൻ ഇനങ്ങളാണ് മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്നത്. ഇവയ്ക്കുപുറമേ പന്നിയൂർ-1 തുടങ്ങിയ അത്യുൽപാദന ശേഷയുള്ള പുതിയ ഇനങ്ങളും ഇപ്പോൾ കൃഷി ചെയ്യുന്നു. കുരുമുളകിനെ ബാധിച്ചിരുന്ന ദ്രിതവാട്ടരോഗം കർഷകരെ കഷ്ട നഷ്ടത്തിലാക്കുന്നു. ഇപ്പോൾ കുറ്റിച്ചൽ പഞ്ചായത്തിൽ 8 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്യുന്നതായിട്ടാണ് കൃഷഭവൻെറ രേഖകാണിക്കുന്നത്.

ഇഞ്ചി മഞ്ഞൾ, കാച്ചിൽ, ചെറുകിഴങ്ങ്, നന കിഴങ്ങ്, ചേമ്പ്, ചേന, കൂവ, ചീവക്കിഴങ്ങ് മുതലായ കിഴങ്ങു വർഗ്ഗങ്ങൾ മിക്കവാറും സ്ഥലങ്ങളിൽ കൃഷി ചെയ്തിരുന്നു. ഇഞ്ചി ഉണക്കി ചുക്കാക്കി കയറ്റി അയച്ചിരുന്നു. വീടുകളിൽ കർഷകർ കുടിൽവ്യവസായമായി കൂവമാവ് നിർമ്മിച്ചിരുന്നു. അതിനാൽ കൂവകൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തിയിരുന്നു. പ്രസ്തുത കിഴങ്ങുവർഗ്ഗങ്ങൾ മുഖ്യഭക്ഷണമായിത്തന്നെ നമ്മുടെ പൂർവ്വികർ ഉപയോഗിച്ചിരുന്നു. കാർത്തികയ്ക്ക് കാച്ചിൽ പുഴുങ്ങിതിന്നണമെന്നത് പണ്ടേ കർഷകർക്ക് നിർബന്ധമുള്ള കാര്യമാണ്.

മാവ്, പ്ലാവ്, കശുമാവ് മുതലായ ഫലവൃക്ഷങ്ങൾ മിക്കവാറും പുരയിടങ്ങളിൽ കർഷകർ പണ്ടേ കൃഷിചെയ്തുപോന്നു. മാമ്പഴവും, ചക്കപ്പഴവും നമുക്ക് പ്രിയപ്പെട്ട പഴവർഗ്ഗങ്ങളാണ്. മുൻകാലങ്ങളിൽ നമ്മുടെ ഗ്രാമചന്തകളിൽ സീസൺ കാലത്ത് മേൽപ്പറഞ്ഞ വിഭവങ്ങൾ കുന്നുകൂടുമായിരുന്നു. എന്നാൽ വർദ്ധിച്ചു വന്ന പാർപ്പിട നിർമ്മാണവും, റബ്ബർകൃഷിയുടെ അധിപ്രസരവും കാരണം നമ്മുടെ മാവുകളും പ്ലാവുകളും കശുമാവുകളും ഒട്ടുമുക്കാലും നിലംപൊത്തി. പുറുത്തിച്ചക്ക (കൈതച്ചക്ക) കൃഷി നമ്മടു ഗ്രാമത്തിന് സുപരിചിതമായിരുന്നു. എന്നാൽ മേൽപ്രസ്താവിച്ച പഴവർഗ്ഗങ്ങൾ തമിഴ്നാട്ടിൽനിന്നും ലോറിയിൽ കൊണ്ടുവന്നാലെ നമ്മുടെ ഗ്രാമപ്രദേശത്തുപോലും കുഞ്ഞുങ്ങൾക്ക് നുണയാൻ ലഭിക്കൂ എന്നതാണ് ഇന്നത്തെ അവസ്ഥ.

പച്ചക്കറി കൃഷിയിൽ പണ്ടുകാലങ്ങളിൽ കർഷകർ വലിയ താല്പര്യം കാണിച്ചിരുന്നില്ല. ആളുകളുടെ ഭക്ഷണശീലവുമായി ബന്ധപ്പെട്ടാണ് ഇതിനെ കാണേണ്ടത്. അക്കാലത്ത് ഭക്ഷണത്തിൻെറ പ്രധാന ഘടകമായിരുന്നില്ല പച്ചക്കറികൾ. അനതിവിദൂര ഭൂതക്കാലത്ത് മാത്രമാണ് കർഷകർ പച്ചക്കറികളുടെ മൂല്യവും പ്രാധാന്യവും മനസ്സിലാക്കിയതും, അവധാരാളമായി കൃഷി ചെയ്യാൻ തുടങ്ങിയതും ഇപ്പോൾ വീട്ടാവശ്യത്തിനുവേണ്ടിയും വാണിജ്യാടിസ്ഥാനത്തിലും പച്ചക്കറികൾ കൃഷിചെയ്യുന്നുണ്ട്. വെള്ളരി, വെണ്ട, പാവൽ, പച്ചമുളക്, കത്തരി, പടവലം, ചീര, പയർ, പീനിയമര, മത്തൻ, തക്കാളി മുതലായ വിവിധ ഇനം പച്ചക്കറികൾ കൃഷിചെയ്യുന്നു. പക്ഷേ നമ്മുടെ ആവശ്യത്തിൻെറ ചെറിയൊരംശം മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളു. തമിഴ്നാട്ടിൽ നിന്നും വരുന്ന പച്ചക്കറികൾ തന്നെയാണ് നമ്മുടെ ആവശ്യത്തിൻെറ സിംഹഭാഗവും നിറവേറ്റുന്നത്.

*പ്രശ്നങ്ങൾ.*

നമ്മുട പഞ്ചായത്തിലെ കർഷകർക്ക് ഇന്ന് നേരിടേണ്ടി വന്നിരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

നമ്മുടെ നാട്ടിലെ എല്ലാകൃഷിയും പ്രകൃതിയെ ആശ്രയിച്ചാണ് നടത്തുന്നത്. ജലസേചനസൗകര്യം തീരെ കുറവായതിനാൽ വേനൽക്കാലങ്ങളിൽ രൂക്ഷമായി കൃഷിനാശം സംഭവിക്കുന്നു. കൃഷിപ്പണികൾക്ക് ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ലെന്ന പരാതി എല്ലാ ഗ്രാമസഭകളിലും മുഴങ്ങികേൾക്കുകയുണ്ടായി. തൊഴിലില്ലായ്മ ഇവിടെ രൂക്ഷമാണുതാനും. ഇതുരണ്ടും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്നു. നമ്മുടെ കൃഷിഭവൻെറ പ്രവർത്തനത്തെക്കുറിച്ച് വളരെയേറെ പരാതികൾ കർഷകർക്കുണ്ട്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കർഷകരെ സഹായിക്കാൻ ബാധ്യതയുള്ള കൃഷിഭവൻ ഉദ്യോഗസ്ഥരുടെ സേവനഹസ്തം കർഷകരുടെ ഇടയിലേക്ക് നീളുന്നില്ല എന്നാണ് പൊതുവേ അഭിപ്രായം മണ്ണ് പരിശോധന നടത്തുന്നതിനോ ഓരോ സ്ഥലത്തും അനിയോജ്യമായ കൃഷി വളപ്രയോഗം സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, ആധുനിക കൃഷിസമ്പ്രദായങ്ങൾ ഇവയെക്കുറിച്ച് കാലാകാലങ്ങളിൽ കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനോ നടപടി ഉണ്ടാകുന്നില്ല. സോയിൽ കൺസർവേഷൻ വകുപ്പിൽ നിന്നും മണ്ണ് സംരക്ഷണ പദ്ധതികൾ ഇവിടെ ഇതുവരെ ആരംഭിച്ചിട്ടില്ല. കുറ്റിച്ചൽ പഞ്ചായത്തിലെ മണിയിലക്കടവ് നീർമറിപ്രദേശം മണ്ണ് സംരക്ഷണവകുപ്പ് മണ്ണ്-ജലസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും

നാളിതുവരെ യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല.

പ്രകൃതിക്ഷോഭം, വരൾച്ച എന്നിവമൂലം കൃഷിനാശം സംഭവിക്കുമ്പോൾ കർഷകർക്ക് മതിയായതോതിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നില്ല. രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവ്, വർദ്ധിച്ച കൂലിചെലവ്, ആവശ്യത്തിന് കൂലിക്കാരെ കിട്ടാത്ത അവസ്ഥ. എന്നിവമൂലം നെൽകൃഷി നഷ്ടത്തിൽ കലാശിക്കുന്നു. അതിനാൽ നെൽപ്പാടങ്ങൾ നികത്തി ആദായകരമായ മറ്റ് കൃഷികൾ നടത്താൻ കർഷകർ നിർബന്ധിതരാകുന്നു. ഇത് നമ്മുടെ നാടിനെ ഭക്ഷ്യക്ഷാമത്തിലേക്ക് നയിക്കും എന്ന വസ്തുത ബന്ധപ്പെട്ടവർ കണ്ണുതുറന്നു കണ്ടേ മതിയാകൂ.

കാറ്റ്‌വീഴ്ചരോഗമൂലം നമ്മുടെ പഞ്ചായത്തിൽ മിക്കഭാഗത്തും തെങ്ങുകൾ നശിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ നേരിടുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. തെങ്ങ് കൃഷിക്കാർക്ക് ഇത് വലിയ ഭീഷണി ഉയർത്തിയിരിക്കുകയാണ്.

ചെറുകിട റബ്ബർ കർഷകർക്ക് റബ്ബർ ബോർഡിൽ നിന്നും വേണ്ട ധനസഹായമോ ഉപദേശമോ ലഭിക്കുന്നില്ല. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കാനുള്ള മാർഗ്ഗമൊന്നും ഇന്ന് നിലവിലില്ല. കർഷകരുടെ ഉല്പന്നങ്ങൾക്കു ന്യായമായ വില ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനവും ഇന്നില്ല. ഇത് കർഷകരുടെ ജീവിത ഭദ്രത തകർക്കുന്നു.

കോട്ടൂർ റിസർവ് വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ശല്യം മൂലം കർഷകർക്ക് വാഴ, മരിച്ചീനി, ചേന, ചേമ്പ്, പച്ചക്കറികൾ തുടങ്ങിയ കൃഷികൾ നടത്താൻ നിർവ്വാഹമില്ല.

*പരിഹാരനിർദ്ദേശങ്ങൾ*

ഈ പഞ്ചായത്തിലെ കർഷകർ ഇന്നനുഭവിക്കുന്ന എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ അണിനിരത്താൻ ഗ്രാമസഭകളിലെ കർഷകർ ആവേശപൂർവ്വം മുന്നോട്ടു വന്നിട്ടുണ്ട്. 1 മുതൽ 9 വരെയുള്ള വാർഡുകളിലെ ഗ്രാമസഭകളിൽ കർഷകർ മുന്നോട്ടു വച്ച നിർദ്ദേശങ്ങളുടെ ചുരുക്കം താഴെ കൊടുക്കുന്നു.

1. ഗ്രൂപ്പ് ഫാമിങ് സൊസൈറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ കർഷകർക്ക് പ്രയോജനമുണ്ടാക്കുക.
2. വിത്ത്, വളം, കീടനാശിനികൾ എന്നിവ കർഷകർക്ക് യഥാസമയം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
3. തെങ്ങ്, കമുക്, കുരുമുളക് എന്നീ കൃഷികൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് നല്ലയിനം തൈൾ ലഭ്യമാക്കുക.
4. കൃഷിഭവനിൽ നിന്നു നൽകുന്ന രാസവള സബ്സിഡി ഒരു ഹെക്ടറിന് 250 രൂപ എന്നത് 1000 രൂപയെങ്കിലും വർദ്ധിപ്പിക്കണ്.
5. നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കുന്നതിനു മതിയായ താങ്ങുവില പ്രഖ്യാപിക്കുക.
6. ഒരു നാളികേര സംസ്ക്കരണയൂണിറ്റ് കുറ്റിച്ചൽ കേന്ദ്രമാക്കി സ്ഥാപിക്കുക.
7. നെൽപ്പാടങ്ങൾ നികത്തി ഇതരകൃഷികൾ ചെയ്യുന്നത് കർശനമായി നിരോധിക്കുക.
8. മൂപ്പ് കുറഞ്ഞ നെൽവിത്തുകൾ നൽകി മൂന്നുപൂവ് കൃഷിചെയ്യുന്നതിന് കർഷകരെ പ്രേരിപ്പിക്കുക.
9. മരിച്ചീനികൃഷി സംരക്ഷിക്കുന്നതിന് വേണ്ടി നല്ലയിനം വിത്തിനങ്ങളും വളവും സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക.
10. മരിച്ചീനിയിൽ നിന്നും സ്റ്റാർച്ചും കാലിത്തീറ്റയും ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു വൻകിട ഫാക്ടറി ഇവിടെ സ്ഥാപിക്കാൻ നടപടിയെടുക്കുക.
11. കാറ്റ് വീഴ്ചയിൽ നിന്നു തെങ്ങുകളെ സംരക്ഷിക്കുന്ന വിദഗ്ദ്ധോപദേശങ്ങളും രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തൈവെയ്ക്കുന്നതിനുള്ള ഉപാധികളും ലഭ്യമാക്കുക.
12. നാളികേരവികസനകോർപ്പറേഷന്റെ ഒരു കൊപ്രാ സംഭരണകേന്ദ്രം ആരംഭിക്കാൻ നടപടിയെടുക്കുക.
13. വാർഡുകൾതോറും അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
14. കുറ്റിമുല്ല, ഓർക്കിഡ്, അന്തൂറിയം തുടങ്ങിട പൂന്തോട്ടങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വെച്ചു പിടിപ്പിക്കാൻ സഹായം നൽകുക.
15. റബ്ബർപാൽ, ഷീറ്റ്, ഒട്ടുകറ എന്നിവ സംഭരിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ കേന്ദ്രങ്ങളാരംഭിക്കുക.

16. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കർഷകർക്ക് വിത്തും വളവും സൗജന്യമായി നലകുക.

17. മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

## ഓരോ വാർഡിൽ നിന്നും ഉയർന്നു വന്ന നിർദേശങ്ങൾ

*വാർഡ് 1*

1. കൂൺ കൃഷിക്ക് 10 യൂണിറ്റുകൾ ആരംഭിക്കുക.
2. കർഷക തൊഴിലാളികളുടെ സഹകരണസംഘം രൂപീകരിക്കുക.
3. സർക്കാർ സഹായത്തോടെ വെറ്റിലക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് 25 യൂണിറ്റുകൾ സ്ഥാപിക്കുക.

*വാർഡ് 3*

1. പുള്ളോട്ടുകോണം, നാറാണം എന്നീ ഏലകളിൽ നെൽകൃഷി വീണ്ടും വ്യാപിപ്പിക്കുക.
2. നശിച്ചുകൊണ്ടിരിക്കുന്ന കിഴങ്ങുകൃഷി പ്രോൽസാഹിപ്പിക്കുക.

*വാർഡ് 4*

1. തെങ്ങിൻ തോട്ടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.
2. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി ധാന്യങ്ങൾ കൃഷി ചെയ്യൽ പദ്ധതി തയ്യാറാക്കുക.
3. 25 യൂണിറ്റ് വെറ്റിലക്കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക.
4. വിത്തിനങ്ങൾ നിർമ്മിക്കുന്നതിന് ഒരു കൃഷിത്തോട്ടം നിർമ്മിക്കുക.

*വാർഡ് 5.*

1. ശാസ്ത്രീയ രീതിയിൽ വാഴ, ഇഞ്ചി, ചേന, ചേമ്പ്, എന്നിവ കൃഷി ചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകുക.
2. വന്യ ജീവികളുടെ (പന്നി)ശല്യം ഒഴിവാക്കാൻ ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

*വാർഡ് 6*

1. റബ്ബർ കർഷകർക്ക് ശാസ്ത്രീകൃഷി രീതി അവലംബിക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തുക.
2. അനുയോജ്യമായ സ്ഥലങ്ങളിൽ കൂൺ കൃഷി ആരംഭിക്കുന്നതിന് പ്രോൽസാഹനവും സഹായവും നൽകുക.
3. തെങ്ങിൻ തോപ്പുകളിൽ പുൽകൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

*വാർഡ് 7*

1. കശുമാവ് കൃഷി ശാസ്ത്രീയ രീതിയിൽ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

*വാർഡ് 8*

1. മണ്ണ് പരിശോധന നടത്തി ഓരോയിടത്തും [illegible] കൃഷി ചെയ്യുന്നു. അനുയോജ്യമായ തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.
2. കുരുമുളക്, ഗ്രാമ്പു, ജാതി എന്നിവ ശാസ്ത്രീയമായി കൃഷി ചെയ്യിന്നതിനു വേണ്ട പ്രോൽസാഹനം നൽകുക.

*വാർഡ് 9*

1. പയർ, എള്ള്, കാണം തുടങ്ങിയ ധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് അർഹരായ കർഷകരെ കണ്ടുപിടിച്ച് പ്രോൽസാഹിപ്പിക്കുക
2. പഞ്ചായത്തടിസ്ഥാനത്തിൽ കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന് കർഷകമേള, കന്നുകാലി പ്രദർശനം എന്നിവ സംഘടിപ്പിക്കുക.
3. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് കൃഷിപ്പണിയിൽ അഭിനിവേശം ജനിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും ബോധവൽക്കരണവും നടപ്പാക്കുക.
4. തേനീച്ചവളർത്തൽ ആദായകരമായി നടത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുക.

## ജലസേചനം

മഴയെ പൂർണ്ണമായും ആശ്രയിച്ചുള്ള കൃഷിയാണ് ഇവിടെ നടക്കുന്നത്. വർഷത്തിൽ മുഖ്യമായും രണ്ട് തവണ മഴ കിട്ടുന്നു. ഇടവപ്പാതിയിലും, തുലാവർഷത്തിലും. ജൂൺ മുതൽ സെപ്റ്റംബർ വരെ സാമാന്യം നല്ലമഴ ഉണ്ടാകാറുണ്ട്. ഒക്ടോബർ-നവംബർ മാസങ്ങളിൽ പെയ്യുന്ന മഴയ്ക്ക് ശക്തി കൂടുതലാണ്. ഇതിനു പുറമേ മീന-മേടമാസങ്ങളിലും ധനുമാസത്തിലും ഇടക്കാല മഴയും ലഭിക്കുന്നു.

ജലസേചനസൗര്യം പരിമിതമാണ്. മഴയില്ലാത്തപ്പോൾ തോടുകളെയാണ് കൃഷിക്കാർ സാധാരണ

ആശ്രയിക്കുന്നത്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നാല്പതോളം ചെറുതും വലുതുമായ തോടുകളുണ്ട്. പത്ത് കിലോമീറ്ററോളം നീളം വരുന്ന കുമ്പിൾമൂട്-കാര്യോട് തോടും അഞ്ച് കിലോമീറ്ററോളം നീളം വരുന്ന തേരാണി-കാര്യോട് തോടും ആണ് സാമാന്യം നല്ല നീരൊഴുക്കുള്ളവ. വർഷത്തിൽ രണ്ട് മാസത്തോളം ഈ തോടുകൾ വറ്റിക്കിടക്കാറുണ്ട്.

ചിറകളാണ് ജലസേചനത്തിന് കർഷകരെ സഹായിക്കുന്ന മറ്റൊരു സ്രോതസ്സ് ചെറുതും വലുമായി പത്ത് ചിറകൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഉണ്ട്. പട്ടിക നോക്കുക. ഇതിൽ കരങ്കകംചിറ വാർഡ് 8. നിലമേൽചിറ വാർഡ് 2, കരുപ്പോട്ടിചിറ വാർഡ്2, മാങ്കുഴിച്ചിറ വാർഡ് 1 എന്നിവ മാത്രമേ ഇപ്പോൾ ജലസംഭരണികളായി നിലനിൽക്കുന്നുള്ളൂ. മാമ്പള്ളിയിൽ കൃഷിവകുപ്പിൻെറ വകയായി ഒരു ചെറിയ കുളം ഇപ്പോഴുണ്ട്. ഇത് നികന്നുപോയ ചിറയെ പരിഷ്ക്കരിച്ചതാണ്. മറ്റു ചിറകൾ ഫലത്തിൽ ഉപയോഗശൂന്യമാണ്. ചിലത് അന്യാധീനത്തിലുമാണ് അവയെല്ലാം ഒഴിപ്പിച്ചെടുത്ത് കുളങ്ങളാക്കി മാറ്റിയാൽ ജലദൗർലഭ്യം കുറെയൊക്കെ ഒഴിവാക്കാം. ഒരു കാലത്ത് ജലസ്രോതസ്സുകളായിരുന്ന പല തോടുകളും ഇന്ന് നികത്തി തടങ്ങളായും, പൊതുവഴികളായും രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ഇതും കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

*പ്രശ്നങ്ങൾ*

പഞ്ചായത്തിലെ പലതോടുകളും നികന്നോ, നികത്തപ്പെട്ടോ ഉള്ള അവസ്ഥയിലാണിപ്പോൾ. ഇതുമൂലം തോടുകളെ ആശ്രയിച്ച് കൃഷി ചെയ്തിരുന്നവർ ബുദ്ധിമുട്ടിലാണ്. മുൻകാലങ്ങളിൽ മഴയില്ലാത്ത സമയങ്ങളിൽ കർഷകർക്ക് ജലം സംഭരിച്ച് നൽകിയിരുന്ന പല ചിറകളും ഇന്ന് നികന്നുപോയതിനാൽ വേനൽക്കാല കൃഷിക്ക് അസാധ്യമായിരിക്കുകയാണ്. പല തോടുകളും മഴക്കാലത്ത് ബണ്ട് പൊട്ടി വൻപിച്ച തോതിൽ വിളനാശം ഉണ്ടാകുന്നു. ചരിഞ്ഞ ഭൂമികളിലൂടെ കുത്തനെയൊലിച്ചിറങ്ങുന്ന വെള്ളം മണ്ണൊലിപ്പുണ്ടാക്കുന്നു. സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ ഇത് മണ്ണിൻെറ ഫലപുഷ്ടി വല്ലാതെ നഷ്ടപ്പെടുത്തുന്നു.

*പരിഹാര നിർദ്ദേശങ്ങൾ*

1. തോടുകൾ നികത്തി റോഡുകൾ ഉണ്ടാക്കുന്ന പ്രവർത്തനം നിരോധിക്കുക.
2. നികന്നുപോയതോ, അന്യാധീനപ്പെട്ടതോ ആയ ചിറകൾ പുനരുദ്ധരിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
3. തോടുകളുടെ ദുർബലമായ ബണ്ടുകൾ കല്ലുകെട്ടി സംരക്ഷിക്കുക.
4. തെങ്ങ് കൃഷിയെ സംരക്ഷിക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
5. പ്രധാനപ്പെട്ട തോടുകൾ വീതി കൂട്ടി ചെക്കുഡാമുകൾ നിർമ്മിക്കുക.

**ഗ്രാമസഭകളിൽ വാർഡുതലത്തിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ**

*വാർഡ് 1*

1. മാങ്കുഴിച്ചിറ, തിനവിളച്ചിറ, പാണംകുഴിച്ചിറ, മാമ്പള്ളിച്ചിറ എന്നിവ പുനരുദ്ധരിച്ച് ജലസേചനസൗകര്യം ഉണ്ടാക്കുക. ചിറകളോടനുബന്ധിച്ചുള്ള തോടുകളുടെ ബണ്ടുകൾ ബലപ്പെടുത്തുക.

തോടുകൾ

കൊണ്ണീക്കോണം-പാലത്തടി

കാട്ടുകണ്ടം-മാങ്കുഴിച്ചിറ

കന്നുമ്പേരി-കണ്ണനാകോണം

*വാർഡ് 2*

1. നിലമേൽച്ചിറ, കരുപ്പോട്ടി ഇവയുടെ ബണ്ടുകൾ ബലപ്പെടുത്തുകയും ചിറമൂലച്ചിറ പുനരുദ്ധരിക്കുകയും ചെയ്യുക. മേൽപ്പറഞ്ഞ ചിറകളോടനുബന്ധിച്ചുള്ള തോടുകളുടെ ബണ്ടുകൾ ബലപ്പെടുത്തുക.
2. തേരാണി-കാര്യോട്തോട്, കണ്ണനാകോണം കള്ളോട്, കുറ്റിച്ചൽതോട്, കരുപ്പോട്ടിച്ചിറ-കുറ്റിച്ചൽതോട് എന്നിവ സംരക്ഷിച്ച് ബണ്ടുകൾ കെട്ടി ചെക്കുഡാമുകൾ നിർമ്മിക്കുക.

*വാർഡ് 3*

1. കരിയ്ക്കകം-ഊറ്റുകുഴി ശുചിയാക്കി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
2. കുറ്റിച്ചൽ-കാര്യോട് തോടിൻെറ ബണ്ടുകൾ ബലപ്പെടുത്തി ചെക്കുഡാമുകൾ നിർമ്മിക്കുക.
3. പുളേളാട്ടുകോണം-ചന്തനടതോട് കൃഷിക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ബണ്ട് ബലപ്പെടുത്തി ചെക്ക് ഡാം നിർമ്മിക്കുക.

*വാർഡ് 4*

1. കുത്തുകുഴി-അരുകിൽ, മേലാച്ചികോണം-ആയുത്തുനട, ചിറക്കോണം-പച്ചക്കാട്,

കുടപ്പാറ-വള്ളിമംഗലം എന്നി തോടുകളുടെ ബണ്ടുകൾ ബലപ്പെടുത്തി ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.

തോടുകൾ

നെടുവൻവയൽ-വഞ്ചിക്കുഴി

*വാർഡ് 5*

1. കുരുന്തറക്കോണം-അടിക്കോട്ടൂർ, ശാസ്താംകുഴി-ചപ്പാത്ത് എന്നീ തോടുകളുടെ ബണ്ടുകൾ ബലപ്പെടുത്തി ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.

*വാർഡ് 6*

1. വലിയവിള-കൊച്ചുകോണം, കാലകുഴി-മഠത്തിക്കോണം എന്നീ തോടുകൾ ജലസേചന സജ്ജമാക്കുക.

*വാർഡ് 7*

1. കാഞ്ഞിരംകാട്-കൊട്ടാരത്ത്നടതോട്, പറക്കോണംതോട്, സ്വർണ്ണക്കോട്- നാരകത്തുംമൂട് തോട് എന്നിവയുടെ ബണ്ടുകൾ ബലപ്പെടുത്തി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

തോടുകൾ

കോട്ടൂർ-പറക്കോണം

*വാർഡ് 8*

1. ഉടയൻപാറ-ആമ്പല്ലൂർ, പൊരുമാത്ത്-നാഞ്ചിപ്പാറതോടുകൾ ജലസേചനസൗകര്യമുള്ളതാക്കി തീർക്കുക.

തോടുകൾ

കരണ്ടകംചിറ മാംകുടി-ആമ്പല്ലൂർതോട്

വെള്ളക്കുഴി-വട്ടക്കരിക്കകം

വെള്ളക്കുഴി-വട്ടക്കരിക്കകം

മുതിയാംകാവ്-കോട്ടൂർ

ഇടമല-മാംകുടി

നാഞ്ചിപ്പാറ-കുത്തുകുഴി

*വാർഡ് 9*

1. തേരാണു-കാര്യോട് തോട്ടിൽ മണലൂറ്റ് നിരോധിക്കയും ബണ്ടുകൾ ബലപ്പെടുത്തി അവിടവിടെ തടയണകൾ നിർമ്മിക്കുകയും ചെയ്യുക.
2. മുണ്ടൻചിറ ജലസേചനകുളമാക്കി മാറ്റുക.
3. ഈ വാഡിലെ ഭൂഗർഭജല സ്രോതസ്സുകൾ കണ്ടുപിടിച്ച് ജലസേചനത്തിന് ഉപയുക്തമാക്കുക.

*കുറ്റിച്ചൽ പഞ്ചായത്തിലെ ഏലകൾ*

1. മാങ്കുടിക്കോണത്ത് ഏലാ
2. മാങ്കുടി ഏലാ
3. * കണ്ണോട്ടു ഏലാ
4. * പന്തലിച്ചി ഏലാ
5. * കള്ളിയൽ ഏലാ
6. പെരുമുഖം ഏലാ
7. ആമ്പല്ലൂർ ഏലാ
8. കണ്ണംകോട്ട് ഏലാ
9. നടുവച്ചവട്ടം ഏലാ
10. * ചമതവട്ടം ഏലാ
11. സ്വർണ്ണക്കോട്ട് ഏലാ
12. പട്ടക്കുഴി ഏലാ
13. * കുറ്റിമൂട്ടുവട്ടം ഏലാ
14. വാഴപ്പള്ളി ഏലാ
15. കാഞ്ഞിരംകോട്ട് ഏലാ
16. കോട്ടൂർ നാറാണത്തു ഏലാ
17. * കീഴേമാത്തൂർ ഏലാ
18. മേലാമാത്തൂർ ഏലാ
19. പുള്ളോട്ടുകോണം ഏലാ
20. പുള്ളോട്ട് ഏലാ
21. കുറ്റിച്ചൽ ഏലാ
22. ആയത്തൂർ ഏലാ

* 23.നാറാണത്ത് ഏലാ
* 24.കാര്യേട്ട് ഏലാ
25.നിലമേൽ ഏലാ
26.പൊന്നറക്കോണം ഏലാ
* 27.മുണ്ടൻച്ചിറ ഏലാ
* 28.തേരാണിക്കോണം ഏലാ
29.പാലറക്കോണം ഏലാ
* 30.ഇലവൻമൂട്ടു ഏലാ
* 31.ആക്യംകോട്ട് ഏലാ
32.കുരവട്ടം ഏലാ
33.കള്ളോട്ട് ഏലാ
34.കൈതക്കൽ ഏലാ പോങ്ങോട്ട്
* 35.കുന്നഞ്ചേരി ഏലാ
36.മാമ്പള്ളി ഏലാ
* 37.കരിയംകോണത്ത് ഏലാ
38. തുമ്പോട്ടുകോണം ഏലാ
* 39.എലിവാലൻകോണം ഏലാ
40.പരുത്തിപ്പള്ളി ഏലാ
41.വെള്ളക്കുഴി ഏലാ, കോട്ടൂർ

* നക്ഷത്രം ചിഹ്നം കൊടുത്തിരിക്കുന്ന ഏലാകളൊന്നും ഇപ്പോൾ നിലവിലില്ല.

### *കുറ്റിച്ചൽ പഞ്ചായത്തിലെ ചിറകൾ*

1. കരണ്ടകം ചിറ
2. നിലമേൽ ചിറ
* 3. മുണ്ടൻ ചിറ
* 4. മേക്കെക്കോണം ചിറ (തൊഴുത്തുംകര)
5. കരുപ്പോട്ടി ചിറ
* 6. ചിറമൂല ചിറ
* 7. മാമ്പള്ളി ചിറ
8. മാങ്കുഴി ചിറ
* 9. ഇളംപ്ലാച്ചി ചിറ
* 10.തിനവിള ചിറ

* നക്ഷത്രം ചിഹ്നം കൊടുത്തിരിക്കുന്ന ചിറകൾ ഒന്നും ഇന്ന് നിലവിലില്ല.

## കുറ്റിച്ചൽ പഞ്ചായത്തിലെ തോടുകൾ

| | തോടിന്റെ പേര് | നീളം | വാർഡ് |
|---|---|---|---|
| 1. | ഒലിക്കടവ് കണ്ണനാകോണം | 1.KM | I |
| 2. | പോങ്ങോട്ടുകോണം-കൈതയ്ക്കൽ കണ്ണനാംകോണം | 3 | I |
| 3. | കരുകുന്നം | 1½ | I |
| 4. | കൊണ്ണീകോണം-പാലത്തടി | 1½ | I |
| 5. | തിനവിള-റേഷൻകട നട | 1 | I |
| 6. | പാണൻകുഴി-തൊഴിത്തിൻകര | ½ | I |
| 7. | കണ്ണനാകോണം-കള്ളോട്-കുറ്റിച്ചൽ | 2 | II |
| 8. | പൊന്നറക്കോണം-പേങ്ങാട് | 1 | II |
| 9. | കരിപ്പെട്ടിച്ചിറ-മുക്കുതോട് | 1 | II |
| 10. | നിലമേൽ കരിക്കകം-പൊന്നറക്കോണം | ½ | III |
| 11. | കുത്തുകുഴി-അരുകിൽ | 2 | IV |
| 12. | മേലാച്ചിക്കോണം-ആയത്ത് നട | 1 | IV |
| 13. | ഏറെച്ചിറക്കോണം-പച്ചക്കട് | 1½ | IV |
| 14. | തെടുവൻ വയൽ-വഞ്ചിക്കുഴി | 1 | IV |
| 15. | കുരുന്ത്രാക്കോണം-അടികോട്ടൂർ | 1 | V |
| 16. | ശാസ്താംകുഴി-ചപ്പാത്ത് | 1½ | V |
| 17. | വലിയവിള-കൊച്ചുകോണം | 1 | V |
| 18. | കൊച്ചുകൊണം തോട് | ½ | V |
| 19. | കാലംകുഴി-മത്തിക്കോണം | ¾ | V |
| 20. | കാഞ്ഞിരംകാട്-കൊട്ടാരത്ത് നട | 1 | VII |
| 21. | സ്വർണ്ണക്കോട്-നാരകത്തിൻമൂട് | ¾ | VII |
| 22. | പറക്കോണം തോട് | ¾1 | VII |
| 23. | കോട്ടൂർ-പാറക്കോണം | ½ | VII |
| 24. | മത്തിക്കോണം-എലിമല | 1 | VII |
| 25. | വെള്ളിക്കുഴി-വട്ടക്കരിക്കകം-മുണ്ടണി | 1 | VIII |
| 26. | വെള്ളിക്കുഴി-വട്ടക്കരിക്കകം-മുണ്ടണി | 1¼ | VIII |
| 27. | കരണ്ടകംചിറ-മാതുടി-ആമ്പല്ലൂർ | 2 | VIII |
| 28. | ഇടമല-കലശംകോണം | ¾ | VIII |
| 29. | മുതിയാംകോണം-കോട്ടൂർ | ¾ | VIII |
| 30. | ഉടയംപാറ-ആമ്പല്ലൂർ | 1 | VIII |
| 31. | പാറത്തോട് | 1 | VIII |
| 32. | പെരുമാത്ത്-നാഞ്ചിപ്പാറ-കുത്തുകുഴി | 2 | VIII |
| 33. | കൊച്ചുകോണം-കോട്ടൂർ | ½ | VIII |
| 34. | കുമ്പിൾമൂട്-കാര്യോട് | 10 | VIII, VII,V,IV |
| 35. | തേരാണി-കാര്യോട് | 5 | IX,I,II,III,IV |
| 36. | പുള്ളോട്ടുകോണം-ചന്തനട | 1½ | IX |
| 37. | മുണ്ടൻചിറ-കൊല്ലാമത്തുനട | 1 | IX |
| 38. | കുടപ്പാറ-വള്ളിമംഗലം | 1 | IV |

### കൈവശഭൂമി വിസ്തീർണ്ണം

| വാർഡ്നമ്പർ | നാമമാത്ര കർഷകർ (4ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2ഹെക്ടറിൽ) | വൻകിട കർഷകർ (2ഹെക്ടറിനുമുകളിൽ) |
|---|---|---|---|
| 1 | 1086 | 24 | 4 |
| 2 | 526 | 26 | 6 |
| 3 | 826 | 26 | 8 |
| 4 | 502 | 20 | 2 |
| 5 | 712 | 18 | 2 |
| 6 | 1060 | 26 | 14 |
| 7 | 320 | 16 | 1 |
| 8 | 1040 | 24 | 7 |
| 9 | 2060 | 26 | 16 |
| ആകെ | 8140 | 206 | 60 |

അവലംബം: കൃഷിഭവൻ രേഖകൾ

### 2. വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉദ്പാദനം | ഉദ്പാദനക്ഷമത |
|---|---|---|---|
| നെല്ല് (1-ാംവിള) | 22 Ha | 55 MT | 4000 kg/Ha |
| നെല്ല് (2-ാംവിള) | 22 Ha | 55 MT | |
| നെല്ല് (3-ാംവിള) | Nil | | |
| പയർ | 12 Ha | 1333 MT | 533 MT / Ha |
| എള്ള് | Nil | | |
| പച്ചക്കറികൾ | 10 Ha | 50 MT | 12.5 MT / Ha |
| തെങ്ങ് | 672 Ha | 20,19248 | 200 / / |
| വാഴ | 131 Ha | 1441 MT | 22 MT / Ha |
| മരച്ചീനി | 200 Ha | 2080 K.g | 16 MT / Ha |
| ക[illegible]ുമുളക് | 8 Ha | 4000 K.g | 1000 K.g / Ha |
| പ്ലാവ് | 8 Ha | 1760 K.g | 7040 K.g / Ha |
| കശുമാവ് | 2 Ha | 1660 K.g | 996 K.g / Ha |
| മാവ് | 5 Ha | 4820 K.g | 4920 K.g / Ha |
| റബ്ബർ | 980 Ha | 686 MT | 900 K.g / Ha |
| കവുങ്ങ് | 7 Ha | 19794 K.g | 5820 K.g / Ha |
| മറ്റുസുഗന്ധവിളകൾ | 5 Ha | | - |

### 1. ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 531 ഏക്കർ |
| പുരയിടം | 3621 ഏക്കർ |
| പുറമ്പോക്ക് | 690 ഏക്കർ |
| കൃഷിയോഗ്യമതിന് | 43 ഏക്കർ |
| കൃഷിയോഗ്യ മല്ലാത്ത തരിശ് | |
| ആകെ | 4885 ഏക്കർ |

അവലംബം: കൃഷിഭവൻ രേഖകൾ

### 3. നടീൽ വസ്തു വിവരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 19995-96 |
| തെങ്ങ് | 1275 | 875 | 900 |
| കശുമാവ് | ഇല്ല | ഇല്ല | ഇല്ല |
| കുരുമുളക് | 2300 | 5000 | 4000 |
| കവുങ്ങ് | ഇല്ല | ഇല്ല | ഇല്ല |
| പേര | ഇല്ല | ഇല്ല | 20 |
| ജാതി | 100 | ഇല്ല | ഇല്ല |
| മാവ് | ഇല്ല | ഇല്ല | 10 |
| പ്ലാവ് | 100 | ഇല്ല | 10 |
| സപ്പോട്ട | ഇല്ല | ഇല്ല | 3 |
| ജാമ്പ | ഇല്ല | ഇല്ല | 25 |
| ചെറി | ഇല്ല | ഇല്ല | 7 |
| ധാർട്ട | ഇല്ല | ഇല്ല | 5 |

അവലംബം: കൃഷിഭവൻ രേഖകൾ

### തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ്കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| ആകെ | 672 Ha | 78108 | 91784 | 169892 | 1966 | 2689 | 864 | 216 | | 5735 |
| 1. | 80 Ha | 7012 | 10198 | 17210 | 228 | 330 | 96 | 20 | | |
| 2. | 148 | 15000 | 17620 | 32620 | 397 | 648 | 108 | 41 | | |
| 3. | 82 | 7928 | 11200 | 19128 | 259 | 290 | 120 | 21 | | |
| 4. | 25 | 4364 | 6367 | 10731 | 160 | 150 | 66 | 14 | | |
| 5. | 22 | 4237 | 5225 | 9462 | 183 | 165 | 54 | 12 | | |
| 6. | 57 | 6329 | 7250 | 13574 | 218 | 240 | 103 | 33 | | |
| 7. | 35 | 5980 | 7320 | 13300 | 194 | 154 | 96 | 18 | | |
| 8. | 49 | 6328 | 9800 | 16128 | 139 | 160 | 140 | 20 | | |
| 9 | 174 | 20930 | 15804 | 37734 | 258 | 552 | 79 | 37 | | |

അവലംബം: കൃഷിഭവൻ രേഖകൾ

### രാസവളം - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 19995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കിലോഗ്രം | കീടനാശിനി ദ്രവം ലിറ്റർ | കീടനാശിനി ഖരം കി. ഗ്രം | രാസവളം കിലോഗ്രം | കീടനാശിനി ദ്രവം ലിറ്റർ | കീടനാശിനി ഖരം കി. ഗ്രം | രാസവളം കിലോഗ്രം | കീടനാശിനി ദ്രവം ലിറ്റർ | കീടനാശിനി ഖരം കി. ഗ്രം |
| 1. | സഹകരണം | 12500 | 10 | 50 | 13800 | 16 | 62 | 14100 | 20 | 67 |
| 2. | സ്വകാര്യം | 14200 | 18 | 60 | 17100 | 22 | 71 | 14200 | 25 | 70 |

അവലംബം: കൃഷിഭവൻ രേഖകൾ

### ദുരിതാശ്വാസ വിതരണം - വരൾച്ച / കൊടുങ്കാറ്റ് / ഉരുൾപൊട്ടൽ

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 1993 94 | 147 | 67933 |
| 1994 95 | 127 | 33647 |
| 1995 96 | 43 | 31065 |

അവലംബം: കൃഷിഭവൻ രേഖകൾ

# 4

# മൃഗസംരക്ഷണവും ക്ഷീരവികസനവും

കഴിഞ്ഞ കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹികവും, സാമ്പത്തികവുമായ വളർച്ചയ്ക്ക് മറ്റുമേഖലയോടൊപ്പം മൃഗസംരക്ഷണ മേഖലയും, തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായസംരംഭങ്ങളുടെ മുരടിപ്പുമൂലവും ഉണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് കൂടുതലായി ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ, കുറഞ്ഞജോലി ഭാരത്തിൽ, കൂടുതൽ സമ്പദ് വർദ്ധനവിന് ഏറ്റവും ഉതകുന്ന ഒരുൽപ്പാദനമേഖലയാണിത്.

പോഷകപ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ മൃഗങ്ങൾ മനുഷ്യസമൂഹത്തിനു അവിഭാജ്യമായ ഒരു ഘടകമാണ്. ഒരു സമീകൃതാഹാരമെന്ന് കരുതപ്പെടുന്ന പാൽ പശു, എരുമ, ആട് എന്നീ മൃഗങ്ങളിൽ നിന്നുമാണ് പ്രധാനമായും നമ്മുടെ നാട്ടിൽ ലഭിക്കുന്നത്. പണ്ട് മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടി പ്രധാനമായും നാടൻകോഴികളെ ആശ്രയിച്ചിരുന്ന സ്ഥാനത്ത് ഇന്ന് മുട്ടയ്ക്കും വേണ്ടി മാത്രം വളർത്തുന്ന മുട്ടക്കോഴികളും, ഇറച്ചിക്കുവേണ്ടി മാത്രം വളർത്തുന്ന ബ്രോയിലറു (ഇറച്ചിക്കോഴികൾ) മാണുള്ളത്. മാംസം പണ്ട് പലർക്കും നിഷിദ്ധമായിരുന്ന ഒരു ഭക്ഷണമായിരുന്നു. പക്ഷെ ഇന്ന് മനുഷ്യന്റെ തീൻമേശയിലെ ഒരവിഭാജ്യ ഘടകമാണിത്. മാംസത്തിനുവേണ്ടി കാള, പോത്ത്, ആട്, പന്നി, കോഴി, താറാവ്, കാടക്കോഴികൾ, മുയൽ എന്നിവയെയാണ് നാം പ്രധാനമായി ആശ്രയിക്കുന്നത്.

വ്യവസായാവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, കൊഴുപ്പ് മുതലായവുടെ ലഭ്യത മൃഗസംരക്ഷണമേഖലയെ ആശ്രയിച്ചാണിരിക്കുന്നത്. വ്യവസായ മേഖലയിലെ മുൻപന്തിയിൽ നിൽക്കുന്നതും, ഒഴിച്ചുകൂടാനാവാത്തതുമായ ഔഷധനിർമ്മാണ വ്യവസായത്തിന് ആവശ്യമായ ഹോർമോണുകൾ, പ്രതിരോധകുത്തി വയ്പിനാവശ്യമായ വാക്സിനുകളുടെ നിർമ്മാണം, എൻസൈമുകൾ നിർമ്മാണം മുതൽ പരീക്ഷണങ്ങൾ വരെ മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു കൂടാതെ മനുഷ്യരിൽ പ്രയോഗിക്കുന്ന വിവിധ മരുന്നുകൾ ആദ്യമായി പരീക്ഷിച്ചുനോക്കുന്ന മൃഗങ്ങളിലാണ്. കൃഷിയും മൃഗസംരക്ഷണ മേഖലയും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമാണുള്ളത്. കാർഷിക മേഖലയ്ക്കാവശ്യമായ ജൈവവളം നിലമൊരുക്കുന്നതിനും, ഭാരംവലിക്കുന്നതിനുമുള്ള മൃഗശക്തി എന്നിവ മൃഗസംരക്ഷണ മേഖലയെ ആശ്രയിച്ചാണ് ഒരു പരിധിവരെ നിലകൊള്ളുന്നത്.

ഇന്നത്തെ ഊർജ്ജപ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരമാണ് പാചകത്തിനാവശ്യമായ ബയോഗ്യാസ് ഉൽപ്പാദനം. ഓരോ വീട്ടിലും രണ്ടു മൂന്നു പശുക്കളുടെ ചാണകമുപയോഗിച്ച് ഉണ്ടാക്കുന്ന ബയോഗ്യാസ് കൊണ്ട് ആ വീട്ടിനാവശ്യമായ പാചകത്തിനുള്ള ഇന്ധനം ലഭിക്കുന്നതാണ്.

മൃഗസംരക്ഷണ മേഖലയുടെ വികസനം മൂലം ജനങ്ങൾക്ക് ലഭിക്കുന്ന മറ്റൊരുപ്രധാന നേട്ടമാണ് പേവിഷബാധ നിയന്ത്രണം കൂടാതെ മാംസോപഭോഗം നാരീതി കൂടുതൽ മെച്ചപ്പെടുത്തുക, ആരോഗ്യകരവും ശുദ്ധമായ മാംസോല്പാദനം നടത്തി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക. എന്നിവയും മൃഗസംരക്ഷണ മേഖലയുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. മൃഗസംരക്ഷണമേഖലയിലെ വിവിധപദ്ധതികളിലൂടെ ഇന്നത്തെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കാനും വരുമാനവർദ്ധനവുണ്ടാകാനും സാധിക്കും. സംസ്ഥാനത്തെ കന്നുകാലിവികസനത്തിന്റെ 94%വും കേന്ദ്രീകരിച്ചിരിക്കുന്നത് ഗ്രാമപ്രദേശങ്ങളിലാണ് കൂടാതെ കാലിഉടമകളിൽ ബഹുഭൂരിപക്ഷവും ഗ്രാമപ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ചെറുകിടകർഷകരും, കർഷകതൊഴിലാളികളുമാണ്. ആയതിനാൽ മൃഗസംരക്ഷണരംഗത്തെ ഏത്

പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ വളരെയധികം സമ്പുഷ്ടമാക്കുമെന്നത് തർക്കമറ്റ കാര്യമാണ്.

മലയോരപ്രദേശമായതിനാൽ കന്നുകാലികളെ വളർത്താൻ ഇവിടെ സൗകര്യമുണ്ട്. നെൽകൃഷി ചെയ്യാൻ കാളയേയും, പോത്തിനേയും ഉപയോഗിക്കുന്നു. മാർക്കറ്റുകളിൽ കാർഷികവിഭവങ്ങളും മറ്റും എത്തിക്കുന്നതിന് കാളപൂട്ടിയവണ്ടി ഇപ്പോഴും ഉപയോഗിക്കുന്നു. വീട്ടാവശ്യത്തിന് പാൽ സംഭരിക്കുന്നതിന് പശു, ആട്, എരുമ എന്നിവയെ വളർത്തിപ്പോരുന്നു. കാലിവളർത്തലിന് ഏറ്റവും അനുയോജ്യമായ പ്രദേശമാണ് കോട്ടൂർ.

വനസംരക്ഷണ ഏർപ്പാട് വരുന്നതിനുമുൻപ് കാട്ടിൽ കന്നുകാലികളെ സ്വതന്ത്രമായി തീറ്റിയിരുന്ന എന്നാൽ ഇന്നതിന് സാധ്യമല്ല. പഴയക്കാലത്ത് കൃഷി ചെയ്തിരുന്ന ഭൂമികൾ വളരെ കുറവായിരുന്നു. വേലിയോ, മതിലോ കെട്ടി പുരയിടം വിഭജിച്ച് വയ്ക്കുന്ന സമ്പ്രദായവും ഇല്ലായിരുന്നു. കാലികളെ വളർത്താൻ ഉടമസ്ഥർ മറ്റൊരാളെ ഏൽപ്പിക്കുന്ന "മേയൽ കൊടുക്കൽ" സമ്പ്രദായം ഈ ഗ്രാമത്തിൽ നിലനിന്നിരുന്നു. നാടൻ ഇനത്തിൽപ്പെട്ട കന്നുകാലികളെ ആണ് ഇങ്ങനെ വളർത്താൻ കൊടുത്തിരുന്നത്. കാലിരോഗങ്ങളെ ചികിൽസിക്കുന്ന വിദഗ്ധൻമാർ ഇവിടെ ഉണ്ടായിരുന്നു. പാരമ്പര്യരീതിയിലുള്ള മാട്ടുചികിൽസ ആയിരുന്നു അത്. പ്രസവത്തോടനുബന്ധിച്ച് കന്നുകാലികൾ മരിക്കുന്നത് സാധാരണമായിരുന്നു. മരച്ചീനിയില ഭക്ഷിച്ച് ആടുകളും ചത്തിരുന്നു. മന്ത്രവാദവും മാട്ടുചികിൽസയുടെ ഭാഗമായിരുന്നു.

വീട്ടുവളപ്പിൽ തുറന്നുവിട്ട് കോഴിയെതീറ്റുന്ന സമ്പ്രദായം നിലനിന്നിരുന്നു. രാവിലെ തുറന്നുവിടുകയും വൈകുന്നേരം അടയ്ക്കുകയും ചെയ്തിരുന്നു. കോഴികൾ പകർച്ചവ്യാധിവന്നു കൂട്ടത്തോടെ ചാകുക പതിവായിരുന്നു. ആദ്യകാലത്ത് മുട്ട ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവായിരുന്നു. പൂവനെ അധികവും വളത്തിയിരുന്നത്. പ്രജനനത്തിനും, ഇറച്ചിക്കും ആയിരുന്നു. ഇറച്ചിക്കോഴികളെ വളർത്തി വിൽപ്പന നടത്തുന്ന കേന്ദ്രങ്ങൾ ഇന്ന് നിലവിലുണ്ട്. പാടങ്ങളും, പറമ്പുകളും ധാരാളം ഉണ്ടങ്കിലും താറാവ് വളർത്തുന്നവരുടെ എണ്ണം വളരെ പരിമിതമാണ്.

വീട്ടിൽ പന്നി വളർത്തുന്ന പാരമ്പര്യം ഇവിടെയുണ്ടായിരുന്നു. പരിഷ്കൃതജനത വീടും പരിസരവും മലിനമാകും എന്ന് വിചാരിച്ചാണ്. പന്നിവളർത്തലിൽ നിന്നും പിൻതിരിഞ്ഞത്.

വീട്ടിൽ പട്ടിവളർത്തുന്ന ശീലം പണ്ടുമുതൽക്കേ ഇവിടെ നിലനിന്നിരുന്നു. വിളവ് സംരക്ഷിക്കുന്നതിനും, വീട് കാക്കുന്നതിനും പട്ടിയെ ആശ്രയിച്ചിരിക്കുന്നു. ഗ്രാമത്തിൽ പേപ്പട്ടികളുടെ ശല്യം കൂടെക്കൂടെ ഉണ്ടാകാറുണ്ട്. പട്ടിപിടുത്തക്കാരെ ഉപയോഗിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടിരുന്നു. എന്നാൽ ഈയിടെയായി പട്ടിപിടുത്തക്കാരെ കിട്ടാനില്ല.

### *കുറ്റിച്ചൽ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല*

പണ്ട് ഈ ഗ്രാമത്തിലെ ആളുകൾ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കളെയാണ് പാലിനുവേണ്ടി ആശ്രയിച്ചിരുന്നത്. കുളമ്പുരോഗം, അടപ്പൻ, കുരലടപ്പൻ എന്നീ രോഗങ്ങൾ വന്ന് കന്നുകാലികൾ പത്തൊടുങ്ങിയിട്ടുണ്ട്. ആധുനിക ചികിത്സാ സൗകര്യങ്ങളെപ്പറ്റിയും, നിശ്ചിതയോഗ്യതയില്ലാത്തവരുടെ ചികിൽസമൂലം ഉണ്ടാകുന്ന ഗുരുതരമായ ദൂഷ്യഫലങ്ങളെപ്പറ്റിയും ആളുകൾക്ക് ശരിയായ അറിവ് ഉണ്ടായിരുന്നില്ല.

പക്ഷെ ഇന്നതല്ല സ്ഥിതി പാലിനുവേണ്ടി അത്യുല്പാദനശേഷിയുള്ള പശുക്കളെയാണ് ഭൂരിപക്ഷം പേരും വളർത്തുന്നത് ദിവസം 24 ലിറ്റർ വരെ പാൽ കറക്കുന്ന പശുക്കൾ ഇന്നീ ഗ്രാമത്തിലുണ്ട്. നല്ലയിനം ആടുകൾ, ഇറച്ചിക്കോഴികൾ, സങ്കരവർഗ്ഗത്തിലുള്ള മുട്ടക്കോഴികൾ എന്നിവ പലയിടത്തും കാണാം.

പരുത്തിപ്പള്ളിയിലുള്ള മൃഗാശുപത്രിയിലൂടെ ഈ പഞ്ചായത്തിലെ കന്നുകാലികൾക്ക് ആധുനിക ചികിത്സ ലഭ്യമാണ്. കൂടാതെ ആശുപത്രിയോട് ചേർന്നുളള ഐ. സി. ഡി. പി സബ് സെൻറർവഴിയും കാട്ടുകണ്ടത്തുളള ഐ. സി. ഡി. പി. സബ്സെൻറർ വഴിയും കൃതിമ ബീജസങ്കലനം ലഭ്യമാണ്.

### *കഴിഞ്ഞ പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ സ്കീമുകൾ.*

#### എസ്. എൽ. ബി. പി.

ഈ പഞ്ചായത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയനുസരിച്ചുള്ള സ്കീം കാട്ടുകണ്ടം ക്ഷീരോല്പാദക സഹകരണ സംഘം വഴി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

#### പേവിഷ നിർമ്മാർജ്ജന പരിപാടി

കുറ്റിച്ചൽ മൃഗാശുപത്രി വഴി 250 നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരായിട്ടുള്ള കുത്തിവയ്പിന്

വിധേയമാക്കിയിട്ടുണ്ട്. അതിനാവശ്യമായ മരുന്ന് (വാക്സിൻ) മൃഗസംരക്ഷണ വകുപ്പിൽ നിന്നും 11 രൂപ എന്ന സൗജന്യ നിരക്കിലാണ് നൽകിയിട്ടുള്ളത്.

വന്ധ്യതാ പരിശോധനാക്യാമ്പുകൾ

എല്ലാ വർഷവും കുറ്റച്ചൽ മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ വന്ധ്യതാ നിവാരണ ക്ലാസ്സുകൾ നടത്താറുണ്ട്. ചുരിങ്ങിയത് വർഷന്തോറും മൂന്ന് ക്ലാസ്സുകൾ. പിന്നീട് അതിൻെറ ഫോളോ അപ്പ് ക്യാമ്പുകൾ നടത്താറുണ്ട്.

മാസ്സിവ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ

എഗ്ഗ്സ് പ്രൊഡ്യൂസിംഗ് പ്രോഗ്രാം അനുസരിച്ച് 25-3-94ൽ 53 യൂണിറ്റ് (159 എണ്ണം) കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ഓരോ യൂണിറ്റിലും 3 കോഴിക്കുഞ്ഞുങ്ങൾ (45-60 ദിവസം) ആണ് ഉള്ളത്. ഒരു യൂണിറ്റിൻെറ വിലയായി 45 രൂപാ മാത്രം കളക്ട് ചെയ്യുകയും ചെയ്തു.

"മാസ്സീവ് എഗ്ഗ്സ് പ്രൊഡക്ഷൻ പ്രോഗ്രാം സ്ക്കൂൾ കുട്ടികളി"ലൂടെ എന്ന പദ്ധതി പ്രകാരം 15-2-93 ൽ 30 സ്ക്കൂൾ കുട്ടികൾക്ക് 45-60 ദിവസം പ്രായമുള്ള 3 കോഴികുഞ്ഞുങ്ങളെയും 1 കിലോ തീറ്റയേയും നൽകി ഓരോ ആളിൽനിന്നും 6 രൂപാ വീതം വാങ്ങി.

മാസ്സീവ് ലൈവ് സ്റ്റോക്ക് പ്രോഗ്രാം അവുസരിച്ച് 45-60 ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ 45 രൂപാ നിരക്കിൽ 108 ആളുകൾക്ക് 5-11-94ൽ നൽകുകയുണ്ടായി.

96-97ലെ പൗൾട്രിഡെവലപ്മെൻറ് പ്രോഗ്രാം അനുസരിച്ച് 55-60 ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ ഒരാൾക്ക് 5 എണ്ണം വീതം, ഒരു കോഴിക്ക് 15രൂപ സബ്സിഡിയോടുകൂടി മൊത്തം 100രൂപ നിരക്കിൽ 100 പേർക്ക് നൽകാൻ വേണ്ടി അപേക്ഷ ക്ഷണിക്കുകയും കിട്ടിയ 147 അപേക്ഷകൾ തിരഞ്ഞെടുക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തു. താമസിയാതെ തന്നെ ആ പദ്ധതി പൂർത്തിയാക്കുന്നതാണ്.

എസ്.സി.എ, എസ്.സി.പി സ്കീം-92 സ്പെനൽ കോംപോണൻറ് പ്ലാൻ ഫോർ എസ്.സി പദ്ധതി അനുസരിച്ച് കുറ്റിച്ചൽ പഞ്ചായത്തിലെ 15 ആളുകൾക്ക് കോഴികളും തീറ്റയും നൽകുകയുണ്ടായി. വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഒരാൾക്ക് 10 പിടക്കോഴിയും ഒരു പൂവൻ കോഴിയും 61-75 ദിവസം പ്രായമുള്ളവ

ഒരാൾക്ക് 14 കിലോ തീറ്റ

ട്രെയിനിംഗ് അലവൻസായി ഒരാൾക്ക് 25രൂപ

*എസ്.സി.എ, എസ്.സി.പി സ്കീം- 94-95*

ഈ പദ്ധതിയനുസരിച്ച് പറക്കോണം ഹരിജൻ കോളനിയിൽ 5 യൂണിറ്റ് ആടും 6 യൂണിറ്റ് കോഴിയും നൽകുകയുണ്ടായി വിവരങ്ങൾ താഴെ കൊടുക്കുന്നു.

**യൂണിറ്റ്**

| | |
|---|---|
| ഷെഡ് കെട്ടുന്നതിനുള്ള സബ്സിഡി | 250x5=1250 |
| കറവ ആടുകളെ വാങ്ങുന്നതിനുള്ള വില | 2400x5=12000 |
| ഇൻഷ്വറൻസ് ചെയ്യുന്നതിനുള്ളവ | 160x5=800 |
| മൊത്തം നൽകിയത് | 14,050 |
| **പൗൾട്രി യൂണിറ്റ്** | |
| ഒരുയൂണിറ്റിലെ 15 കോഴികളുടെ | |
| വില സബ്സിഡി | 525x6=3150 |
| ഷെഡ് കെട്ടുന്നതിന് | 365x6=2190 |
| മൊത്തം നൽകിയത് | 5340 |
| ആകെ ഡിപ്പാർട്ടുമെൻറിൽ നിന്നും നൽകിയത് | 19390 |

***ഈ പദ്ധതികൾ നൽകുമ്പോൾ ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ***

1. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും പുറമേ മറ്റുവിഭാഗങ്ങളിലുള്ള താഴ്ന്നവരുമാനക്കാർക്കും കൂടി ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുക.
2. ഓരോ ബനിഫിഷ്യറിയ്ക്കും പദ്ധതിപ്രകാരം മൃഗങ്ങളെയും കോഴികളെയും നൽകിയതിന് ശേഷം അതിന്റെ ഫോളോ അപ്പിന് അതാത് വാർഡ് മെമ്പർമാർ പ്രത്യകമായി ശ്രദ്ധിക്കുക. കിട്ടിയമൃഗങ്ങളെ വിറ്റഴിക്കാതിരിക്കാനും പൂർണ്ണപ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുന്നതിനും.
3. സാധാരണയായി ഒരു കോളനി തിരഞ്ഞെടുത്ത് കുറച്ച് പേർക്കുമാത്രമായി നൽകാതെ, ഒരു

കോളനിയിലെ എല്ലാ ആൾക്കാർക്കും ഈ പദ്ധതി ലഭ്യമാക്കുക

4. ഈ പദ്ധതി നടപ്പാക്കുന്നതിന് മുൻപായി, തിരഞ്ഞെടുത്തിട്ടുള്ളവരെ, ഈ പദ്ധിയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുവേണ്ടി, ആവശ്യമായ പരിശീലന ക്ളാസ്സും നൽകുക.

5. കൂടുതൽ ഫണ്ട് ഈ സ്കീമുകൾക്കായി അനുവദിക്കുക.

*പാൽ ഉല്പാദനം*

കുറ്റിച്ചൽ പഞ്ചായത്തിൽ പാൽ ഉല്പാദനത്തിനും, വിപണനത്തിനും ഏറ്റവും ഉപകരിക്കുന്ന രണ്ടു സൊസൈറ്റികളാണ് കുറ്റിച്ചൽ എ പി ഡബ്ല്യൂ ഉം കാട്ടുകണ്ടം എ പി ഡബ്ല്യൂ ഉം. കുറ്റിച്ചൽ മൃഗാശുപത്രിയോട് ഏറ്റവും അടുത്തുള്ള കുറ്റിച്ചൽ എ പി ഡബ്ല്യൂൽ ശരാശരി 230 ലിറ്റർ പാലും കാട്ടുകണ്ടം എ പി ഡബ്ല്യൂ ൽ 250 ലിറ്റർ പാലും ആണ് ലഭിക്കുന്നത്. കൊഴുപ്പിന്റെ അളവനുസരിച്ച് ഉൽപാദകർക്ക് വില നൽകുകയും, ശേഖരിക്കുന്ന പാൽ മിൽമയ്ക്ക് നൽകുകയുമാണ് സൊസൈറ്റികൾ ചെയ്യുന്നത്. കൂടാതെ കുറ്റിച്ചൽ പഞ്ചായത്തിലെ പല ആൾക്കാരും സമീപ പഞ്ചായത്തുകളായ ആര്യനാട്, പൂവച്ചൽ എന്നിവിടങ്ങളിലെ പാൽ സൊസൈറ്റികൾക്കും പാൽ നൽകാറുണ്ട്.

കുറ്റിച്ചൽ പഞ്ചാത്തിലെ കോട്ടൂർ തുടങ്ങിയ പ്രദേശങ്ങളിലേയും മറ്റു പല പ്രദേശങ്ങളിലേയും ഉൽപ്പാദകർ വീടുകളിലും ഹോട്ടലുകളിലുമാണ് പാൽ വിൽക്കുന്നത്. മൊത്തം പാൽ ഉൽപാദനത്തിന്റെ 30-50% വരെ വരും ഇത്. കൂടാതെ സ്വന്തം ആവശ്യത്തിനായി ഉൽപ്പാദകന്റെ വീട്ടിൽ ഉപയോഗിക്കുന്ന പാൽ ഏകദേശം 10-20% വരെ വരും. ഈ പഞ്ചായത്തിലെ മൊത്തം പാലുൽപ്പാദനത്തിന്റെ ഏകദേശ കണക്ക് നോക്കുക.

കറവയുള്ള നാടൻ പശുക്കൾ

| | |
|---|---|
| | 97 x 1.8lit x 300 = 52380lit |
| സങ്കര പശുക്കൾ | 377 x 5.5lit x 300 = 622050lit |
| എരുമകൾ | 18 x 3lit x 300 = 16200lit |
| ആകെ | = 690630lit |

മേൽപ്പറഞ്ഞ കണക്ക് വച്ച് നോക്കുകയാണെങ്കിൽ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ മൂല്യം താഴെ കൊടുക്കുന്നു. പ്രതി വർഷ ഉല്പാദനം

690630lit x Rs. 11/ = Rs.75,96,930

കുറ്റിച്ചൽ പഞ്ചായത്തിലെ പാലുൽപ്പാദകർ പ്രത്യേകിച്ച് കോട്ടൂർ, ഉത്തരംകോട്, എരുമക്കുഴി എന്നീ സ്ഥലങ്ങളിലുള്ള ആളുകൾ നേരിടുന്ന ഒരു പ്രശ്നം വിപണനമാണ്. നേരത്തെ കോട്ടൂരിൽ ഒരു പാൽ സൊസൈറ്റി ഉണ്ടായിരുന്നു. ഇന്ന് അത് പ്രവർത്തിക്കുന്നില്ല. അതുമൂലം ഉല്പാദകർ പ്രാദേശികമായിത്തന്നെ കിട്ടുന്ന വിലയ്ക്ക് പാൽ വിറ്റഴിക്കുവാൻ നിർബന്ധിതരാകുന്നു. അതുകൊണ്ട് കോട്ടൂരിൽ പ്രവർത്തനം മുടങ്ങിയ പാൽ സൊസൈറ്റി പുനഃപ്രവർത്തനം ആരംഭിക്കുകയോ, പുതിയ സൊസൈറ്റി തുടങ്ങുകയോ ചെയ്യുന്നത് ആ പ്രദേശങ്ങളിലെ പാൽ ഉല്പാദകർക്ക് ഏറ്റവും സഹായകരമായിരിക്കും.

കൂടാതെ പ്രാദേശികമായ കാലിത്തീറ്റ ഉല്പാദനം ഒരു പരിധി വരെ കർഷകന്റെ ചെലവ് ചുരുക്കുന്നതിനും തൻമൂലം ആദായം കൂട്ടുന്നതിനും സഹായിക്കും.

*മാംസോല്പാദന രംഗം*

കുറ്റിച്ചൽ പഞ്ചായത്തിന് സ്വന്തമായി ഒരറവുശാലയില്ല. പക്ഷെ പഞ്ചായത്തിലെ പല സ്ഥലങ്ങളിലും മാടുകളെ അറവു നടത്തുകയും ചെയ്യുന്നുണ്ട്.

*താഴെ പറയുന്ന സ്ഥലങ്ങളിൽ മാടുകളെ അറക്കുന്നു.*

1. കോട്ടൂർ എല്ലാഞായറാഴ്ചയും 3 സ്ഥലങ്ങളിൽ ഓരോ കാള വീതം.
2. മന്തിക്കളം എല്ലാഞായറാഴ്ചയും 1-2 കാളവരെ
3. പരുത്തിപ്പള്ളി എല്ലാ ഞായറാഴ്ടയും 1-2 കാള വരെ
4. കുറ്റിച്ചൽ എല്ലാദിവസവും 1 കാള വരെ
5. കുറ്റിച്ചൽ എല്ലാ ഞായറാഴ്ചയും 1-2 ആടുവരെ
6. പേഴുംമൂട് ഞായറാഴ്ച തോറും 1 കാള

   വെള്ളിയാഴ്ച 1 ആട്

ശരാശരി ഒരു വർഷം 384-400 കാളകളും 45-50 ആടുകളും കശാപ്പുചെയ്യപ്പെടുന്നു.

ഇതു കൂടാതെ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളായ പേഴുംമൂട്, കള്ളോട്ടെന്നീ സ്ഥലങ്ങളിൽ അറവു നടത്തി ഈ പഞ്ചായത്തിൽ മാംസ വിൽപ്പന നടത്താറുണ്ട്.

| ലഭിക്കുന്ന മാംസത്തിന്റെ അളവ് | വില |
|---|---|
| ആട്(15K.g) | 50x15=750x110=82500 |
| പശു, കാള, പോത്ത് | 400x100 |
| | =40000x40=160000 |
| ആകെ | = 16,82,500.00 |

ഇന്ന് ഈ പഞ്ചായത്തിൽ ഉള്ള മാംസ വില്പന ശാലകളുടെ അവസ്ഥ ദയനീയമാണ്. തുറസ്സായ സ്ഥലത്ത് വൃത്തി രഹിതമായ സാഹചര്യങ്ങളിൽ വയസായതും രോഗങ്ങൾ ബാധിച്ചതുമായ കന്നുകാലികളെ അറവു നടത്തി മാംസ വില്പന നടത്തുന്നു. കൂടാതെ അറവു നടത്തുന്ന കന്നുകാലികളിൽ 90% നമ്മുടെ സ്റ്റേറ്റിന്റെ പുറത്തുനിന്നും (തമിഴ്നാട്ടിൽ) കൊണ്ടുവരുന്ന വയാണ്. അവയിൽ നല്ല പങ്കും രോഗബാധിത വുമാണ്. അതുകൊണ്ട് എന്തുമാത്രം സാമ്പത്തിക നഷ്ടം നമുക്കുണ്ടാകുന്നു.

ഇതിന് പരിഹാരമായി ആദ്യമായി ശാസ്ത്രീയമായ അറവുശാലകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കേണ്ടതാണ്. ഒരു അറവുശാല രൂപീകരിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് കൂടുതലാണങ്കിലും അനുയോജ്യമായ സാഹചര്യമാണ് ഇവിടെയുള്ളത്. അവിടെ വെറ്റിനറി ഡോക്ടറുടെ പരിശോധന നടത്തിയ രോഗവിമുക്തമായ കാലികളെ കശാപ്പുചെയ്ത് പഞ്ചായത്തിലെ മാംസവില്പന കേന്ദ്രങ്ങളിലേക്ക് നൽകാവുന്നതാണ്.

മുകളിൽ പറഞ്ഞിരുന്നതുപോലെ ഇന്ന് കശാപ്പു ചെയ്യപ്പെടുന്ന കന്നുകാലികളിൽ 90% അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കൊണ്ടു വരുന്നവയാണ്. എന്തുകൊണ്ട് മാംസോല്പാദനത്തിനു വേണ്ടി അന്യസംസ്ഥാനങ്ങളിലെ കന്നുകാലികളെ ആശ്രയിക്കേണ്ടിവരുന്നു. നമുക്ക് നമ്മുടെ ഗ്രാമത്തിൽ തന്നെ ഒരു പരിധിവരെയെങ്കിലും ആകാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ ശ്രമിക്കാം.

*അറവുശാലോല്പന്നസംസ്കരണം*

ഇന്ന് ഇറച്ചിക്കുവേണ്ടി അറവുനടത്തുന്ന കാലികളുടെയും ആടുകളുടെയും എല്ലാവസ്തുക്കളും ഓരോ കാര്യത്തിനായി ഉപയോഗിക്കുന്നു. മാംസം കഴിഞ്ഞാൽ ഏറ്റവും ഡിമാൻറുള്ളത് തുകലിനാണ്. കാള, പശു,പോത്ത്, എരുമ എന്നിവയുടെ തോലിന് 600 രൂപ പ്രകാരവും ആടിൻതോൽ ഒന്നിന് 120 രൂപ പ്രകാരവും ഇന്ന് വിലയുണ്ട്.

കൂടാതെ എല്ല് മുതലായവവളത്തിനായും (എല്ലുപൊടി) കോഴിത്തീറ്റ മുതലായവയ്ക്കു വേണ്ടിയും ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ ഒരുതുകൽ സംസ്ക്കരണയൂണിറ്റിന് സാദ്ധ്യതകൾ കുറവാണ് കിട്ടുന്ന തുകലുകൾ ഉടൻതന്നെ വിറ്റഴിക്കയാണ് ഏറ്റവും നല്ല മാർഗ്ഗം.

*ജൈവവളം*

ഏറ്റവും പുതിയ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിൽ ഏകദേശം 1200നും 2000ത്തിനും ഇടക്ക് കന്നുകാലികളുണ്ട് (പശു, കാള,എരുമ,പോത്ത്, ആട്) അവയിൽ നിന്നും ലഭിക്കുന്ന ചാണകവും മൂത്രവും ഒരു കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കൃഷിക്കാവശ്യമായ ജൈവവളമായി ഉപയോഗിക്കുന്നു. ഒരു കുട്ട ചാണകത്തിന് ഏകദേശം 15 രൂപ വിലയുണ്ട്.

നമ്മുടെ കൃഷിക്ക് രാസവളത്തെക്കാൾ നല്ലതായ ജൈവവളങ്ങൾ ഉപയോഗിക്കാൻ കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

*ഊർജ്ജം* (Biogas)

ഈ പഞ്ചായത്തിൽ ധാരാളം ആളുകൾ ചാണകത്തിൽനിന്നും ബയോഗ്യാസ് ഉല്പാദിപ്പിക്കുകയും അത് വീട്ടിലെ പാചക ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിലെ വർദ്ധിച്ചു വരുന്ന ഊർജ്ജത്തിന്റെ ആവശ്യവും കുറഞ്ഞുവരുന്ന വന സമ്പത്തായ വിറക് മുതലായവയുടെ അഭാവവും ചെലവ് കുറഞ്ഞതും പശുക്കൾ ഉള്ള വീടുകളിൽ എളുപ്പം നിർമ്മിക്കാവുന്നതുമായ ബയോഗ്യാസ് പ്ളാൻറുകളുടെ ആവശ്യകതയെ എടുത്തു കാണിക്കുന്നു.

ഒരു വീട്ടിലേക്ക് അത്യാവശ്യം വേണ്ടതായ പാചകവാതകം 3 പശു-കാള-എരുമ എന്നിവയിൽ നിന്നും കിട്ടുന്ന ചാണകം ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ് കുറഞ്ഞതു മൂന്നുമുതൽ നാലുകുട്ട ചാണകം വരെ ഒരു ദിവസം വേണ്ടിവരുന്നു.

ഇന്ന് ഡയറിഡിപ്പാർട്ടുമെൻറുകളിൽനിന്നും പലവകുപ്പുകളിൽനിന്നും ഇതു തുടങ്ങാൻ വേണ്ട സഹായങ്ങൾ കിട്ടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും കിട്ടുന്ന ചാണകം ബയോഗ്യാസ് ഉല്പാദനത്തിനായി പരമാവധി ഉപയോഗിക്കുവാൻ ആളുകൾക്ക് അറിവുനൽകുകയും ഓരോവീട്ടിലും (കന്നുകാലികളുള്ള) ഓരോ ബയോഗ്യാസപ്ളാൻറ് തുടങ്ങാൻ സബ്സിഡി അനുവദിക്കുകയും വേണം.

*മൃഗശക്തി*

കുറ്റിച്ചൽ പഞ്ചായത്തിൽ 7 കാളവണ്ടികൾ ഉണ്ട്. കൂടാതെ രണ്ടുജോഡി പോത്തുകളും 3-4 ജോഡി ഉഴവുമാടുകളും ഉണ്ട്. ഒരു കാളവണ്ടിയുടെ ശരാശരി ദിവസവരുമാനം 300ഉം ഉഴവുമാടുകളുടേത് 200 രൂപയുമാണ്.

കാളവണ്ടികൾ ഉപയോഗിക്കുന്നതുമൂലം പരിസ്ഥിതി മലിനീകരണം ഒരു വലിയ അളവുവരെ ഒഴിവാക്കാൻ കഴിയുന്നുണ്ട് കൂടാതെ അഭ്യസ്തവിദ്യരായ ആളുകൾക്ക് ഒരു സ്വയം തൊഴിലായി ഇതുപകരിക്കുന്നു. മൃഗങ്ങളുടെ ഊർജ്ജം വെറുതെ കളയാതെ കാളവണ്ടികളുടെ പ്രവർത്തനം സുഗമമാക്കാൻ വേണ്ടകാര്യങ്ങൾ ഉദാഹരണത്തിന് ചക്രങ്ങളിൽ പട്ടക്കുപകരം ടയർവച്ചുപിടിപ്പിക്കുക, ബെയറിംഗ് ഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്നതാണ്

സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി, പന്നികളേയും, കാളകളേയും വാങ്ങാൻ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പാസൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്.

*കർഷകപരിശീലനം*

കർഷകപരിശീലനം എന്നാൽ മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ പരിജ്ഞാനം പശുവളർത്തൽ, മുയൽവളർത്തൽ എന്നിവയിൽ വേണ്ടതായ അറിവും പരിചയവും സാധാരണകർഷകനിൽ എത്തിക്കുക എന്നതാണ്.

തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ നാം സ്വയം പര്യാപ്തരാണ് എന്നുതന്നെ പറയാം. കാരണം തിരുവനന്തപുരത്തുള്ള ലൈവ്സ്റ്റോക്ക്മാനേജ്മെൻറ് ട്രയിനിംഗ് സെൻറർ ഈ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ചവയ്ക്കുന്നത്. അവിടെ വിവിധവിഷയങ്ങളിൽ ഒരു ദിവസം മുതൽ പല ദിവസങ്ങൾ വരെയുള്ള വിവിധട്രെയിനിംഗുകൾ നൽകപ്പെടുന്നു.

ഈ അടുത്തകാലത്ത് പഞ്ചായത്തിൽവച്ച് രണ്ടാഴ്ചത്തെ പരിശീലനം ആളുകൾക്ക് നൽകുകയുണ്ടായി. മൃഗസംരക്ഷണ രംഗത്തെ വിവിധ മേഖലകളെക്കുറിച്ച് ഭാവിയിലും അങ്ങനെയുള്ള സംരംഭങ്ങൾ ആവശ്യമാണ്.

*വന്ധ്യതാ നിവാരണം*

മൃഗ ചികിത്സാ രംഗത്ത് അഭിമുഖീകരിക്കേണ്ടി വരുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് വന്ധ്യത. ചികിത്സാശേഷം ഒരു പ്രസവത്തിനുശേഷം ഗർഭം ധരിക്കാതെ വരുമ്പോൾ പശുക്കളെ ഇറച്ചിവിലയ്ക്ക് വിൽക്കേണ്ടിവരുന്നത് വലിയ വിഷമമുണ്ടാക്കുന്ന കാര്യമാണ്. പോഷകാഹാരത്തിൻെറ കുറവ് ഒരു വെറ്റിനറി ഡോക്ടറുടെ സഹായമില്ലാതെ നാട്ടുചികിത്സകളുടെ സഹായത്താൽ പ്രസവം എടുക്കുക, മറുപിള്ളയെടുക്കുക മുതലായവ മൂലം ഗർഭപാത്രത്തിൽ പഴുപ്പ് മുതലായവ ഉണ്ടാകുകയും അത് സ്ഥിരമായ വന്ധ്യതയിലേക്ക് നയിക്കുകയും ചെയ്യുന്നു. കൂടാതെ ഗർഭധാരണത്തിനായി കാള ചേർക്കുന്നതും ഇതിന് ഒരു കാരണമാകുന്നു.

*മുട്ടയുല്പാദന രംഗം*

കുറ്റിച്ചൽ പഞ്ചായത്തിൽ വളർത്തുന്നത് നാടൻ പിടക്കോഴികളും കൂടാതെ സങ്കരയിനം പിടക്കോഴികളും മുട്ടയ്ക്കായി വളർത്തപ്പെടുന്നു. ഇവ കിട്ടുന്ന മുട്ടകളിൽ ഭൂരിഭാഗവും [illegible] ഉപയോഗിക്കപ്പെടുകയാണ്. [illegible] ഇന്ന് ഇവിടത്തെ മുട്ടവിപണിയും തമിഴ്നാട്ടിലെ മുട്ടകളെ ആശ്രയിച്ചാണ് നടക്കുന്നത്.

നേരത്തെ സൂചിപ്പിച്ചതുപോലെ കോഴി വളർത്തലിൽ പറഞ്ഞതുപോലെ ആ സങ്കരണ സംഘം വഴി തന്നെ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മുട്ടകൾ വിപണനം ചെയ്യാവുന്നതാണ്. മുട്ടയുല്പാദനം കൂട്ടുന്നതിനായി ഏറ്റവും അനുയോജ്യമായ പദ്ധതി ബാക്യാർഡ് പൗൾട്രി (Backyard Poultry) പദ്ധതികളാണ്. ഈ പദ്ധതി പ്രകാരം ഓരോ വീട്ടിലും 5-10 വരെ മേൽത്തരം മുട്ടക്കോഴികളെയും ഒരു പൂവൻ കോഴിയെയും സബ്സിഡി [illegible] കോഴിത്തീറ്റയും ആവശ്യമായ പരിശീലനവും [illegible] മേൽപ്പറഞ്ഞ പ്രകാരം വിപണനത്തിനു സഹകരണ സംഘങ്ങൾ വഴി സഹായം [illegible] താല്പര്യമുള്ളവർക്ക് [illegible] എന്നിവയുടെ വളർത്തലിനും [illegible] സൗകര്യങ്ങൾ ചെയ്യുക.

മേൽപ്പറഞ്ഞ "Back Yard Poultry" പദ്ധതികൾക്ക് പ്രത്യേക ജോലിച്ചെലവോ കൂലിയോ ഇല്ലാതെ തന്നെ വീട്ടിലെ സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്യാവുന്നതാണ്. എന്നിട്ട് നിശ്ചിത വിലയ്ക്ക് വിൽക്കാവുന്നതുമാണ്.

1. ഈ മേഖലയിൽ താല്പര്യമുള്ളവർക്ക് വേണ്ട പരിശീലനം നൽകുക.
2. കാലിത്തീറ്റക്ക് (കോഴിത്തീറ്റയ്ക്ക്) ഒരു പൊതു വിതരണ സമ്പ്രദായം ഏർപ്പെടുത്തുക.

*ബ്രോയിലർ കോഴിവളർത്തൽ*

കുറ്റിച്ചൽ പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നല്ല രീതിയിൽ നടന്നു വരുന്ന ഒരു സംരംഭമാണ് ഇറച്ചിക്കോഴി വളർത്തൽ. ഇന്ന് ഏകദേശം 9 കോഴിവളർത്തൽ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു യൂണിറ്റിൽ 250 കോഴി വീതം ഏകദേശം 19 യൂണിറ്റുകളാണ് ഇവിടെയുള്ളത്. 50-60 ദിവസത്തിൽ ഒരിക്കൽ 19 x 250 = 4750 കോഴികൾ ഇവിടെ ഉല്പാദിപ്പിക്കപ്പെടുകയും ഭൂരിഭാഗവും ഈ പഞ്ചായത്തിന് പുറത്ത് വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ ഈ പഞ്ചായത്തിൽ മുട്ട ഉല്പാദിപ്പിക്കുന്നതിനുള്ള കോഴികളിൽ ഏകദേശം 20% നാടൻ കോഴികളും ഏകദേശം 100%വും മാംസത്തിനായി ഉപയോഗിക്കപ്പെടുന്നു.

ഇറച്ചിക്കോഴി വളർത്തലിൽ താല്പര്യമുള്ളവർ ധാരാളം ഈ പഞ്ചായത്തിലുണ്ട്. ഇന്ന് ഇവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണനമാണ്. കാലി, കോഴിത്തീറ്റകളുടെ വിലവർദ്ധനവാണ്.

ഈ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാനുള്ള ബ്രോയിലർ കോഴിവർത്തൽ പ്രോൽസാഹിപ്പിക്കാനും വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാം.

1. ആദ്യമായി കോഴിവളർത്തലിൽ താല്പര്യമുള്ളവരെച്ചേർത്ത് പഞ്ചായത്തിൽ ഒരു സഹകരണ സംഘം സ്ഥാപിക്കുക. അതിൽക്കൂടി നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ, നല്ലയിനം തീറ്റ ഇവ ലഭ്യമാക്കുക. കൂടാതെ ഏറ്റവും പ്രയോജനകരവും അത്യാവശ്യവുമായ വിപണന സൗകര്യങ്ങൾ സൊസൈറ്റികൾ വഴി ചെയ്തു കൊടുക്കേണ്ടതാണ്. ഈ സൊസൈറ്റിയിൽ ഒരു ഗാഢ ശീതീകരണ യന്ത്രം വാങ്ങി സൂക്ഷിക്കുകയാണെങ്കിൽ ഇറച്ചി കേടുകൂടാതെ സംരക്ഷിക്കുവാൻ സാധിക്കും. അതുപോലെ പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ലോക്കൽ വിപണന കേന്ദ്രങ്ങളും സ്ഥാപിക്കുക. കോഴി വളർത്തലിൽ താല്പര്യമുള്ള പുതിയ സംരംഭകർക്ക് ആവശ്യമായ പരിശീലനം കിട്ടുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുക. അതിനുവേണ്ടി പഞ്ചായത്തിൽ 2-3 വില്പനശാലകൾ ആരംഭിക്കുക.

2. മാംസോല്പാദനം, സംസ്ക്കരണം, വിപണനം എന്നിവയിൽ താല്പര്യമുള്ളവർക്ക് അതിന് ആവശ്യമായ പരിശീലനവും, സബ്സിഡി സഹായവും നൽകുക.

3. താല്പര്യമുള്ളവർക്ക് പന്നി, മുയൽ, കാട, ടർക്കി, താറാവ് എന്നിവയെ വളർത്താൻ വേണ്ട സഹായങ്ങൾ ചെയ്യുകയും അവയുടെ മാംസം കൂടുതൽ വിപണന സാദ്ധ്യതയുള്ള നഗരപ്രദേശങ്ങളിൽ വിറ്റഴിക്കുന്നതിന് വേണ്ട സഹായങ്ങൾ സൊസൈറ്റി വഴി ചെയ്തു കൊടുക്കുകയും ചെയ്യുക.

*കാലിത്തീറ്റ ഉല്പാദനരംഗം*

കാലിത്തീറ്റ എന്നാൽ ചാക്കിൽ കിട്ടുന്ന ഒരു ഉല്പന്നം എന്നല്ല, കാലികൾക്ക് നൽകാവുന്ന പോഷക സമൃദ്ധമായ ഏത് ഉല്പന്നത്തെയും നമുക്ക് കാലിത്തീറ്റ എന്ന് പറയാം.

ഇന്ന് ഈ പഞ്ചായത്തിലെ കന്നുകാലി വളർത്തുന്ന വ്യക്തികൾ പ്രധാനമായും തീറ്റയ്ക്ക് വേണ്ടി ആശ്രയിക്കുന്നത് ദിവസവും തമിഴ്നാട്ടിൽ നിന്നും ലോറിയിൽ വരുന്ന വൈക്കോലിനെയാണ്. പിന്നെ ചാക്കിൽ വരുന്ന മിൽമ, ഗോദ്റേജ് തുടങ്ങിയ കാലിത്തീറ്റകളെയും. കുറ്റിച്ചൽ പാൽ സൊസൈറ്റിയിൽ നിന്നു തന്നെ മാസം 70-80 ചാക്ക് കാലിത്തീറ്റ ചെലവാക്കുന്നു. അതുപോലെ തന്നെ കാട്ടുകണ്ടം സൊസൈറ്റിയിൽ നിന്നും, ഇതു കൂടാതെ ആളുകൾ മറ്റു വില്പനക്കാരിൽ നിന്നും തീറ്റ വാങ്ങുന്നു. അതും വലിയ വില കൊടുത്ത്. എന്താണിതിന് പരിഹാരം.?

1. പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, വഴിയോരങ്ങൾ, തെങ്ങിൻതോപ്പുകൾ, കനാൽ വരമ്പുകല, ഓഫീസ്, സ്ക്കൂൾ വളപ്പിലെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കുക. അതിനുവേണ്ടി നല്ലയിനം വിത്തുകളും തൈകളും സൗജന്യമായോ സബ്സിഡിയായോ നൽകുക.

2. ഈ പഞ്ചാത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വയ്ക്കോൽ ഇവിടെത്തന്നെ ലഭ്യമാക്കുക. അതിനുവേണ്ടി നിലം കൃഷിയെ പ്രോൽസാഹിപ്പിക്കുക.

3. ഈ പഞ്ചായത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ഓരോ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക. എന്നിട്ട് നമ്മുടെ ഗ്രാമങ്ങളിൽ തന്നെ പ്രാദേശികമായി ലഭ്യമായ പിണ്ണാക്ക്, കപ്പ, പുളിങ്കുരു മുതലായവയും പിന്നീട് വേണ്ട അസംസ്കൃത സാധനങ്ങൾ ഉല്പാദകരിൽ നിന്ന് ഇടനിലക്കാരില്ലാതെ നേരിട്ട് വാങ്ങിയും തീറ്റ ഉണ്ടാക്കിയാൽ ഇന്നു മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാളും വിലകുറച്ച്

*മൃഗശക്തി*

കുറിച്ചൽ പഞ്ചായത്തിൽ 7 കാളവണ്ടികൾ ഉണ്ട്. കൂടാതെ രണ്ടുജോഡിപ്പോത്തുകളും 3-4 ജോഡി ഉഴവുമാടുകളും ഉണ്ട്. ഒരു കാളവണ്ടിയുടെ ശരാശരി ദിവസവരുമാനം 300ഉം ഉഴവുമാടുകളുടേത് 200 രൂപയുമാണ്.

കാളവണ്ടികൾ ഉപയോഗിക്കുന്നതുമൂലം പരിസ്ഥിതി മലിനീകരണം ഒരു വലിയ അളവുവരെ ഒഴിവാക്കാൻ കഴിയുന്നുണ്ട് കൂടാതെ അഭ്യസ്തവിദ്യരായ ആളുകൾക്ക് ഒരു സ്വയം തൊഴിലായി ഇതുപകരിക്കുന്നു. മൃഗങ്ങളുടെ ഊർജ്ജം വെറുതെ കളയാതെ കാളവണ്ടികളുടെ പ്രവർത്തനം സുഗമമാക്കാൻ വേണ്ടക്കാര്യങ്ങൾ- ഉദാഹരണത്തിന് ചക്രങ്ങളിൽ പട്ടക്കുപകരം ടയർവച്ചുപിടിപ്പിക്കുക, ബയറിംഗ് ഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്നതാണ്

സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി, പന്നികളേയും, കാളകളേയും വാങ്ങാൻ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പാസൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്.

*കർഷകപരിശീലനം*

കർഷകപരിശീലനം എന്നാൽ, മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ പരിജ്ഞാനം പശുവളർത്തൽ, ആടുവളർത്തൽ എന്നിവയിൽ വേണ്ടതായ അറിവും പരിചയവും സാധാരണ കർഷകനിൽ എത്തിക്കുക എന്നതാണ്.

തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ നാം സ്വയം പര്യാപ്തരാണ് എന്നുതന്നെ പറയാം. കാരണം തിരുവനന്തപുരത്തുള്ള ലൈവ്സ്റ്റോക്ക്മാനേജുമെന്റ് ട്രയിനിംഗ് സെന്റർ ഈ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ചവയ്ക്കുന്നത്, അവിടെ വിവിധവിഷയങ്ങളിൽ ഒരു ദിവസം മുതൽ പല ദിവസങ്ങൾ വരെയുള്ള വിവിധട്രെയിനിംഗുകൾ നൽകപ്പെടുന്നു.

ഈ അടുത്തകാലത്ത് പഞ്ചായത്തിൽവച്ച് രണ്ടാഴ്ചത്തെ പരിശീലനം ആളുകൾക്ക് നൽകുകയുണ്ടായി. മൃഗസംരക്ഷണ രംഗത്തെ വിവിധ മേഖലകളെക്കുറിച്ച് ഭാവിയിലും അങ്ങനെയുള്ള സംരംഭങ്ങൾ ആവശ്യമാണ്.

*വന്ധ്യതാ നിവാരണം*

മൃഗ ചികിത്സാ രംഗത്ത് അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് വന്ധ്യത. ചിലപ്പോൾ ഒരു പ്രസവത്തിനുശേഷം ഗർഭം ധരിക്കാതെ നിലക്കുന്ന പശുക്കളെ ഇറച്ചിവിലയ്ക്ക് വിൽക്കേണ്ടിവരുന്നത് വലിയ വിഷമമുണ്ടാക്കുന്ന കാര്യമാണ്. പോഷകാഹാരത്തിന്റെ കുറവ് ഒരു വെറ്റിനറി ഡോക്ടറുടെ സഹായമില്ലാതെ നാട്ടുവൈദ്യന്മാരുടെ സഹായത്താൽ പ്രസവം എടുക്കുക, മറുപിള്ളയെടുക്കുക മുതലായവ മൂലം ഗർഭപാത്രത്തിൽ പഴുപ്പ് മുതലായവ ഉണ്ടാകുകയും അതു സ്ഥിരമായ വന്ധ്യതയിലേക്ക് നയിക്കുകയും ചെയ്യുന്നു. കൂടാതെ ഗർഭധാരണത്തിനായി കാള ചേർക്കുന്നതും ഇതിന് ഒരു കാരണമാകുന്നു.

*മുട്ടയുല്പാദന രംഗം*

കുറിച്ചൽ പഞ്ചായത്തിൽ വളർത്തുന്നവ നാടൻ പിടക്കോഴികളും കൂടാതെ സങ്കരയിനം പിടക്കോഴികളും. മുട്ടയ്ക്കായി വളർത്തപ്പെടുന്നു. ആ കിട്ടുന്ന മുട്ടകളിൽ ഭൂരിഭാഗവും വീട്ടാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുകയാണ്. ഇതുകൊണ്ടുതന്നെ ഇന്ന് ഇവിടത്തെ മുട്ടവിപണിയും തമിഴ്നാട്ടിലെ മുട്ടകളെ ആശ്രയിച്ചാണ് നടക്കുന്നത്.

നേരത്തെ പ്രസ്താവിച്ച കോഴി വളർത്തലിൽ പറഞ്ഞതുപോലെ ആ സഹകരണ സംഘം വഴി തന്നെ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മുട്ടകൾ വിപണനം ചെയ്യാവുന്നതാണ്. മുട്ടയുല്പാദനം കൂട്ടുന്നതിനായി ഏറ്റവും അനുയോജ്യമായ പദ്ധതി ബാക്യാർഡ് പൗൾട്രി (Backyard Poultry) പദ്ധതികളാണ്. ഈ പദ്ധതി പ്രകാരം ഓരോ വീട്ടിലും 5-10 വരെ മേൽത്തരം മുട്ടക്കോഴികളെയും ഒരു പൂവൻ കോഴിയെയും സബ്സിഡി നിരക്കിൽ കോഴിത്തീറ്റയും ആവശ്യമായ പരിശീലനവും നൽകാനുള്ള സഹായങ്ങളും മേൽപ്പറഞ്ഞ പ്രകാരം വിപണനത്തിനുള്ള സഹകരണ സംഘങ്ങൾ വഴി സഹായങ്ങളും ഇതു കൂടാതെ താല്പര്യമുള്ളവർക്ക് താറാവ്, ആട്, റാബിറ്റ് എന്നിവയുടെ വളർത്തലിനും വേണ്ട സഹായങ്ങൾ ചെയ്യുക.

മേൽപ്പറഞ്ഞ "Back Yard Poultry" പദ്ധതികൾക്ക് പ്രത്യേക ജോലിച്ചെലവോ കൂലിയോ ഇല്ലാതെ തന്നെ വീട്ടിലെ സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്യാവുന്നതാണ്. എന്നിട്ട് നിശ്ചിത വിലയ്ക്ക് വിൽക്കാവുന്നതുമാണ്.

1. ഈ മേഖലയിൽ താല്പര്യമുള്ളവർക്ക് വേണ്ട പരിശീലനം നൽകുക.
2. കാലിത്തീറ്റക്ക് (മാവേലിസ്റ്റോർ) ഒരു പൊതു വിതരണ സമ്പ്രദായം ഏർപ്പെടുത്തുക.

### ബ്രോയിലർ കോഴിവളർത്തൽ

കുറ്റിച്ചൽ പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നല്ല രീതിയിൽ നടന്നു വരുന്ന ഒരു സംരംഭമാണ് ഇറച്ചിക്കോഴി വളർത്തൽ. ഇന്ന് ഏകദേശം 9 കോഴിവളർത്തൽ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു യൂണിറ്റിൽ 250 കോഴി വീതം ഏകദേശം 19 യൂണിറ്റുകളാണ് ഇവിടെയുള്ളത്. 50-60 ദിവസത്തിൽ ഒരിക്കൽ 19 x 250 = 4750 കോഴികൾ ഇവിടെ ഉല്പാദിപ്പിക്കപ്പെടുകയും ഭൂരിഭാഗവും ഈ പഞ്ചായത്തിന് പുറത്ത് വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ ഈ പഞ്ചായത്തിൽ മുട്ട ഉല്പാദിപ്പിക്കുന്നതിനുള്ള കോഴികളിൽ ഏകദേശം 20% നാടൻ കോഴികളും ഏകദേശം 100%വും മാംസത്തിനായി ഉപയോഗിക്കപ്പെടുന്നു.

ഇറച്ചിക്കോഴി വളർത്തലിൽ താല്പര്യമുള്ളവർ ധാരാളം ഈ പഞ്ചായത്തിലുണ്ട്. ഇന്ന് ഇവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണനമാണ്. കാലി, കോഴിത്തീറ്റകളുടെ വിലവർദ്ധനവാണ്.

ഈ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാനുള്ള ബ്രോയിലർ കോഴിവർത്തൽ പ്രോൽസാഹിപ്പിക്കാനും വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാം.

1. ആദ്യമായി കോഴിവളർത്തലിൽ താല്പര്യമുള്ളവരെച്ചേർത്ത് പഞ്ചായത്തിൽ ഒരു സഹകരണ സംഘം സ്ഥാപിക്കുക. അതിൽക്കൂടി നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ, നല്ലയിനം തീറ്റ ഇവ ലഭ്യമാക്കുക. കൂടാതെ ഏറ്റവും പ്രയോജനകരവും അത്യാവശ്യവുമായ വിപണന സൗകര്യങ്ങൾ സൊസൈറ്റികൾ വഴി ചെയ്തു കൊടുക്കേണ്ടതാണ്. ഈ സൊസൈറ്റിയിൽ ഒരു ഗാഢ ശീതീകരണ യന്ത്രം വാങ്ങി സൂക്ഷിക്കുകയാണെങ്കിൽ ഇറച്ചി കേടുകൂടാതെ സംരക്ഷിക്കുവാൻ സാധിക്കും. അതുപോലെ പഞ്ചായത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ലോക്കൽ വിപണന കേന്ദ്രങ്ങളും സ്ഥാപിക്കുക. കോഴി വളർത്തലിൽ താല്പര്യമുള്ള പുതിയ സംരംഭകർക്ക് ആവശ്യമായ പരിശീലനം കിട്ടുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുക. അതിനുവേണ്ടി പഞ്ചായത്തിൽ 2-3 വില്പനശാലകൾ ആരംഭിക്കുക.

2. മാംസോല്പാദനം, സംസ്ക്കരണം, വിപണനം എന്നിവയിൽ താല്പര്യമുള്ളവർക്ക് അതിന് ആവശ്യമായ പരിശീലനവും, സബ്സിഡി സഹായവും നൽകുക.

3. താല്പര്യമുള്ളവർക്ക് പന്നി, മുയൽ, കാട, ടർക്കി, താറാവ് എന്നിവയെ വളർത്താൻ വേണ്ട സഹായങ്ങൾ ചെയ്യുകയും അവയുടെ മാംസം കൂടുതൽ വിപണന സാദ്ധ്യതയുള്ള നഗരപ്രദേശങ്ങളിൽ വിറ്റഴിക്കുന്നതിന് വേണ്ട സഹായങ്ങൾ സൊസൈറ്റി വഴി ചെയ്തു കൊടുക്കുകയും ചെയ്യുക.

### കാലിത്തീറ്റ ഉല്പാദനരംഗം

കാലിത്തീറ്റ എന്നാൽ ചാക്കിൽ കിട്ടുന്ന ഒരു ഉല്പന്നം എന്നല്ല, കാലികൾക്ക് നൽകാവുന്ന പോഷക സമൃദ്ധമായ ഏത് ഉല്പന്നത്തെയും നമുക്ക് കാലിത്തീറ്റ എന്ന് പറയാം.

ഇന്ന് ഈ പഞ്ചായത്തിലെ കന്നുകാലി വളർത്തുന്ന വ്യക്തികൾ പ്രധാനമായും തീറ്റയ്ക്ക് വേണ്ടി ആശ്രയിക്കുന്നത് ദിവസവും തമിഴ്നാട്ടിൽ നിന്നും ലോറിയിൽ വരുന്ന വൈക്കോലിനെയാണ്. പിന്നെ ചാക്കിൽ വരുന്ന മിൽമ, ഗോദ്റേജ് തുടങ്ങിയ കാലിത്തീറ്റകളേയും. കുറ്റിച്ചൽ പാൽ സൊസൈറ്റിയിൽ നിന്നു തന്നെ മാസം 70-80 ചാക്ക് കാലിത്തീറ്റ ചെലവാക്കുന്നു. അതുപോലെ തന്നെ കാട്ടുകണ്ടം സൊസൈറ്റിയിൽ നിന്നും, ഇതു കൂടാതെ ആളുകൾ മറ്റു വില്പനക്കാരിൽ നിന്നും തീറ്റ വാങ്ങുന്നു. അതും വലിയ വില കൊടുത്ത്. എന്താണിതിന് പരിഹാരം.?

1. പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, വഴിയോരങ്ങൾ, തെങ്ങിൻതോപ്പുകൾ, കനാൽ വരമ്പുകല, ഓഫീസ്, സ്ക്കൂൾ വളപ്പിലെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കുക. അതിനുവേണ്ടി നല്ലയിനം വിത്തുകളും തൈകളും സൗജന്യമായോ സബ്സിഡിയായോ നൽകുക.

2. ഈ പഞ്ചാത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വയ്ക്കോൽ ഇവിടെത്തന്നെ ലഭ്യമാക്കുക. അതിനുവേണ്ടി നിലം കൃഷിയെ പ്രോൽസാഹിപ്പിക്കുക.

3. ഈ പഞ്ചായത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ഓരോ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക. എന്നിട്ട് നമ്മുടെ ഗ്രാമങ്ങളിൽ തന്നെ പ്രാദേശികമായി ലഭ്യമായ പിണ്ണാക്ക്, കപ്പ, പുളിങ്കുരു മുതലായവയും പിന്നീട് വേണ്ട അസംസ്കൃത സാധനങ്ങൾ ഉല്പാദകരിൽ നിന്ന് ഇടനിലക്കാരില്ലാതെ നേരിട്ട് വാങ്ങിയും തീറ്റ ഉണ്ടാക്കിയാൽ ഇന്നു മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാളും വിലകുറച്ച്

കൂടുതൽ പോഷകപ്രധാനമായ തീറ്റ ഉല്പാദിപ്പിക്കാൻ കഴിയും. കൂടാതെ തൊഴിലവസരങ്ങളും കൂടും.

4. തീറ്റപ്പുൽകൃഷി ഈ സൊസൈറ്റി / സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൂട്ടായി നടത്താം.

*കാളക്കുട്ടി പരിപാലനം*

ഇന്ന് എസ് എൽ ബി പി വഴി സബ്സിഡി തീറ്റ നൽകുന്നതുപോലെ ഈ പഞ്ചായത്തിൽ നിന്നും പാൽ സൊസൈറ്റികൾ വഴി നല്ലയിനം കാളക്കുട്ടികളെ തിരഞ്ഞെടുത്ത് മൃഗസംരക്ഷണവകുപ്പിന്റെ സഹായത്തോടെ 1½ മുതൽ 2 വയസ്സുവരെ സബ്സിഡി തീറ്റ നൽകി വളർത്തുക. ഇതു പോലെതന്നെ പോത്തുകുട്ടികളെയും വളർത്താവുന്നതാണ്.

*ആടു വളർത്തൽ*

ഇന്ന് ആട്ടിറച്ചിക്ക് വലിയ ഡിമാൻറും വിലയുമാണ്. കുറ്റിച്ചൽ പഞ്ചായത്തിന്റെ ഭൂപ്രകൃതി തന്നെ ആടു വളർത്തലിന് ഏറ്റവും അനുയോജ്യമാണ്. ഒരു വീട്ടിൽ 2 പെണ്ണാടിനെ വളർത്തിയാൽ തന്നെ ചുരുങ്ങിയത് ഒരു വർഷം കൊണ്ട് നാല് കുട്ടികളെ കിട്ടും. അതിന് വലിയ അദ്ധ്വാനം ആവശ്യമില്ല. പ്രജനനത്തിനുവേണ്ടി ഓരോ വാർഡിലും 2-3 പേർക്ക് നല്ലയിനം ആണാടുകളെ നൽകുക.

*ഒരു മാംസോല്പാദക സഹകരണ സംഘം ആരംഭിക്കുക.*

ആ സംഘം വഴി ശാസ്ത്രീയമായി അറവുനടത്തി വെറ്റിനറി ഡോക്ടർ മാംസ പരിശോധന നടത്തി ശുദ്ധിയും വൃത്തിയുമുള്ളതുമായ മാംസം ആളുകൾക്ക് ലഭ്യമാക്കുക.

*പേവിഷബാധാ നിർമ്മാർജ്ജനം*

ഇന്നും മനുഷ്യ സമൂഹത്തേയും മൃഗങ്ങളേയും നേരിടുന്ന ഒരു മഹാവിപത്താണ് പേവിഷബാധ. വന്നാൽ ചികിൽസയില്ലാത്തതും മരണം നിശ്ചയവുമായ ഒരു രോഗം അതിന്റെ അന്ത്യം ഭയാനകവും, വേദനാജനകവുമായ മരണം. അതാണ് പേവിഷബാധ.

ഈ പഞ്ചായത്തിൽ ധാരാളം നായ്ക്കൾ ഉണ്ട്. കഴിഞ്ഞ സെൻസസ് അനുസരിച്ച് 1173 ആൺ പട്ടികളും 251 പെൺ പട്ടികളും ഉടമസ്ഥൻമാർ ഉള്ളതായും 160 നും 200നും ഇടയിൽ ഉടമസ്ഥരില്ലാത്തതുമായ നായ്ക്കളുണ്ട്. ഈ സംഖ്യ വളരെ പെട്ട് തന്നെ കൂടാവുന്നതുമാണ്.

പേപ്പട്ടിയുടെ കടിയേറ്റ് ധാരാളം മൃഗങ്ങൾ ചികിൽസയ്ക്കായി എത്താറുണ്ട്. ഇന്ന് വാക്സിനേഷൻ വളരെ ചിലവുള്ളതാണ്. ഒരു മൃഗത്തിന് ചുരുങ്ങിയത് 6 കുത്തിവയ്പെങ്കിലും വേണ്ടിവരും. അതിന്റെ ചെലവ് 200-300 രൂപ വരെ വരും. ഒരു സാധാരണക്കാരന് അത് താങ്ങാൻ പറ്റുകയില്ല. കഴിഞ്ഞവർഷം 250 നായ്ക്കൾക്ക് സൗജന്യനിരക്കിൽ മൃഗാശുപത്രിയിൽ നിന്നും കുത്തി വച്ചിട്ടുണ്ട്. ഇതിന് പരിഹാരമാർഗ്ഗങ്ങൾ താഴെപ്പറയുന്നു.

1. അലഞ്ഞുതിരിയുന്നതും ഉടമസ്ഥൻമാരില്ലാത്തതുമായ നായ്ക്കളെ നശിപ്പിക്കുക.
2. പ്രതിരോധ കുത്തിവയ്പും ലൈസൻസും വളർത്തുന്ന നായക്കാൾക്ക് നിർബന്ധമാക്കുക.
3. സൗജന്യമായി കുത്തിവയ്ക്കുന്നതിനുള്ള വാക്സിൻ ലഭ്യമാക്കുക.
4. പേവിഷബാധാനിർമ്മാർജ്ജനത്തെ ക്കുറിച്ച് ആളുകളെ മനസ്സിലാക്കിപ്പിക്കാൻ സെമിനാറുകളും ചർച്ചാക്ലാസ്സുകളും ഫിലിം ഷോകളും സംഘടിപ്പിക്കുക.

*കന്നുകാലികളുടെ ആകസ്മിക മരണംമൂലം ഉണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ*

വീട്ടിൽ വളർത്തുന്ന ഒന്നോ രണ്ടോ കറവമാടുകൾ, കാളവണ്ടിവലിക്കുന്ന കാളകൾ, പോത്തുകൾ, ഇറച്ചിക്കോഴികൾ എന്നിവയെ കൈ ആശ്രയിച്ചു കഴിയുന്ന ഒരു സാധാരണ കർഷകന്, പെട്ടെന്നുണ്ടാകുന്ന ഉരുക്കളുടെ മരണംമൂലം നേരിടേണ്ടിവരുന്നത് വലിയ സാമ്പത്തിക പ്രശ്നമാണ്.

ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി നിർദ്ദേശിക്കാവുന്നതും എല്ലാ കറവമാടുകളെയും, കാളകളെയും മറ്റും ഇൻഷ്വറൻസ് ചെയ്യുക എന്നതാണ്. അതുമൂലം ആകസ്മികമായി ഉണ്ടാകുന്ന ഉരുക്കളുടെ മരണത്തിൽ നിന്നും ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുവാൻ സാധിക്കും

*കർഷകർക്ക് അംഗീകാരം*

സാധാരണയായി മൃഗസംരക്ഷണ മേഖലയിൽ നേട്ടങ്ങളുണ്ടാക്കുന്ന കർഷകരെ ആദരിക്കാൻ പ്രത്യേകമായിട്ടുള്ള പതിവുകൾ ഇല്ല എന്നു തന്നെ പറയാം. പാലുല്പാദനരംഗം, ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ തീറ്റപ്പുൽ ഉല്പാദനം, കന്നുകുട്ടി പരിപാലനം എന്നീ വിഷയങ്ങളിൽ സ്തുത്യർഹമായ

സേവനം കാഴ്ചവയ്ക്കുന്ന കർഷകർക്ക് അവാർഡുകൾ നൽകേണ്ടതാണ്.

*പ്രശ്നങ്ങൾ*

1. കാലി വളർത്തൽ ലാഭകരമല്ല. സാമ്പത്തിക ബുദ്ധിമുട്ട്
2. തീറ്റപ്പുല്ലിന്റെ അഭാവം.
3. പാൽസൊസൈറ്റികളുടെ അഭാവം
4. മൃഗപരിപാലനത്തിന് ആവശ്യമായ വിദഗ്ധരുടെ സേവനക്കുറവ്
5. ബോധവൽക്കരണ ക്ലാസ്സുകളുടെ അഭാവം
6. ന്യായവില കാലിത്തീറ്റ ഷോപ്പുകളുടെ അഭാവം
7. ക്രയവിക്രയങ്ങൾക്കുള്ള അസൗകര്യം
8. അത്യുല്പാദന ശേഷിയുള്ള പശുക്കളുടെ അഭാവം
9. കാലികൾക്ക് ആവശ്യമായ ചികിൽസാസൗകര്യങ്ങളുടെ അഭാവം
10. കാലിവളർത്തുന്നതിനുള്ള തൊഴുത്തുകളുടെ അഭാവം
11. ബന്ധപ്പെട്ട സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വായപകളുടെ ലഭ്യതക്കുറവ്
12. വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷ്വറൻസുകളുടെ അഭാവം
13. മൃഗാശുപത്രികളുടെ എണ്ണത്തിലുള്ള കുറവ്

*പരിഹാരങ്ങൾ*

1. കാലി വളർത്തുന്നതിനാവശ്യമായ വായ്പകൾ നൽകണം
2. തീറ്റപ്പുൽ വച്ചുപിടിക്കുന്നതിനുള്ള സഹായവും വിത്തും നൽകുക
3. പാൽ ഉലാദനം വർദ്ധിപ്പിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ കർഷകർക്ക് വിതരണം ചെയ്യുകയും സഹകരണ സംഘം രൂപീകരിക്കുകയും അവർക്കാവശ്യമായ കാലിത്തീറ്റ, ചികിൽസാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
4. കുറ്റിച്ചൽ പഞ്ചായത്തിൽ തന്നെ ഒരു മൃഗാശുപത്രിയാണുള്ളത്. ഇതിന്റെ സേവനം എല്ലാ മേഖലയിലും എത്തുന്നില്ല. ആയതിനാൽ എല്ലാ വാർഡിലും മൃഗാശുപത്രിയുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.
5. മൃഗാശുപത്രിയോടനുബന്ധിച്ച് മൃഗ ചികിൽസയ്ക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുക.
6. കാലികളെ വളർത്തുന്ന ഉടമകൾക്ക് മൃഗ പരിപാലനത്തെ കുറിച്ച് വിദഗ്ധരുടെ ക്ലാസ്സുകൾ ഉണ്ടാവണം.
7. കുറഞ്ഞ ചെലവിൽ സംഘങ്ങൾ വഴി കന്നുകാലികൾക്ക് ആവശ്യമായ തീറ്റകൾ ലഭ്യമാക്കുക.
8. കന്നുകാലികളെ വിൽക്കുന്നതിനും വാങ്ങുന്നതിനും വേണ്ടി കാലിച്ചന്തകൾ സ്ഥാപിക്കുക.
9. അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾ വഴിയും ബാങ്കുകൾ വഴിയും സബ്സിഡിയോട് കൂടിയ ലോണുകൾ നൽകുക.
10. തൊഴുത്ത്, വളക്കുഴി, കോഴിക്കൂട് ഇവ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങളും ഉപദേശങ്ങളും നൽകുക.
11. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും, പാൽ അധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുകയും ചെയ്യുക.
12. പാലിന്റെ ക്ഷാമം പരിഹരിക്കുന്നതിന് ഒരു യൂണിറ്റിന് മൂന്ന് പശുക്കൾ വീതമുള്ള 50 യൂണിറ്റുകൾ ഓരോ വാർഡിനും നൽകുക. കോഴി, ആട്, പന്നി, മുയൽ എന്നിവയും ഓരോ വാർഡിലുള്ള പിന്നോക്ക കുടുംബങ്ങൾക്ക് സൗജന്യമായോ സബ്സിഡി വ്യവസ്ഥയിലോ നൽകുക.
13. പാൽക്ഷാമം പരിഹരിക്കുന്നതിന് 15 പേർക്ക് തൊഴിൽ ലഭ്യമാക്കും വിധം 50 പശുക്കളടങ്ങിയ ഒരു മിനി ഡയറി ഫാം തുടങ്ങുക.
14. കാലിത്തീറ്റകളും, കോഴിത്തീറ്റകളും ന്യായവിലയ്ക്ക് സഹകരണസംഘം വഴി കർഷകർക്ക് നൽകുക.
15. ആടുമാടുകൾ, കോഴികൾ തുടങ്ങിയവ വളർത്തുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ യഥാസമയം വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

16. രണ്ട് ഗോട്ട് ഫാം സ്ഥാപിച്ച് 200 ആടുകളെ വളർത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം.

17. ഡയറി ഫാം യൂണിറ്റ്, ഗോട്ട് ഫാം യൂണിറ്റ്, കോഴി വളർത്തൽ യൂണിറ്റ് എന്നിവയുടെ മൂലധനം, ഉപകരണങ്ങൾ എന്നിവയുടെ 50% സർക്കാരും 50% അംഗങ്ങളാകുന്നവരുടെ പേരിൽ കൂട്ടുവായ്പയായും ബാങ്കുകളിൽ നിന്നും ലഭ്യമാക്കണം.

18. കന്നുകാലികൾ പാൽ ഉല്പാദനം കുറയുന്ന സന്ദർഭത്തിൽ അവയെ പ്രത്യേകമായി സംരിക്കുന്നതിനും ആ കുടുംബം സംരക്ഷിക്കുന്നതിനും പ്രത്യേക സഹായം ലഭിക്കുന്നതിനും സംവിധാനം ഉണ്ടാക്കുക.

19. സാമ്പത്തിക ശേഷി കുറഞ്ഞ 100 കുടുംബങ്ങൾക്ക് ഓരോ വർഷവും ഒരു ആടും 10 കോഴിക്കുഞ്ഞുങ്ങളെയും പൂർണ്ണമായി സബ്സിഡി ഇനത്തിൽ നൽകുക.

20. വനഭൂമിയിൽ 50 ഹെക്ടർ സ്ഥലത്ത് (ശംഭുതാങ്ങി) പച്ചപ്പുല്ല് വച്ച് പിടിപ്പിച്ച് കൃഷിക്കാർക്കും സംഘങ്ങൾക്കും സീനിയർ വേജ് റേറ്റിൽ നൽകുന്നതിനുള്ള നടപടി ഉണ്ടാക്കണം.

21. പട്ടികജാതി- പട്ടികവർഗ്ഗകോളനികളിൽ ജോലി സാധ്യത കുറവായ പ്രദേശങ്ങളിൽ കോഴി, മുയൽ വളർത്ത് കേന്ദ്രങ്ങൾ അനുവദിച്ചാൽ വളരെ ഉപകാരപ്രദമാകും. ഇത് മുട്ട, ഇറച്ചി എന്നിവയുടെ കുറവ് നികത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിക്കും.

22. എല്ലാ ആദിവാസി കുടുംബങ്ങൾക്കും മൂന്ന് ആടുകൾ വീതം അടങ്ങുന്ന ഓരോ യൂണിറ്റ് വീതം സൗജന്യമായി നൽകുക.

23. കോട്ടൂർ കേന്ദ്രമാക്കി ഒരു മൃഗാശുപത്രിയും ക്ഷീരവ്യവസായ സഹകരണ സംഘവും സ്ഥാപിക്കുക.

24. സങ്കരയിനം പശുക്കളെ വായ്പയായി നൽകണം. കൃത്യമായി വയ്പ അടച്ചു തിർക്കുന്നവർക്ക് പലിശ സബ്സിഡിയായി നൽകണം.

25. വളർത്തു മൃഗങ്ങൾക്ക് ഇൻഷ്വറൻസ് കാര്യക്ഷമമാക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## വളർത്തുപക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 257 | 148 | 11 | | | - |
| 2 | 1104 | 598 | 37 | 75 | 58 | 14 |
| 3 | 32 | 31 | 200 | 6 | | - |
| 4 | 10 | 120 | 28 | 5 | 6 | - |
| 5 | 8 | 152 | 27 | 4 | | - |
| 6 | 7 | 138 | | | 4 | - |
| 7 | 15 | 249 | | 1 | 2 | - |
| 8 | 40 | 410 | 8 | | | - |
| 9 | 28 | 89 | | 2 | 2 | - |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധം | 566 | 154 | 266 | | 5 | 300 | | | - | - |
| 2 | ശ്വാസകോ സംബന്ധം | 106 | 36 | 33 | | | | | | - | - |
| 3. | ഉപാപചയ സംബന്ധം | 33 | 2 | | | | | - | | - | - |
| 4. | ധാതുലവണങ്ങളുടെ അഭാവം | 63 | 6 | 8 | | | 50 | | | - | - |
| 5. | പരാദരോഗങ്ങൾ | 443 | 96 | 186 | | 24 | 20 | | | - | - |
| 6. | ത്വക്ക്രോഗങ്ങൾ | 87 | 25 | 33 | | 20 | | - | | - | - |
| 7. | പ്രത്യുത്പാദന അന്ധത | 78 | 2 | 11 | | | | | | - | - |
| 8. | വന്ധ്യത | 127 | 23 | 5 | | | | | | - | - |
| 9. | അകിട്വീക്കം | 166 | 3 | 28 | | | | | | - | - |
| 10. | മുടന്തൻപനി | 159 | 32 | 5 | | | | | | - | - |
| 11. | പകർച്ച വ്യാധികൾ | | | | | | | | | | |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## വളർത്തുമൃഗസംഖ്യ

| വാർഡ് | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവിന് | മറ്റുള്ളവ | വംശവർദ്ധനവിന് | മറ്റുള്ളവ | കറവ | കറവയില്ലാത്തത് | കറവ | കറവയില്ലാത്തത് | കറവ | കറവയില്ലാത്തത് | പോത്ത് | ആട് | പട്ടി | ആകെ |
| 1 | | | | | | 1 | 44 | 2 | | | 3 | 82 | 286 | 388 |
| 2 | 1 | | | 8 | 55 | 40 | 94 | 49 | 15 | 7 | 30 | 179 | 256 | 746 |
| 3 | | 12 | | 13 | | | 61 | 60 | 1 | 1 | | 65 | 10 | 161 |
| 4 | | | | 3 | | | 28 | 17 | 1 | | | 110 | 88 | 408 |
| 5 | 1 | 1 | | | 7 | 5 | 22 | 10 | 1 | 3 | | 84 | 178 | 312 |
| 6 | | | 1 | | | | 41 | 16 | | | | 92 | 113 | 263 |
| 7 | | 1 | 9 | 3 | 14 | 11 | 7 | 19 | | | | 158 | 151 | 354 |
| 8 | | 16 | | 24 | 1 | 2 | 48 | 14 | | | 2 | 156 | 208 | 471 |
| 9 | | 4 | | 8 | 20 | 8 | 32 | 11 | | 2 | | 95 | 187 | 367 |
| ആകെ | 2 | 34 | 1 | 59 | 79 | 69 | 377 | 148 | 18 | 13 | 35 | 1021 | 1447 | 3470 |

# 5

# വ്യവസായം

കേരളം വ്യാവസായിക രംഗത്ത് വളരെ പിന്നിലാണ്. ഇവിടത്തെ വ്യവസായങ്ങൾ പലതും കാർഷിക മേഖലയെ ആശ്രയിച്ചു നിലകൊള്ളുന്നു. കുറ്റിച്ചൽ പഞ്ചായത്ത് ഏറ്റവും പിന്നിലായിട്ടുള്ളത് വ്യാവസായിക മേഖലയിലാണെന്നു പറയാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. സ്വകാര്യ മേഖലയും പൊതുമേഖലയും ഉൾപ്പെട്ടതാണ് നമ്മുടെ വ്യാവസായിക രംഗം. പഞ്ചവൽസര പദ്ധതികളുടെ ആവിർഭാവത്തിനുശേഷം സ്വകാര്യ മേഖല വള വികസിക്കുകയും സർക്കാർ മേഖല തളരുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവും യോജിച്ചത് ചെറുകിട-കുടിൽ വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളുമാണ്. ഗ്രാമീണരായ യുവതി യുവാക്കൾക്ക് തൊഴിലവസരങ്ങൾ നൽകാൻ ഇത്തരം വ്യവസായങ്ങൾക്ക് കഴിയും.

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ പറയതക്ക വ്യവസായമൊന്നുമില്ല. ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായശാലയാണ് കുറ്റിച്ചലിനടുത്തുള്ള ബിന്ദു റബ്ബർ വർക്ക്സ്. കൂടാതെ രണ്ട് സാമില്ലുകൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഒന്ന് രാകേഷ് ഇൻഡസ്ട്രീസ് ആൻറ് ടിംബേഴ്സ് ആണ്. ഇവിടെ 6 തൊഴിലാളികൾ തടി ക്യൂബിക്ഫീറ്റിന് 4 രൂപ 50 പൈസ എന്ന ക്രമത്തിൽ ശമ്പളം പറ്റിക്കൊണ്ട് പണിയെടുക്കുന്നു. മറ്റൊന്ന് 1994ൽ സ്ഥാപിച്ച എസ്.എൻ സാമിൽ പരുത്തിപള്ളിയിൽ ഇത് പ്രവർത്തിക്കുന്നു. ഇവിടെ 2 തൊഴിലാളികൾ പണിയെടുക്കുന്നുണ്ടങ്കിലും സ്ഥാപനം നഷ്ടത്തിലാണെന്നാണ് മാനേജർ പറയുന്നു.

1988-ൽ സ്ഥാപിച്ച സെൻറ് ജോർജ് ഫ്ളവർ ആൻറ് റൈസ്മിൽ തീയറ്റേർ റോഡിൽ പ്രവർത്തിക്കുന്നു. 1991-ൽ സ്ഥാപിതമായ സജീന ഫ്ളവർമില്ലാണ് മറ്റൊന്ന് നിസ്സിഫ്ളവർമില്ലാണ് ഇനിയൊന്ന്. കോട്ടൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മറ്റൊരുമില്ലുമുണ്ട്.

രണ്ട് പ്രിൻറിംഗ് സ്ഥാപനങ്ങളുണ്ടിവിടെ. 1986-ൽ സ്ഥാപിച്ച സൂപ്പർ പേപ്പർ വർക്ക്സിൽ 2 തൊഴിലാളികളും 4 ട്രെയിനികളും ഉണ്ട്.

ഈ പഞ്ചായത്തിലെ മാർക്കറ്റ് റോഡിൽ ജയ് ഹനുമാൻ അയൺവർക്ക്സ് എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ട്. ഇവിടെ 5 തൊഴിലാളികൾ ഉണ്ട്. ശരാശരി ഇവർക്ക് 60 രൂപ നിരക്കിൽ ശമ്പളം നൽകുന്നു. 1980ൽ സ്ഥാപിച്ചതാണിത് മേലെമുക്ക്-ഉത്തരംകോട്-കോട്ടൂർറോഡിൽ സെൻറ് ആൻറണീസ് ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നു. 1989-ലാണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. 2 തൊഴിലാളികളും 2 ട്രെയിനികളും പണികളിൽ ഏർപ്പെട്ടിരിക്കുന്നു. തൊഴിലാളികൾക്ക്65 രൂപ വീതം ശമ്പളം നൽകുന്നുണ്ട്. ഇവിടെയും എല്ലാതരത്തിലുള്ള അയൺ വർക്കുകളും നടക്കുന്നു.

ജംഗ്ഷന് സമീപം ആര്യനാട് റോഡിൽ ഭാരത് ടൂവീലർ വർക്ക്സ്, സൂര്യവുഡ് ക്രാഫ്റ്റ് ആൻറ് ഫർണിച്ചേഴ്സ് എന്ന രണ്ട് വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇവയിൽ ആദ്യസ്ഥാപനത്തിൽ റ്റൂവീലർ വാഹനങ്ങളുടെ പണികൾ നടക്കുന്നു. ഇവിടെ മറ്റ് ഹാൻഡ് ഉപകരണങ്ങളോടപ്പം ഒരു കംപ്രസ്സറും പ്രവർത്തിക്കുന്നു. 1994-ൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. രണ്ടാമത്തേതിൽ തടികൾ വിവിധതരത്തിൽ കടഞ്ഞുകൊടുക്കുന്നു. ഇവിടെ മറ്റു ഫർണിച്ചറുകളും ചെയ്യുന്നുണ്ട്. 1991-ലാണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്

പരുത്തിപ്പള്ളിയിൽ ഒര് വെൽഡിംഗ് വർക്ക് ഷോപ്പ് നടത്തുന്നുണ്ട്. കോട്ടൂരുമുണ്ട് ഒരു വെൽഡിംഗ് വർക്ക്ഷോപ്പ്.

ഈ പഞ്ചായത്തിൽ 7 സ്ഥലങ്ങളിൽ ചൂളകളുണ്ട്. ഇഷ്ടികകൾ ഇവിടെ നിർമ്മിക്കുന്നു. ഓരോ ചൂളയിലും ശരാശരി 10 തൊഴിലാളികൾ ഉണ്ട്.

ഈറ്റ തൊഴിലാളികൾ മാമ്പള്ളി, എലിമല, പന്നിയറക്കോണം, കുറ്റിച്ചൽ, പൊന്നറക്കോണം, പച്ചക്കാട്, കുര്യത്തി,പൂച്ചപ്പാറ എന്നിവിടങ്ങളിൽ അധിവസിക്കുന്നു. പരമ്പ്, വട്ടി, മുറം എന്നിവ ഉണ്ടാക്കാനറിയുന്നവരിവിടെയുണ്ട്. സ്ത്രീകളാണ് ഈ പണിയിലധികവും വ്യാപൃതരായിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ പല സാധ്യതകളുമുള്ള ഒന്നാണ് പരമ്പുവ്യവസായം. ധാരാളം ഈറ്റകളുണ്ടായിരുന്ന വനപ്രദേശമായിരുന്നു കോട്ടൂർ. സ്ത്രീകളും കുട്ടികളും വീട്ടുലിരുന്ന് ഈറ്റനെയ്ത് ഉല്പന്നങ്ങളാക്കി മാർക്കറ്റുകളിൽ വിറ്റിരുന്ന കാലം പോയി. ഇന്ന് ഈറ്റലഭ്യമാക്കുന്നതിനും ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും ഇടനിലക്കാരും ഏജൻസികളും സ്ഥാപനങ്ങളും സ്വകാര്യവ്യക്തികളും രംഗത്തുണ്ട്. കേരളാ സ്റ്റേറ്റ് ബാംബുകോർപ്പറേഷൻ മാത്രമാണ് തൊഴിലാളികൾക്ക് അല്പം ആശ്വാസം കണ്ടെത്താവുന്ന ഏക ഏജൻസി.

ലോകത്തിലെ ഏറ്റവും ഈട് (durability) ഉള്ള ഫൈബർ ലഭിക്കുന്ന പ്രകൃതിവിഭവമാണ് ഈറ്റ. ഈ ഉയർന്ന ഗുണനിലവാരം പ്രയോജനപ്പെടുത്തി പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്താൽ വളരെ ഉപകാരപ്രദമായിരിക്കും. ഈറ്റയുടെ growing stock കുറയാനിടയാകുന്ന സാഹചര്യം മനസ്സിലാക്കി അത് പരിഹരിക്കണം.

*പ്രശ്നങ്ങൾ*

1. വേണ്ടത്രമാർഗ്ഗ നിർദ്ദേശത്തിന്റെ അഭാവം.
2. പരിശീലനത്തിന്റെ കുറവ്.
3. സാമ്പത്തിക സഹായമില്ലായ്മ
4. മധ്യവർത്തികളിൽനിന്നുമുള്ള ചൂഷണം
5. ഉല്പന്നങ്ങൾക്ക് വിപണിയില്ലായ്മ
6. അർഹമായ വില ലഭിക്കാതിരിക്കൽ
7. അസംസ്കൃത സാധനങ്ങളുടെ അഭാവം
8. ഗതാഗത പ്രശ്നങ്ങൾ
9. തൊഴിൽ പ്രശ്നങ്ങൾ
10. വൈദ്യുതിയുടെ അഭാവം

*പരിഹാരനിർദ്ദേശങ്ങൾ*

1. കള്ളിയൽ ഹരിജൻ കോളനി, കോട്ടൂർ ലക്ഷം വീട് കോളനി, വില്ലുചാരി നെല്ലിക്കുന്ന് കോളനി, മന്തിക്കളം ലക്ഷംവീട് പ്രദേശം, മലവിള ഹരിജൻ കോളനി, പൂച്ചപ്പാറ, പാങ്കാവ് ഗിരിജൻ പ്രദേശം, പരുത്തിപ്പള്ളി, പച്ചക്കാട് ലക്ഷംവീട്, മൈലംമൂട് കോളനി, കുഴിയംകോണം, പേഴുംമൂട് തുടങ്ങിയ ഇടങ്ങളിൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള LDWCRA, TRYSEM തുടങ്ങിയ പരിപാടികൾ പ്രോത്സാഹിപ്പിക്കുക ബുക്ക് ബൈൻഡിംഗ്, കരകൗശലനിർമ്മാണം എന്നിവയാണ് ഇതിനുയോജിച്ചത്.
2. ഖാദിബോർഡിന്റെ കൈത്തറിനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക. ഒന്നും രണ്ടും നാലും വാർഡുകളിൽ
3. പുലിപ്പാറയിൽ പാറപൊട്ടിച്ച് പൊടിയാക്കി ഹോളോബ്രിക്സ് നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുക.
4. കൊണ്ണീമക്കോണം പ്രദേശത്ത് ഒരു കയർവ്യവസായ യൂണിറ്റ് തുടങ്ങുക
5. പുകയില്ലാത്ത അടുപ്പുനിർമ്മാണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രധാന്യം നൽകുക
6. പച്ചക്കാട് ലക്ഷംവീട് കേന്ദ്രീകരിച്ച് കേരള ബാംബു കോർപ്പറേഷൻ സഹായത്തോടെ ഒരു പനമ്പ് നെയ്ത്ത് ശാല ആരംഭിക്കുക.
7. ബേക്കറി സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക
8. കോഴിത്തീറ്റ, കാലിതീറ്റ, സിമന്റ് ബ്ളോക്ക്, ബാളി ഫർണിച്ചർ, എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക നാലാംവാർഡിൽ
9. പന്തലിച്ചികേന്ദ്രമാക്കി ഒരു റബ്ബർ നിർമ്മിത ഉല്പന്ന യൂണിറ്റും വാഴപ്പള്ളി, ഉത്തരംകോട് പ്രദേശങ്ങളാണ്. ഗുണം ലഭിക്കത്തക്കരീതിയിൽ സോപ്പ് നിർമ്മാണയൂണിറ്റും കോട്ടൂർകേന്ദ്രമാക്കി തീപ്പെട്ടിക്കോൽ നിർമ്മാണയൂണിറ്റും ആരംഭിക്കുക
10. എരുമക്കുഴിയിൽ ഒരു സോഡാനിർമ്മാണ യൂണിറ്റ് തുടങ്ങുക.
11. ചെരുപ്പ് നിർമ്മാണ യൂണിറ്റുകൾ കോട്ടൂരിൽ ആരംഭിക്കുക.
12. മെഴുക് തിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പ്ലാസ്റ്റിക് കൂടകളുടെ നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം ഇവയ്ക്ക് കേന്ദ്രങ്ങൾ ആരംഭിക്കുക, നാലും ഏഴും എട്ടും ഒൻപതും വാർഡുകളിൽ.
13. ഖാദിവ്യവസായ യൂണിറ്റിനുവേണ്ടി എരുമക്കുഴിയിൽ ആരംഭിച്ച കെട്ടിടം പണി പൂർത്തി യാക്കുക.
14. റബ്ബറധിഷ്ടിത വ്യവസായത്തിന് ഏറ്റവും അധികം സാദ്ധ്യതകളുള്ള കോട്ടൂർ കേന്ദ്രമാക്കി വ്യവസായങ്ങൾ ആരംഭിക്കുക.
15. ഈറ്റയുടെ ഗുണനിലവാരം പൂർണ്ണമായും പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കുക.
16. പേഴുംമൂട് കേന്ദ്രമാക്കി പഞ്ചായത്ത് ഭൂമി ഈറ്റയുപയോഗിച്ച് പ്ലൈവുഡ് നിർമ്മാണം തുടങ്ങുക.

### ജൈവവൈവിധ്യാധിഷ്ഠിത വ്യാവസായ സംരംഭങ്ങൾ

| ക്രമ നമ്പർ | അസംസ്കൃത പദാർത്ഥങ്ങൾ | ഉത്പന്നം | ഉപയോഗം |
|---|---|---|---|
| 1. | ഔഷധസസ്യങ്ങൾ | ഒഷധ്ങ്ങൾ, ഔഷധ നിർമ്മാണ ണത്തിനാവശ്യമായ ഭൗതിക സംസ്കൃത ഉത്പന്നങ്ങൾ | ഔഷധങ്ങൾ |
| 2. | ഔഷധസസ്യങ്ങൾ | സസ്യൗഷധങ്ങൾ | ഔഷധങ്ങൾ |
| 3. | സുഗന്ധസസ്യങ്ങൾ | ബാഷ്പീകരണതൈലം | |
| | | സുഗന്ധ രാസപദാർത്ഥങ്ങൾ | സുഗന്ധവസ്തുക്കൾ |
| 4. | സുഗന്ധസസ്യങ്ങൾ | ചേരുവകൾ | ഭക്ഷ്യവസ്തുക്കൾ |
| 5. | സസ്യങ്ങൾ | വ്യാവസായിക രംഗത്ത് ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ, ടാനിനുകൾ, കീടനാശിനികൾ റെസിനുകൾ (കറ) | വ്യവസായം, കാർഷികാധിഷ്ഠിത വ്യവസായം |
| 6. | സസ്യങ്ങൾ, പഴവർഗ്ഗങ്ങൾ, പുഷ്പങ്ങൾ | വർണ്ണവസ്തുക്കൾ | കൈത്തറിഇനങ്ങൾ |
| 7. | സസ്യങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തുകൾ | സത്ത്, ഓലിയോ റസിനുകൾ | ഭക്ഷ്യവസ്തുക്കൾ |

*ഗ്രാമതലത്തിൽ വ്യാവസായികാടിസ്ഥാനത്തിലും സ്വന്തം ആവശ്യത്തിനും കൃഷിചെയ്യാൻ ഉപയുക്തമായ ഔഷധ സസ്യങ്ങളുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു.*

| ക്രമ നമ്പർ | ഔഷധസസ്യം | ഉപയോഗഭാഗം |
|---|---|---|
| 1. | ചിറ്റാടലോടകം | സമൂലം / വേര് |
| 2. | അടപതിയൻ | കിഴങ്ങ് |
| 3. | ചുവന്നകൊടുവേലി | വേര് |
| 4. | ചിറ്റരത്ത | വേര് |
| 5. | ശതാവരി | കിഴങ്ങ് |
| 6. | നിലഅമരി | ഇല / വേര് |
| 7. | കരുനൊച്ചി | ഇല / വേര് |
| 8. | ചെങ്ങഴനീർക്കിഴങ്ങ് | കിഴങ്ങ് |
| 9. | കച്ചോലം | കിഴങ്ങ് |
| 10. | വിഷ്ണുക്രാന്തി | സമൂലം |
| 11. | തുളസിയിനങ്ങൾ | ഇല / വേര് |
| 12. | കുടങ്ങൽ | സമൂലം |
| 13. | ബ്രഹ്മി | സമൂലം |
| 14. | കരിന്താളി | വേര് / ഇല /ബീജം |
| 15. | വേപ്പ് | ഇല / ബീജം |

| ക്രമ നമ്പർ | ഔഷധസസ്യം | ഉപയോഗഭാഗം |
|---|---|---|
| 16. | കസ്തൂരി മഞ്ഞൾ | കിഴങ്ങ് |
| 17. | കുന്നി | ഇല / വേര് |
| 18. | കിര്യാത്ത് | ഇല /ബീജം |
| 19. | കഴഞ്ചി | ബീജം |
| 20. | പാടക്കിഴങ്ങ് | കിഴങ്ങ് |
| 21. | നറുനീണ്ടി | വേര് |
| 22. | തിപ്പലി | ഫലം |
| 23. | ചെറുപുന്ന | ബീജം |
| 24. | ചക്കരക്കൊല്ലി | ഇല |
| 25. | ഞെരിഞ്ഞിൽ | സമൂലം / വേര് |
| 26. | കൊടിത്തൂവ | വേര് |
| 27. | കാട്ടുപവലം | സമൂലം |
| 28. | നായ്ക്കുരണ | ബീജം |
| 29. | നാഗദന്തി | വേര് |

*ഗ്രാമത്തിൽ കൃഷി ചെയ്യാവുന്ന സുഗന്ധ സസ്യങ്ങളും അവയിലെ പ്രധാന സുഗന്ധ വസ്തുക്കളും*

| ക്രമ നമ്പർ | സസ്യനാമം | സംസ്കരിച്ച് എടുക്കാവുന്ന സുഗന്ധദ്രവ്യനാമം |
|---|---|---|
| 1. | ഇഞ്ചിപ്പുല്ല് | സിട്രാൽ (Citral) |
| 2. | രാമച്ചം | ആൽഫ-ബീറ്റാ വെറ്റിവോൺ (A & B Vetivones)<br>വെറ്റിസ്പൈറൻസ് (Vetispirones) |
| 3. | ഇഞ്ചി | സെസ്കിടെർപീനുകൾ (Sezsquiterpenes) |
| 4. | ഈശ്വരമൂലി<br>(ഗരുഡക്കൊടി) | സെസ്കിടെർപ്പിനോയിഡ്സ് (Sezsquiterpenoids) |
| 5. | കരിനൊച്ചി | സിനിയോൾ (Cineole) |
| 6. | ചിറ്റരത്ത | മീതൈൽ സിന്നമേറ്റ് (Methyl Cinnamate) |
| 7. | ഗ്രാമ്പ് | യൂജിനോൾ (Eugenol) |
| 8. | മഞ്ഞൾ | സെസ്കിടെർപീനുകൾ (Sezsquiterpenoids) |
| 9. | തുളസി | യൂജിനോൾ (Eugenol)<br>കാർവാക്രോൾ (Careacrol) |
| 10. | ജാതിക്ക | മോണോ-സെസ്കിടെർപ്പിനോയിസുകൾ<br>(Mono-Sezsquiterpenoids) |
| 11. | നറുനീണ്ടി | പാരമീതോക്സിസാലിസിലാൽ ഡിഹൈഡ്<br>(P-Methoxy Salicy-laldehyde) |
| 12. | പിച്ചിപ്പൂവ് | ബെൻസൈൽ അസറ്റേറ്റ് (Benzylacetale)<br>മോണോ-സെസ്കിടെർപ്പിനാൻസ് (Mono-Sezsquilerpenes) |
| 13. | ഏലം | സിനിയോൾ (Cineole) , ലിമോണിൻ (Limonene) |
| 14. | കർപ്പൂരം | സാഫ്റോൾ (Safrol) |
| 15. | വയമ്പ് | ആൽഫ-ബീറ്റാ-അസറോൺ (A & B Asarones) |

# 6

# ഊർജ്ജം

വെള്ളംപോലെ വെളിച്ചവും ആധുനിക ജീവിതത്തിന് ഒഴിച്ചുകൂടാൻ വയ്യാത്തതാകുന്നു. ഇരുട്ടുമാറ്റാൻ മണ്ണെണ്ണ വിളക്കും, നിലവിളക്കുമാണ് വീടുകളിൽ ഉപയോഗിച്ചിരുന്നത്. രാത്രി സഞ്ചരിക്കുന്നതിന് ചൂട്ടും പുന്നക്കാ എണ്ണകൊണ്ടും ദീപം തെളിച്ചിരുന്നു. നിലവിളക്കുകളിൽ നെയ്യും ഉപയോഗിച്ചിരുന്നു. അയൽപക്കങ്ങളിൽ നിന്നും തീവാങ്ങി പാചക അടുപ്പുകത്തിക്കുന്ന പതിവുണ്ടായിരുന്നു. ഭക്ഷണം പാകം ചെയ്യുന്നതിന് വിറകാണ് ഇന്ധനമായി ഉപയോഗിച്ചിരുന്നത്.

കുറ്റിച്ചൽ ഗ്രാമത്തിൽ വൈദ്യുതി എത്തിയത് 25-6-61ലാണ്. എന്നാൽ പഞ്ചായത്തിൻെറ എല്ലാഭാഗത്തും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. എത്തിയ സ്ഥലങ്ങളിലാകട്ടെ രൂക്ഷമായ വോൾട്ടേജ് ക്ഷാമവും നിലനില്ക്കുന്നു. ഉപഭോക്താക്കളുടെ എണ്ണം കൂടി വരുന്നു. വേണ്ടത്ര കൊടുക്കാൻ വൈദ്യുതി ഇല്ലതാനും ട്രാൻസ്ഫോമറുകളുടെ അഭാവമാണ് വോൾട്ടേജ് ക്ഷാമത്തിനുകാരണം. വൈദ്യുതി കൊണ്ടു പ്രവർത്തിപ്പിക്കേണ്ട ഗാർഹികോപകരണങ്ങളുടെ എണ്ണം ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. ഇലകട്രിക് അയൺ, ഫാൻ, മിക്സി, ഗ്രൈൻഡർ, ടി.വി. തുടങ്ങിയവയ്ക്കെല്ലാം, വൈദ്യുതി ആവശ്യമാണല്ലോ? ശ്രദ്ധാപൂർവ്വം ഉപയോഗിച്ച് വൈദ്യുതി മിച്ചം പിടിക്കാനുള്ള ശീലം നമുക്കില്ല.

*വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ*

1. നിലവിലുള്ള ഉപഭോക്താക്കൾ

| | | | |
|---|---|---|---|
| a. ഗാർഹികം | 1305 | b. വ്യാപാരം | 340 |
| c. വ്യവസായികം | 15 | d. കാർഷികം | 10 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | | | |
|---|---|---|---|
| a. Ordinary | 89 | b. OTP | 2 |
| c. OYEC - | 35 | | |

അവസാനം നൽകിയ കണക്ഷൻെറ അപേക്ഷാ തീയതി Ordinary 30-9-1994

3. സ്ട്രീറ്റുലൈറ്റുകളുടെ എണ്ണം

| | | | | |
|---|---|---|---|---|
| a. ബൾബ് | 25W | 40W | 60W | 100W |
| | | 236 | 13 | 17 |

b. ട്യൂബ് 2 x 40 = 21

c. മെർക്കുറി വേപ്പർ 2

b. സോഡിയം വേപ്പർ Nil

4. ആകെ വൈദ്യുതികരിച്ച ഹരിജൻ കോളനികൾ - 5

5. തൻവർഷത്തെ കണക്ഷൻ

| | | | |
|---|---|---|---|
| a. Ordinary | 20 | b. OTP | 14 |
| c. OYEC | 72 | | |

മേലേമുക്കിൽ ഇലക്ട്രിസിറ്റി ഓവർസിയർ ആഫീസ് പ്രവർത്തിച്ചു തുടങ്ങിയത് 1982 ൽ ആണ് പാചകവാതകം ഉപയോഗിക്കുന്നവർ വളരെ കുറച്ചേയുള്ളൂ. പവർ കൂട്ടായതുകൊണ്ട് വ്യാപാര സ്ഥാപനങ്ങളിൽ ജലറേറ്ററുകൾ ഉപയോഗിക്കുന്നു. സാമ്പത്തിക ശേഷിയുള്ളവർ കറണ്ടുകട്ടുള്ള രാത്രി സമയങ്ങളിൽ എമർജൻസിലാമ്പിനെ ആശ്രയിക്കുന്നു. ഊർജ്ജ പ്രതിസന്ധി വളരെയുള്ള ഒരു പഞ്ചായത്താണ് കുറ്റിച്ചൽ. ഇവിടെത്തെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ മുൻപിൽ ചേർത്തിരിക്കുന്നു.

**പഞ്ചായത്തുപരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ**

1. 100 KVA Kottoor
2. 100 KVA Malavila
3. 163 KVA Kalampara
4. 163 KVA Kuttichal - I
5. 100 KVA Kuttichal - II

സ്ട്രീറ്റു ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക. - 3816 രൂപ.

*ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ*

| ക്രമനമ്പർ | വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടുംബത്തിന്റെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | | പറക്കോണം | 9 | | |
| 2 | | വ്ലാവട്ടി (ഗിരിജൻ) | 25 | 10 | 15 |
| 3 | | മൈലമൂട് | 30 | 25 | 5 |
| 4 | | മലവിള (ഗിരിജൻ) | 50 | 30 | 20 |
| 5 | | പച്ചക്കാട് കുന്നുംപുറം | 15 | 10 | 5 |

അവലംബം: ഇലക്ട്രിക്കൽ സെക്ഷൻ, വെള്ളനാട്

*വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ വാർഡടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റുൾപ്പെടെ*

വാർഡ് 1

1. വലിയവിള - ലക്ഷംവീട് കോളനി
2. ഉപ്പനച്ചാംകാല - ലക്ഷം വീട് കോളനി
3. പരിത്തിപ്പള്ളി റൈഷൻകട നട കൊണ്ണിക്കോണം'
4. പരിത്തിപ്പള്ളി - കരിക്കുന്നും - കാട്ടുകണ്ടം
5. കണ്ണനാകോണം ഒലീക്കടവ്
6. കാട്ടുകണ്ടം - ഒലീക്കടവ്
7. പരിത്തിപ്പള്ളി പറങ്കിമാംവിള
8. പേഴുംമൂട് - കാട്ടുകണ്ടം
9. സിദ്ധാശ്രമം - പരുത്തിപ്പള്ളി സ്ട്രീറ്റ് ലൈറ്റ് മാത്രം.

വാർഡ് 2

1. കരുറ്റുട്ടിച്ചിറ കുഴിയംകോണം സ്ട്രീറ്റ് ലൈറ്റ് വില്ലേജാഫീസ് നടയിൽ വേപ്പർലാമ്പ്
2. കണ്ണനാംകോണം - കള്ളോട് ചെറുണ്ണംകുഴി - 7 പോസ്റ്റ്
3. കുറ്റിച്ചൽ - പേഴുമൂട് സ്ട്രീറ്റ് ലൈറ്റ് മാത്രം.
4. കള്ളോട് പൊന്നറക്കോണം 10 പോസ്റ്റ് പന്നിയറക്കോണം

വാർഡ് 3

1. കല്ലറത്തോട്ടം - കല്ലുവെട്ടാൻകുഴി ചന്തനട 25 പോസ്റ്റ്
2. പച്ചക്കാട് - കാര്യോട് - 5 പോസ്റ്റ്
3. പൊന്നറക്കോണം - പേങ്ങാട് - നിലമ 15 പോസ്റ്റ്

വാർഡ് 4

സ്ട്രീറ്റ്ലൈറ്റ് ഉൾപ്പെടെ

1. മേലെമുക്ക് പള്ളിനട മേലാച്ചിക്കോണം അരുകിൽ 20 പോസ്റ്റ്
2. കരിംപൂതത്താൻ പാറ - ചിറക്കോണം കോളനി 20 പോസ്റ്റ്
3. തമ്പൻകോട് - മേലാച്ചിക്കോണം - അരുകിൽ 20 പോസ്റ്റ്
4. ആയത്തുനട ചിറക്കോണം മണലുവിള 29 പോസ്റ്റ്

5. തിരുവപ്പള്ളിമൂല - 2 പോസ്റ്റ് സ്ട്രീറ്റ് ലൈറ്റ് മാത്രം

കാര്യോട് - പച്ചക്കാട്

കുത്തുക്കുഴി - തമ്പൻകോട്

മേലെമുക്ക് - കരിംപൂതത്താൻപാറ 1 പേപ്പർലാമ്പ്

വാർഡ് 5

1. കുന്തിരിമൂട് - പൂച്ചുപ്പാറ
2. നെടുവൻ വയൽ
3. പാങ്കാവ് - കുന്നടി
4. ചപ്പാത്ത് - പാങ്കാവ്
5. കുറ്റിച്ചൽ - കോട്ടൂർറോഡ് സ്ട്രീറ്റ് ലൈറ്റ് മാത്രം

വാർഡ് 6

1. ഉത്തരംകോട് - എരുമക്കുഴി റോഡ്
2. വലിയവിള - പന്തലിച്ചി - കള്ളിയൽ
3. കടമാൻകുന്ന് - പന്തലിച്ചി
4. എരുമക്കുഴി - വടക്കേകര
5. ഉത്തരംകോട് - പള്ളിത്തറ മിച്ചഭൂമികോളനി
6. കോട്ടൂർ - കൊച്ചുകോണം (കോട്ടൂർജംഗ് വേപ്പർലാമ്പ്)

വാർഡ് 7

1. കൊട്ടാരത്തുനട കാഞ്ഞിരംകാട്
2. എലിമല - കാഞ്ഞിരംകാട്
3. നാരകത്തിൻമൂട് - സ്വർണ്ണക്കോട്
4. പറക്കോണം
5. വാഴപ്പള്ളി - പാങ്കാവ്
6. കോട്ടൂർ - വാലിപ്പാറ - പൊടിയം
8. കോട്ടൂർ - ചേനംമ്പാറ
9. കോട്ടൂർ - കിഴക്കേക്കര

മറ്റ് ആദിവാസി സെറ്റിൽമെൻറുകളിൽ സൗരോർജ്ജവിളക്ക്

എല്ലാഭാഗത്തും സ്ട്രീറ്റ്ലൈറ്റ് ആവശ്യമാണ്.

വാർഡ് 8

1. കടമാൽകുന്ന് - കള്ളിയൽ - 35 പോസ്റ്റ്
2. കള്ളിയൽ മേലെമാത്തൂർ
3. കോട്ടൂർ - വില്ലുചാരി റോഡിൽ പുലിപ്പാറമുതൽ വില്ലുചാരി വരെ 12 പോസ്റ്റ്
4. കടമാൻകുന്ന് - പെരുമംകുഴി - 7 പോസ്റ്റ്
5. കള്ളിയൽ പെരുമംകുഴി - 8 പോസ്റ്റ്
6. മുണ്ടണി - വട്ടക്കരിക്കകം - നാറാണത്ത് 12 പോസ്റ്റ്
7. ചിലന്തിക്കുഴി - മാങ്കുടി - വില്ലുചാരി - 15 പോസ്റ്റ്
8. മുണ്ടണി - കാപ്പുകാട് 3 ഫെയ്സ് ലൈൻ സ്ട്രീറ്റ്ലൈറ്റ്
9. മാങ്കുടി - കലശംകോണം - കരണ്ടകം ചിറ - 20 പോസ്റ്റ്
10. കാപ്പുകാട് - ആമല സെറ്റിൽമെൻറ്
11. കള്ളിയൽ - തെട്ടുകാൽത്തേരി -- 5 പോസ്റ്റ്
12. മരുതുംമൂട് - മുക്കാട് - 5 പോസ്റ്റ്

വാർഡ് 9

1. മുക്കാട് - അറപ്പുരക്കുഴി - മുണ്ടൻചിറ
2. മാറാൻകുഴി - പുള്ളോട്ട്കോണം
3. തേമ്പാമൂട് - നെടുകാൽത്തേരി - നായാട്ടുപാറ
4. കൊച്ചുമുക്കാട് - ഉതിരക്കുഴി

*പ്രശ്നങ്ങൾ*

1. സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം
2. രൂക്ഷമായ വോൾട്ടേജ് ക്ഷാമം പച്ചക്കാട്, കോട്ടൂർ, ഉത്തരംകോട് പ്രദേശങ്ങളിൽ അനുഭവപ്പെടുന്നു.
3. ഉൾഭാഗങ്ങളിലുള്ള സ്ഥലങ്ങളിലെ വൈദ്യുതിയുടെ അഭാവം
4. വൈദ്യുതികണക്ഷൻ എല്ലാ വീടുകളിലും എത്തിയിട്ടില്ലാ രൂപ അടയ്ക്കുന്നവർക്ക് കണക്ഷൻ കിട്ടാനുള്ള കാലതാമസം.
5. ട്രാൻസ്ഫോർമറുകളുടെ കുറവ്
6. സാമ്പത്തികപിന്നോക്കാവസ്ഥ
7. ഇന്ധനക്ഷാമം
8. ആദിവാസികോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.
9. ചിലഹരിജൻ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.

10. ആമല കാണി സെറ്റിൽമെൻറിലെ വൈദ്യുതി യുടെ അഭാവം.

11. കുറ്റിച്ചൽ ജംഗ്ഷനിലെ സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല.

*പരിഹാരനിർദ്ദേശങ്ങൾ*

1. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ആൾക്കാരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

2. ഉൾഭാഗങ്ങളിലുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

3. വൈദ്യുതി ലഭ്യമല്ലാത്ത എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാൻ അടിയന്തരനടപടി വേണം.

4. പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കാൻ നടപടിവേണം.

5. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനു നടപടി കൈക്കൊള്ളണം.

6. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് ഒന്നിടവിട്ട് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

7. ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാനുള്ള സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

8. വനത്തിനകത്ത് ഒരു നിശ്ചിത സ്ഥലം (പാർക്ക് ഏര്യാ) നിർണ്ണയിച്ച് വിറകിനാവശ്യമായ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9. ഊർജ്ജോൽപ്പാദനത്തിന് നിരവധി സാധ്യതകളുള്ള ഈ പഞ്ചായത്തിലെ സ്രോതസ്സുകളെ പൂർണ്ണമായും ഉപയോഗിപ്പെടുത്താനുള്ള സംരംഭങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

   അഗസ്ത്യകൂടത്തിൻെറ അടിവാരത്തുള്ള നാച്ചിയാർ മോട്ടയിൽ നിന്നും കാറ്റിൻെറ സഹായത്താൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

   ആമലസെറ്റിൽമെൻറിൽ മൂന്ന് കെ.എം. (3 K.M) അകലെ നെയ്യാർമീൻമൂട്ടിയിൽ ഉള്ള പ്രകൃതിദത്തമായ വെള്ളച്ചാട്ടത്തിൽ നിന്നും അഞ്ച് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സൗകര്യമുണ്ട്.

   കോട്ടൂർ വെള്ളക്കുഴി ഭാഗത്ത് വിറകിനാവശ്യായ മരങ്ങൾ നട്ടുവളർത്താൻ നടപടി വേണം.

10. പച്ചക്കാട് അനുവദിച്ച ട്രാൻസ്ഫോർമർ എത്രയും വേഗം സ്ഥാപിച്ചുകിട്ടിയാൽ വോൾട്ടേജ് ക്ഷാമം കുറയ്ക്കും.

## ഗതാഗതം

ഗതാഗതത്തിന് ആധുനിക ജീവിത്തിൽ സുപ്രധാനമായ സ്ഥാനമുണ്ട്. ബാഹ്യലോകവുമായി നിരന്തരം ഇടപെടേണ്ട സ്ഥിതിയാണിന്ന് ഓരോ മനുഷ്യനുമുള്ളത്. പഴയ ഗ്രാമ വ്യവസ്ഥിതിയിലാകട്ടെ, ഗതാഗതത്തിന് ഇത്രത്തോളം സ്ഥാനമുണ്ടായിരുന്നില്ല. അന്ന് ഗ്രാമങ്ങൾ ഏറെക്കുറെ സ്വയം പര്യാപ്തമായിരുന്നതിനാൽ മറ്റുദിക്കുകളെ കുറച്ചേ ആശ്രയിക്കേണ്ടിരുന്നുള്ളു. രാജഭരണ കാലത്ത് ചാരന്മാരും തീർത്ഥാടകരും കച്ചവടക്കാരുമാണ് സഞ്ചാരത്തിൽ ഏർപ്പെട്ടിരുന്നത്. കല്ലു കരടു കാഞ്ഞിരക്കുറ്റി മുള്ള്മുരടു മൂർഖൻ പാമ്പ് എന്നിവ താണ്ടി വേണ്ടിയിരുന്നു കേരളത്തിലെവിടേയും അക്കാലത്ത് സഞ്ചരിക്കാനു. പണ്ടു കരഗതാഗതത്തെക്കാൾ, ജലഗതാഗതമായിരുന്നു നമ്മുടെ നാട്ടിൽ അധികം ഉണ്ടായിരുന്നതും. കരഗതാഗതം ഇന്ന് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണം റോഡുകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികമാണ്. ജനങ്ങൾ പെരുകുകയും ജീവിതാവശ്യങ്ങൾ വർദ്ധിക്കുകയും ചെയ്തപ്പോൾ ഗതാഗതത്തിൻെറ പ്രാധാന്യവും ഇരട്ടിച്ചു. ഒമ്പതാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഗതാഗത പ്രശ്നങ്ങളെയും കൂടി കണക്കിലെടുക്കുമ്പോൾ ഗതാഗത പ്രശ്നങ്ങളെയും കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

20-ാം നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ കുറ്റിച്ചൽ പ്രദേശം മുഴുവൻ കാടുപിടിച്ചു കിടന്നിരുന്നു. കാട്ടിനുള്ളിലേക്ക് തത്കാലാവശ്യത്തിനുവേണ്ടി വെട്ടിയൊരുക്കിയിരുന്ന വഴികൾക്കു പുറമേ, കൃഷിയിടങ്ങളിലേക്കു പോകാനുള്ള ഇടവഴികളും ഉണ്ടായിരുന്നു. പെരുവഴികളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഇന്നു കാണുന്ന പ്രധാന നിരത്തുവക്കുകളിൽ ആദ്യകാലത്ത് കുരങ്ങുകൾ ഓടിച്ചാടി കളിച്ചിരുന്നുവെന്ന് പഴമക്കാർ പറയുന്നു. കുറ്റിച്ചൽ ജംഗ്ഷനിൽ നിന്നും കോട്ടൂരിലേക്ക് പോകുന്ന രണ്ടു നിരത്തുകളും ഉത്തരംകോട്, തച്ചൻകോട് റോഡുകൾ മുളകളും ഈറ്റകളും കടയ്ക്കാടും വള്ളികളും വളർന്ന്

ആൾപെരുമാറ്റം കുറഞ്ഞ് വന്യജീവികളുടെ വിഹാരഭൂമിയായി കിടന്നിരുന്നു. ഇവിടെ നട്ടുച്ചയ്ക്കുപോലും മിന്നാമിനുങ്ങ് പാറക്കളിച്ചിരുന്നുവത്രേ! കുറ്റിച്ചൽ മുറിച്ചു കടക്കുന്ന നെടുമങ്ങാട്-ഷൊർളക്കാട് റോഡിൻെറയും കഥ വ്യത്യസ്തമല്ല. ഇന്നു കാണുന്ന ഏതാണ്ടെല്ലാ റോഡുകളുടെയും നിർമ്മാണം നടന്നിട്ട് അമ്പതുവർഷം കഴിയില്ല. കൊച്ചുകൊച്ചു ഇടവഴികളെ തടമാക്കി മാറ്റുകയും തടത്തി പരിഷ്ക്കരിച്ച് 'മെറ്റലിട്ട്' റോഡാക്കുകയും അതിനെ പിന്നെ ടാറിടുകയുമാണ് ചെയ്തിട്ടുള്ളത്. കോട്ടൂർ റോഡ് കീലിട്ടറോഡായി ത്തിർന്നിട്ടു പതിനഞ്ചു വർഷമാകും.

യന്ത്രവാഹനങ്ങളിൽ അദ്യമെത്തിയത് സൈക്കിളാണ്. തുടർന്ന് പ്ലെഷർ എന്നു വിളിച്ചിരുന്ന മോട്ടോർ കാർ വന്നു അതും കഴിഞ്ഞ് ബസെത്തി. കോട്ടൂർ ബാലരാമപുരം റൂട്ടിലാണ് അന്ന് ബസ് ഉണ്ടായിരുന്നത്. പിന്നീട് പാപ്പനംകോട്-വഴി തിരുവനന്തപുരത്തേക്ക് ബസ് വന്നു. കെ.എസ്.ആർ.ടി.സി. രൂപീകരിച്ചതോടെ പ്രൈവറ്റു ബസുകൾ ഒട്ടം നിറുത്തി. മോട്ടോർ സൈക്കിൾ, സ്ക്കൂട്ടർ, ആട്ടോ തുടങ്ങിയ വാഹനങ്ങൾ ഇന്ന് പഞ്ചായത്തിൽ സുലഭമാണ്. ആട്ടോ കുറ്റിച്ചൽ പ്രചാരത്തിൽ വന്നിട്ട് അഞ്ചു വർഷം വരികയേ ഉള്ളൂ. കഴിഞ്ഞ ഇരുപത് വർഷമായി റോഡുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. എങ്കിലും സഞ്ചാരയോഗ്യമായ റോഡുകളും നടപ്പാതകളും ഇനിയും ആവശ്യമായിരിക്കുന്നു.

***കുറ്റിച്ചൽ പഞ്ചായത്തിലെ റോഡുകളുടെ വിവരം താഴെ കൊടുക്കുന്നു.***

### പി.ഡബ്ല്യൂ.ഡി. റോഡ്.

| | | |
|---|---|---|
| 1. | പേഴുമൂട് - കാലാച്ചാറ - കള്ളിയൽ - കോട്ടൂർ (ടാർ) | 9K.M. |
| 2. | തേമ്പാമൂട് - കുറ്റിച്ചൽ - കാര്യോട് (ടാർ) | 4K.M. |
| 3. | പേഴുംമൂട് - കുറ്റിച്ചൽ - ഉത്തരംകോട് - കോട്ടൂർ (ടാർ) | 7½K.M. |
| 4. | മേലെമുക്ക് - തച്ചൻകോട് വഴി കോട്ടൂർ (ടാർ) | 4.8K.M. |
| 5. | കോട്ടൂർ ജംഗ്ഷൻ മുതൽ കോട്ടൂർ ഗവൺമെൻറ് ആയൂർവേദ ആശുപത്രിക്ക് സമീപം.(ടാർ) | 1½K.M. |
| 6. | ചപ്പാത്ത് പങ്കാവ് (ടാർ) | 4.8K.M. |

### പഞ്ചായത്ത് റോഡ്

### വി.റ്റി.സി. ഗ്രാൻറിനർഹമായ റോഡുകൾ

1. റേഷൻകട നട പരുത്തിപ്പള്ളി ഗവ. പി.എച്ച് സെൻറർ റോഡ് (ഗ്രാവൽറോഡ്) - 150M
2. കുറ്റിച്ചൽ ചന്തനട - പള്ളിത്തററോഡ് (ഗ്രാവൽറോഡ്) - 600M
3. തേമ്പാമൂട് - കുളവുപാററോഡ് (ഗ്രാവൽറോഡ്) - 2000M
4. മേലാച്ചിക്കോണം - തച്ചൻകോട് (ഗ്രാവൽറോഡ്) - 1000M
5. മരുതംമൂട് - മുക്കാട്ടുമല റോഡ് (ഗ്രാവൽറോഡ്) - 500M
6. കാട്ടുകണ്ടം - കാലമ്പാറ റോഡ് (ഗ്രാവൽറോഡ്) - 1000M
7. അരുകിൽ - തച്ചൻകോട് റോഡ് (ഗ്രാവൽറോഡ്) - 1100M
8. മലവിള കുരുന്തറക്കോണം റോഡ്. (ഗ്രാവൽറോഡ്) - 750M
9. വില്ലേജാഫീസ് നട കുഴിയംകോണം റോഡ് (ഗ്രാവൽറോഡ്) - 800M
10. കള്ളോട് - പൊന്നറക്കോണം - നിലമ (ഗ്രാവൽറോഡ്) - 3000M
11. വില്ലുചാരികരണ്ടകം ചിററോഡ് (ഗ്രാവൽറോഡ്) - 1400M
12. കള്ളിയൽ നെട്ടുകാൽത്തേരി (ഗ്രാവൽറോഡ്) - 400M
13. വലിയവിള - പന്തലിച്ചി കള്ളിയൽ റോഡ് (ഗ്രാവൽറോഡ്) - 1000M
14. പൂച്ചപ്പാറ - എരുമക്കുഴി റോഡ് (ഗ്രാവൽറോഡ്) - 1000M
15. കോട്ടൂർ - കാപ്പുകാട് റോഡ് (ടാർ) - 2000M
16. പരുത്തിപ്പള്ളി - പേഴുംമൂട് (ടാർ) - 2000M
17. കോട്ടൂർ വില്ലുചാരി റോഡ് (ടാർ) - 1200M
18. പരുത്തിപ്പള്ളി - കോട്ടൂർ (ടാർ) - 5200M
19. ചിറക്കോണം - പച്ചക്കാട്. (ഗ്രാവൽറോഡ്) - 600M

### വി.ആർ.എം. ഗ്രാൻറിനർഹമായ റോഡുകൾ

1. മരുതംമൂട് - മന്തിക്കളം പരിത്തിപ്പള്ളി റോഡ് (ഗ്രാവൽറോഡ്) - 1500M
2. പള്ളിത്തറ കല്ലുവെട്ടാൻ കുഴി റോഡ് (ഗ്രാവൽറോഡ്) - 300M
3. അറപ്പുരക്കുഴി - പരിത്തപ്പള്ളി റോഡ് (ഗ്രാവൽറോഡ്) - 1200M
4. കാര്യോട് - കൊക്കോട്ടേലാറോഡ് (ഗ്രാവൽറോഡ്) - 150M
5. കുന്നുംപുറം - വള്ളിമംഗലം (ഗ്രാവൽറോഡ്) - 2500M
6. പച്ചക്കാട് നാറാണം കാര്യോട് റോഡ് (ഗ്രാവൽറോഡ്) - 1200M

7. മേലെമുക്ക് - നാറാണം റോഡ് (ഗ്രാവൽറോഡ്) - 400M
8. മണലിവിള തച്ചൻകോട് റോഡ് (ഗ്രാവൽറോഡ്) - 200M
9. മേലെമുക്ക് - മണലുവിള റോഡ് (ഗ്രാവൽറോഡ്) - 200M
10. മേലെമുക്ക് - മാറാൻകുഴി റോഡ് (ഗ്രാവൽറോഡ്) - 500M
11. ചിറക്കോണം മേലാച്ചിക്കോണം (ഗ്രാവൽറോഡ്) - 800M
12. ഉത്തരംകോട് - എരുമക്കുഴി റോഡ് (ഗ്രാവൽറോഡ്) - 7500M
13. കടമാൻകുന്ന് - പെരുമം റോഡ് (ഗ്രാവൽറോഡ്) - 1000M
14. കള്ളിയൽ - പെരുമം റോഡ് (ഗ്രാവൽറോഡ്) - 600M
15. കൊച്ചുകോണം - പന്തലിച്ചി റോഡ് (ഗ്രാവൽറോഡ്) - 1000M
16. കടമാൻകുന്ന് - പാറത്തോട് - പന്തലിച്ചി റോഡ് (ഗ്രാവൽറോഡ്) - 600M
17. കടമാൻകുന്ന് - പന്തലിച്ചി റോഡ് (ഗ്രാവൽറോഡ്) - 1000M
18. കൊടുക്കറ - വലിയറിള താഞ്ചിപ്പാറ റോഡ് (ഗ്രാവൽറോഡ്) - 1000M
19. മേലെമുക്ക് - ബിന്ദു റബ്ബർ വർക്സ് റോഡ് (ഗ്രാവൽറോഡ്) - 400M
20. അരുകിൽ - മേലാച്ചിക്കോണം - ചിറയ്ക്കോണം (ഗ്രാവൽറോഡ്) - 1500M
21. കണ്ണനാകോണം - കൈതയ്ക്കൽ റോഡ്. (ഗ്രാവൽറോഡ്) - 1500M
22. പരുത്തിപ്പള്ളി - റേഷന,കട ഉപ്പനച്ചാം കാല റോഡ് (ഗ്രാവൽറോഡ്) - 2500M
23. കരുംകുന്നം മാങ്കുടിചിറ റോഡ് (ഗ്രാവൽറോഡ്) - 1000M
24. കുഴിയംകോണം - കാളേളാട് റോഡ് (ഗ്രാവൽറോഡ്) - 750M

*വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് I

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | കുളവ്പാറ-തേമ്പാമൂട് | 2 കി.മി | | ✓ | | ✓ | |
| 2 | കാട്ടുകണ്ടം-കരിംകുന്നം | 1 കി.മി | | ✓ | | ✓ | |
| 3 | കണ്ണനാകോണം-കൈതക്കൽ-മാമ്പള്ളി | 1 കി.മി | | ✓ | | ✓ | |
| 4 | ഉപ്പനച്ചാംകാല-ഇലഞ്ഞിമൂട് | ¾ കി.മി | | ✓ | | ✓ | |
| 5 | പരുത്തിപ്പള്ളി-കാലായിൽ-വലിയവിള | 1 കി.മി | | ✓ | | ✓ | |
| 6 | ഉപ്പനച്ചാംകാല-മാങ്കുഴിച്ചിറ | 1 കി.മി | | ✓ | | ✓ | |
| 7 | കാലമ്പാറ-പുലിപ്പാറ-കരിങ്കുന്നം | 1½ കി.മി | | ✓ | | ✓ | |
| 8 | പാണൻകുഴി-തെങ്ങുവിള-പരിത്തിപ്പള്ളി | 1 കി.മി | | ✓ | | ✓ | |
| 9 | റേഷൻകട-ചാമവിള-പങ്കിമാവിള | 1 കി.മി | | ✓ | | ✓ | |
| 10 | പരുത്തിപ്പള്ളി-തിനവിള | ¾ കി.മി | | ✓ | | ✓ | |

## *വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് II

| നമ്പർ | റോഡിന്റെ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | ചന്തനട-കരുപ്പട്ടിച്ചിറ-കള്ളോട് | 1½ കി.മി | | ✓ | | ✓ | |
| 2 | കള്ളോട്-പൊന്നറക്കോണം | 1 കി.മി | | ✓ | | ✓ | |
| 3 | ചെമ്മണ്ണുംകുഴി-പൊന്നറക്കോണം | 1½ കി.മി | | | | | നടപ്പാത |
| 4 | കുറ്റിച്ചൽ-കരുപ്പട്ടിച്ചിറ | ½ കി.മി | | ✓ | | ✓ | |
| 5 | പേഴുംമൂട്-കുറ്റിച്ചൽ | 2 കി.മി | ✓ | | | | |
| 6 | നിലമ-പൊന്നറക്കോണം | 1 കി.മി | | ✓ | | ✓ | |
| 7 | പൊന്നറക്കോണം-തെക്കേതറ-കുറ്റിച്ചൽ | ¾ കി.മി | | | | | നടപ്പാത |

## *വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് III

| നമ്പർ | റോഡിന്റെ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| | പച്ചക്കാട്-കാര്യോട് | ½ കി.മി | | | | ✓ | ✓ |
| | ചന്തനട-പള്ളിത്തറ | ½ കി.മി | | | | ✓ | ✓ |
| | [illegible] | [illegible] | | ✓ | | ✓ | |
| | മേലെമുക്ക്-പേങ്ങാട് | ½ കി.മി | | | | ✓ | ✓ |
| | മേലെമുക്ക്-പുള്ളോട്ടുകോണം-ചന്തനട | 2 കി.മി | | ✓ | | ✓ | |
| 6 | നിലമ-അണിയിലമുകൾ | | | | | | |

### *വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് IV

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | തച്ചൻകോട്-അരുകിൽ | 1 കി.മി | | ✓ | | | ✓ |
| 2 | കൊക്കേട്ടേല-കുന്നിൻപുറം | 1 കി.മി | | ✓ | | | ✓ |
| 3 | നെടുവൻവയൽ-കൊക്കേട്ടേല | 1 കി.മി | | | | | ✓ |
| 4 | തച്ചംകോട്-ചിറക്കോണം | | | | | | നടപ്പാത |
| 5 | മേലേമുക്ക്-പള്ളിനട-പച്ചക്കാട് | ½ കി.മി | | ✓ | | | ✓ |
| 6 | പള്ളിനട-മേലെച്ചിറക്കോണം-മേലാച്ചികോണം | 1 കി.മി | | | | | നടപ്പാത |
| 7 | കരിപോത്തൻപാറ-ചിറക്കോണം | ½ കി.മി | | ✓ | | ✓ | |
| 8 | മേലാച്ചിക്കോണം-തച്ചംകോട് | 1 കി.മി | | | | | ഗ്രാവൽറോഡ് |
| 10 | കുന്നിൻപുറം-ആയത്തുനട | 1 കി.മി | | | | | നടപ്പാത |

### *വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് V

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | ചപ്പാത്ത്-എരുമക്കുഴി | 1 കി.മി | | ✓ | | | |
| 2 | മലവിള-കുരുന്തരക്കോണം-ഉത്തരംകോട് | 2 കി.മി | | ✓ | | | |
| 3 | വാഴപ്പള്ളി-തൊട്ടമൂട് | 1 കി.മി | | | | | നടപ്പാത |
| 4 | നെടുവൻവയൽ-അടികോട്ടൂർ | ½ കി.മി | | | | | ✓ |
| 5 | പാങ്കാവ്-കുന്നടി | 1½ കി.മി | ✓ | | | | നടപ്പാത |
| 6 | ഉത്തരംകോട്-എരുമക്കുഴി | 1 കി.മി | | ✓ | | | ✓ |
| 7 | ഉത്തരംകോട്-കാവുനട-ഭഗവതിക്കുന്ന് | 1 കി.മി | | | | | നടപ്പാത |
| 8 | ഉത്തരംകോട്-ശാസ്താംകുഴി | 2 കി.മി | | | | | നടപ്പാത |
| 9 | വഞ്ചിക്കുഴി-പൂച്ചപ്പാറ | 2 കി.മി | | | | | നടപ്പാത |

## *വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*
വാർഡ് VI

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | ഉത്തരംകോട്-കാവുനട-പള്ളിത്തറ | ½ കി.മി | | | | | ✓ |
| 2 | ഉത്തരംകോട്-മേക്കേക്കോണം | ½ കി.മി | | | | | ✓ |
| 3 | വാഴപ്പള്ളി-കൊടുക്കറ | ½ കി.മി | | | | | ✓ |
| 4 | വലിയവിള-നാഞ്ചിപ്പാറ | ½ കി.മി | | ✓ | | | നടപ്പാത |
| 5 | കോട്ടൂർ-കൊച്ചുകോണം-പന്തലിച്ചി | 1 കി.മി | | ✓ | | | ✓ |
| 6 | കടമാൻകുന്ന്-പാറത്തോട് | ¾ കി.മി | | ✓ | | | നടപ്പാത |
| 7 | കള്ളിയൽറോഡ്-കൊടുക്കറ | 2 കി.മി | | ✓ | | ✓ | |
| 8 | കൊടുക്കറ-വിലിയവിള-പന്തലച്ചി-കള്ളിയൽ | 1 കി.മി | | ✓ | | | ഗ്രാവൽറോഡ് |
| 9 | എരുമക്കുഴി-വടക്കേക്കര | 1 കി.മി | | | | | നടപ്പാത |

## *വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*
വാർഡ് VII

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | ടാർ | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | കോട്ടൂർ-വാലിപ്പാറ-പൊടിയം | 10 കി.മി | | ✓ | | | |
| 2 | പൊടിയം-ചോനാംപാറയിലേക്ക് | 4 കി.മി | | ✓ | | | |
| 3 | ഐ.എച്ച്.ബി.പി.കോളനി-പാറക്കോണം | | | ✓ | | | നടപ്പാത |
| 4 | എലിമല-പട്ടക്കുടി | | | ✓ | | | |
| 5 | കാഞ്ഞിരക്കാട്-പാങ്കാവ് | | | | | | |
| 6 | കൊട്ടാരത്തുനട-കാഞ്ഞിരംകാട്ട് | | | ✓ | | | |
| 7 | എലിമല-പട്ടികജാതിഗ്രാമം | | | | | | നടപ്പാത |

*വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് VIII

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | [illegible] | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 1 | കാവടിമൂല-കാപ്പുക്കാട് | 2 കി.മി | ✓ | | | | |
| 2 | കോട്ടൂർഎം.എൽ.എ റോഡ്-തച്ചംകാട് | 5 കി.മി | ✓ | | | | |
| 3 | കാപ്പുകാട്-ആമലമീൻമുട്ടി | 10 കി.മി | | | | ✓ | |
| 4 | കോട്ടൂർ ഉടയൻപാറ | 1 കി.മി | | | | | നടപ്പാത |
| 5 | വില്ലുചാരി-കരണ്ടകംചിറ | 1 കി.മി | | ✓ | | ✓ | |
| 6 | കോട്ടൂർ-ആമ്പല്ലൂർ-നാല്പത്തെട്ടേക്കർ | 2 കി.മി | | | | | ✓ |
| 7 | കള്ളിയൽ-നെട്ടുകാൽത്തേരി | 400 മി | | ✓ | | ✓ | |
| 8 | കള്ളിയൽ-പെരുമങ്കുഴി-വില്ലുചാരി | 2 കി.മി | | ✓ | | ✓ | |
| 9 | കടമാൻകുന്ന്-പെരുമങ്കുഴി | 2 കി.മി | | | | ✓ | |
| 10 | ചിലന്തിക്കുഴി-മാങ്കുടി-വില്ലുചാരി | 1 കി.മി | | | | | ✓ |

*വാർഡുതലത്തിൽ ആവശ്യമായ റോഡുകൾ / നടപ്പാതകൾ*

വാർഡ് IX

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | [illegible] | | മെറ്റൽ | | നടപ്പാത വീതി വേണ്ടത് |
|---|---|---|---|---|---|---|---|
| | | | | | ഉള്ളത് | വേണ്ടത് | |
| 1 | മന്തിക്കുളം പരുത്തിപ്പള്ളി | | | | | | |
| 2 | തേമ്പാമൂട്-കള്ളിയൽ | | | | | | |
| 3 | പരുത്തിപ്പള്ളി-അറപ്പുരക്കുഴി-മുക്കാട് | | | | | | |
| 4 | മാറാങ്കുഴി-ചന്തനട | | | | | ✓ | |
| 5 | പി.എച്ച്.സി.ലേക്കുള്ളത് | 150മി | | | | | |
| 6 | പരുത്തിപ്പള്ളിശിവക്ഷേത്രം-പള്ളിത്തറ | | | | | | |
| 7 | കുന്നുംപുറം-ഇലവിൻമൂട് | | | | | | ✓ |
| 8 | തേമ്പാമൂട്-ഉതിരക്കുഴി | | | | | | ✓ |
| 9 | നെട്ടുകാൽത്തേരി-നായാട്ടുപാറ | | | | | | ✓ |
| 10 | കല്ലറത്തോട്ടം-പുള്ളോട്ടുകോണം | | | | | | |

*പ്രശ്നങ്ങൾ*

വാർഡ് 1

1. സഞ്ചാര യോഗ്യമായ നടപ്പാതകളില്ല
2. ഗതാഗതയോഗ്യമായ റോഡുകളില്ല
3. നിലവിലുള്ള എം.എൽ.എ. റോഡ് ഭാഗം മെയിൻറൻസ് ചെയ്തിട്ടില്ല.
4. യാത്രാസൗകര്യം പരിമിതമാണ്, കൂടുതൽ ബസ് സർവീസ് ആവശ്യമാണ്.

വാർഡ് 2

1. നിലവിലുള്ള പേഴുംമൂട് കുറ്റിച്ചൽ പി.ഡബ്ല്യൂ.ഡി. റോഡ്. സൈഡ്‌വാളും ഓടകളുമില്ലാതെ കണ്ടും കുഴിയുമായി കിടക്കുന്ന. പലയിടത്തും വീതി കൂട്ടാനുണ്ട്.
2. വാർഡിനുള്ളിലേക്ക് ഗതാഗത യോഗ്യമായ റോഡുകളും ബസ് സർവീസും ആവശ്യമാണ്.
3. നടപ്പാതകൾ പലയിടത്തും നിർമ്മിക്കണം.
4. നെടുമങ്ങാട്, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് കൂടുതൽ ബസ് സർവ്വീസ് വേണം.

വാർഡ് 3

1. നടപ്പാതകളാവശ്യമാണ്
2. വാർഡിനുള്ളിലേക്ക് ഗതാഗതയോഗ്യമായ റോഡുകൾ വേണം
3. പച്ചക്കാട് - കാര്യോട് റോഡിൽ പാലം പണിയണം.
4. നിലവിലുള്ള പ്രധാന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യണം.
5. കൂടുതൽ ബസ് സർവ്വീസ് കുറ്റിച്ചലിലേയ്ക്ക് ആവശ്യമാണ്.

വാർഡ് 4

1. വാർഡിൻെറ മിക്കപ്രദേശങ്ങളിലും ഗതാഗതയോഗ്യമായ റോഡുകളില്ല.
2. നെടുവൻവയൽ - കൊക്കോട്ടേലറോഡ് വേണം
3. നിലവിലുള്ള റോഡുകൾ സൈഡ് കെട്ടിയും വീതികൂട്ടിയും പുതുക്കി പണിയണം.
4. കുമ്പിൾമൂട് തോട്ടിൽ കുന്നംപുറത്ത് പാലം പണിയണം.
5. കൂടുതൽ ബസ് സർവീസ് വേണം.
6. കുന്നുംപുറം ആയത്തുനടവരെ നടപ്പാത വേണം
7. കുറ്റിച്ചൽ ജംഗ്ഷൻെറ വികസനത്തിന് റോഡുകൾ ഓരോ കിലോമീറ്റർ ദൂരം രേഖപ്പെടുത്തണം.

വാർഡ് 5

1. നിലവിലുള്ള റോഡുകൾ പുതുക്കി പണിയണം.
2. മിക്കഭാഗങ്ങളിലും ഗതാഗതയോഗ്യമായ റോഡുകളില്ല.
3. നടപ്പാതകളുടെ അപര്യാപ്തത അധികമുണ്ട്.
4. ഉത്തരംകോട് - കുരുന്തറക്കോണം മലവിള റോഡിൽ കുമ്പിൾമൂട് - കാര്യോട് തോട്ടിൽ പാലം വേണം

വാർഡ് 6

1. നിവിലുള്ള റോഡുകൾ സംരക്ഷിക്കണം.
2. വാർഡിൽ പല ഭാഗത്തും ഗതാഗതയോഗ്യമായ റോഡുകൾ വേണം.
3. നടപ്പാതകൾ ആവശ്യമാണ്.
4. കൂടുതൽ ബസ് സർവ്വീസ് കോട്ടൂരിലേക്ക് ആവശ്യമാണ്.

വാർഡ് 7

1. വാർഡിനകത്ത് ഒറ്ററോഡുമില്ല.
2. പുതിയ റോഡുകൾ വേണം.
3. നടപ്പാതകൾ ആവശ്യമാണ്
4. ആദിവാസിമേഖലയിലലേക്ക് (പൊടിയം, ചേനംപാറ) ഗതാഗതയോഗ്യമായ റോഡു നിർമ്മിക്കണം.

വാർഡ് 8

1. നിലവുലുള്ള റോഡുകൾ യഥാസമയം പുതുക്കിപണിയാറില്ല. ഗതാഗതത്തിനുതന്നെ തടസ്സമാകുന്നു.
2. പുതിയ റോഡുകൾ ആവശ്യമാണ്.
3. നടപ്പാതകൾ നിർമ്മിക്കണം
4. ആദിവാസി മേഖലയിൽ ആമല റോഡ് നിർമ്മിക്രണം.
5. കാപ്പുകാട് റോഡിൽ മുണ്ടണിയിൽ പാലം പണിയണം.

6. നെയ്യാർ മീൻമൂട്ടിയിലേക്കുള്ള ജീപ്പ് റോഡ് ഗതാഗതയോഗ്യമാ റോഡാക്കണം. ടൂറിസ്റ്റുകൾക്കുവേണ്ടി സർവ്വീസ് നടത്തണം.

വാർഡ് 9

1. വാർഡിൽ ഗതാഗതയോഗ്യമായ റോഡുകളില്ല.
2. നടപ്പാതകൾ നിർമ്മിക്കണം.
3. നിലവിലെ റോഡ പുനരുദ്ധരിക്കണം.
4. കൂടുതൽ സർവീസ് ആവശ്യമാണ്.

*പൊതുനിർദ്ദേശങ്ങൾ*

1. കോട്ടൂരിൽ നിന്നും പേപ്പാറയ്ക്കു റോഡ് നിർമ്മിക്കണം നെയ്യാർഡാം - കോട്ടൂർ-പേപ്പാറ
2. കാപ്പുകാട്ടിൽ നിന്നും മീൻമൂട്ടിയ്ക്ക് റോഡും ആവശ്യമാണ്. (ടൂറിസം)
3. കോട്ടൂർ - കതിർമുടി റോഡ് നിർമ്മിക്കണം.
4. വിദ്യാർത്ഥികൾക്കുമാത്രമായി ബസ് സർവ്വീസും യത്രാ സൗകര്യത്തിനായി കൂടുതൽ സർവ്വീസുകളും ഏർപ്പെടുത്തണം.
5. കാര്യോട്- കൊക്കോട്ടേല റോഡ് പുതുക്കുപ്പണി നടത്തുകയും, കമ്പിപ്പാലം മാറ്റി പുതിയപാലം നിർമ്മിക്കുക.

## മാർക്കറ്റ്

ചന്തക്ക് നമ്മുടെ ദൈനംദിന ജീവിതവുമായി അഭേദ്യബന്ധമുണ്ട്. കുറ്റിച്ചിലിലെ ചന്തയാണ് പഞ്ചായത്തിലെ ആദ്യത്തെ ചന്ത. രൂപം കൊണ്ടിട്ട് ഒരു നൂറ്റാണ്ടായിക്കാണും. അന്തിച്ചന്തയായിട്ടാണ് തുടങ്ങിയത്. പിന്നീട് ആഴ്ചയിൽ രണ്ടുദിവസം ബുധനും ശനിയും ഉച്ചചന്തയുണ്ടായി. ഇപ്പോൾ എല്ലാ ദിവസവും രാവിലെ ചന്തകൂടി വരുന്നു. കോട്ടൂരാണ് പിന്നീട് ചന്ത വന്നത്. അതും ആദ്യം അന്തിച്ചന്തയായിരുന്നു. ബുധനും ശനിയും കാണിക്കാരുടെ വിഭവങ്ങൾ വിറ്റഴിക്കാൻ പാകത്തിൽ വിശേഷാൽ ചന്ത കൂടുന്നുണ്ട്. ഉത്തരംകോട് ചപ്പാത്തിലാണ് ഇനിയൊരു ചന്തയുള്ളത്. ഇതിപ്പോൾ അന്തിച്ചന്തയാണ്.

കാണിക്കാർ കൊണ്ടുവരുന്ന സാധനങ്ങൾ ലേലം ചെയ്തുവിൽക്കുന്നതിനുവേണ്ടി കോട്ടൂർ ഫോറസ്റ്റ് ഓഫീസ് നടയിൽ വനംവകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു ചന്ത കൂടുന്നുണ്ട്. കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും കാണിക്കാരെ മോചിപ്പിക്കുന്നതിനുവേണ്ടി അവരുടെ കാർഷികോത്പന്നങ്ങളും വനവിഭവങ്ങളും ഫോറസ്റ്റുദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലേലം ചെയ്തുകൊടുക്കുന്ന ഈ സമ്പ്രദായം ആരംഭിച്ചിട്ടും നാല്പതുവർഷത്തോളം വരും. ഈറ്റയും. ചൂരലും കൊണ്ടു നിർമ്മിച്ച കട്ട, വട്ടി, പരമ്പ്, ലാമി തുടങ്ങിയ ഗൃഹസാമഗ്രികൾ, തേൻ, കുന്തിരക്കം, നെല്ലിക്ക, കാരയ്ക്ക, പിണമ്പുളി, കസ്തൂരിമഞ്ഞൾ, പാണംപൂവ്, വയണപ്പൂവ്, കടുക്കാപ്പൂവ് തുടങ്ങിയ വനവിഭവങ്ങൾ, വാഴക്കുല, മരിച്ചീനി, പാക്ക്, കുരുമുളകം, കൊക്കോ, കശുവണ്ടി തുടങ്ങിയ കാർഷികോല്പന്നങ്ങൾ എന്നിവയും, ആട്, കോഴി തുടങ്ങിയ വളർത്തു മൃഗങ്ങളും ഇവിടെ വില്പനയ്ക്കെത്തുന്നു. കോട്ടൂരിലെ കാണിക്കാരുടെ വിഭവങ്ങൾ സൂക്ഷിയ്ക്കുന്നതിനും ലേലം ചെയ്യുന്നതിനും വേണ്ടി മാർക്കറ്റ് സ്റ്റാൾ നിർമ്മിച്ചുവെങ്കിലും വനംവകുപ്പ് ലേലം നടത്തികൊടുക്കുകയും അതിലൂടെ നിശ്ചതശതമാനം കമ്മീഷനായി കൈവശപ്പെടുത്തുകയും ചെയ്തു കൊണ്ടിരിക്കുന്നതിനാൽ ഫോറസ്റ്റാഫീസ് നടയിൽ നിന്നും ചന്തയിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. മാർക്കറ്റ് സ്റ്റാളിലേക്ക് ലേലം മാറ്റുകയും കച്ചോടം സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. കോട്ടൂർ, കുറ്റിച്ചൽ, ഉത്തരംകോട് (ചപ്പാത്ത്) എന്നീ പഞ്ചായത്ത് വക മാർക്കറ്റുകൾ ചുറ്റുമതിലുകൾ കെട്ടിയും സ്റ്റാളുകൾ നിർമ്മിച്ചും മത്സ്യക്കച്ചവടത്തിനും, മാംസക്കച്ചവടത്തിനും പ്രത്യേക സൗകര്യങ്ങളുണ്ടാക്കുകയും മാലിന്യങ്ങൾ നശിപ്പിക്കാൻ പദ്ധതിയും വേണം. പേഴുംമൂട്ടിൽ പഞ്ചായത്ത്വക സ്ഥലത്ത് ഇപ്പോൾ അനധികൃതമായി മാർക്കറ്റ് നടക്കുന്നു. അവിടെ പൊതുചന്തയായി അംഗീകരിച്ച് ചുറ്റുമതിലുകൾ കെട്ടിയും സ്റ്റാളുകൾ നിർമ്മിച്ചും ഇന്നത്തെ ആ പ്രദേശത്തെ ബുദ്ധിമുട്ട് പരിഹരിക്കണമെന്നും അഭിപ്രായമുണ്ട്.

# 7

# കുടിവെള്ളവും പൊതുജനാരോഗ്യവും

വായു കഴിഞ്ഞാൽ മനുഷ്യനു ഏറ്റവും ആവശ്യമുള്ള ഒന്നാണ് ജലം. 'നീർപോകും ചാലുകൾ' എങ്ങുമുണ്ടെങ്കിലും അവ ഭൂരിപക്ഷവും മലിനമാണെന്നതാണ് വാസ്തവം. അശുദ്ധ ജലം കുടിച്ചാൽ രോഗങ്ങളുണ്ടാവും. ജലജന്യരോഗങ്ങൾ നിരന്തരമായി നമ്മെ പിടിപ്പിച്ചു കൊണ്ടിരിക്കുന്നു. ജല്വുമായി ബന്ധപെട്ട രോഗങ്ങളെ പ്രധാനമായി രണ്ടായി തിരിക്കാം. ഒന്നാമത്തേത് രോഗം പകർത്താൻ കഴിവുള്ള ജീവിയിലൂടെ പകരുന്നവയും രണ്ടാമത്തേത് ജലത്തിലുള്ള രാസപദാർത്ഥങ്ങളിലൂടെ പകരുന്നവയും. ഛർദ്ദി, അതിസാരം, മലേറിയ എന്നിവയെല്ലാം ആദ്യ വിഭാഗത്തിൽ പെടുന്നു. കോളറ, ടൈഫോയിഡ്, വയറിളക്കം, ഹെപ്പാറ്റിറ്റിസ്, തുടങ്ങിയ രോഗങ്ങൾക്കു നിദാനം കുടിവെള്ളത്തിലുള്ള മാലിന്യങ്ങളാണ്.

ആരോഗ്യ പരിപാലനത്തിൽ കുടിവെള്ളത്തിന്റെ പ്രാധാന്യം കുറ്റിച്ചൽ നിവാസികൾ മുൻപ് മനസ്സിലാക്കിയിരുന്നില്ല. രോഗം പരത്തുന്നതിൽ വെള്ളത്തിനുള്ള പങ്കിനെപ്പറ്റിയും അവർ അറിഞ്ഞിരുന്നില്ല. എവിടേയും ശുദ്ധ ജലം ലഭിക്കുന്ന ഒരു ചുറ്റുപാട് അന്നുണ്ടായിരുന്നു. പരിസ്ഥിതി മലിനപ്പെട്ടതോടെ ശുദ്ധമായ കുടിവെള്ളം കിണറ്റിൽ നിന്നും മാത്രമാണ് ലഭിക്കുന്നത്. ഭൂമിയിൽ വെള്ളം ധാരാളമുണ്ടെങ്കിലും പാന യോഗ്യമല്ല. തോടുകളിലേയും നീരുറവകളിലേയും വെള്ളമെടുത്ത് കഞ്ഞി വയ്ക്കുകയും കുടിക്കുകയും ചെയ്തിരുന്നു. ഗ്രാമ നിവാസികൾ ഇപ്പോൾ കുടിവെള്ളത്തിനുവേണ്ടി ദൂരെ പോകേണ്ടി വരുന്നു. ആളോഹരി ശുദ്ധജല ഉപയോഗത്തോത് വികസനത്തിന്റെ അളവുകോലായി പരിഗണിക്കപ്പെടുന്നു. ജനസംഖ്യാ വർദ്ധന കാരണം, കുടിവെള്ളത്തിനുള്ള മുട്ട് വരും കാലങ്ങളിൽ രൂക്ഷമാകാനാണ് സാധ്യത. ഇത് എത്രയും നേരത്തെ മനസ്സിലാക്കി ഒരു തുള്ളി ശുദ്ധ ജലംപോലും പാഴാകാത്ത വിധത്തിൽ ഉപയോഗപ്പെടുത്തണം. പ്രകൃതി നൽകുന്ന ജലം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ശുദ്ധജല വിനിയോഗ വിഷയത്തിൽ ആസൂത്രിതമായ മാനേജ്മെൻറ് പ്ലാൻ തയ്യാറാക്കണം.

## കുടിവെള്ളം

*പ്രശ്നങ്ങൾ*

1. കുടിവെള്ളത്തിന്റെ (ശുദ്ധജലത്തിന്റെ) അപര്യാപ്തത വേനൽക്കാലത്തും അല്ലാത്തപ്പോഴും രൂക്ഷമാകുന്നു.
2. പഞ്ചായത്തിലെ ചിറകളും തോടുകളും ഉപയോഗ ശൂന്യമാണ്.
3. വാട്ടർ ടാങ്കുകൾ ഉണ്ട്, പര്യാപ്തമല്ല.
4. നിലവിലുള്ള പൈപ്പ് ലൈനുകൾ ഉപയോഗ ശൂന്യമായണ്.
5. പഞ്ചായത്തിൽ പൊതു കുളങ്ങൾ കുറവാണ്.
6. കിണറുകൾ നിർമ്മിക്കുന്നതിന് പാറകൾ തടസ്സമാകുന്നു.
7. പഞ്ചായത്തിലെ ഏകദേശം 20% ആളുകൾക്ക് സ്വന്തമായി കിണർ നിർമ്മിക്കാനുള്ള സാമ്പത്തിക ശേഷിയില്ല.
8. കുടിവെള്ളത്തിനായി നിർദ്ധന കുടുംബങ്ങൾക്ക് കിണർ കുഴിച്ച് നൽകാൻ സംവിധാനമില്ല.

*പരിഹാരമാർഗ്ഗങ്ങൾ*

1. പഞ്ചായത്തിൽ പൈപ്പ് ലൈൻ എത്തിക്കാൻ ശ്രമിക്കുക.
2. എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളാണെങ്കിൽ അവിടെ സൗജന്യമായി കിണർ കുഴിച്ച് നൽകുക.
3. മാമ്പള്ളിച്ചിറ, കരണ്ടകംചിറ മുതലായവ സംരക്ഷിച്ച് ജലം ശുദ്ധീകരിച്ച് പൈപ്പ് ലൈൻ വഴി സമീപ പ്രദേശങ്ങളിൽ എത്തിക്കുക.
4. പൊതു കുളങ്ങൾ കുഴിക്കുക.
5. പൊതു കിണറുകൾ ഉപയോഗയോഗ്യമാക്കാൻ വേണ്ട നടപടികൾ എടുക്കുക.
6. പാറപൊട്ടിക്കുന്നതിന് സർക്കാർ സഹായം അനുവദിക്കുക.
7. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് കിണർ കുഴിക്കാൻ സഹായം നൽകുക.

## *ശുദ്ധജലവിതരണം - നിലവിലുള്ള സ്രോതസ്സ്*

| ഇനം | കോഡ് | നദി | അരുവി | നീർചാൽ | കുളം | ഉറവ | കിണർ | കുഴൽകിണർ |
|---|---|---|---|---|---|---|---|---|
| എണ്ണം | എണ്ണം | - | 1 | 30 | 30 | 34 | 2009 | 18 |
| ആശ്രയിക്കാവുന്നതാണോ | * | - | 1 | 2 | 3 | 3 | 2 | 3 |
| ഗുണനിലവാരം | * | - | 1 | 2 | 3 | 2 | 2 | 3 |
| വാർഡ് സ്രോതസ്സ് ഇനംതിരിച്ച് | വാർഡ് നമ്പർ | 3,4,5 7,8, | 8.4.5 7,3 | 1to9 | 1,2,3,4 6,8 | 1,2,3,4 5,6,7,8,9 | 1to9 | 1,2,4,5 8,9 |

* 1. നല്ലതിന്, 2. തൃപ്തികരം, 3. മോശം

## *കുടിവെള്ളം - ഉപയോഗരീതി (സാമൂഹ്യസർവ്വേ)*

| വിനിയോഗിക്കുന്ന സ്രോതസ്സ് | യൂണിറ്റ് | കിണർ | തെരുവ് ടാപ്പ് | സ്വകാര്യ ടാപ്പ് | കൈ പമ്പ് | കുളം | നദി | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|

### *വരൾച്ചാ മാസങ്ങൾ*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഉപയോഗിക്കുന്ന ആളുകൾ | എണ്ണം % | 71 | 7.8 | 0.1 | 0.1 | 10.8 | - | 0.1 |
| 200 മീറ്ററിനകത്ത് | എണ്ണം % | 97.9 | 93.6 | 100 | 77.8 | 69.2 | - | - |

### *ബാക്കി മാസങ്ങളിൽ*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഉപയോഗിക്കുന്ന ആളുകൾ | എണ്ണം % | 83.5 | 4.5 | 0.1 | | 5.2 | - | 0.2 |
| 200 മീറ്ററിനകത്ത് | എണ്ണം % | 98.8 | 92.3 | 96.6 | 100 | 83.8 | 60 | 100 |

## *മറ്റാവശ്യങ്ങൾക്കുള്ള വെള്ളം*

| വിനിയോഗിക്കുന്ന സ്രോതസ്സ് | യൂണിറ്റ് | കിണർ | തെരുവ് ടാപ്പ് | സ്വകാര്യ ടാപ്പ് | കൈ പമ്പ് | കുളം | നദി | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|

### *വരൾച്ചാ മാസങ്ങൾ*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഉപയോഗിക്കുന്ന ആളുകൾ | എണ്ണം % | 51 | 9% | | 1 | 26.4 | -0.2 | |
| 200 മീറ്ററിനകത്ത് | എണ്ണം % | | | | | | | |

### *ബാക്കി മാസങ്ങളിൽ*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഉപയോഗിക്കുന്ന ആളുകൾ | എണ്ണം % | 72.7 | 4.7 | 0.1 | 0.7 | 15.1 | - | 0.2 |
| 200 മീറ്ററിനകത്ത് | എണ്ണം % | 99.5 | 96.4 | 100 | 100 | 75.6 | - | - |

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

| വാർഡ് നമ്പർ | പരമ്പരാഗതവും അനുയോജ്യവുമായ വിതരണ രീതികൾ | | | | | | | പൈപ്പുവെള്ളം | | | മറ്റുമാർഗ്ഗങ്ങൾ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | മഴവെള്ളം | കിണർ മെച്ചപ്പെടുത്തൽ | പി.ഡബ്ല്യു പുതിയ കിണർ | ഉറവകൾ സംരക്ഷിക്കുക | കൈപമ്പുകൾ നന്നാക്കുക | പുതിയ കൈപമ്പുകൾ | കുളങ്ങൾ നന്നാക്കുക | കേടുപാടുകൾ തീർക്കുക | വിപുലീകരിക്കുക | പുതിയത് | വിവരിക്കുക | ശ്രേണം |
| 1 | | 100 | 75 | 4 | 4 | 5 | 4 | - | 10 കി.മി 30ടാപ്പ് | 1 | - | - |
| 2 | | 100 | 50 | 5 | 1 | 5 | 5 | 3 കി.മി 15ടാപ്പ് | 3 കി.മി 10ടാപ്പ് | | - | - |
| 3 | | 50 | 150 | 2 | | | 1 | 2 കി.മി 5ടാപ്പ് | 5 കി.മി 20ടാപ്പ് | | - | - |
| 4 | | 100 | 100 | 1 | | 3 | 1 | 1 കി.മി 8ടാപ്പ് | 3 കി.മി 15ടാപ്പ് | | തടയണ | 1 |
| 5 | | 150 | 75 | 3 | 4 | | | 4ടാപ്പ് | 5 കി.മി 20ടാപ്പ് | | - | - |
| 6 | | 100 | 100 | 5 | | 5 | | 3 കി.മി 5ടാപ്പ് | 3 കി.മി 10ടാപ്പ് | | - | - |
| 7 | | 50 | 100 | 3 | | 1 | | 3ടാപ്പ് | 2 കി.മി 15ടാപ്പ് | | - | - |
| 8 | | 70 | 100 | 8 | 2 | 2 | 3 | - | 10 കി.മി 40ടാപ്പ് | 1 | തടയണ | 1 |
| 9 | | 50 | 125 | 3 | 5 | | 1 | 8ടാപ്പ് | 5 കി.മി 20ടാപ്പ് | 1 | - | - |
| ആകെ | | 770 | 975 | 34 | 16 | 21 | 16 | 9 കി.മി 46ടാപ്പ് | 44 കി.മി 190ടാപ്പ് | 4 | - | - |
| മുനഗണനാക്രമം | | 2 | 1 | 7 | 8 | 9 | 6 | 5 | 3 | 4 | - | 2 |

### *കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൻെറ പ്രശ്നവിവരങ്ങൾ*
### *ശുദ്ധജല വിതരണവും പരിസര ശുചീകരണവും*

ജില്ല - തിരുവനന്തപുരം | ബ്ലോക്ക് - വെള്ളനാട്

| | പ്രശ്നവിഷയങ്ങൾ | ഇല്ല | കുറച്ച് | ഉണ്ട് | പ്രശ്നങ്ങളുടെ സംക്ഷിപ്തം |
|---|---|---|---|---|---|
| 1 | ശുദ്ധജലവിതരണം | | | | |
| 1.1 | സ്രോതസ്സ് | | | ✓ | അരുവി, വേനലിൽ വെള്ളം കുറവ്, ശുദ്ധജലമല്ല ഓര്, ചുറ്റും കെട്ടിയിട്ടില്ല |
| 1.2 | നിലവിലുള്ള ശുദ്ധജലവിതരണം | | | ✓ | പമ്പ്മെയിൻ മാറ്റിസ്ഥാപിക്കുക, ടാങ്കിന് കപ്പാസിറ്റി കുറവ്, പൈപ്പ്ലൈൻ പൊട്ടിയൊലിക്കുന്നു. വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമല്ല, ജീവനക്കാരുടെ സേവനം കൃത്യമായി ലഭിക്കുന്നില്ല. |
| 1.3 | നിലവിലുള്ള പരമ്പരാഗത വിതരണം | | | ✓ | അരുവി, വെള്ളംകുറവ്, അഴുക്കുവെള്ളം, ഓര്, കുഴൽ കിണറുകൾ പ്രവർത്തിക്കുന്നില്ല |
| 1.4 | മറ്റുപ്രശ്നങ്ങൾ | | | | |

## പൊതുജനാരോഗ്യം

ലോകാരോഗ്യ സംഘടനയുടെ പ്രശംസ നേടാൻ കഴിഞ്ഞതാണ് കേരളത്തിലെ ആരോഗ്യ രക്ഷാ സംവിധാനങ്ങൾ. അമേരിക്ക പോലെയുള്ള വികസന രാഷ്ട്രങ്ങൾക്ക് സമശീർഷമായതെന്നു പറയപ്പെടുന്നു. പ്രസവത്തോടനുബന്ധിച്ചുള്ള മരണം, ശിശുമരണം, തുടങ്ങിയവയുടെ തോത് വളരെ കുറഞ്ഞിട്ടുണ്ട്. പകർച്ചവ്യാധികൾ യഥാസമയം തടയാൻ കഴിഞ്ഞിട്ടുണ്ട്. കടുംബക്ഷേമപ്രവർത്തനങ്ങളിൽ വിജയം കരസ്ഥമാക്കിയിട്ടുണ്ട്. ജനപ്പെരുപ്പം തടയാനും സാധിച്ചു വരുന്നു. നഗരങ്ങളെ അപേക്ഷിച്ച് ഗ്രാമത്തിലെ ആരോഗ്യപരിപാലനം മെച്ചമല്ല. ഗ്രാമങ്ങളിലെ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം യഥാസമയത്ത് ലഭിക്കുന്നില്ല. മരുന്നുകളും കിട്ടുന്നില്ല. സേവനത്തെക്കാൾ കച്ചവട മനഃസ്ഥിതി യാണ് വൈദ്യരംഗം ഭരിക്കുന്നത്. 'എല്ലാവർക്കും ആരോഗ്യം' ലഭിക്കത്തക്ക വിധം നമ്മുടെ ആരോഗ്യരംഗം ആസൂത്രണം ചെയ്യുന്നതിന് ബഹുജന പങ്കാളിത്തം കൂടിയേ കഴിയൂ.

അടുത്തുള്ള പഞ്ചായത്തുകളെ അപേക്ഷിച്ച് ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾ വൈകിയാണ് ഇവിടെ ആരംഭിച്ചത്. നാല്പതു വർഷം വരും ആധുനിക രീതിയിലുള്ള ചികിൽസാലയങ്ങൾ തുടങ്ങിയിട്ട്. ഔഷധ സസ്യങ്ങളെ ആധാരമാക്കിയുള്ള നാട്ടുചികിൽസയ്ക്കായിരുന്നു മുൻപ് പ്രചാരം. മഞ്ഞപ്പിത്തം, പേപ്പട്ടിവിഷം, ചിലന്തിവിഷം തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ധമായി ഒറ്റമൂലി പ്രയോഗിച്ചിരുന്നവർ ഇവിടെ ജീവിച്ചിരുന്നു. കാണിക്കാർ കാട്ടിൽ നിന്നും ലഭിച്ചിരുന്ന പച്ചിലകൾ ഉപയോഗിച്ചാണ് ആരോഗ്യം നില നിർത്തിയിരുന്നത്. ആരോഗ്യപച്ചയെക്കുറിച്ച് ആധുനിക ആയുർവ്വേദ ഗവേഷകർക്ക് അറിവ് നൽകിയത് കാണിക്കാർ ആയിരുന്നു.

ഉന്മാദം അപസ്മാരം പോലെയുള്ള രോഗങ്ങൾക്ക് മന്ത്രവാദമായിരുന്നു പ്രധാന ചികിത്സാ രീതി. സാധാരണയുള്ള മറ്റു രോഗങ്ങൾക്കും മന്ത്രവാദം സ്വീകരിച്ചു പോന്നു. പ്രാകൃതമായ ഈ അനുഷ്ഠാനങ്ങൾ മൂലം മരണമടഞ്ഞവരുടെ സംഖ്യ ഭീമമാണ്. പ്രസവത്തോടെയുള്ള സ്ത്രീമരണം സാധാരണ സംഭവമായിരുന്നു. ഭ്രൂണഹത്യയ്ക്ക് അപകടരമായ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഗർഭഛിദ്രങ്ങളും പരിചിതമായിരുന്നു. ഇങ്ങനെ എല്ലാരീതിയിലും ആരോഗ്യപരിരക്ഷണം അവതാളത്തിലായിരുന്നു.

സ്വാതന്ത്ര്യസമരക്കാലത്ത് അവരുടെ ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾക്കായി സഞ്ചരിക്കുന്ന വാഹനത്തിൽ ഔഷധങ്ങൾ എത്തിച്ച് കോട്ടൂർ, പാങ്കാവ് എന്നീ പട്ടികവർഗ്ഗകോളനികളിൽ അധിവസിക്കുന്ന വരെ രക്ഷിച്ചു പോന്നു. മലമ്പനിക്ക് അനുകൂലമായ ഒരു കാലാവസ്ഥയാണ് പണ്ടിവിടെ ഉണ്ടായിരുന്നത്. ഈ രോഗമൂലം ജീവിതം അവസാനിപ്പിക്കേണ്ടി വന്നവരുടെ സഖ്യയും ചില്ലറയല്ല. എയ്ഡ്സിനെ പ്പോലെ ഒരു മഹാമാരിയായിട്ടാണ് ഗ്രാമീണർ അന്ന് ക്ഷയരോഗത്തെ കണ്ടിരുന്നത്. കുഷ്ഠരോഗികളെ കുടുംബാംഗങ്ങൾപോലും വെറുത്തിരുന്നു. അവരെ പാപികളായി കരുതിപ്പോന്നു.

കാട്ടു പ്രദേശമായിരുന്നതിനാൽ ഇഴജന്തു ക്കളുടെ ശല്യവും കുറവായിരുന്നില്ല. ഉഷ്ണമേഖല പ്രദേശങ്ങളിലെ ഉഗ്രവിഷമുള്ള ചില സർപ്പങ്ങൾ കോട്ടൂർ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. അവയുടെ കടിയേറ്റ് ധാരാളം പേർ മൃതിപ്പെട്ടിരുന്നു. വിഷഹാരികൾ പലരുമിവിടെ ഉണ്ടായിരുന്നെങ്കിലും നിലമേൽ കുത്തുകുഴി വീട്ടുകാരായിരുന്നു പേരു കേട്ടവർ.

ആധുനിക ചികിത്സക്കായി പഴയകാലത്ത് കുറ്റിച്ചൽ പഞ്ചായത്ത് നിവാസികൾ ആശ്രയിച്ചിരുന്നത് കാട്ടാക്കടയിലുള്ള രക്ഷാ സൈന്യം ആശുപത്രിയെ യായിരുന്നു.

1956ന് അടുപ്പിച്ചാണ് കുറ്റിച്ചൽ പഞ്ചായത്തിൽ ആദ്യമായി ഒരു ആതുരാലയം രൂപപ്പെട്ടത്. അതാണ് ഇന്നത്തെ ഗവൺമെൻറ് ആയുർവേദ ആശുപത്രി. പരിമിതമായ സൗകര്യങ്ങളോട് കൂടി ഒരു ഡിസ്പെൻസറിയായി ഇതാരംഭിച്ചു. പ്രസ്തുത സ്ഥാപനം ഇന്ന് നിരവധിക്കിടക്കകളോടുകൂടിയ ഒരാശുപത്രിയായി മാറിയിട്ടുണ്ട്.

*ആയുർവേദ ആശുപത്രി കഴിഞ്ഞ നലുവർഷത്തെ ചില വിവിരങ്ങ്*

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട്പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക്രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പു കടി) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 125 | 51608 | 1107 | 39011 | 1006 | 7100 | 3509 | 51733 |
| 1993-94 | 120 | 46117 | 1053 | 31250 | 1207 | 9301 | 3426 | 46237 |
| 1994-95 | 104 | 46047 | 1219 | 31120 | 1124 | 9126 | 3562 | 46151 |
| 1995-96 | 101 | 35106 | 1183 | 21418 | 985 | 9927 | 1694 | 35207 |
| ആകെ | 450 | 178878 | 4562 | 122799 | 4322 | 35454 | 12191 | 179328 |

പഞ്ചായത്തിൽ അലോപ്പതി ചികിത്സാ സൗകര്യ മുള്ള ഒരു ആശുപത്രി വന്നത് 20-2-1982മുതലാണ്. വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത ഡിസ്പെൻസറി 1984-ൽ പുതിയ സ്വന്തം കെട്ടിടത്തിലേക്കു മാറ്റി. 13-10-88ൽ കുറ്റിച്ചൽ ഗവൺമെൻറ് റൂറൽ ഡിസ്പെൻസറിയെ ഒരു പ്രൈമറി ഹെൽത്തുസെൻററായി ഉയർത്തി. അതോടെ വെള്ളനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ ഈ പഞ്ചായത്തതിർത്തിയിൽ സേവനം നടത്തിക്കൊണ്ടിരുന്ന ഹെൽത്ത് ജീവനക്കാരുടെ ടെക്നിക്കൽ കൺട്രോൾ ലഭിച്ചു. കൂടാതെ വെള്ളനാട് മോഡിഫൈഡ് ലെപ്രസി കൺട്രോൾ യൂണിറ്റിൻെറ കീഴിലുള്ള ഒരു ലെപ്രസി ഇൻസ്പെക്ടറുടെ സേവനവും കിട്ടി. 19.74 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശത്ത് സർക്കാർ അലോപ്പതി സ്ഥാപനം ഇതുമാത്രമാണ്. ഇതിൻെറ കീഴിൽ കുറ്റിച്ചൽ, പച്ചക്കാട് ഉത്തരംകോട്, കോട്ടൂർ എന്നിവിടങ്ങളിലായി നാലു ഫാമിലി വെൽഫെയർ സബ്സെൻററുകൾ നിലവിലുണ്ട്. കുറ്റിച്ചൽ ഫാമിലി വെൽഫെയർ സെൻറർ ഗവൺമെൻറ് കെട്ടിടത്തിലും മറ്റുള്ളവ ചില വീടുകളിലെ ഭാഗത്ത് വീട്ടുകാരുടെ ഔദാര്യത്തിൽ വാടക കൂടാതെയും നടക്കുന്നു. ബഹു. എം.പി.

ഫണ്ടിൽ നിന്നും അനുവദിച്ച നാലു ലക്ഷംരൂപ വിനിയോഗിച്ച് പതിനാറ് കിടക്കകളോടുകൂടിയ ഒരു വാർഡിൻെറ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

*പകർച്ചവ്യാധി വിവരങ്ങൾ*

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 369 | 52 | | - |
| 1994-95 | 302 | 11 | 1 | - |
| 1995-96 | 281 | 4 | 2 | - |

*ഇവിടെ താഴെ കൊടുത്തിരിക്കുന്ന ദേശീയ പരിപാടി വിജയകരമായി നടത്തിവരുന്നു.*

1. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം.

*കുഷ്ഠരോഗനിവാരണ പദ്ധതി 1991-92, 1995-96*

1991 മാർച്ച് മാസം തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ കുഷ്ഠരോഗനിവാരണ പദ്ധതിയുടെ ഭാഗമായി കുറ്റിച്ചൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ കീഴിലും വിവിധ ഔഷധചികിത്സ എം.ഡി.റ്റി. ആരംഭിച്ചു. ദീർഘകാല ചികിത്സ ആവശ്യമുള്ളതും ഹ്രസ്വകാല ചികിത്സ വേണ്ടതു നാല്പതുരോഗികൾ ചികിത്സക്കായി പേർ രജിസ്റ്റർ ചെയ്യുകയുണ്ടായി. 1995-96 ആയപ്പോഴേക്കും ഇത് 65 ആയി മാറി. ഇതിൽ 58 രോഗികൾ സുഖം പ്രാപിച്ചു. നിലവിൽ ബാക്കിയുള്ളവർ 7 പേർ ചികിത്സയിലാണ്.

സുഖം പ്രാപിച്ചവരിൽ പലരും അംഗവൈകല്യം സംഭവിച്ചവരാണ്. സ്വന്തമായി കഠിനാദ്ധ്വാനം ചെയ്യാൻ കഴിയാത്തവരും ഇതിൽ ഉൾപ്പെടുന്നു. ഇവരെ പുനരധിവസിക്കുന്നതിന് നാളിതുവരെ യാതൊരു വിധ നടപടിയും ഉണ്ടായിട്ടില്ല. ഉപജീവനമാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുന്ന ഇവർക്ക് മാനുഷിക പരിഗണന നൽകി എന്തെങ്കിലും സ്ഥിരമായ വരുമാനത്തിനുള്ള മാർഗ്ഗം നല്കേണ്ടത് അത്യാവശ്യമാണ്.

ചെറിയതോതിൽ അംഗവൈകല്യം സംഭവിച്ചവർക്ക് ഫിസിയോതെറാപ്പി നൽകാൻ പര്യാപ്തമായ സ്റ്റാഫ് ഇല്ല. ഒരു ലെപ്രസി കൺട്രോളിന് ഒരു ഫിസിയോതെറാപ്പിസ്റ്റ് എങ്കിലും ഉണ്ടെങ്കിലേ ഇതു സുഗമമാക്കാൻ കഴിയൂ. കൂടാതെ സ്ഥിരമായ വ്രണങ്ങളുള്ള രോഗികളെ കിടത്തിചികിത്സിക്കുന്നതിന് വെള്ളനാട് കേന്ദ്രമാക്കി ഒരു റഫൽ യൂണിറ്റ് ഉണ്ടെങ്കിൽ പാവപ്പെട്ട രോഗികൾക്ക് സൗകര്യപ്രദമായി ചികിത്സ നൽകുവാൻ കഴിയും.

കുഷ്ഠരോഗത്തെ അവജ്ഞതയോടും വെറുപ്പോടും വീക്ഷിക്കുന്ന നല്ലൊരു വിഭാഗം ഇന്നും സമൂഹത്തിലുണ്ട്. വെറും ആരോഗ്യബോധന ക്ലാസുകൊണ്ടു മാത്രം ഇതിനെ മാറ്റിയെടുക്കാൻ കഴിയുകയില്ല. ദൃശ്യമാധ്യമത്തിൻെറ അപര്യാപ്തത കാരണം ഫലപ്രദമായി ബോധനം നടത്താൻ കഴിയുന്നില്ല. പഞ്ചായത്ത് തലത്തിൽ ഒരു പ്രൊജക്ടർ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. കൂടുതൽ അവബോധമുണ്ടാകുമ്പോൾ ആളുകൾ തനിയെ ചികിത്സതേടി എത്തുന്ന അവസ്ഥ ഉണ്ടാകും.

*നാഷണൽ റ്റി.ബി. കൺട്രോൾ പ്രോഗ്രാം.*

1996 ആഗസ്റ്റ് മാസം 22-ാംതീയതി നടപ്പിൽ വന്ന ഈ ദേശീയ പ്രോഗ്രാമിൻെറ ഉദ്ദേശം ക്ഷയരോഗാണുവിൻെറ പ്രതിരോധശക്തി നശിപ്പിക്കുക കുറഞ്ഞ കാലയളവുകൊണ്ട് രോഗം പൂർണ്ണമായും ഭേദപ്പെടുത്തുക, രോഗികളെ മുടങ്ങാതെ മരുന്നു കഴിക്കുന്നതിനു പ്രേരിപ്പിക്കുക, രോഗബാധിതരായ ആളുകളെ കണ്ടെത്തി യഥാസമയം ചികിത്സ നൽകി രോഗം പൂർണ്ണമായും നിർമാർജ്ജനം ചെയ്യുക. എന്നിവയാണ് ഇതിൻെറ പ്രാരംഭ നടപടികൾ ഈ കേന്ദ്രത്തിൽ ആരംഭിച്ചു കഴിഞ്ഞു.

*മഹിളാസ്വസ്ഥ് സംഘ് എം.എസ്.എസ്. പ്രോഗ്രാം*

സമൂഹത്തിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ ഇടയിൽ നിന്നുതന്നെ സന്നദ്ധരായ ആളുകളെ കണ്ടെത്തി പ്രവർത്തിക്കുകയാണ് ഇതിൻെറ ലക്ഷ്യം. 200 വീടുകൾ കേന്ദ്രീകരിച്ച് ഒരു പ്രവർത്തക എന്ന കണക്കിലാണ് ആളുകളെ തിരഞ്ഞെടുക്കുന്നത്. ഇതിൻെറ പ്രവർത്തനം കോട്ടൂർ, പച്ചക്കാട് എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു.

*ഐ.ഇ.സി. ആക്ടിവിറ്റീസ്*

ആരോഗ്യ ബോധവല്ക്കരണത്തിനുവേണ്ടി വ്യത്യസ്തമായ ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ക്ലാസുകളും യോഗങ്ങളും ക്യാമ്പുകളും നടത്തിവരുന്നു. നാഷണൽ പ്രോഗ്രാമുകളുടെ വിജയത്തിന് പ്രത്യേക ക്യാമ്പുകൾ നടത്തുന്നു.

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

### Universa Immunization Programme

| Year | Under 5 Years | Fully Immunised | Partially Immunised | Un.Immunised | Disease | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|---|---|
| 89-90 | 1080 | 358 | 530 | 194 | Polio | Nil | Nil | Nil | Nil | Nil | Nil | Nil |
| 90-91 | 1068 | 486 | 412 | 170 | Dyptheria | 2 | 1 | Nil | Nil | Nil | Nil | Nil |
| 91-92 | 1056 | 610 | 314 | 132 | whooping cough | 5 | 3 | 2 | Nil | Nil | Nil | Nil |
| 92-93 | 1045 | 700 | 269 | 76 | Measles | 110 | 91 | 86 | 73 | 24 | 7 | 3 |
| 93-94 | 1036 | 858 | 145 | 33 | Tuber culosis (Meningitis) | 3 | 1 | Nil | Nil | Nil | Nil | Nil |
| 94-95 | 1021 | 972 | 37 | 12 | Neonatal Tetanns | Nil | Nil | Nil | Nil | Nil | Nil | Nil |
| 95-96 | 1016 | 1007 | 6 | 3 | | | | | | | | |

## നാഷണൽ ഫാമിലി വെൽഫയർ പ്രോഗ്രാം

### National Family Welfare Programme

| Year | Total Ec | TC1 | TC2 | TC3 | PPs | Mini | LAPARO | VAS | CUT | OP | CC |
|---|---|---|---|---|---|---|---|---|---|---|---|
| 89-90 | 2385 | 327 | 1184 | 516 | 160 | 35 | | Nil | 55 | 150 | 12,200 |
| 90-91 | 2402 | 331 | 1193 | 521 | 165 | 37 | | Nil | 60 | 151 | 12,860 |
| 91-92 | 2413 | 339 | 1201 | 526 | 180 | 34 | | Nil | 58 | 160 | 14,910 |
| 92-93 | 2420 | 344 | 1207 | 532 | 177 | 32 | | 1 | 57 | 178 | 14,180 |
| 93-94 | 2427 | 347 | 1212 | 537 | 179 | 31 | | Nil | 55 | 181 | 15,200 |
| 94-95 | 2438 | 351 | 1217 | 543 | 181 | | 34 | Nil | 65 | 180 | 15,250 |
| 95-96 | 2445 | 355 | 1221 | 550 | 196 | | 26 | Nil | 72 | 182 | 16,600 |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

### അനീമിയ കൺട്രോൾ പ്രോഗ്രം (Anaemia control Programme)

| Name of Catagaries | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|
| No. of A.N. Mothers | 421 | 405 | 388 | 370 | 352 | 336 | 315 |
| No. of F.P. Cases | 240 | 262 | 272 | 266 | 265 | 280 | 294 |
| No. of. Children | 147 | 152 | 159 | 165 | 178 | 182 | 197 |

### വൈറ്റമിൻ എ പ്രോഫൈലാക്സിസ്

**Nutrition Control Programme**

| Year | No.of under 5 yers | Vit.A. given | Vit. B Deficiency | T.T. (W) no.of. A.N. Apticted | (Ante-natal Mothers) | | |
|---|---|---|---|---|---|---|---|
| | | | | | Fully | Partially | UnImmunised |
| 89-90 | 1080 | 410 | 35 | 421 | 223 | 133 | 65 |
| 90-91 | 1068 | 605 | 28 | 405 | 238 | 122 | 45 |
| 91-92 | 1056 | 710 | 18 | 388 | 246 | 110 | 32 |
| 92-93 | 1045 | 896 | 7 | 370 | 242 | 108 | 20 |
| 93-94 | 1036 | 915 | 4 | 352 | 243 | 98 | 11 |
| 94-95 | 1021 | 985 | 3 | 336 | 246 | 84 | 6 |
| 95-96 | 1016 | 1016 | Nil | 315 | 253 | 62 | Nil |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
### ഡയറിയ കൺട്രോൾ പ്രോഗ്രാം (Nutrition Control Programme)

| Year | No. of cases of Dirrhoea | DIRRHOEAED DEATH | TREATED WITH ORS MADEPLUDS | TREATED with Home Major Hospital | TREATED CRERRED To | WELL CHLORINATED | HEALTH EDUCATION class |
|---|---|---|---|---|---|---|---|
| 89-90 | 415 | Nil | 390 | 20 | 5 | 1810 | 212 |
| 90-91 | 380 | Nil | 360 | 18 | 2 | 1805 | 198 |
| 91-92 | 382 | Nil | 370 | 10 | 2 | 1780 | 182 |
| 92-93 | 385 | Nil | 370 | 15 | Nil | 1785 | 190 |
| 93-94 | 360 | Nil | 350 | 5 | 5 | 1760 | 175 |
| 94-95 | 297 | Nil | 280 | 13 | 4 | 1775 | 177 |
| 95-96 | 280 | Nil | 265 | 10 | 5 | 1690 | 180 |

### നാഷണൽ മലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാം
**(National Malaria Control Programme)** P.H.C. KUTTICHAL. YEAR 1989-1996

| Year | No. of cases seen | Blood examinal | Radieal Treatment chrex . oque Pssued | Palsue blood inertaken | No. of Malaria Positive cases detected | Treatment give | DDT Spraying conducted |
|---|---|---|---|---|---|---|---|
| 89-90 | 1085 | 1080 | 3900 | 600 | | | - |
| 90-91 | 1060 | 1060 | 4000 | 595 | | | - |
| 91-92 | 1067 | 1065 | 3990 | 590 | | | - |
| 92-93 | 1050 | 1050 | 4010 | 605 | 1 | 1 | 1 |
| 93-94 | 1010 | 1010 | 3800 | 600 | | | - |
| 94-95 | 360 | 360 | 1210 | 585 | 1 | 1 | 1 |
| 95-96 | 482 | 480 | 1620 | 600 | 2 | 2 | 2 |

## STATEMENT SHOWING NUMBER OF PATIENTS TREATED FOR DIFFERENT DISEASES

| Name of Diesease | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 995-96 |
|---|---|---|---|---|---|---|
| **Communicable Disease** | | | | | | |
| 1. Wopping Caugh | 28 | 40 | 5 | 5 | | - |
| 2. Measles | 418 | 315 | 180 | 38 | 19 | 6 |
| 3. Tuberculosis | 148 | 5 | 8 | 2 | 3 | 5 |
| 4. Enteric fever | 111 | 98 | 79 | 122 | 68 | 82 |
| 5. Chickenpox | 51 | 32 | 46 | 72 | 28 | 15 |
| 6. Viral Hepatitis | 218 | 111 | 114 | 89 | 68 | 10 |
| 7. Dysentry | 96 | 118 | 182 | 93 | 65 | 16 |
| 8. Diarrhoea | 792 | 481 | 648 | 732 | 305 | 174 |
| 9. Leprosy | 51 | 40 | 28 | 22 | 16 | 18 |
| 10.Mumps | 52 | 69 | 57 | 71 | 98 | 36 |
| **Other Dieseases** | | | | | | |
| 11.Anaemia | 3816 | 3440 | 2998 | 3018 | 1870 | 1260 |
| 12.Epilepsy | 112 | 146 | 84 | 63 | 42 | 31 |
| 13.Canjunctivites | 432 | 1224 | 1352 | 1538 | 1012 | 1316 |
| 14.Disease of upper Resp. Infection | 1624 | 1256 | 1348 | 1610 | | - |
| 15.Bronchitis and Asthma | 3222 | 2950 | 4581 | 4680 | 7055 | 5717 |
| 16.Disease of teeth & supporty structures | 620 | 1340 | 1728 | 7124 | 928 | 812 |
| 17.Disease of urinary system | 26 | 674 | 749 | 842 | 1042 | 442 |
| 18. Otitis media (Ear diseases) | 824 | 472 | 348 | 572 | 1272 | 1092 |
| 19.Hypertensive heart disease | 112 | 108 | 64 | 31 | 42 | 112 |
| 20.Menstrual disorders | 342 | 498 | 512 | 482 | 378 | 138 |
| 21.Rheumatic arthritis | 160 | 1740 | 2330 | 1751 | 1218 | 1116 |
| 22.Open wounds | 340 | 4246 | 3048 | 4629 | 2002 | 2315 |
| 23.Burns | 140 | 418 | 258 | 318 | 412 | 213 |
| 24.Accidental falls | 220 | 1246 | 1492 | 1283 | 478 | 522 |
| 25.Diabetic mellitus | 171 | 416 | 529 | 340 | 112 | 86 |
| Total new cases treated | 16705 | 30564 | 25560 | 27330 | 19987 | 18365 |
| total old cases | 7065 | 22945 | 18717 | 19631 | 21638 | 22168 |
| Grand total | 23770 | 53509 | 44277 | 46961 | 41625 | 40533 |
| Male | 5325 | 12049 | 10548 | 11134 | 8784 | 8677 |
| Female | 4104 | 25826 | 20979 | 23291 | 21536 | 20806 |
| Children | 7391 | 15634 | 12750 | 12536 | 11305 | 11050 |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

### സ്കൂൾ ഹെൽത്ത് പ്രോഗ്രാം (STATEMENT SHOWING ACTUAL EXPENDITURE OF MEDECINE FROM 1991-92 to1995-96)

| Sl No. | PERIOD Rs. | MEDICINES GENERAL ITEMS Rs. | F.W. ITEMS Rs. | TOTAL Rs. |
|---|---|---|---|---|
| 1. | Actual Expenditure during 1991-92 | 83695.49 | 13100 | 96795.49 |
| 2. | 1992-93 | 97.710.03 | 22,300 | 1,20,001.03 |
| 3. | 1993-94 | 1,59,183.27 | 51,500 | 1,90,683.27 |
| 4. | 1994-95 | 1,17,500 | 41,100 | 1,58,600 |
| 5. | 1995-96 | 1,49,196.09 | 33,500 | 1,82,696.09 |
| 6. | 1996-97 | 1,57,534.52 | 39,000 | 1,96,534.52 |
| 7. | Budget for 1997-98 | 1,80,000 | 50,000 | 2,300,00.00 |

### നാഷണൽ ലപ്രസി കൺട്രോൾ പ്രോഗ്രാം

| Year | Mother Neadisae | ORS Class | Healthdacals | Phaulls | Natialcap | Opanbu |
|---|---|---|---|---|---|---|
| 89-90 | 60 | - | 50 | 5 | 1 | 1 |
| 90-91 | 65 | | 72 | 4 | 1 | 1 |
| 91-92 | 64 | 10 | 105 | 3 | 1 | 1 |
| 93-94 | 72 | 20 | 108 | 5 | 1 | 1 |
| 94-95 | 76 | 25 | 106 | 5 | 1 | 1 |
| 95-96 | 76 | 30 | 108 | 5 | 1 | 1 |

*മോപ്പപ്പ് പോളിയോ പ്രോഗ്രാം.*

1992 ആരംഭിച്ച ഈ പ്രോഗ്രാം 3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് പോളിയോ തുള്ളി മരുന്ന് നൽകി പോളിയോ രോഗം നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ്. ഒരു മാസം ഇട വിട്ട് 2 ഡോസുകളാണ് നൽകുക. ഈ പ്രോഗ്രാം വളരെ വിജയപ്രദമായ രീതിയിൽ ഈ കേന്ദ്രത്തിൽ നടത്തിക്കഴിഞ്ഞു.

*ദേശീയ പൾസ് പോളിയോ പ്രോഗ്രാം*

1995-96ൽ ആരംഭിച്ച ദേശീയ പ്രാധന്യം അർഹിക്കുന്ന ഒരു പ്രോഗ്രാമാണിത്. ഇന്ത്യയിൽ ആകമാനമുള്ള 5 വയസിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ഒരേ ദിവസം തന്നെ പോളിയോ തുള്ളി മരുന്ന് നൽകി പ്രസ്തുത രോഗത്തിനെതിരെ പ്രതിരോധ ശക്തിയാർജ്ജിക്കുകയും രോഗം പൂർണ്ണായും നിർമാർജ്ജനം ചെയ്യുകയുമാണ് ലക്ഷ്യം. കഴിഞ്ഞ ഡിസംബർ ജനുവരി മാസങ്ങളിൽ ഇതു നടത്തുകയുണ്ടായി.

*ട്രൈബൽസെറ്റിൽമെൻറുകളും ആരോഗ്യ പ്രവർത്തനവും.*

കുറ്റിച്ചൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ പരിധിയിൽ വരുന്ന കോട്ടൂർ റിസർവ് വനപ്രദേശത്ത് 22 കാണി സെറ്റിൽമെൻറകളിലായി 1073 ആദിവാസികൾ താമസിക്കുന്നു. ഇവരുടെ ചികിത്സാ സൗകര്യത്തിനായി കോട്ടൂരിൽ ഒരു ഫാമിലി വെൽഫയർസെൻറർ പ്രവർത്തിക്കുന്നു. കൂടാതെ കാലാകാലങ്ങളിൽ മെഡിക്കൽ ചെക്കപ്പുക്യാമ്പുകൾ സംഘടിപ്പിക്കുകയും അവർക്കാവശ്യമായ രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും ചെയ്തു. രണ്ടുമാസത്തിലൊരിക്കൽ ആവശ്യമായ സജ്ജീകരണങ്ങളോടുകൂടി ആദിവാസി ഭവനങ്ങൾ സന്ദർശിക്കുകയും കുടിവെള്ളം മലിനമാകാതെ ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നു.

മെഡിക്കൽ ചെക്കപ്പുക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുമ്പോൾ മൊത്തം ആദിവാസികളെ കൂട്ടാൻ സാധാരണയായി കഴിയാറില്ല. ഇവരെ നേരിൽ കണ്ട് ക്ഷണിക്കാൻ ജീവനക്കാർക്കുണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകളാണിതിനു കാരണം. ആദിവാസി മേഖലയിലുള്ള ഒരാളെ കുറഞ്ഞ റെമ്യൂണറേഷൻ അടിസ്ഥാനത്തിൽ നിയമിച്ചാൽ മേൽപറഞ്ഞ ക്യാമ്പുകൾക്കും, ക്ലാസുകൾക്കും മറ്റു ആരോഗ്യപ്രവർത്തനങ്ങൾക്കും പരമാവധി ആദിവിസികളെ പങ്കെടുപ്പിച്ച് പരിപാടി സമ്പൂർണ്ണ വിജയമാക്കാവുന്നതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഔഷധങ്ങൾ മാത്രം ഉപയോഗിച്ച് രോഗചികിത്സ പൂർണ്ണമായും സാദ്ധമല്ലാത്തതിനാൽ അത്യാവശ്യം വേണ്ട ജീവൻ രക്ഷാഔഷധങ്ങൾ അപ്പപ്പോൾ വാങ്ങുന്നതിന് പ്രതിമാസം 5000 രൂപം വീതം അധികം അനുവദിക്കേണ്ടതാണ്. ഔട്ട്പേഷ്യൻറ് രജിസ്റ്റർ, ഒ.പി.ടിക്കറ്റ് ഇവ ലഭ്യമാക്കേണ്ടതാണ്.

ഓഫീസ് ഉപയോഗാവശ്യത്തിന് ഫാറങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ ഇവ വാങ്ങുന്നതിന് ഗ്രാൻറ് അനുവദിക്കേണ്ടതാണ്.

*ഗവ. ഹോമിയോ ഡിസ്പെൻസറി*

പേഴുംമൂട്ടിൽ ഗവണ്മെൻറ് തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഹോമിയെ ഡിസ്പെൻസറി ഉണ്ട്. ഈ സ്ഥാപനം ആരംഭിച്ചിട്ട് 6 വർഷം കഴിഞ്ഞു. 150 ഓളം ആളുകൾ ദിനംപ്രതി ഇപ്പോൾ ഇവിടെ ചികിത്സക്ക് എത്തുന്നു. പൂവച്ചൽ, ആര്യനാട്, ആലമുക്ക്, കാട്ടാക്കട, വെള്ളനാട്,. പറണ്ടോട്, കോട്ടൂർ, കുറ്റിച്ചൽ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും രോഗികൾ എത്തുന്നുണ്ട്. മണ്ണാൻ, പൊക്കൻ, ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങൾക്കുപുറമേ ശ്വാസകോശങ്ങൾ, ത്വക്ക് രോഗങ്ങൾ, വാതരോഗങ്ങൾ, അലർജി, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവക്കാണ് അധികം പേരും ഇവിടെ ചികിത്സ തേടി എത്തുന്നത്. ഹോമിയോ ചികിത്സയുടെ ഗുണങ്ങളെപ്പറ്റി കുറ്റിച്ചലിലെ ജനങ്ങൾക്ക് വേണ്ടത്ര അറിവു ലഭിച്ചിട്ടില്ല. വിശേഷിച്ചും സമൂഹത്തിൽ താഴെ തട്ടിൽ ജീവിക്കുന്ന പാവങ്ങൾക്ക് ഈ ഡിസ്പെൻസറി കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തേണ്ടതുണ്ട്.

നമ്മുടെ നാട്ടിൽ ഏറ്റവും പ്രചാരമുള്ള ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി എന്നീ മൂന്നു ചികിത്സാ സമ്പ്രദായങ്ങൾക്കും ഗവൺമെൻറു തലത്തിൽ ആതുരാലയങ്ങൾഉള്ള ഒരു പഞ്ചായത്താണ് കുറ്റിച്ചൽ. എന്നാൽ അവയുടെ പ്രവർത്തനം പല കാരണങ്ങളാലും അത്ര കാര്യക്ഷമമല്ല.

മർമ്മചികിത്സ, പ്രകൃതിചികിത്സ എന്നിവയ്ക്കുകൂടി സ്ഥാനമുണ്ടാക്കേണ്ടതാണ്. പ്രകൃതിചികിത്സക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണ് ഇത്.

ആധുനിക അലോപ്പതി ചികിത്സവരുന്നതിനു മുൻപ് പാരമ്പര്യവൈദ്യചികിത്സക്കാർക്കായിരുന്നു പ്രാമുഖ്യം. കുറ്റിച്ചൽ, കോട്ടൂർ എന്നിവടങ്ങളിൽ ചില വൈദ്യൻമാർ അങ്ങാടിക്കടകളും, ചെറിയ തോതിൽ

ചികിത്സയും നടത്തിയിരുന്നു. പ്രൈവറ്റ് ആശുപത്രികളുടെ എണ്ണം ഇപ്പോൾ കൂടിവരുന്നു. ആദ്യമായി ഒരു എം.ബി.ബി.എസ് ഡോക്ടറുടെ മേൽനോട്ടത്തിൽ ഒരു പ്രൈവറ്റ് ഹോസ്പിറ്റൽ വന്നിട്ട് 15 വർഷം കഴിഞ്ഞു. പ്രൈവറ്റായി ചില ഹോമിയോ ഡിസ്പെൻസറികളും ഇവിടെ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോഴവയൊന്നും നിലവിലില്ല. ജി.സി.ഹോസ്പിറ്റൽ തിലക് ആശുപത്രി, ഹൈകെയർ ഹോസ്പിറ്റൽ സായി ആശുപത്രി എന്നിവയാണിപ്പോഴിവിടുള്ള പ്രൈവറ്റ് ചികിത്സാ കേന്ദ്രങ്ങൾ. ആയുർവേദ വൈദ്യശാലകൾക്കുപുറമേ രണ്ട് ഇംഗ്ലീഷ് ഔഷധശാലകളും ഇപ്പോൾ ഈ പഞ്ചായത്തിലുണ്ട്. കുറ്റിച്ചൽ പഞ്ചായത്തിലെ വൈദ്യശാസ്ത്ര രംഗം ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

*പ്രാഥമികാരോഗ്യ സംരക്ഷണത്തിന് ഉപയോഗിക്കാൻ പറ്റിയ ഔഷധങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.*

| സസ്യനാമം | ഉപയോഗ്യഭാഗം | സസ്യനാമം | ഉപയോഗ്യഭാഗം |
|---|---|---|---|
| 1. ആടലോടകം | സമൂലം / വേര് | 2. പുളിയാറൽ | സമൂലം |
| 3. നറുനീണ്ടി | വേര് | 4. ശതാവരി | കിഴങ്ങ് |
| 5. വെളുത്തുള്ളി | കന്ദം | 6. കുറുന്തോണ്ടി | വേര് |
| 7. കറുകപ്പുല്ല് | സമൂലം | 8. വേപ്പ് | ഇല,പട്ട,വേര്,കായ് പൂവ് |
| 9. തുളസി | ഇല, ബീജം, വേര്,തൊലി | 10.രക്തചന്ദനം | കാതൽ |
| 11.മുരിങ്ങ | ഇല,പട്ട,പൂവ്,വേര് | 12.കറിവേപ്പില | ഇല |
| 13.വയമ്പ് | പ്രകന്ദം | 14.കറ്റാർവാഴ | തണ്ട് |
| 15.കിര്യാത്ത് | സമൂലം | 16.പാൽമുതുക് | കിഴങ്ങ് |
| 17.കൈതോന്നി | സമൂലം | 18.മാതളം | വേര്,ബീജം,കായ്പുറംതോട്, പൂവ് |
| 19.വേങ്ങ | കാതൽ | 20.തഴുതാമ | സമൂലം |
| 21.കൂവളം | കായ്,വേര്,ഇല | 22. കുമ്പളം | ഫലം |
| 23.ചുക്ക് | ഉണങ്ങിയ പ്രകന്ദം | 24.ഇഞ്ചി | പച്ചപ്രകന്ദം |
| 25.കുരുമുളക് | ബീജം, കൊടി | 26.മഞ്ഞൾ | പ്രകന്ദം |
| 27.ജാതിക്ക | ഫലം | 28. തിപ്പലി | ഫലം |
| 29.നിലപ്പന | കിഴങ്ങ് | 30.ചിറ്റമൃത് | വള്ളി |

*പരിഹാരമാർഗ്ഗങ്ങൾ*

1. ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും ശുചിത്വ ബോധത്തെപ്പറ്റിയും ആരോഗ്യസംരക്ഷണത്തപ്പറ്റിയും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ, ഫിലിം പ്രദർശനങ്ങൾ തുടങ്ങിയവ മൂന്നുമാസത്തിൽ ഒരിക്കൽ സംഘടിപ്പിക്കണം.
2. ആരോഗ്യ സംരക്ഷണോദ്യോഗസ്ഥരുടെ ഭവന സന്ദർശനം നിർബന്ധമാക്കുക.

1. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് കക്കൂസുകൾ സൗജന്യമായി നിർമ്മിച്ചു കൊടുക്കുക. പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് വിശേഷിച്ചും.
2. തുറസ്സായ സ്ഥലത്ത് വിസർജ്ജനം നടത്തിയാൽ സംഭവിക്കാനിടയുള്ള ദോഷവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പകർച്ച വ്യാധികൾക്ക് കാരണമാകാവുന്ന മലിനജലം നിർമ്മാർജ്ജനം ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

1. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് മൂന്ന് വാർഡുകൾക്ക് ഒരു മിഡ്‌വൈഫറി സെൻറർ എന്ന നിലയിൽ ആരംഭിക്കണം. കൂടാതെ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് പോഷകാഹാര പരിപാടിയുടെ ഭാഗമായി ഫീഡിംഗ് സെൻററുകൾ കൂടുതൽ ആരംഭിക്കുക.

2. പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയത്ത് നൽകുവാനുള്ള സൗകര്യവും, അതിന് അവരെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ പരിപാടിയും ആവിഷ്ക്കരിക്കേണ്ടതാണ്.

1. പച്ചക്കാട് കേന്ദ്രമാക്കി ഒരു മിഡ്‌വൈഫറിസെൻറർ ആരംഭിക്കുക.

2. അരുകിൽ കേന്ദ്രമാക്കി ഒരു ഫീഡിംഗ് സെൻറർ അനുവദിക്കുക.

3. അഗതികൾക്കായി സൗജന്യ ചികിത്സയും സംരക്ഷണവും നൽകുന്നതിനുള്ള അഗതി മന്ദിരങ്ങൾ സ്ഥാപിക്കുക.

4. പരുത്തിപ്പള്ളി പി.എച്ച്.സിൽ ലബോറട്ടറി അനുവദിക്കുക

5. പരുത്തിപ്പള്ളി പി.എച്ച്.സി.യെ 50 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുക

6. ആശുപത്രി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

7. കോട്ടൂർ ആയൂർവ്വേദാശുപത്രി പരിസരത്ത് ഔഷധ സസ്യച്ചെടികൾ വച്ചുപിടിപ്പിക്കുക.

8. പരിസരശുചീകരണം ഉറപ്പുവരുത്തുന്നതിന് ഓടകൾ നിർമ്മിക്കുന്നതിനും പിറ്റുകൾ കുഴിക്കുന്നതിനും സാമ്പത്തിക സഹായവും ബോധവൽക്കരണവും ഉറപ്പാക്കുക.

1. കോട്ടൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജ്ഞാന നീലി സഹകരണസംഘം ആദിവാസികളിൽ നിന്നും ഔഷധങ്ങൾ ശേഖരിക്കുന്നവെങ്കിലും ആയവ എത്തേണ്ട സ്ഥലങ്ങളിൽ എത്താതെ സ്വകാര്യ വ്യക്തികൾ കൈക്കലാക്കുന്നു. ഇത് തടയുന്നതിന് എത്രയും വേഗം നടപടി ഉണ്ടാവേണ്ടതാണ്.

2. കോട്ടൂർ ആയൂർവ്വേദാശുപത്രിക്ക് സമീപമുള്ള 46 സെൻറ് വനഭൂമി ഹെൽത്ത് ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്ത് അവിടെ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കണം.

3. ആദിവാസി മേഖലകളിൽ ചികിത്സാ സൗകര്യം എത്തിക്കുന്നതിന് പരുത്തിപ്പള്ളി പി.എച്ച് സെൻററിന് വാഹനവും, കൂടുതൽ ഡോക്ടർമാരെയും നൽകുക.

4. ആദിവാസികൾക്കായി സഞ്ചരിക്കുന്ന ആശുപത്രി അനുവദിക്കുക.

5. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പല ഔഷധസസ്യങ്ങളെയും സംരക്ഷിക്കുക കൂടാതെ എലിമല വാർഡിൽ ഹെൽത്ത് ഡിപ്പാർട്ട്മെൻറിന് ലഭിച്ചിരിക്കുന്ന 15 സെൻറ് സ്ഥലം ഔഷധസസ്യങ്ങൾ വച്ച് പിടിപ്പിക്കാനായി ഉപയോഗിക്കുക. ഈ സ്ഥലത്തിൻെറ കുറച്ച് ഭാഗം ആശുപത്രി സ്റ്റാഫ് കോർട്ടേഴ്സ് സ്ഥാപിക്കാനും വിനിയോഗിക്കാം. കോട്ടൂർ കേന്ദ്രമാക്കി ഒരു പ്രകൃതി ചികിത്സാ കേന്ദ്രം തുടങ്ങുക.

1. എരുമക്കുഴി കേന്ദ്രമാക്കി ഒരു മിഡ്‌വൈഫ് സെൻറർ ആരംഭിക്കണം.

2. കോട്ടൂർ ആയുർവേദ ആശുപത്രിയിൽ 50 കിടക്കകൾ കൂടി അനുവദിക്കുക. അതിനോടൊപ്പം ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കാനുള്ള ഭൂമി അക്വയർ ചെയ്യുകയും വേണം.

3. ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

1. ചോനാംപാറ സെറ്റിൽമെൻറിൽ പി.എച്ച്.സി. ൻെറ ഒരു സബ്സെൻറർ അനുവദിക്കുക.

1. കള്ളിയൽ കേന്ദ്രമാക്കി പി.എച്ച്.സി.യുടെ സബ്സെൻറർ അനുവദിക്കണം.

2. ആദിവാസികളുടെ ആരോഗ്യപരിപാലനത്തിനുതകുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു അലോപ്പതി കോട്ടൂർ കേന്ദ്രമാക്കി ആരംഭിക്കുക.

3. ആയൂർവേദ ആശുപത്രി കോമ്പൗണ്ടിന് ചുറ്റുമായി 46 സെൻറ് വനഭൂമി വനത്തിൽ നിന്നും വേർപ്പെട്ട് യാതൊരു പ്രയോജനവുമില്ലാതെ കിടക്കുകയാണ്. ആ സ്ഥലം ഹെൽത്ത് ഡിപ്പാർട്ടേമെൻറിന് ലഭിക്കാൻ വേണ്ട നടപടികൾ എടുക്കുക.

4. ആയൂർവേദ ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുക.

1. പരുത്തിപ്പള്ളി പി.എച്ച്.സിയിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും, 100 കിടക്കകൾ ഉള്ള ആശുപത്രിയായി അതിനെ ഉയർത്തുകയും ചെയ്യുക. കൂടുതൽ ഡോക്ടർമാരെയും സ്റ്റാഫുകളെയും നിയമിക്കുക.

*പൊതുനിർദ്ദേശം*

1. പൊതു കവലകളിലും മാർക്കറ്റിലും മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ബാരലുകൾ നിർമ്മിക്കുകയും പൊതുകക്കൂസുകൾ നിർമ്മിക്കുകയും ചെയ്യുക.
2. മഴവെള്ളം കെട്ടിനിന്ന് കൊതുക് പെരുകാതിരിക്കാൻ നടപടി സ്വീകരിക്കുക.
3. മദ്യത്തിനും മയക്കുമരുന്നിനും എതിരെ കർശന നടപടികൾ എടുക്കുക.
4. കോട്ടൂർ കേന്ദ്രമാക്കി പ്രകൃതി ചികിത്സാകേന്ദ്രം ആരംഭിക്കുകയും ഔഷധസസ്യങ്ങൾ വച്ച് പിടിപ്പിക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്യുക.
5. പരിസരമലിനീകരണം ഒഴുവാക്കുന്നതിന് കോളനി നിവാസികൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. കോട്ടൂർ ജംഗ്ഷൻ കേന്ദ്രമാക്കി ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കുക.
7. പഞ്ചായത്തിലെ 3000ത്തോളം വീടുകൾക്കെങ്കിലും സൗജന്യമായി കക്കൂസ് നിർമ്മിച്ച് നൽകാൻവേണ്ട നടപടികൾ എടുക്കുക.
8. പ്രധാനപ്പെട്ട സ്ഥലങ്ങളിലെ ചപ്പുചവറുകൾ നീക്കം ചെയ്യാൻ വേണ്ടി കമ്പോസ്റ്റു കുഴികൾ നിർമ്മിക്കുക.
9. പേഴുംമൂട്ടിൽ പി.എച്ച്.സിയുടെ സബ്സെൻറർ തുടങ്ങുക.
10. ഹോമിയോ ആശുപത്രി കിടക്കകളുള്ള ആശുപത്രിയാക്കുക.
11. പരുത്തിപ്പള്ളി പി.എച്ച്.സെൻററിൽ 50 കിടക്കകൾ അനിവദിക്കുക.
12. പരുത്തിപ്പള്ളി ആശുപത്രിയിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.
13. പി.എച്ച്.സെൻററിന് വാഹന സൗകര്യവും കൂടുതൽ ഡോക്ടർമരേയും അനുവദിക്കുക.

## പരിസരശുചിത്വം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് ശുചിത്വം, വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിങ്ങനെ ശുചിത്വത്തിന് പലവിഭാഗങ്ങൾ കല്പിക്കാവുന്നതാണ്. പരിസരശുചിത്വത്തിൻെറ അഭാവംകൊണ്ട് പല രോഗങ്ങളുമുണ്ടാകുന്നു. ഇത്തരം രോഗങ്ങളെ പരിസരജന്യരോഗങ്ങൾ എന്നു വിളിക്കുന്നു. ഉയർന്ന ശുചിത്വനിലവാരമുള്ളവരാണ് കേരളീയർ എന്നാണ് പൊതുധാരണ. ഗാർഹിക വൈയക്തിക ശുചിത്വങ്ങളിൽ ഇത് ശരിയാണ്. എന്നാൽ ചുറ്റുപാട് വൃത്തിയാക്കി വെയ്ക്കുന്നതിൽ തിരെ ശുഷ്കാന്തിയില്ലാത്തവരാണ് നാം. റോഡും, പരിസരവുംമലിനമാക്കുന്നതിൽ നാം മുന്നിലാണ്. ചപ്പും, ചവറും റോഡിലേക്ക് നിസ്സങ്കോചം വലിച്ചറിയും, കണ്ടിടത്ത് തുപ്പും, മലമൂത്രവിസർജ്ജനം നടത്തും. മുറ്റം വെടിപ്പാക്കുന്നതിൽ അമാന്തിക്കുന്നവരാണ് നമ്മുടെ പെണ്ണുങ്ങൾപോലും ജീർണ്ണവസ്തുക്കളുടെ ഗന്ധം മൂക്കിലേക്ക് തുളച്ച് കയറിയാൽ പോലും അനങ്ങാൻ വിമുഖതയുള്ളവരാണ് നാം. മലിനജലം കെട്ടിനിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കാറില്ല. നമ്മുടെ ഇടയിൽ കാണുന്ന രോഗങ്ങളിൽ എഴുപതു ശതമാനവും പരിസരജന്യ രോഗങ്ങളാണെന്നാണ് വിദഗ്ധൻമാരുടെ കണക്ക് സമഗ്രമായ ഒരു പരിസരാരോഗ്യപരിപാടി ജന പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തു നടപ്പിലാക്കിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരമുണ്ടാകൂ. ആബാലവൃദ്ധം ജനങ്ങളും, സർക്കാരും സന്നദ്ധസംഘടനകളുമൊക്കെ ചേർന്നുള്ള ഒരു പരിപാടി ഉണ്ടാവേണ്ടതുണ്ട്.

വ്യവസായിക മാലിന്യങ്ങൾ അധികമില്ലാത്ത പഞ്ചായത്താണ് കുറ്റിച്ചൽ. കാരണം അത്തരം സ്ഥാപനങ്ങൾ ഇല്ലാത്തതുതന്നെ. കുറ്റിച്ചൽ ജംഗ്ഷനടുത്ത് ഹരിജൻ കോളനിയോട് ചേർന്നാണ് ബിന്ദു റബ്ബർ വർക്സ്. അവിടെ നിന്നു പുറത്തുവിടുന്ന മാലിന്യങ്ങൾ പൊതു നിരത്തിനടുത്തുള്ള ഒരു കൊച്ചു കുളത്തിലാണ് ചെന്നടിയുന്നുത്. ഇതുണ്ടാകുന്ന പരിസരമലിനീകരണം മാറ്റാനുള്ള സംവിധാനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. മാലിന്യങ്ങൾ കുന്നുകൂടുന്ന സ്ഥാപനങ്ങളാണ് മാർക്കറ്റുകൾ അവിടെയുണ്ടാകുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ പറ്റുന്നില്ല. റബ്ബർ ഷീറ്റടിക്കുന്നിടത്തുണ്ടാകുന്ന വൃത്തികേടുകളേയും നമുക്ക് യഥോചിതം നീക്കം ചെയ്യാൻ പറ്റുന്നില്ല. അറവുശാലകളില്ലാത്തതിനാൽ കശാപ്പു കഴിഞ്ഞ് ശേഷിക്കുന്ന മലിനവസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയുന്ന പതിവ് ഇവിടെയുണ്ട്. ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന സമ്പ്രദായമുണ്ട്. ഇവയിൽ വിഷമമായതും രോഗം പരത്തുന്നതുമായ ചീത്ത വസ്തുക്കൾ അടങ്ങിയിട്ടുണ്ടാവും. പ്ലാസ്റ്റിക് നശിപ്പിച്ചാലും നശിക്കാത്ത ഒരു മലിനവസ്തുവാണ് ഖരമാലിന്യങ്ങളുടെ കൂട്ടത്തിൽ വരുന്നവയാണ് കുപ്പി, തകരം,

കട്ടികലടാസുകൾ എന്നിവ പ്ലാസ്റ്റിക്കിൻെറ ഉപയോഗം നമ്മുടെ ഗ്രാമത്തിൽ വർദ്ധിച്ചുകൊണ്ടരിക്കുകയാണ്. പരിസരമലിനികരണത്തെ ഇത് വർദ്ധിപ്പിക്കും. ആക്രി കച്ചവടക്കാർ മേൽപ്പറഞ്ഞ വസ്തുക്കൾ വാങ്ങികൊണ്ടു പോയി പുനഃചംക്രമണക്കാർക്കു നൽകുന്നു. കേരളത്തിൽ പുനഃചംക്രമണത്തിനുള്ള ഏർപ്പാടുകൾ ഇല്ല. കേരളത്തിൽ വേണ്ടതാണ്.

ഗ്രാമത്തിൽ പരിസരമലിനീകരണം കൂടുതൽ കാണുന്നത് കോളനി പ്രദേശങ്ങളിലാണ്. കക്കൂസിൻെറ അഭാവംമൂലം പൊതുസ്ഥലത്ത് മലവിസർജ്ജനം നടത്തുന്ന ശീലം ഇവിടെ വ്യാപകമാണ്. ബോധവൽക്കരണത്തിൻേറയും സ്ഥലപരിമിതിയുടേയും അഭാവമാണ് കാരണം.

ജലസംഖ്യാ വർദ്ധനവ് മൂലം കൃഷി സ്ഥലങ്ങൾ വാസസ്ഥലങ്ങളായി മാറിയതോടെ മരിച്ചവരെ കുഴിച്ചിടാൻപോലും ഉചിതമായ സ്ഥലമില്ലെന്ന് വന്നിരിക്കുന്നു. ദഹിപ്പിക്കാനാണെങ്കിൽ വിറകുവേണ്ട പോലെ കിട്ടുന്നില്ല.

ഭൂമി, ജലം, ജീവജാലങ്ങൾ എന്നിപ്രകൃതി വിഭവങ്ങൾക്കനുസൃതമായാണ് വികസനപദ്ധതികൾ രൂപം കൊള്ളുന്നത്. ഈ മൂന്നിൻേറയും വിശുദ്ധി ഇപ്പോൾ നഷ്ടപ്പിട്ടിരിക്കുന്നു. ജീവൻെറ ഉൽപ്പത്തിയോളം പഴക്കമുള്ളവയാണ് മേല്പറഞ്ഞവയുമായുള്ള ബന്ധം. നമ്മുടെ ആദിവാസകൾ പണ്ടേ ഇത് മനസ്സിലാക്കിയിരുന്നു. അത് കൊണ്ടാണവിരിങ്ങനെ പാടിയത്

മൺവാഴും മലയതുവാഴ്ക
മലമുട്ടും മാനം വാഴ്ക
മീൻപാണ കയമുതു വാഴ്ക
മാൻപാഞ്ഞകുന്നതു വാഴ്ക
പൂവോട് പുഴയതു വാഴ്ക
പുല്ലോട് പുഴുവതു വാഴ്ക

കുറ്റിച്ചൽ ഗ്രാമത്തിൽ ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ അൻപത് ശതമാനം കാടായിരുന്നിടത്തിപ്പോൾ പത്തു ശതമാനം പോലും കാട് ഇല്ല. ക്ഷേത്രങ്ങളോടനുബന്ധിച്ചുണ്ടായിരുന്ന കാവുകൾ വെട്ടിയഴിക്കപ്പെട്ടിരിക്കുന്നു. കുളങ്ങൾ നികത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടേതായി ശേഷിക്കുന്ന ഔഷധ സസ്യങ്ങൾ പലതും വംശനാശത്തിലാണ് മൃഗങ്ങൾ പക്ഷികൾ എന്നിവയുടെ സ്ഥിതിയും അങ്ങനെതന്നെ.

ജീവജാലങ്ങളുടെ അസ്തിത്വം ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ശുദ്ധജലം വളരെ കുറച്ചേ ഇപ്പോൾ കിട്ടുന്നുള്ളൂ. മലിനമാക്കാതെ നദീജലം ഉപയോഗിക്കുന്ന വിഷയത്തിൽ ഗ്രാമീണർ അജ്ഞരാണ്, ഉദാസീനരാണ്. നദികളിൽ കന്നുകാലികളെ കുളിപ്പിക്കുക, വസ്ത്രങ്ങൾ അലക്കുക, മാലിന്യങ്ങൾ വലിച്ചെറിയുക, അഴുക്കുജലം ഒഴിക്കിവിടുക എന്നവ പതിവാണ്. ചായക്കട, ഹോട്ടൽ എന്നിവ നടത്തുന്നവർ പരിസരം വൃത്തിയാക്കി സൂക്ഷിക്കാറില്ല. കുളങ്ങൾ യഥാസമയം ഇറച്ച് വൃത്തിയാക്കി മറ്റു ജന്തുക്കളുടെ ശല്യമില്ലാതെ വേലികെട്ടി സംരക്ഷിച്ച് ആവശ്യത്തിനുപയോഗിക്കാൻ ശീലിക്കണം. നഗരങ്ങളിലേതുപോലെ വായുമലിനമാകുന്നില്ലെങ്കിലും വേനൽക്കാലത്ത് അന്തരീക്ഷം പൊടിപടലങ്ങൾ നിറഞ്ഞ് വൃത്തികെടുന്നു. നിരത്തു വക്കുകളിൽ പൊടിയുടെ ശല്യം കൂടുതലാണ്. ഇത് ആരോഗ്യസംബന്ധമായ പല പ്രശ്നങ്ങളും ഉണ്ടാകുന്ന ശബ്ദമലിനീകരണമാണ് മറ്റൊരു പ്രശ്നം രാവിലെയും വൈകുന്നേരവും അമ്പലങ്ങളിലും പള്ളികളിലും പ്രവർത്തിപ്പിക്കുന്ന ഉച്ചഭാഷണികളുടെ ആരവം ഗ്രാമാന്തരീക്ഷം മലിനമാക്കുന്നു.

### ഗാർഹിക ശുചിത്വം - 3.1 കക്കൂസുകളുടെ ഉപയോഗവും നിലവാരവും

| ഇനം | തുറസ്സായ സ്ഥലം | കുഴികക്കൂസുകൾ | ഒറ്റക്കുഴി കക്കൂസുകൾ | ഇരട്ടക്കുഴി കക്കൂസുകൾ | സെപ്റ്റിക് ടാങ്ക് | പൊതു കക്കൂസ് |
|---|---|---|---|---|---|---|
| ഉപയോഗിക്കുന്ന വീടുകൾ % | 31.8 | 3.3 | 32.8 | 9.7 | | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ജനങ്ങളുടെ നിലവാരം | കക്കൂസുകൾ ഇല്ലാത്ത വീടുകൾ | വളപ്പുകളുടെ വൃത്തി | 1 | 10.8 | 2 | 4.8 | 3 | |
| | | പൊതുസ്ഥലത്ത് മലാംശങ്ങൾ | 1 | | 2 | 9.3 | 3 | 3.3 |
| | കക്കൂസുകൾ ഉള്ള വീടുകൾ | കക്കൂസുകളുടെ വൃത്തി | 4 | 11.3 | 5 | 0.8 | 6 | |
| | | കക്കൂസുകളുടെ സ്ഥിതി | 4 | 1.7 | 5 | 38.3 | 6 | 3.3 |

കുറിപ്പ്. 1. ഇല്ല 2. കുറച്ച് 3. കുറെ 4. നല്ലത് 5. തൃപ്തികരം 6. മോശം

### ഗാർഹിക ശുചിത്വം - 3.2. ഗാർഹിക മലിന ജല നിർമ്മാർജ്ജനം

| സ്ഥലം | വീട്ടുവളപ്പ് | കുഴി | തുറസ്സായ സ്ഥലം | തോട്ടം | മറ്റു സ്ഥലം |
|---|---|---|---|---|---|
| വീടുകളുടെ എണ്ണം % | 58.3 | | 20.7 | 9.5 | 11.5 |

| | | | |
|---|---|---|---|
| വളപ്പിന്റെ നില | വരണ്ടത് 19.5 | തൃപ്തികരം 61 | വൃത്തികെട്ടത് 19.3 |

### ഗാർഹിക ശുചിത്വം - 3.3 ഗാർഹിക ചവർ നിർമ്മാർജ്ജനം

| സ്ഥലം | വീട്ടുവളപ്പ് | കുഴിച്ചു മൂടുക | കത്തിച്ചു കളയുക | തെരുവിലെ ചവറ്റുകുട്ട | പൊതു സ്ഥലത്ത് | കംപോസ്റ്റ് | മറ്റുവിധം |
|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം % | 67 | 3.2 | 8.7 | 0.8 | 6.4 | 12.4 | 0.5 |

| | |
|---|---|
| ഉപയോഗിക്കുന്ന സ്ഥലത്തിന്റെ നിലവാരം | വളപ്പുകളുടെ വൃത്തി - വൃത്തിയുള്ളത് 1.8 തൃപ്തികരം 3.8 വൃത്തികെട്ടത് 12.5 |
| | പുറത്തെസ്ഥിതി - വൃത്തിയുള്ളത് 6.3 തൃപ്തികരം 52.5 വൃത്തികെട്ടത് 4.8 |

### ഗാർഹിക ശുചിത്വം - 4 പഞ്ചായത്ത് പരിസരശുചീകരണം

| പ്രശ്നത്തിന്റെ സ്ഥിതി | ചന്തസ്ഥലം | ഗ്രാമീണ മാലിന്യകൂമ്പാരം | ഗ്രാമീണ അഴുക്കുചാൽ | കാനകൾ |
|---|---|---|---|---|
| സ്ഥലങ്ങളുടെ എണ്ണം | 4 | 40 | | |

*ഗാർഹിക ശുചിത്വം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി*

ജില്ല - തിരുവനന്തപുരം, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്,ബ്ലോക്ക് - വെള്ളനാട്

| വാർഡ് നമ്പർ | വിടുകളുടെ എണ്ണം | പുതിയ കക്കൂസ് ആവശ്യമായത് | നിലവിലുള്ളവ നന്നാക്കേണ്ടത് | പൊതു കക്കൂസുകൾ | കുളിസ്ഥലങ്ങൾ | അഴുക്കുചാലുകൾ | മലിനജലക്കുഴികൾ |
|---|---|---|---|---|---|---|---|
| യൂണിറ്റ് | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം |
| 1 | 620 | 350 | 75 | - | 500 | 400 | 400 |
| 2 | 685 | 300 | 100 | 1 | 600 | 413 | 413 |
| 3 | 495 | 300 | 50 | - | 400 | 350 | 380 |
| 4 | 615 | 400 | 25 | - | 500 | 500 | 500 |
| 5 | 590 | 300 | 25 | | 400 | 500 | 500 |
| 6 | 680 | 300 | 50 | | 500 | 520 | 520 |
| 7 | 515 | 300 | 25 | | 400 | 220 | 320 |
| 8 | 640 | 350 | 25 | | 500 | 500 | 500 |
| 9 | 705 | 350 | 50 | 1 | 500 | 650 | 650 |
| ആകെ | 5545 | 2950 | 425 | 2 | 4300 | 4153 | 4153 |
| മുൻഗണനാക്രമം | | 1 | 2 | 5 | 4 | 3 | 3 |

*പൊതു പരിസരശുചിത്വം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി - ഇനങ്ങളുടെ എണ്ണം*

ജില്ല - തിരുവനന്തപുരം, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്,ബ്ലോക്ക് - വെള്ളനാട്

| വാർഡ് നമ്പർ | ചന്തസ്ഥലം നന്നാക്കൽ | അഴുക്കുനിർമ്മാർജന സ്ഥലങ്ങൾ | പൊതുകാനകൾ സ്ഥലം | പൊതുകാനകൾ ആകെ നീളം | മാലിന്യ സ്രോതസ്സുകൾ | ചതുപ്പുനിലം | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| യൂണിറ്റ് | എണ്ണം | എണ്ണം | എണ്ണം | മീറ്റർ | എണ്ണവും രീതിയും | എണ്ണം വിസ്തീർണ്ണം | എണ്ണം തരം |
| 1 | | | 10 | 100 | - | - | |
| 2 | 1 | 5 | 5 | 60 | - | - | |
| 3 | 1 | 5 | 6 | 60 | 3 | - | 2 ചവറ്റുകൊട്ട |
| 4 | 1 | 4 | 7 | 70 | - | - | 2 ചവറ്റുകൊട്ട |
| 5 | | 2 | 5 | 60 | - | - | - |
| 6 | | 5 | 10 | 100 | - | | |
| 7 | | 2 | 5 | 50 | 1 | - | |
| 8 | 1 | 5 | 5 | 50 | 1 | - | 2 ചവറ്റുകൊട്ട |
| 9 | | 6 | 6 | 60 | - | - | 1 ഇൻസിനേറ്റർ |
| ആകെ | 4 | 34 | 59 | 59 | 6 | | |
| മുൻഗണനാക്രമം | 1 | 3 | 4 | 5 | 2 | | |

# 8

# വിദ്യാഭ്യാസം

*ആമുഖം*

ജനാധിപത്യവ്യവസ്ഥയ്ക്കു അനുഗുണമായ ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് കേരളത്തിൽ നിലവിലുള്ളത് അതുകൊണ്ട് തന്നെ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ വിദ്യാഭ്യാസത്തെയും ബാധിക്കുന്നു. ഇന്ത്യയിലെ ഇതരസ്ഥാപനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിൻെറ ജനകീയവൽക്കരണം സാധിച്ച കേരളം നല്ലൊരു മാതൃകയാക്കി നിലകൊള്ളുന്നു. ഗുണനിലവാരത്തെപ്പറ്റി പരാതികൾ നിലവിലുണ്ടങ്കിലും ഇതൊരു ജനകീയമുന്നേറ്റ മാണെന്ന കാര്യത്തിൽ തർക്കമില്ല സമ്പൂർണ്ണസാക്ഷ രതയും കൂടിയായപ്പോൾ നമ്മുടെ സംസ്ഥാനത്തിൻെറ വിദ്യാഭ്യാസരംഗം കൂടുതൽ തിളക്കമുളതായി ജനകീയാസൂത്രണവികസന പ്രക്യയയിലൂടെ സമ്പൂർണ്ണവിദ്യാഭ്യാസലക്ഷ്യത്തിലെത്തിച്ചേരാൻ നമുക്ക് സാധിക്കാതിരിക്കില്ല.

കുടിപ്പള്ളിക്കൂടത്തിൽ തുടങ്ങി വൊക്കേഷണൽ ഹയർസെക്കൻറിയിൽ എത്തിനിൽക്കുന്ന ഒരു വിദ്യാഭ്യാസചരിത്രമാണ് കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലുള്ളത്. ഇനിയും ബഹുദൂരംപിന്നിടേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ പുതിയ മൂല്യബോധമനുസരിച്ച് ആസൂത്രണത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ഔപചാരിക-അനൗപ ചാരിക വിദ്യാഭ്യാസത്തെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ന്യൂനതകൾ ഏറെ കണ്ടെന്നും വരും. ലക്ഷ്യത്തിലെത്താൻ വൈതരണികൾ ഏറെ കടക്കേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടുകൂടി മാത്രമേ ഈ രംഗത്ത് കാര്യമായി എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളു എന്നത് തീർച്ച തുടർന്നുകൊടുക്കുന്ന വിദ്യാഭ്യാസ രംഗത്തിൻെറ ചിത്രം മേൽപ്പറഞ്ഞ വസ്തുതകൾ വ്യക്തമാക്കും.

കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഒരു നൂറ്റാണ്ടിലേറെ പഴക്കം വരും. കുടിപ്പള്ളിക്കൂടങ്ങൾ ആയിരുന്നു ആദ്യകാലത്തുണ്ടായിരുന്നത്. ആദ്യത്തെ കുടിപ്പള്ളിക്കൂടം ആശാൻമാരുടെ ഗൃഹത്തിലായിരുന്നു നടത്തിയിരുന്നത്. ആദ്യം ഗുരുക്കൻമാർ മണലിൽ ശിഷ്യരുടെ കൈപിടിച്ചെഴുതിച്ചുകൊണ്ടാണ് എഴുത്തുവിദ്യയുടെ ഹരിശ്രീ കുറിക്കുന്നത്. പിന്നീട് ഓലയിൽ നാരായം കൊണ്ട് എഴുതാൻ പരിശീലിപ്പിക്കും. ആകാരജ്ഞാനവും,അക്കജ്ഞാനവും കഴിഞ്ഞാൽ ഗുരുവിനറിയാവുന്ന സകലവിദ്യകളും തൻെറ ശിഷ്യഗണങ്ങൾക്ക് പകർന്നുകൊടുക്കും. ഇത്തരം പള്ളിക്കൂടങ്ങളിൽ ഒന്ന് പരുത്തിപള്ളിയിൽ 130-140 വർഷങ്ങൾക്ക് മുൻപ് നിലവിലിരുന്നതായി കാരണവരുമായി നടത്തിയ അഭിമുഖത്തിൽ നിന്നറിയാൻ കഴിഞ്ഞിട്ടുണ്ട്.

### *1. പരുത്തിപള്ളി ഗവ. എൻ.പി.എസ്*

ഈ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയം ആണിത് പരുത്തിപ്പള്ളിയിൽ ഉദ്ദേശം 130-140 വർഷങ്ങൾക്കുമുൻപ് പട്ടൻവിളാകം ശിവരാമപിള്ള എന്ന ആശാൻ ഒരു കുടിപ്പള്ളിക്കൂടം നടത്തിയിക്കുന്നതായി പറയപ്പെടുന്ന അദ്ദേഹം ഒന്നാംസാറും, പാലറക്കോണം ശങ്കരപിള്ള രണ്ടാംസാറും ആയിരുന്നു. പിന്നീട് പ്രസ്തുത വിദ്യാലയം ദരുശരു എന്നയാൾ ഏറ്റെടുത്തു പറക്കോണത്ത് ഇന്നത്തെ പരുത്തിപ്പള്ളി റേഷൻകട നടയിൽ നടത്തുകയുണ്ടായി. പിന്നീട് അദ്ദേഹം മതിയാക്കിയപ്പോൾ നാട്ടുകാരുടെ ഉത്സാഹത്തിൽ കുറ്റിച്ചലിലേക്ക് മാറ്റുകയും ഏറെ താമസിയാതെ അതൊരു ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂളാക്കി തീർക്കുകയും ചെയ്തു. സ്ഥാപിതമായ വർഷം കൃത്യമായി അറിയാൻ കഴിഞ്ഞിട്ടില്ല. കുറ്റിച്ചൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ഈ സ്കൂളിൽ വന്ന് പഠിച്ചിരുന്നു. അക്കാലത്ത് ഒരു ക്ളാസിൽ 15-20 കുട്ടികൾ ഉണ്ടായിറുന്നു. ഇത് കഴിഞ്ഞാൽ ആര്യനാട് പഞ്ചായത്തിൽ ലൂഥർഗിരി .ിൽ സായ്പ് നടത്തിയിരുന്ന സ്കൂളേ ഉണ്ടായിരുന്നുള്ളു.

പിന്നീട് ഈ സ്കൂൾ യു.പി.എസ് ആയും 1969-70ൽ ഹൈസ്കൂളായും ഉയർത്തപ്പെടുകയുണ്ടായി. 5 4 . 5 സെൻറ് സ്ഥലത്താണ് ഈ സ്കൂൾ സ്ഥാപിച്ചിരിക്കുന്നത് രണ്ട് സ്ഥിരം കെട്ടിടങ്ങളിലായി 9 ക്ലാസ്സുമുറികൾ ഉണ്ട് ആകെ ഡിവിഷൻ 11 ആണ് 15 അധ്യാപകർ ഇപ്പോൾ ഉണ്ട് 354 കുട്ടികൾ ഇവിടെ പഠിക്കുന്നു അതിൽ 54 പേർ എസ്സി/എസ്സ്/റ്റി/ വിഭാഗത്തിൽപ്പെട്ടവരാണ്.

*2. വി.എച്ച്.എസ്.എസ്. പരുത്തിപ്പള്ളി*

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിലുള്ള ഏകസ്ഥാപനമാണ് ഇത്. 1994-ൽ ആണ് ഇതൊരു വി.എച്ച്.എസ്.എസ് ആയി ഉയർത്തപ്പെട്ടത് സ്കൂൾ ക്ലാസ്സുകൾ 5-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ യുണ്ട്. ഹയർസെക്കൻറ്ററി വിഭാഗത്തിൽ ലൈവ് സ്റ്റോക്ക് മാനേജ്മെൻറ്, ഡേറ്റാ പ്രോസസിങ്ങ് ആൻറ് കൺസോൾ ഓപ്പറേഷൻ എന്നീ കോഴ്സുകളാണുള്ളത്. ഈ വിഭാഗത്തിൽ ഒന്നും രണ്ടും വർഷങ്ങളിലായി 98 കുട്ടികൾ പഠിക്കുന്നു. ആകെ 1767 വിദ്യാർത്ഥികൾ ഉള്ളതിൽ 209 പേർ എസ്സി. എസ്സ്.റ്റി വിഭാഗത്തിൽപ്പെട്ടവരാണ് 50 അധ്യാപകരാണ് ഈ സ്കൂളിലുള്ളത്.

ഈ സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും അക്കാദമിക് രംഗത്ത് ഉണ്ടാകാറുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പി.ടി.എ താൽപര്യപൂർവ്വം പ്രവർത്തിച്ചുപോന്നിട്ടുണ്ട്. കുട്ടികളുടെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ വാട്ടർസപ്ളേ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. നിർദ്ധനവിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം വിതരണം, കായിക പ്രതിഭകൾക്ക് പ്രോത്സാഹനം നൽകൽ, സാക്ഷരതാ പരിപാടി തുടങ്ങിയ പ്രവർത്തനങ്ങളും പി.ടി.എ നടത്തുന്നുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണുന്നതിന് സാമാന്യം നന്നായി പ്രവർത്തിക്കുന്ന മാതൃസംഗമത്തിന് കഴിയുന്നുണ്ട്.

പഠനത്തിൽ മുൻപന്തിയിൽ എത്തുന്ന കുട്ടികൾക്ക് സ്കൂൾവാർഷികത്തിന് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. കുട്ടികളുടെ കലാ-കായിക വാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിൽ അധ്യാപകർ മുൻകൈ എടുക്കാറുണ്ടെന്ന കാര്യം പ്രസ്തുതാവ്യമാണ്. പതിറ്റാണ്ടുകളായി ഈ സ്കൂളിൽ കലാ പ്രതിഭകളെ വാർത്തെടുക്കുന്നതിൽ സുദീർഘമായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ജി. രാഘവൻസാറിന് (ജി. ആർ. കുറ്റിച്ചൽ) അദ്ധ്യാപക സംഘടനയുടെ ഗുരുശ്രേഷ്ഠാ അവാർഡ് ലഭിച്ചത് നമുക്കെല്ലാം അഭിമാനകരംതന്നെ. 5500 പുസ്തകങ്ങളുള്ള ഒരു ലൈബ്രറി ഈ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

*3. ഉത്തരംകോട് ഇരുവേലി യു.പി.എസ്*

പഞ്ചായത്തിലെ ഏക ഗവൺമെൻറ് യു.പി. എസ് ആണിത്. ആറാം വാർഡിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ദശാബ്ദങ്ങൾക്കുമുൻപ് കോട്ടൂർ ജംഗ്ഷന് സമീപമുള്ള ഇരുവേലി എന്ന സ്ഥലത്താണ് ഈ സ്കൂൾ അനുവദിച്ചത്. അവിടെ സ്ഥലസൗകര്യം ലഭിക്കാത്തതിനാൽ വാഴപ്പള്ളി. അരുകിൽ എന്നിവിടങ്ങളിൽ സ്വകാര്യവീടുകളിൽ കുറെക്കാലം പ്രവർത്തിച്ച ശേഷമാണ് ഉത്തരംകോട്ട് ഇന്ന് കാണുന്ന സ്ഥലത്തേക്ക് മാറ്റപ്പെട്ടത് അങ്ങനെ ഉത്തരംകോട് ഇരുവേലി യു.പി.എസ് എന്നപേരും നൽകി.

കുട്ടികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും കലാകായികമത്സരങ്ങൾ, ശാസ്ത്രമേള, വിജ്ഞാനോൽസവം എന്നിവ സംഘടിപ്പിക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ട്.

*4. പഞ്ചായത്ത് യു.പി.എസ്, കോട്ടൂർ*

ഈ സ്കൂൾ സ്ഥാപിച്ചത് 1967 ജൂൺ 20-നാണ്. കോട്ടൂർ വനപ്രദേശത്തിന് സമീപം കള്ളിക്കാട് പഞ്ചായത്തിൽ സ്ഥിചെയ്യുന്ന വ്ലാവെട്ടി ട്രൈബൽ എൽ.പി.എസിൽ നിന്നും പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന വിദ്യാർത്ഥികൾക്ക് അപ്പർപ്രൈമറി വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൗകര്യം സൃഷ്ടിക്കാൻ വേണ്ടി നാട്ടുകാരും പഞ്ചായത്തും അന്ന് പൂവച്ചൽ പഞ്ചായത്ത് ചേർന്ന് ശ്രമിച്ചതിന്റെ ഫലമായാണ്. ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത് അതുവരെ കുട്ടികൾക്ക് 5 കിലോമീറ്റർ അകലെയുള്ള ഉത്തരംകോട് ഇരുവേലി യു.പി.എസ്സിൽ പോകേണ്ട ദുസ്ഥിയാണ് ഉണ്ടായിരുന്നത്.

5,6,7 സ്റ്റാൻഡോർഡുകൾ മാത്രമാണ് ഇവിടെയുള്ളത് ആകെ 99 വിദ്യാർത്ഥികളെ ഉള്ളു. അതിൽ 16 പേർ എസ്. സി, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരാണ് ഒരു സ്ഥിരം കെട്ടിടത്തിലും ഒരു അർദ്ധസ്ഥിരം കെട്ടിടത്തിലുമായി 6 ക്ലാസ്സുമുറികൾ ഉണ്ട് കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം പോലും ഇവിടെ ഇല്ല.

*5. എ.കെ.എം എൽ.പി.എസ് പേഴുംമൂട്*

1976-77ൽ ആണ് ഈ സ്ഥാപനം ഉണ്ടായത് പോഴുംമൂട് കൈതയ്ക്കൽ ഭാഗത്തുള്ള പിഞ്ചുകുട്ടികളുടെ പ്രാഥമികവിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടി

സ്വകാര്യമേഖലയിൽ എയ്ഡഡ് സ്ഥാപിക്കപ്പെട്ട വിദ്യാലയമാണിത്. 1മുതൽ 4 വരെയുള്ള ക്ളാസ്സുകളിലായി തുടക്കത്തിൽ 219 കുട്ടികൾ ഉണ്ടായിരുന്നു. ഇപ്പോൾ അത് 108 ആയി ചുരുങ്ങിയിരിക്കുന്നു. 8 അദ്ധ്യാപകരാണ് ഇവിടെ ജോലിനോക്കുന്നത്. 50 പുസ്തകങ്ങളുള്ള ചെറിയ ഒരു ലൈബ്രറി നാമമാത്രമായി പ്രവർത്തിക്കുന്നു. പി.ടി.എയും മാതൃസംഗമവും പ്രവർത്തന സജ്ജമാണ്.

*6. മന്തിക്കളം ലൂഥറൻ എൽ.പി.എസ്സ്*

സ്ഥാപിതം- 1955

മാനേജുമെൻറിൻെറ കീഴിൽ ലൂഥറൻമിഷൻ നടത്തപ്പെടുന്നു. ഈ പഞ്ചായത്തിലെ ഏക വിദ്യാലയമാണിത്. ഇവിടെ 1 മുതൽ 4 വരെ ഉള്ള ക്ളാസ്സുകളിലായി 189 കുട്ടികൾ പഠിക്കുന്നു. അതിൽ 34 പേർ എസ്. സി, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരാണ്, 5 അദ്ധ്യാപകരാണ് ഈ സ്കൂളിൽ ഉള്ളത്. ഒരു സ്ഥിരം കെട്ടിടവും രണ്ട് അർദ്ധസ്ഥിരവും കെട്ടിടവും ഉണ്ട്. 10 ക്ളാസ്സുമുറികൾ ഉണ്ട് പി.ടി.എ പ്രവർത്തിക്കുന്നുണ്ട്.

*അനൗപചാരിക വിദ്യാഭ്യാസ രംഗം*

അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കുന്നതിൽ പോലും ആശാവഹമായ പുരോഗതി കൈവരിക്കാൻ ആകാത്ത ഇൻന്ത്യയെ പ്പോലൊരു വികസ്വരരാജ്യത്തിന് പല വെല്ലുവിളികളും നേരിടേണ്ടതുണ്ട്.

90 കോടി ജനസംഖ്യയുള്ള ഇന്ത്യയിലെ സാക്ഷരതാ നിരക്ക് 40%ത്തിൽ താഴെമാത്രമാണ്. അതിൽ തന്നെ പുരുഷന്മാരുടേത് 47%വും സ്ത്രീകളുടേത് 25%വും ആണ്. ചരിത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ കേരളത്തിന് 1990 ആയപ്പോഴേക്കും സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യത്തെ സംസ്ഥാനമെന്ന ബഹുമതി ലഭിച്ചു.അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. ഈ രംഗത്തെ പ്രമുഖ ഏജൻസികൾ ഗ്രന്ഥശാലകൾ തന്നെ. നമ്മുടെ പഞ്ചായത്തിലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരുത്തിപ്പള്ളി കർഷകസഹൃദയ ഗ്രന്ഥശാലയും, അരുകിൽ രാഗം തീയറ്റേഴ്സ് ഗ്രന്ഥശാലയും, വളരെ കാലം കേരള ഗ്രന്ഥശാലസംഘത്തിൻെറ പ്രത്യുൻമുഖ സാക്ഷരത പരിപാടി അനുസരിച്ചുള്ള വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ നടത്തിയിരുന്നു. സമ്പൂർണ്ണ സാക്ഷരതായജ്ഞം ഈ പഞ്ചായത്തിൽ വമ്പിച്ച ജനപങ്കാളിത്തോടെ വിജയകരമായി നടത്തുകയുണ്ടായി. സാക്ഷരത സർവ്വേപ്രകാരം 9 വാർഡുകളിലായി 2175 നിരക്ഷരരെയാണ് കണ്ടെത്തിയത്. അതിൽ അഞ്ചുവയസിന് താഴെയുള്ള കുട്ടികളെ ഒഴിച്ച് 1357 പേരെ ഒരു വർഷംകൊണ്ട് സാക്ഷരതാ ക്ളാസുകളിലൂടെ സാക്ഷരരാക്കി മാറ്റി അങ്ങനെ നമ്മുടെ പഞ്ചായത്തിന് 95.02% സാക്ഷരത കരസ്ഥമാക്കാൻ ആ പരിപാടിയിലൂടെ സാധിച്ചു.

എന്നാൽ സാക്ഷരതായജ്ഞത്തിൻെറ രണ്ടാം ഘട്ടം കടലാസു പദ്ധതിയായി ചുരുങ്ങിയതും തുടർന്ന് വന്ന 5ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന ക്ഷമമായി മാറാതിരുന്നതും ആദ്യഘട്ടത്തിൽ അക്ഷീണയത്നത്തിലൂടെ സാക്ഷരതയുടെ ലോകത്തേയ്ക്ക് കൈപിടിച്ച് കയറ്റപ്പെട്ട 100 കണക്കിനാളുകളെപ്പോലും നിരക്ഷരതയുടെ അന്തകൂപത്തിലേക്ക് വീഴ്ത്തുകയുണ്ടായി. ഈ രംഗത്ത് ഫലപ്രദമായ യാതൊരു പ്രവർത്തനവും ഇപ്പോൾ ഇവിടെയില്ല എന്നതാണ് യാതാർത്ഥ്യം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കേരളത്തിൽ പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന കേരളശാസ്ത്രസാഹിത്യ പരിഷത്തിൻെറ രണ്ടു യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കുറ്റിച്ചലിലും ഉത്തരംകോടും പഠനം പാൽപായസം പദ്ധതി പ്രകാരം പരിഷത്ത് ആണ്ടുതോറും സംഘടിപ്പിക്കുന്ന വിജ്ഞാനോൽസവം നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും, പഞ്ചായത്ത് തലത്തിലും കുറേ വർഷങ്ങളായി നടക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ആരോഗ്യകരമായ മാൽസര്യബുദ്ധി വളർത്തുന്നതിനും വിജ്ഞാനത്തോട് ആഭിമുഖ്യം വളർത്തുന്നതിനും പ്രസ്തുത പരിപാടി ഉതകിയിട്ടുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു വിഭാഗമാണ്. പ്രിപ്രൈമറി സ്കൂളുകളും നഴ്സറിസ്കൂളുകളും. ബാലവാടികളും മുൻക്കാലങ്ങളെ അപേക്ഷിച്ച് ശിശുവിദ്യാഭ്യാസത്തിൽ ഇപ്പോൾ രക്ഷാകർത്താകൾ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നുണ്ട്. ഈ രംഗത്ത് സർക്കാർ ശാസ്ത്രീയനയ സമീപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഇനിയും കൂട്ടാക്കിയിട്ടില്ല എന്നത് ഖേദകരം എന്നെപറയെണ്ടു. ഈ അവസരം മുതലെടുത്തുകൊണ്ട് പല പ്രൈവറ്റ് ഏജൻസികളും കടന്നുകയറുകയും തികച്ചും അശാസ്ത്രീയമായ രീതിയിൽ സ്ഥാപനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ടി രുമന ശാസ്ത്രത്തിൻെറ ബാലപാഠം മനസ്സിലാക്കാതെയുള്ള ഈ രംഗത്തെ തള്ളികയറ്റവും മൽസരബുദ്ധിയും ധനലാഭത്തിൽ കണ്ണുവച്ചു കൊണ്ടുള്ളതാണ്.

ഈ പഞ്ചായത്തിൽ പരുത്തിപ്പള്ളി ഗവൺമെൻറ് എൽ.പി.എസി നോട്നിബന്ധിച്ച് മാത്രമാണ്. പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നത്. ഇതിനു പുറമേ വിവിധ സംഘടനകൾ നടത്തുന്നവയും സ്വകാര്യവ്യക്തികൾ നടത്തുന്നവയും ഇതിൽപ്പെടുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായ പ്രവർത്തിക്കുന്ന 5 ബാലവാടികളും ശിശുവിദ്യാഭ്യാസതലത്തിൽ തനതായ സംഭാവനകൾ നൽകുന്നുണ്ട്.

*ബാലവാടികൾ*

1. കുറ്റിച്ചൽ മഹിളാസമാജം ബാലവാടി - കുറ്റിച്ചൽ
2. കൈരളി മഹിളാസമാജം ബാലവാടി- കോട്ടൂർ
3. വീക്ഷണം മഹിളാസമാജം ബാലവാടി- പാങ്കാവ്
4. നെടുവാൻ വയൽ ഹരിജൻ മഹിളാസമാജം ബാലവാടി- ഉത്തരംകോട്
5. നെഹ്റു മെമ്മോറിയൽ ബാലവാടി- മന്തിക്കളം
6. നെഹ്റു മെമ്മോറിയൽ യൂത്ത് ക്ളബ് നെഹ്റു ബാലവാടി- പാങ്കാവ്

*സമാന്തര വിദ്യഭ്യാസ സ്ഥാപനങ്ങൾ*

സമാന്തര വിദ്യഭ്യാസ രംഗത്ത് കുറ്റിച്ചൽ പഞ്ചായത്തിന് മൂന്നര പതിറ്റാണ്ടുകാലത്തെ ചരിത്രം അവകാശപ്പെടാനുള്ളത്. 1962 കാലഘട്ടം മുതൽ ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വേരൂന്നാൽ തുടങ്ങി. കുറ്റിച്ചൽ എൽ.എം.എസ് ചർച്ചിന് സമീപം ആരംഭിച്ച ഉഷ ട്യൂട്ടോറിയൽ ആണ് ഈ രംഗത്തെ ആദ്യ കാൽവെയ്പ്. തുടർന്ന് ബിരുദധാരികൾ വർദ്ധിച്ചതിനനുസരിച്ച് മഹാത്മ, വിശ്വഭാരതി, ഉദയ എന്നീ സ്ഥാപനങ്ങൾ ഉടലെടുത്തു. എന്നാൽ ഇതൊന്നും തന്നെ ഇപ്പോൾ നിലനിൽക്കുന്നില്ല.

1976-ൽ സ്ഥാപിതമായ ജീനിയസ് കോളേജ് ആണ് ഇന്നുള്ളതിൽ ഏറ്റവും പഴക്കംചെന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനം ഇവിടെ 23 അദ്ധ്യാപകർ ജോലി നോക്കുന്നു.

1981-ൽ സ്ഥാപിക്കപ്പെട്ട യൂണിയൻ കോളേജ് ഇപ്പോൾ 10 അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ട്. 24 അദ്ധ്യാപകരുള്ള സാരഥിയാകട്ടെ 1988ലാണ് സ്ഥാപിക്കപ്പെട്ടത്.

1993-ൽ തുടങ്ങിയ വിശ്വഭാരതിയിൽ 10 അദ്ധ്യാപകരാണുള്ളത്. ഈ സ്ഥാപനങ്ങളിൽ സ്കൂൾ ക്ളാസുകളാണ്. മുഖ്യമായും നടക്കുന്നത് . പ്രീഡിഗ്രി വരെയുള്ള ക്ളാസ്സുകൾ എല്ലാ സ്ഥാപനങ്ങളിലും ഉണ്ട്. എന്നാൽ ഡിഗ്രിക്ളാസുകൾ ചിലേടത്തുമാത്രമേയുള്ളു.

ഔപചാരിക വിദ്യഭ്യാസത്തിൻെറ പോരായ്മകൾ പരിഹരിച്ചുകൊണ്ട് നമ്മുടെ നാട്ടിലെ കുട്ടികൾക്ക് കൂടുതൽ വിജയം കരസ്ഥമാക്കൽ സഹായിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അനുഷ്ഠിക്കുന്ന സേവനങ്ങൾ വിലപ്പെട്ടതും തന്നെ. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ അനുദിനം പെരുകിവരുന്ന സാഹചര്യത്തിൽ ഉന്നത ബിരുദങ്ങൾ നേടിയ ചെറുപ്പക്കാർക്ക് താല്പര്യം ആശ്വാസം പകരുന്ന ഒരു ഇടത്താവളം എന്ന നിലയിൽ ഈ സ്ഥാപനങ്ങൾ വലിയോരനുഗ്രഹം തന്നെ.

*സാങ്കേതികവിദ്യാഭ്യാസം*

നമ്മുടെ വിദ്യാഭ്യാസത്തിൻെറ പ്രധാന പോരായ്മയായി സാധാരണ ചൂണ്ടികാണിക്കാറുള്ളത്. തൊഴിലിന് പ്രാധാന്യം കല്പിക്കുന്നില്ല എന്നതാണ്. ഈ കുറവ് പരിഗണിക്കാനുതകുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ഇവിടെയില്ല എന്നു തന്നെ പറയാവുന്നത് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മാത്രമാണ്. അച്ചൻകോട് ആർ.സി. ദേവാലയത്തോടനുബന്ധിച്ച് നടത്തുന്ന ദേവമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ആണ്. 1972-ൽ സ്ഥാപിതമായത്. ഇവിടെ 3 മെഷീനുണ്ട്. 25 കുട്ടികൾ പഠിക്കുന്നു. ഏറ്റവും പഴക്കം ചെന്നത്. പരുത്തിപ്പള്ളി എൽ.പി.എസിന് സമീപമുള്ള ജവഹർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ആണ്. മറ്റൊന്ന് ഇവിടെ 8 മെഷീനുകളും 45 വിദ്യാർത്ഥികളും ഉണ്ട്. 1976ലാണ് ഈ സ്ഥാപനം തുടങ്ങിയത് കുറ്റിച്ചൽ ജംഗ്ഷന് സമീപം 1987-ൽ ആരംഭിച്ച ചൈതന്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് ആണ്. മൂന്നാമത്തേത് 4 മെഷീനുള്ള ഇവിടെ 35 കുട്ടികൾ പഠിക്കുന്നുണ്ട്

പൊതു വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൻെറ നില സാമാന്യം ഭേദപ്പെട്ടതു തന്നെ. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും ഇവിടെയില്ല. ഇവിടെ നിന്നും 8 കിലോമീറ്റർ അകലെയുള്ള കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, 10 കിലോമീറ്റർ അകലെയുള്ള നെടുമങ്ങാട് ഗവൺമെൻറ് കോളേജ് 20 കിലോമീറ്റർ അകലെയുള്ള പെരിങ്ങമ്മല ഇക്ബാൽ കോളേജ് എന്നീ സ്ഥാപനങ്ങളെയാണ് ഇവിടെയുള്ള വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടി ആശ്രയിക്കുന്നത് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നയാതൊരു സ്ഥാപനങ്ങളും ഇവിടെയില്ലെന്ന് പറയാം.

*പ്രശ്നങ്ങൾ*

1. കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസസൗകര്യത്തിനുതകുന്ന നേഴ്സറി സ്ക്കൂളുകൾ ആവശ്യത്തിനില്ല.
2. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നില്ല.
3. സ്കൂൾ വർഷത്തിൽ പൂർണ്ണമായും ആവശ്യത്തിന് അദ്ധ്യാപകരെ കിട്ടുന്നില്ല.
4. പരുത്തിപ്പള്ളി വി.എച്ച്.എസ്.എസ്- ൽഇന്നു നിലവിലുള്ള ഓല കെട്ടിടങ്ങൾ അപകടാവസ്ഥയിലാണ്.
5. വൊക്കേഷണൽ ഹയർസെക്കൻഡറി, പ്രീ-പ്രൈമറി എന്നിവയുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നില്ല.
6. വിദ്യാഭ്യാസത്തിന് മതിയായ സ്കൂളുകളില്ല.
7. തൊഴിലധിഷ്ടിത കോഴ്സുകൾ നടത്തുന്ന സാങ്കേതിക സ്ഥാപനങ്ങൾ നിലവില്ല.
8. സാമ്പത്തിക ക്ലേശംമൂലം ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവരുന്ന കുട്ടികൾ കുറവല്ല.
9. എസ്.എസ്.എൽ.സിക്കാരുടെ പഠനനിലവാരവും മാർക്കുനിലവാരവും മോശമാണ്.
10. പരുത്തിപ്പള്ളി വി.എച്ച്.എസ്.എസ്ൽ കൂടുതൽ തൊഴിൽ സാധ്യതയുള്ള ട്രയിഡ്കൾ ഇല്ല.
11. സ്കൂളുകൾക്ക് സംരക്ഷണവും യാത്രാസൗകര്യവും ഇല്ല.
12. വേണ്ടത്ര ഹൈസ്ക്കൂൾ ഇല്ല.
13. ആദിവാസികൾക്ക് വിദ്യാഭ്യാസ സൗകര്യം ഇല്ല.
14. പരുത്തിപ്പള്ളിഎൽ പി എസിന് ആവശ്യമായ കെട്ടിടം ഇല്ല.
15. എൽ പി എസിൻെറ നിലവിലുള്ള കെട്ടിടം ശോപനാവസ്ഥയിലാണ്

*പരിഹാര നിർദ്ദേശങ്ങൾ*

1. നേഴ്സറി സ്ക്കൂളുകൾ ആവശ്യമുള്ള സ്ഥങ്ങളിൽ സർക്കാർ മേഖലയിൽ സ്ഥാപിക്കുക
2. എല്ലാ സ്ക്കൂളുകളിലും മാതൃസംഗമങ്ങൾ വിളിച്ചു കൂട്ടുക.
3. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിൻെറ ആവശ്യകതയെപ്പറ്റി രക്ഷകർത്താക്കളെ ബോധവൽക്കരിക്കുക.
4. സ്ക്കൂൾ തുറക്കുമ്പോൾതന്നെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
5. ഓലക്കെട്ടിടങ്ങൾക്കുപകരം സ്ഥിരം കെട്ടിടങ്ങൾ പണിയുക.
6. ബാലവാടികൾ സ്ഥാപിക്കണം, സ്കൂൾതലത്തിൽ കലാകായികരംഗത്തെ പ്രതിഭകളെ കണ്ടത്തി പ്രോത്സാഹിപ്പിക്കുക.
7. നിലവിലുള്ള എൽ.പി.എസ്.നെ അപ്ഗ്രേഡ് ചെയ്യുക. എൽ.പി.എസ്. അനുവദിക്കുക .
8. കുറ്റിച്ചൽ ഒരു ഐ.റ്റി.ഐ സ്ഥാപിക്കുക.
9. നവസാക്ഷരർക്കുവേണ്ടി തുടവിദ്യാഭ്യാസപദ്ധതി നടപ്പാക്കുക.
10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസഗ്രാൻറ് അനുവദിക്കുക.
11. പരുത്തിപ്പള്ളിവി.എച്ച്.എസ്.എസ്ൽ എം.എൽ.റ്റി, അഗ്രികൾച്ചറൽ, ഇലക്ട്രോപ്ലേറ്റിംഗ്, ബിൽഡിംഗ് ടെക്നോളജി മുതലായ ട്രയിഡുകൾ അനുവദിച്ച് കിട്ടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുക.
12. സ്കൂൾ കോമ്പൗണ്ടുകൾ മതിൽകെട്ടി സുരക്ഷിതമാക്കുക.വഴിറോഡാക്കുക
13. ഹൈസ്കൂൾ അനുവദിക്കാൻ വേണ്ട നീക്കങ്ങൾ നടത്തുക, കോട്ടൂർ ഹൈസ്കൂൾ അനുവദിക്കുക.
14. ആദിവാസികളുടെ വിദ്യാഭ്യാസ സൗകര്യത്തിനു വേണ്ടി ചോനം പാറയിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കുക.
15. പഠനസൗകര്യാർത്ഥം ആദിവാസികൾക്കുവേണ്ടി ഹോസ്റ്റൽ സ്ഥാപിക്കുക
16. കോട്ടൂർ പഞ്ചായത്ത് സ്കൂളിനോടനുബന്ധിച്ച് ഒരു എൽ.പി സ്കൂൾ അനുവദിക്കുക
17. പേഴുംമൂട്, ഉത്തരംകോട്, മന്തിക്കുളം കോട്ടൂർ, ചോനംപാറ എന്നിവിടങ്ങളിൽ പ്രീ-പ്രൈമറി സ്കൂൾ അനുവദിക്കുക.
18. പരുത്തിപ്പള്ളി വി.എച്ച്.എസ്.എസി നോടനുബന്ധിച്ച് കൺസിംഗ് കോഴ്സ് ആരംഭിക്കുക.

19.സ്കൂളുമായി അധികദൂരമില്ലാത്ത സ്ഥലങ്ങളിലുള്ള അദ്ധ്യാപകരെ നിയമിക്കുക.

20.സർക്കാർ ജീവനക്കാരുടെ കുട്ടികളെ സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

21.സേവനത്തിനുള്ള പ്രോത്സാഹനങ്ങൾ സ്കൂൾ തലത്തിൽ ഏർപ്പെടുത്തുക.

22.സ്കൂളുകളിൽ ക്ലാസ് തലത്തിൽ രക്ഷാകർത്താ കമ്മിറ്റികൾ രൂപികരിക്കുക.

23.അവധിക്കാലം ഒരു മാസമാക്കി ചുരുക്കുക.

24.ശനിയാഴ്ചകൾ അദ്ധ്യായന ദിവസമാക്കി മാറ്റുക.

25.കാലാകാലങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുക

26.വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യകം ശ്രദ്ധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

27.വി.എച്ച്.എസ്.എസിലെ വിദ്യാർത്ഥികളുടെ യാത്രക്ളേശം ഒഴിവാക്കുന്നതിലേക്കും പി.റ്റി.എ കമ്മിറ്റിക്ക് കുറഞ്ഞ പലിശനിരക്കിൽ വെഹിക്കിൾ ലോൺ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക

28.മാനേജ്മെൻറ് സ്കൂൾ കെട്ടിടങ്ങളുടെ ഉറപ്പ് പരിശോധിക്കുക.

29.സ്ക്കൂളുകളിലെ പരിശോധനാ സംവിധാനം മെച്ചപ്പെടുത്തുക.

30.വിദ്യാർത്ഥികളിലെ കലാ-കായിക പ്രതിഭകളെ വളർത്തി എടുക്കുന്നതിലേക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും, കൂടുതൽ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.

31.കലാപരിപാടികളിലെ ഡാൻസ് നമ്മുടെ നാട്ടിൽ അന്യാധീനമായിക്കൊണ്ടിരിക്കുന്നകാലമാണ്. ഡാൻസ് നിലനിറുത്തുന്നതിന് സ്കൂൾതലത്തിൽ അദ്ധ്യാപകരെ നിയമിക്കുക.

32.കുറ്റിച്ചലിൽ ഒരു പോളിടെക്നിക് സ്കൂൾ ആരംഭിക്കുക.

VHSC Exam. March, April 1996

| Live stock management | No. appeared - 25 |
|---|---|
| Distinction | 5 |
| First Class | 7 |
| Second Class | 4 |
| Third Class | 1 |
| Full Pass | 15/25 |

Date processing console operation
(Computer technoloyg)

| | |
|---|---|
| Number appeared | 25 |
| First Class | 13 |
| Second Class | 11 |
| Third Class | 0 |
| Full Pass | 24/25 |

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | | | പാരലൽ കോളേജുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | HSS/HS | | | | | UPS | | | | | LPS | | | | | നഴ്സറികൾ | | | | | | | | |
| വാർഡ് | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചായത്തുവക | സ്വകാര്യം | ആകെ | സാങ്കേതിക വിദ്യാലയങ്ങൾ | കോളേജുകൾ | സ്കൂൾ ട്യൂഷൻ ക്ലാസുകൾ നടത്തുന്നവ | കോളേജ് ട്യൂഷൻ ക്ലാസുകൾ നടത്തുന്നവ | സ്കൂൾ-കോളേജ് ട്യൂഷൻ ക്ലാസുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 | - | | | - | - | - | - | - | - | - | - | - | - | - | | | - | - | | | | - | | |
| 2 | 1 | | | - | 1 | - | - | - | - | - | 1 | 1 | - | - | 2 | | | | | | | - | | 2 |
| 3 | | | | - | - | - | - | - | - | - | - | - | - | - | | | | | | | | - | | 1 |
| 4 | - | | | | | - | - | - | - | - | - | - | - | - | | | | | | | | - | | 1 |
| 5 | | | | | | - | - | - | - | - | - | - | - | - | | | | | | | | 1 | | |
| 6 | - | | | - | - | 1 | 1 | - | - | 2 | - | - | - | - | | | | | | | | - | | |
| 7 | - | | | | | - | - | - | - | - | - | - | - | 1 | 1 | | | | | | | - | | |
| 8 | - | | | | - | - | - | - | - | - | - | - | - | - | - | | | | | | | - | | |
| 9 | - | | | | - | - | - | - | - | - | - | 1 | - | - | 1 | | | | | | | - | | |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
### സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | സ്വഭാവം | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ക്ലാസ്സ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | VHSS പരുത്തിപ്പള്ളി | ഗവ: | 3 ഏക്കർ | 1 | 2 | 52 | ഉണ്ട് | 5500 | 2 | 2 | 1 | ഉണ്ട് | ഉണ്ട് | 2 |
| 2 | ഇരുവേലി U.P.S ഉത്തരംകോട് | ഗവ: | 7.8 സെൻറ് | 1 | | 12 | | | 2 | | 1 | | ഉണ്ട് | 1 |
| 3 | കോട്ടൂർ U.P.S | പ്രൈ: | 1 ഏ 20 സെൻറ് | 1 | | 10 | | | 1 | | 1 | | | 1 |
| 4 | മന്തിക്കളം L.P.S | പ്രൈ: | 50 സെൻറ് | 1 | | 8 | | | 1 | | 1 | | ഉണ്ട് | 1 |
| 5 | AKMLPS പേഴുംമൂട് | പ്രൈ: | 1 ഏക്കർ | 1 | | 10 | | 50 | 1 | | 1 | ഇല്ല | ഉണ്ട് | 1 |
| 6 | പരുത്തിപ്പള്ളി LPS | ഗവ: | 54.25 സെൻറ് | 1 | | 9 | | | 1 | 1 | 1 | ഉണ്ട് | ഉണ്ട് | 1 |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്
### അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | | | മറ്റുസൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|
| | | | | | കെട്ടിടം | | ഫർണിച്ചർ | |
| | | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | ഉള്ളവ | ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| HS/VHSS | 50 | 883 | 884 | 1767 | | 1 | | 1 |
| UPS | 20 | 327 | 284 | 611 | | 2 | - | 2 |
| LPS | 28 | 412 | 339 | 751 | | 3 | | 3 |
| Pre-Primary | 2 | 34 | 30 | 64 | 1 | - | | 1 |
| ആകെ | 100 | 1656 | 1537 | 3193 | 1 | 6 | - | 7 |

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

## സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം (1995-96)

| ക്രമനമ്പർ | സ്കൂളിൻെറ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സംഗ്രാൻറ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ചെത്തുതൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | നാടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | Monthly Sliphant | L.S.S | U.S.S |
| 1 | V.H.S.S പരുത്തിപ്പള്ളി | 17 | 334 | 151 | 11 | | | | 118 | 31 | 21 | 6 |
| 2 | ഗവ: L.P.S പരുത്തിപ്പള്ളി | | 70 | | | | | | | | | |
| 3 | ഗവ: U.P.S ഉത്തരംകോട് | | 111 | | | | | | | | | |
| 4 | പഞ്ചായത്ത് U.P.S കോട്ടൂർ | 3 | 17 | 9 | | | | | 3 | | | - |
| 5 | ലൂഥറൻ L.P.S മന്തിക്കളം | | 34 | | | | | | | | | |
| 6 | A.K.M.L.P.S പേഴുംമൂട് | | 13 | | | | | | | | | - |
| | ആകെ | 20 | 579 | 160 | 11 | | | | 121 | 31 | 21 | 6 |

# കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

## ഗവൺമെൻറ് വി.എച്ച്.എസ്.എസ്. പരുത്തിപ്പള്ളി - എസ്.എസ്.എൽ.സി വിജയശതമാനം (1992-96)

| വർഷവും മാസവും | പരീക്ഷ എഴുതിയ ആകെ വിദ്യാർത്ഥികൾ | ജയിച്ചവരുടെ ആകെ എണ്ണം | ഡിസ്റ്റിംഗ്ഷൻ | ഫസ്റ്റ് ക്ലാസ് | സെക്കൻറ് ക്ലാസ് | തേർഡ് ക്ലാസ് | വിജയ ശതമാനം | മാർക്ക് |
|---|---|---|---|---|---|---|---|---|
| മാർച്ച് 1992 | 392 | 106 | 6 | 22 | 21 | 57 | 27.17% | |
| മാർച്ച് 1993 | 388 | 113 | 3 | 25 | 21 | 64 | 29.12% | |
| മാർച്ച് 1994 | 342 | 101 | 2 | 15 | 21 | 63 | 29.52% | |
| മാർച്ച് 1995 | 326 | 98 | 4 | 17 | 16 | 61 | 30.60% | |
| മാർച്ച് 1996 | 334-1 = 333 | 125 | 4 | 24 | 21 | 76 | 38% | ക്യാൻസൽ ചെയ്തു |



# ആദിവാസി സംസ്കാരവും പാർപ്പിടവും





# 9

# പാർപ്പിടം

ആഹാരം, വസ്ത്രം എന്നിവയെപ്പോലെ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽപെടുന്ന മറ്റൊന്നാണ് പാർപ്പിടം. എന്തൊക്കയുണ്ടായാലും ചുരുണ്ടു കൂടാനൊരിടം കൂടിയല്ലേ കഴിയൂ മനുഷ്യന് ആദിവാസികളായ കാണിക്കാർ പാറയപ്പുകളാണ് ആദ്യകാലത്ത് വാസസ്ഥലമായി തിരഞ്ഞെടുത്തത്. കൃഷിഭൂമികൾക്കടുത്ത് കാട്ടുകമ്പുകൾ കുത്തിനിറുത്തി ഈറ്റ ഇലകൊണ്ട് ചോർച്ചയില്ലാത്ത കമനീയമായ കുടിലുകളും പിന്നീടവർ പണിതു. ഈ പാരമ്പര്യ രീതിയിൽ നിന്നും വളരെദൂരം അവർ മുന്നോട്ടുപോയിട്ടില്ല. ഗവൺമെൻറിന്റെ സഹായത്തോടെ പരിഷ്ക്കരിച്ച ഓടിട്ടവീടുകളിലെത്തി നിൽക്കുകയാണ് കാണിക്കാരുടെ പാർപ്പിടങ്ങൾ.

കൊട്ടിയമ്പലത്തോട് കൂടിയ ഭവനങ്ങളും ഓടിട്ട ബംഗ്ലാവുകളുമായിരുന്നു 20-ാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ കുറ്റിച്ചലിലുണ്ടായിരുന്ന ധനികരുടെ വീടുകൾ, താണജാതിക്കാർ ഇവരുടെ വിസ്തൃതമായ കൃഷിഭൂമിയിൽ ഓലയോ, പുല്ലോ കൊണ്ടു തീർത്ത വീടുകളിൽ പാർത്തിരുന്നു. പാവപ്പെട്ടവർക്ക് വീട് ഒരു സ്വപ്നം പോലുമല്ലാത്ത കാലമായിരുന്നു അത്. ഭവനനിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ അന്ന് ഗ്രാമത്തിൽ സുലഭമായിരുന്നു. പഴയ വീടുകളിൽ ഇന്നത്തെപ്പോലെയുള്ള സൗകര്യങ്ങൾ കുറവായിരുന്നു. വീടിന്റെ പരിസരത്തോ കുറച്ച് മാറിയോ കിണർ കുഴിച്ചിരുന്നു. പലവീടുകൾക്കും കൂടി ഒരു കിണർ ഉപയോഗിക്കുന്ന രീതി നിലവിലിരുന്നു. വീടുകൾക്ക് കക്കൂസ് ഇല്ലായിരുന്നു. വെളിമ്പ്രദേശങ്ങളാണ് മലവിസർജ്ജനത്തിന് തെരഞ്ഞെടുത്തിരുന്നത്. കുളിമുറിയോ അഴുക്കുജലം ഒഴുക്കിക്കളയുന്നതിനുള്ള മാർഗ്ഗമോ ഒന്നും ഇല്ലായിരുന്നു. വീടിനോട് ചേർന്ന് തൊഴുത്തുണ്ടാക്കിയിരുന്നു. മൃഗങ്ങളെ വീട്ടിനുള്ളിൽ വളർത്തുകയും പതിവായിരുന്നു. പ്രകാശം ആവശ്യത്തിനു കടന്നു ചെല്ലാൻ പാകത്തിലല്ല മുറികൾ പണിതിരുന്നത്. ഒരു വളപ്പിന് ഒരു വീടായിരുന്ന അക്കാലത്ത് ഇതൊക്കെ മതിയായിരുന്നു. ഇന്ന് പാർപ്പിടങ്ങളുടെ എണ്ണം വളരെകൂടിയിട്ടുണ്ട്. പുതുതായി ഉണ്ടാക്കുന്ന വീടുകൾ മിക്കതും ടെറസ്സുകളാണ്. ഓലകെട്ടുന്നത് ഒരു ഭാരിച്ച ചെലവാണെന്നുകണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. മാത്രമല്ല ഓലകിട്ടാനുള്ള ബുദ്ധിമുട്ടും ഉണ്ട്. ഓടിടാനാണെങ്കിൽ തടി അധികം വേണമെന്നുള്ളതിനാൽ അതിനും ആളുകൾ തുനിയുന്നില്ല. പാർപ്പിട നിർമ്മാണം ഇന്ന് ഒരു ബുദ്ധിമുട്ടായി കലാശിച്ചിരിക്കുന്നു.

സ്വന്തമായി ഒരു സെൻറുഭൂമിയോ വീടും ഇല്ലാത്ത നിരവധിപ്പേർ ഇവിടത്തെ റോഡുപുറമ്പോക്കുകളിലും തോട്ടുപുറമ്പോക്കുകളിലും താൽക്കാലികമായി കെട്ടിയുണ്ടാക്കിയ കുടിലുകളിൽ താമസിക്കുന്നു. അടിസ്ഥാനപരമായ സൗകര്യങ്ങളൊന്നുമില്ലാത്ത ഇവിടെത്തെ താമസം പരമദയനീയമാണ്. മലിനമായ ചുറ്റുപാടുകളിലാണ് ഇക്കൂട്ടർ കഴിയുന്നതും.

രണ്ടാം വാർഡിലെ കള്ളോടും മൂന്നാം വാർഡിലെ പേങ്ങാടും നാലാംവാർഡിലെ ആയത്തുനട അരുകിൽ വഞ്ചിക്കുഴി എന്നിവിടങ്ങളിലും അഞ്ചാം വാർഡിലെ ചപ്പാത്തിലും ഏഴാംവാർഡിലെ ചമതമൂട്ടിലും എട്ടാം വാർഡിലെ മുണ്ടണിയിലും ഇങ്ങനെ താമസിക്കുന്ന കുടുംബങ്ങളുണ്ട്. ഒരു കുടിലിന് ഉൾക്കൊള്ളാനാവാത്ത അംഗസംഖ്യയുള്ള കുടുംബങ്ങളുമുണ്ട്. ഇതുയർത്തുന്ന പരിസര മലിനീകരണത്തിന്റെ പ്രശ്നങ്ങൾ ഗ്രാമത്തിന്റെ ആരോഗ്യത്തിന് ഭീഷണിയാണ്. നിത്യേന കഷ്ടിച്ച് അഷ്ടിപുലർത്തുന്ന ഇക്കൂട്ടർക്ക് ഭൂമി കിട്ടിയാൽ പോലും വീടുവയ്ക്കാൻ പ്രയാസമാണ്.

സർക്കാരിൽ നിന്നും സൗജന്യമായി ഭൂമി ലഭിച്ചവരുണ്ടിവിടെ. അവർക്ക് വീട് വയ്ക്കാൻ നിവൃത്തിയില്ലാ. സാമ്പത്തികനില ഭദ്രമല്ലാത്തതുതന്നെ കാരണം. കാണിക്കാരുടെ പാർപ്പിടങ്ങളാകട്ടെ കുടിലുകളാണ്.

പരിസരമലിനീകരണം അവരുടെ കുടിലുകളെയും ബാധിച്ചിട്ടുണ്ട്. കാണിക്കാരുടെ ആരോഗ്യനില ഇപ്പോൾ മോശമാണ്. പ്രതികൂല സാഹചര്യങ്ങളോട് മല്ലടിച്ചു ജീവിക്കേണ്ടിവരുന്ന ഇവർക്ക് നല്ല പാർപ്പിടങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ അവസ്ഥയിൽ അവരുടെ കുടിലുകളെ വീടുകളായി പരിഗണിക്കുക സാധ്യമല്ല. 600 ഓളം ആദിവാസി കുടുംബങ്ങൾ ഉള്ളതിൽ 10-ൽ താഴെ വീടുകൾ മാത്രമേ ഉറപ്പുള്ളതായുള്ളൂ. ബാക്കി യുള്ളവർക്ക് ആവശ്യമായ ഭവനനിർമ്മാണ സൗകര്യങ്ങൾ നൽകണം.

*പ്രശ്നങ്ങൾ*

1. താമസയോഗ്യമായ വീടുകളുടെ അപര്യാപ്തത.
2. ലക്ഷം വീടുകൾ അപകടാവസ്ഥയിലാണ്.
3. ഓരോ ലക്ഷം വീടുകളിലും ഒന്നിലധികം കുടുംബ ങ്ങൾ താമസിക്കേണ്ടി വരുന്നു.
4. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സൗകര്യം പോര.
5. പുറമ്പോക്കുകളിൽ കുടികിടപ്പുകൾ അധികമാണ്.
6. പഞ്ചായത്തിനായി ഒരു ഹൗസിംഗ് സഹകരണ സംഘം ഇല്ല.
7. വൃദ്ധർക്കും അഗതികൾക്കും ആശ്രയം ഇല്ല.
8. സാമ്പത്തിക ബാധ്യത കാരണം വീടുപണി പൂർത്തി യാക്കാൻ കഴിയുന്നില്ല.

*പരിഹാരമാർഗ്ഗങ്ങൾ*

1. തിരിച്ചടയ്ക്കുന്നതും അല്ലാത്തതുമായ ഭവനഗ്രാൻറ് വരുമാനാടിസ്ഥാനത്തിൽ അനുവദിയ്ക്കുക. (എല്ലാ വാർഡുകളിലേയ്ക്കും.)
2. ലക്ഷം വീടുകൾ പുതുക്കി പണി ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
3. ഒരു കുടുംബത്തിന് ഒരു വീട് എന്ന ക്രമത്തിൽ നല്കുക.
4. ഭൂമിയും പാർപ്പിടവും ഇല്ലാത്തവർക്ക് സൗജന്യ മായി സ്ഥലവും പാർപ്പിടവും നൽകുക. (സർക്കാർ വക ഭൂമി പഞ്ചായത്തിൽ നിലവിലുണ്ട്.)
5. ഹൗസിംഗ് സഹകരണസംഘം സ്ഥാപിക്കുക.
6. വൃദ്ധഭവനം സ്ഥാപിക്കുക. (കോട്ടൂർ)
7. സാമ്പത്തികമായി അടിയന്തിരസഹായം ഉറപ്പു വരുത്തുക.
8. ആർ.കെ.വി. എസ്റ്റേറ്റിൽ 16 ഏക്കർ വനഭൂമി ഇപ്പോൾ തരിശായി കിടക്കുന്നത് സർക്കാർ ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ചു നൽകണം.
9. ശ്രീകൃഷ്ണ പ്ലാൻേറഷനിൽ കിടക്കുന്ന 8 ഏക്ക റോളം സർക്കാർ ഭൂമിയും ഭൂരഹിതർക്ക് പതിച്ചു നൽകണം.
10. നെല്ലിക്കുന്ന് 4 സെൻറ് കോളനിയിൽ താമസിക്കുന്ന 30 കുടുംബങ്ങൾക്ക് വീട് വച്ച് നൽകുക.
11. ഭൂരഹിരായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുക. ആദിവാസികൾക്ക് വീടുവയ്ക്കാൻ സഹായം നൽകുക.
12. ചിറക്കോണം, കോളനിയിൽ വീടുകൾ സൗജന്യ മായി നിർമ്മിച്ചു നൽകുക.
13. പാർപ്പിടസൗകര്യത്തിന് ഭൂമി വാങ്ങുന്നതിനനു വദിക്കുന്ന തുക വർദ്ധിപ്പിക്കുക.
14. ഹൗസിംഗ് ബോർഡിൻെറ ഭവനവായ്പ്പാ പദ്ധതി യുടെ നടപടികൾ ലഘൂകരിക്കുക.
15. വരുമാനാടിസ്ഥാനത്തിൽ വീടുകൾ പുതുക്കി പ്പണിയുന്നതിന് (പുനരുദ്ധാരണപ്പണി) സംബ്സി ഡിയോടെ വായ്പ അനുവദിക്കുക.

## സാമൂഹ്യക്ഷേമം

ജനാധിപത്യം സാർത്ഥകമാണമെങ്കിൽ സമൂഹ ത്തിൻെറ അടിത്തട്ടിൽ കിടക്കുന്ന ജനങ്ങളുടെ ജീവിതത്തോത് ഉയർത്തേ മതിയാകൂ. സ്വാതന്ത്ര്യ ലബ്ധിയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കു മ്പോഴും ജനസംഖ്യയുടെ പകുതിയോളം ദാരിദ്ര രേഖയുടെ കീഴിൽ കഴിയുന്നവരാണെന്ന ഭീകരസത്യം നാം കണ്ണു തുറന്നു കാണേ മതിയാകൂ. മൊത്തം സമ്പ ത്തിൻെറ കേവലം 22 ശതമാനം മാത്രം അവർക്ക് ലഭി ക്കുമ്പോൾ വെറും ഒരു ശതമാനം മാത്രം വരുന്ന സമ്പന്നരാകട്ടെ 10 ശതമാനം സമ്പത്ത് കൈയ്യടക്കി വച്ചേയ്ക്കുന്നു. എന്നാൽ കേരളത്തിൻെറ ചിത്രം ഇതിൽ നിന്നും ഭിന്നമാണെന്ന കാര്യം മറക്കുന്നില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് വർദ്ധിച്ച തോതിലുള്ള സാമൂഹ്യക്ഷേമം കൈവരി ക്കാനായതിന് പിന്നിൽ പ്രധാനപ്പെട്ട മൂന്ന് കാരണങ്ങളാണുള്ളത്. മികച്ച രീതിയിലുള്ള പൊതു വിദ്യാഭ്യാസവും പൊതുജനാരോഗ്യവും പൊതു വിതരണ സംവിധാനവുമാണവ. എന്നാൽ ഇനിയും

നാം ബഹുകാതം മുന്നോട്ടു പോകേണ്ടതായി ട്ടാണിരിക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള ശക്തമായ കാൽവയ്പാണ് ജനകീയാസൂത്രണം എന്ന് പറയാം.

അവികസിത മലയോര ഗ്രാമമായ നമ്മുടെ പഞ്ചാത്തിൽ സമ്പൂർണ്ണ സാമൂഹ്യക്ഷേമമെന്ന ലക്ഷ്യം ഇനിയും ഏറെ അകലെയാണ്. തകർച്ചയെ നേരിടുന്നു പരമ്പരാഗത വ്യവസായ മേഖലകളും ഫലത്തിൽ വട്ടപൂജ്യമായ വ്യവസായ വികസനവും മുരടിപ്പ് ബാധിച്ച കാർഷിക രംഗവും അഭ്യസ്തവിദ്യരുടെ ഇടയിലുള്ള വർദ്ധിച്ചതോതിലുള്ള തൊഴിൽ ഇല്ലായ്മയുമെല്ലാം ഈ സ്ഥിതിക്ക് മുഖ്യകാരണ ങ്ങളായി ചൂണ്ടികാണിക്കാം. ഈ മേഖലകൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ദീർഘദൃഷ്ടിയോ ടെയുള്ള പദ്ധതി കൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയാലേ എല്ലാ വിഭാഗത്തിനും സാമൂഹ്യക്ഷേമം ഉറപ്പുവരു ത്താൻ കഴിയൂ.

## ജനസംഖ്യ

19.74 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കുറ്റിച്ചൽ പഞ്ചായത്തിലെ ജനസംഖ്യ 17048 ആണ്. പുരുഷന്മാരുടെ എണ്ണം 8345-ഉം സ്ത്രീകളുടേത് 8703-ഉം വരും. അതായത് എണ്ണത്തിൽ സ്ത്രീകൾക്ക് മുൻ തൂക്കമുള്ള ഒരു പഞ്ചായത്താണ് (358 സ്ത്രീകൾ കൂടുതൽ) നമ്മുടേത്. പട്ടികജാതി - പട്ടികവർഗ്ഗത്തി ൻെറ സ്ഥിതിയും മറ്റൊന്നല്ല.

പരമ്പരാഗത വ്യവസായ മേഖല നമ്മുടെ പഞ്ചായത്തിൽ തളർച്ചയിലാണ് ഈറ്റത്തൊഴിലാളി കളുടെ രംഗത്താണ് കുറെയങ്കിലും തൊഴിലവസരങ്ങൾ ലഭിക്കുന്നത്. മൈലമൂട് കുറ്റിച്ചൽ ഗ്രാമം പൊന്നറ ക്കോണം, പൂച്ചപ്പാറ, മാമ്പള്ളി, പന്നിയറക്കോണം, എലിമല എന്നിവിടങ്ങളിലായി 165 കുടുംബങ്ങൾ ഈ തൊഴിൽ കൊണ്ട് ഉപജീവനം കഴിക്കുന്നു. കോട്ടൂർ വനപ്രദേശത്ത് നിന്നും കുറഞ്ഞത് 30 കിലോമീറ്റ റെങ്കിലും തലച്ചുമടാക്കി കൊണ്ടു വരുന്നതും, ബാംബൂ കോർപ്പേറഷനിൽ നിന്നും ഇറക്കുന്നതുമായ ഈറ്റകൊണ്ടാണ് ഇവർ തൊഴിൽ ചെയ്യുന്നത്. പായ്, വട്ടി, കുട്ട തുടങ്ങിയ ഉല്പന്നങ്ങളാണ് ഈറ്റ ഉപയോഗി ച്ചുണ്ടാക്കുന്നത്. ബാംബൂ കോർപ്പറേഷൻ നൽകുന്ന ഈറ്റകൊണ്ട് നിർമ്മിക്കുന്ന ഉൽപന്നങ്ങൾ അവർക്കു തന്നെ തിരികെ നൽകണം. സ്വന്തമായി ശേഖരിക്കുന്ന ഈറ്റകൊണ്ട് നിർമ്മിക്കുന്നവ സമീപത്തുള്ള ചന്തകളിലും വീടുകളിലും കൊണ്ടുപോയി വിൽക്കുന്നു. പകലന്തിയോളം പണി ചെയ്താൽ പട്ടിണി മാറ്റാനുള്ള വകപോലും ലഭിക്കില്ല. ഇവരുടെ ക്ഷേമ പ്രവർത്തനത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധ പതിഞ്ഞേ തീരൂ.

മറ്റൊരു പരമ്പരാഗത തൊഴിൽ മേഖലയായ കൈത്തറി നെയ്ത്തു സംസ്ഥാനത്താകെത്തന്നെ തളർവാതം പിടിപെട്ട അവസ്ഥയിലാണ്. അത്യാകർഷ കങ്ങളായ സിന്തറ്റിക് തുണിത്തരങ്ങളുടെ ഇടയിൽപ്പെട്ട് നമ്മുടെ കൈത്തറി ഞെരിഞ്ഞമരുന്ന രംഗം ദയനീയംതന്നെ. കേരള സർവ്വോദയ സംഘത്തിൻെറ കീഴിലുള്ള ഒരു ഖാദിനെയ്ത്ത് കേന്ദ്രം വാർഡ്-6ൽ പ്രവർത്തിച്ചു വരുന്നു. 1980-ൽ ആരംഭിച്ച ഈ കേന്ദ്രത്തിൽ 25-തറികളും, 25 പരിശീലകരും, 2 അദ്ധ്യാപകരും ഉണ്ട്. നെയ്ത്ത് പരിശീലനവും ഉല്പാദനവും നടക്കുന്നുണ്ട്. ഈ കേന്ദ്രത്തിൻെറ കീഴിൽ പത്തോളം പേർക്ക് തൊഴിലവസരം പ്രദാനം ചെയ്തുകൊണ്ട് ഒരു ഖാദിനൂല്നൂൽപ്പ് കേന്ദ്രം തച്ചൻകോട്ട് പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും എല്ലാവർഡിലും ഇത്തരം ഓരോ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്താൽ കുറേപ്പേർക്ക് തൊഴിൽ നൽകാനാകും. നമ്മുടെ പഞ്ചായത്തിൽ കുറ്റിച്ചൽ ഹാൻഡ്ലൂം വിവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ നമ്പർ എച്ച്. 67ൽ ഒരു കൈത്തറി സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. അതിൻെറ കീഴിൽ കുറെ നെയ്ത്തുതൊഴിലാളികൾ വീടുകളിൽ തറികളോട് നെയ്ത്ത് തൊഴിലിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ അതിൻെറ പ്രവർത്തനവും നാമമാത്രമായി ചുരുങ്ങിയിട്ടുണ്ട്.

കയർ നെയ്ത്തു കുടിൽ വ്യവസായമായി നടത്തുന്ന ചില കുടുബങ്ങൾ തെറ്റിയും തെറിച്ചും കാണുമെന്നല്ലാതെ സംഘടിതമായ പരിശ്രമം എങ്ങും കാണാനില്ല.

നിർമ്മാണ തൊഴിലാളികളാണ് പ്രധാനപ്പെട്ട മറ്റൊരു വിഭാഗം ആശാരിപ്പണി, കൊത്തവേല ഇഷ്ടിക നിർമ്മാണം എന്നിങ്ങനെ വിവധ കെട്ടിടനിർമ്മാണ മേഖലകളിലായി ആയിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. ശക്തിയേറിയ മഴക്കാലം ഒഴിച്ചാൽ ബാക്കിയുള്ള മിക്കവാറും സമയത്ത് പണി ലഭിക്കും എന്നതിനാൽ ഈ വിഭാഗത്തിനാണിപ്പോൾ ജോലി സാദ്ധ്യത കൂടുതലുള്ളത്. ഈ നിർമ്മാണ തൊഴിലാളികൾക്ക് ദിവസം ശരാശരി 125 രൂപ ശമ്പളം ലഭിക്കുന്നുണ്ട്.

റബ്ബർ കൃഷി വ്യാപകമായതോടെ ടാപ്പിംഗ് ഒരു മുഖ്യ തൊഴിലായി മാറി. ചെറുതും വലുതുമായ തോട്ടങ്ങളിൽ ഇപ്പോൾ 800 ഓളം തൊഴിലാളികൾ ജോലി നോക്കുന്നുണ്ട്. മിനിമം വേജസ് നടപ്പിലാക്കിയ തോട്ടങ്ങളിൽ 300 മരം ടാപ്പ് ചെയ്യുന്നതിന് ക്ഷാമബത്തയടക്കം 50 രൂപയാണ് കൂലി. മറ്റിടങ്ങളിൽ മരമൊന്നിന് 10 പൈസമുതൽ 15 പൈസ വരെ കൂലി ലഭിക്കുന്നുണ്ട്. ഇവർക്ക് ആണ്ടിൽ പരമാവധി 200 ദിവസം വരെ മാത്രമേ തൊഴിൽ കിട്ടാറുള്ളു. മഴക്കാലമായാൽ ഇവരുടെ ജീവിതം അവതാളത്തിലാകും. കഠിനമായ വേനൽക്കാലത്ത് ഫെബ്രുവരി - മാർച്ച് ഏപ്രിൽ മാസങ്ങളിൽ വെട്ടു നിറുത്തിവയ്ക്കേണ്ടി വരുന്നു. ചെറുകിട കർഷകർ മിക്കവാറും വളരെ കുറഞ്ഞ കൂലിയേ നൽകാറുള്ളു. അതിനാൽ കർഷകത്തൊഴിലാളിക്ക് ലഭിക്കുന്ന കൂലി പോലും ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. എല്ലാ തോട്ടങ്ങളിലും റെയിൻ ഗാർഡ് ഉപയോഗിച്ച് മഴക്കാലത്തും ടാപ്പിംഗ് നടത്താനുള്ള സൗകര്യമുണ്ടാക്കുകയും എല്ലായിടത്തും കൂലി ഏകീകരിക്കുകയും ചെയ്താൽ ഒരു പരിധി വരെ പരിഹാരം കാണാനാകും.

ചുമട്ടുതൊഴിലാളികളും, ലോഡിംഗ് ആൻറ് അൺലോഡിംഗ് തൊഴിലാളികളുമായി 450 പേർ വിവിധ ട്രേഡ് യൂണിയനുകളിലായി പണിചെയ്യുന്നുണ്ട്. കുറ്റിച്ചൽ, പരുത്തിപ്പള്ളി, മലവിള, ശംഭുതാങ്ങി, കോട്ടൂർ എന്നിവിടങ്ങളിൽ അവരുടെ യൂണിറ്റുകൾ ഉണ്ട്. നീണ്ട കാത്തിരിപ്പിനുശേഷം വല്ലപ്പോഴുമേ പണി ലഭിക്കുന്നുള്ളൂ എന്നതിനാൽ അവരുടെ നിലയും ഭദ്രമല്ല.

വിവിധ തുറകളിൽ കച്ചവടം ചെയ്തു ഉപജീവനം കഴിക്കുന്ന 170 പേരും അവരെ ആശ്രയിച്ചു കഴിയുന്ന 75 തൊഴിലാളികളും ഉണ്ട്. ഇവരെ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന വ്യാപാരി-വ്യാവസായി ഏകോപനസമിതിയുടെ ശക്തമായ ഒരു യൂണിറ്റ് ഇവിടെയുണ്ട്. തീരെ ശുഷ്കമായ നമ്മുടെ വ്യവസായി കരംഗത്ത് ആകെയുള്ളത് 15ഓളം തൊഴിലാളികൾ മാത്രമാണ്.

ആട്ടോ-ടാക്സി-ട്രക്കർ-ടെംമ്പോ-ലോറി തൊഴിലാളികളായി 105 പേർ ജീവിക്കുന്നു. ഈപഞ്ചായത്തിൽ 25 ആട്ടോയും ടാക്സി-ട്രക്കർ വിഭാഗത്തിൽ 50ഉം ലോറി-ടെമ്പോ വിഭാഗത്തിൽ 25ഉം വാഹനങ്ങളാണുള്ളത്

8-ാം പദ്ധതിക്കാലത്തും 200 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. പദ്ധതി പ്രകാരമുള്ള സഹായം അനുവദിക്കപ്പെട്ടതിൽ 102 പേരും പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. 1996-97 സാമ്പത്തിക വർഷത്തിൽ ശരാശരി 5 പേർ എന്ന കണക്കിൽ 46 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരമുള്ള സഹായം ലഭ്യമാക്കി 125 കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

അവലംബം - വി.ഈ.ഒ.യുടെ റിപ്പോർട്ട്.

*ട്രൈസം*

ഗ്രാമീണയുവജനങ്ങൾക്ക് ചെറുകിട - കുടിൽ വ്യവസായമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇത് ഐ.ആർ.ഡി.പി.യുടെ അനുബന്ധ പരിപാടിയാണ്. ഈ പദ്ധതി പ്രകാരം 8-ാം പദ്ധതിക്കാലത്ത് രണ്ടു പുരുഷന്മാർക്കും 8 വനിതകൾക്കും ഇതിൻെറ പ്രയോജനം ലഭിച്ചിട്ടുണ്ട്.

*വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.*

| വാർഡ് | കുടുംബങ്ങളുടെ എണ്ണം | | |
|---|---|---|---|
| | SC/ST | മറ്റുള്ളവർ | ആകെ |
| 1 | 24 | 105 | 129 |
| 2 | 17 | 172 | 185 |
| 3 | 4 | 109 | 113 |
| 4 | 31 | 230 | 261 |
| 5 | 39 | 214 | 253 |
| 6 | 20 | 266 | 286 |
| 7 | 6 | 214 | 220 |
| 8 | 196 | 153 | 349 |
| 9 | 48 | 221 | 269 |
| ആകെ | 385 | 1680 | 2065 |

1996-97 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 46 പേർ ഉൾപ്പെടെ ഈ പദ്ധതി പ്രകാരം നാളിതുവരെ 812 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. ഇതിൽ 50% പേർ എസ്.സി.എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരാണ്.

8-ാം പഞ്ചവത്സരക്കാലത്തു ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ സഹായം നൽകപ്പെട്ടവരുടെ വിവരം അടുത്ത പേജിൽ ചേർത്തിരിക്കുന്നു.

| വർഷം | SC/ST | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 1991-1992 | 15 | 15 | 30 |
| 1992-1993 | 16 | 16 | 32 |
| 1993-1994 | 17 | 14 | 31 |
| 1994-1995 | 16 | 15 | 31 |
| 1995-1996 | 15 | 15 | 30 |
| 1996-1997 | 23 | 23 | 46 |
| ആകെ | 102 | 98 | 200 |

*ജനസംഖ്യ വിഭാഗം തിരിച്ച്*

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1. പട്ടികജാതിക്കാർ | 754 | 822 | 1576 |
| 2. പട്ടികവർഗ്ഗക്കാർ | 495 | 509 | 1004 |
| 3. മറ്റുള്ളവർ | 7096 | 7372 | 7372 |
| ആകെ | 8345 | 8703 | 17048 |

## തൊഴിൽ മേഖല

കൃഷിയെ ആശ്രയിച്ചുള്ള തൊഴിൽ മേഖലകളാണ് മുഖ്യമായും ഇവിടെയുള്ളത്. 4150 ഹെക്ടർ കൃഷിഭൂമിയുള്ള പഞ്ചായത്തിൽ കാർഷിക മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്ന ആയിരത്തോളം പേർ ഉണ്ട്. റബ്ബർ, നെല്ല്, തെങ്ങ്, മരിച്ചീനി, വാഴ എന്നീ കൃഷികളുടെ രംഗത്താണ് മുഖ്യമായും കർഷക തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുക. ഇവരിൽ പുരുഷന്മാർക്ക് ശരാശരി 90-100 രൂപയും സ്ത്രീകൾക്ക് 70-80 രൂപയും കൂലിയായി ലഭിക്കുന്നു. മഴയെ ആശ്രയിച്ചുള്ള കൃഷിയെ ഇവിടെയുള്ളൂ എന്നതിനാൽ വർഷത്തിൽ കഷ്ടിച്ച് 100-120 ദിവസത്തെ പണിയേ കിട്ടാറുള്ളൂ.

ഇവിടെ സൂപ്പർ പേപ്പർ വർക്സ് എന്ന ഒരു പ്രസിദ്ധീകരണശാല പ്രവർത്തിക്കുന്നു. അവിടെ പത്തോളം പേർ പണിയെടുക്കുന്നു.

എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള പദ്ധതികളും നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.

*സംയോജിത ഗ്രാമവികസന പദ്ധതി. ഐ.ആർ.ഡി.പി.*

ദാരിദ്ര നിർമാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഐ.ആർ.ടി.പി. ഗ്രാമീണനായ ഒരാൾക്ക് പ്രതിദിനം 2400 കലോറി ഊർജ്ജം ലഭിക്കത്തക്കവണ്ണമുള്ള ഭക്ഷണം ആവശ്യമാണ്. പട്ടണ വാസികൾക്കാണെങ്കിൽ 2100 കലോറിമതി. ഈ അളവിൽ ഭക്ഷണം ലഭ്യമാകാനാകാത്തവരെയാണ് ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്നവരായി വിദഗ്ധർ കണക്കാക്കുന്നത്. അത്തരക്കാർക്ക് തൊഴിലെടുത്തു ജീവിക്കുന്നതിനാവശ്യമായ ആസ്തി നൽകി സഹായിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയും ഗവൺമെൻറിൽ നിന്ന് ധനസഹായവും ലഭ്യമാക്കുന്നു.

1992 ഒക്ടോബറിൽ നടത്തിയ കുടുംബസർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്ന പ്രതിവർഷ വരുമാനം 11,000 രൂപയിൽ കുറവുള്ള കുടുംബങ്ങളെ ഈ വിഭാഗത്തിലുൾപ്പെടുത്തുന്നു. കുടുംബങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| വർഷം | വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 91-92 | Two wheeler Mechanism | 2 | - | 2 |
| | Printing and composing | - | 2 | 2 |
| 92-93 | Fruit Preservation | - | 2 | 2 |
| 93-94 | Printing and composing | - | 3 | 3 |
| | Weaving | - | 1 | 1 |
| 94-95 | - | - | - | - |
| 95-96 | - | - | - | - |
| ആകെ | - | 2 | 8 | 10 |

ളരിലാ 4 പേർ സ്വയം തൊഴിൽ കണ്ടെത്തുകയുണ്ടായി 6 പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

ശിശുപാലനത്തിനും പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുമുള്ള ബാലവാടികൾ, ഫീഡിംഗ് സെൻററുകൾ എന്നിവയിലൂടെ ശിശുക്കൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യമായ പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

# പൊതുവിതരണ രംഗം

സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാവേലിസ്റ്റോറോ മിനിസൂപ്പർ മാർക്കറ്റോ ഒന്നും ഈപഞ്ചായത്തിൽ നിലവിലില്ല. എന്നാൽ സിവിൽ സപ്ലൈസ് വകുപ്പിൻ കീഴിലുള്ള 9 പൊതുവിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. അവയെ സംബന്ധിച്ചവിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

| ക്രമനമ്പർ | കടനമ്പർ | സ്ഥലം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | NE | E | ആകെ | മേജർ | മൈനർ | ആകെ |
| 1 | ARD-5 | ഉത്തരംകോട് | 316 | 100 | 416 | 1491 | 210 | 1701 |
| 2. | ARD11- | കുറ്റിച്ചൽ | 155 | 167 | 322 | 1257 | 231 | 1488 |
| 3. | ARD-12 | താന്നിമൂട് | 282 | 137 | 419 | 1622 | 333 | 1958 |
| 4. | ARD-13 | കോട്ടൂർ | 373 | 157 | 530 | 2101 | 370 | 2471 |
| 5. | ARD14 | പരുത്തിപ്പള്ളി | 332 | 210 | 542 | 2057 | 384 | 2441 |
| 6. | ARD-15 | കുറ്റിച്ചൽ | 246 | 225 | 471 | 1786 | 337 | 2123 |
| 7. | ARD-10 | കുറ്റിച്ചൽ | 248 | 151 | 399 | 1917 | 283 | 2200 |
| 8. | ARD-17 | കോട്ടൂർ | 294 | 149 | 443 | 1727 | 280 | 3734 |
| 9. | ARD-325 | മാമ്പള്ളി | 208 | 68 | 276 | 1017 | 171 | 1118 |
| | ആകെ | | | | | | | |

വെള്ളനാട് ബ്ലോക്കിൻെറ കിഴിലുള്ള മൂന്ന് ബാലവാടി ഫീഡിംഗ് സെൻററുകളും സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിലുള്ള രണ്ട് ഫീഡിംഗ് സെൻററുകളും, World Food Organisation-ൻെറ ഒരു ഫീഡിംഗ്സെൻററും പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ ഒരു ഫീഡിംഗ് സെൻററും നടത്തുന്നു.

കുറ്റിച്ചൽ, കോട്ടൂർ, പാകാവ്, അരുകിൽ, പരുത്തിപ്പള്ളി എന്നീ സ്ഥലങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്.

*മഹിളാ സമാജങ്ങൾ*

നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി വിവിധ കലാസാംസ്ക്കാരിക സംഘടകളുടെ കീഴിലും അല്ലാതെയും ഒട്ടധികം മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു. പലതിൻെറയും പ്രവർത്തനം സജീവമല്ല. ചിലത് നിന്നുപോയിട്ടുമുണ്ട്. വെള്ളനാട് ബ്ലോക്ക് ഡവലപ്മെൻറ് ആഫീസ് രേഖപ്രകാരം 12 മഹിളാ സമാജങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നുത്.

*അവയുടെ പേരും വിവരവും ചുവടെ ചേർക്കുന്നു.*

1. മണ്ണൂർക്കര മഹിളാസമാജം - മേലേമുക്ക്
2. പൂച്ചപ്പാറ മഹിളാസമാജം - പൂച്ചപ്പാറ
3. തൊടുവൻവയൽ ഹരിജൻ മഹിളാസമാജം - നെടുവൻവയൽ
4. കള്ളിയൽ മഹിളാസമാജം - കള്ളിയൽ

| | |
|---|---|
| 1992-93 | 2 |
| 1993-94 | 6 |
| 1994-95 | 5 |
| 1995-96 | 8 |
| ആകെ | 21 |

അവലംബം വി.ഇ.ഒ.യുടെ റിപ്പോർട്ട്

*കർഷകതൊഴിലാളി പെൻഷൻ*

ജീവിതത്തിൻെറ നല്ലകാലം മുഴുവനും സമൂഹത്തിൻെറ ഉന്നമനത്തിനുവേണ്ടി അദ്ധ്വാനിച്ച് ആരോഗ്യം ക്ഷയിക്കുമ്പോൾ കർഷകതൊഴിലാളികൾക്ക് ഒരുനേരത്തെ ആഹാരത്തിനുള്ള വകയെങ്കിലും ലഭ്യമാക്കുക എന്ന ധാർമ്മിക ലക്ഷ്യത്തോടെ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിൻെറ കാലത്ത് നടപ്പിലാക്കിയ പദ്ധതിയാണ് കർഷകതൊഴിലാളി പെൻഷൻ. ഇപ്പോൾ പ്രതിമാസം 70 രൂപ ക്രമത്തിൽ ത്രൈമാസിക ഗഡുക്കളായും 210 രൂപ വീതം നല്കിവരുന്നു.

കുറ്റിച്ചൽ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് കർഷകപെൻഷൻ ലഭിച്ചവരുടെ എണ്ണം താഴെ കൊടുക്കുന്നു.

| കാലാവധി | 10/93 to 12/93 | 1/94 to 3/94 | 4/94 to 6/94 | 7/94 to 9/94 | 10/94 to 12/94 | 1/95 to 3/95 | 4/95 lo 6/95 | 7/95 to 9/95 |
|---|---|---|---|---|---|---|---|---|
| | 138 | 134 | 132 | 132 | 129 | 122 | 119 | 116 |

*തൊഴിലില്ലായ്മ വേതനം.*

തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് അല്പമെങ്കിലും ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് തൊഴിലില്ലായ്മ വേതനം. ഇതനുസരിച്ച് അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്ക് പ്രതിമാസം 60 രൂപ ക്രമത്തിലുള്ള വേതനം അതാത് ഠൗൺ എംപ്ലോയ്മെൻറ് വഴി നൽകുന്നു കുറ്റിച്ചൽ പഞ്ചായത്തിൽ 1980 മുതൽ ഈ ധനസഹായത്തിന് അർഹരായവരുടെ പട്ടിക താഴെ ചേർക്കുന്നു.

***മണ്ണൂർക്കര വില്ലേജ് - തൊഴിൽ രഹിതവേതനം 15-11-1996 വരെയുള്ള സ്ഥിതിവിവര കണക്കുകൾ***

| തൊഴിൽ രഹിത വേതനത്തിന് അപേക്ഷ സമർപ്പിച്ച വർഷം | മൊത്തം സ്വീകരിച്ച അപേക്ഷകൾ | വേതനം അനുവദിച്ചവരുടെ എണ്ണം | വേതനം വാങ്ങിയവരുടെ എണ്ണം | തീരുമാനമാകാത്തവ | മൊത്തം അപേക്ഷകൾ |
|---|---|---|---|---|---|
| 1989 | 67 | 45 | 18 | 7 | 67 |
| 1990 | 127 | 75 | 42 | 10 | 127 |
| 1991 | 65 | 87 | 15 | 18 | 65 |
| 1992 | | | | | |
| 1993 | 112 | 72 | 38 | 2 | 112 |
| 1994 | 56 | 27 | 2 | 27 | 56 |
| ആകെ | 427 | 258 | 115 | 56 | 427 |

എസ്.പി. 4.12

# സാമൂഹ്യക്ഷേമം

*പ്രശ്നങ്ങൾ*

1. പെൻഷനുകൾ മുടങ്ങുന്നു. അർഹരായവർക്ക് ലഭിക്കുന്നില്ല.
2. ഐ.ആർ.ഡി.പി. വായ്പകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല.
3. ബാങ്കു വായ്പകൾ തിരിച്ചടയ്ക്കാനുള്ള കാലാവധി പരിമിതവും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയവുമാണ്.
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ആവശ്യമായ ധനസഹായം അർഹതയുള്ളവർക്ക് ലഭിക്കുന്നില്ല.
5. നിർദ്ധനരും അഗതികളുമായിട്ടുള്ളവർക്ക് സംരക്ഷണം ലഭ്യമാകുന്നില്ല.
6. ഗുരുതരമായ രോഗം ബാധിച്ച് അവശത അനുഭവിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കാൻ കഴിയുന്നില്ല.
7. തൊഴിൽ രഹിതരുടെ എണ്ണം ക്രമാതീതമായി വരുന്നു.
8. ആദിവാസികൾക്ക് സൗജന്യചികിത്സ ലഭ്യമല്ല.
9. കോട്ടൂർ മേഖലയ്ക്ക് വി.ഇ.ഒ. ഓഫീസ് ഇല്ല.
10. യാത്രക്കാരുടെ ആവശ്യത്തിനുവേണ്ട വെയിറ്റിംഗ് ഷെഡില്ല.
11. മാർക്കറ്റ്, വയനശാല, സ്റ്റേഡിയം മുതലയവ ആവശ്യത്തിനില്ല.

5. ഡോ. അംബേദ്കർ മെമ്മോറിയൽ മഹിളാസമാജം - വഞ്ചിക്കുഴി
6. വീക്ഷണം മഹിളാസമാജം - മലവിള
7. പ്രാഭത് മഹിളാസമാജം ഉത്തരംകോട്
8. കൈരളി മഹിളാസമാജം - കോട്ടൂർ
9. ഗാന്ധിമെമ്മോറിയൽ ഗിരിജൻ മഹിളാസമാജം - പാങ്കാവ്
10. ട്രൈബൽ മഹിളാസമാജം - പൊടിയം
11. കാരുണ്യ മഹിളാസമാജം മന്തിക്കളം
12. ദർശന മഹിളാസമാജം - എറുമ്പക്കുഴി

*ഡി.ഡബ്ല്യൂ.സി.ആർ.എ.*

ഗ്രാമീണ വനിത ശുശ്രൂക്ഷേമ പദ്ധതിയാണിത്. കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വനിതകളുടെ ഗ്രൂപ്പുകൾക്ക് സാമ്പത്തിക സഹായവും, വായ്പയും നൽകുന്ന പദ്ധതിയാണിത്. ഇതനുസരിച്ച് എറുമ്പക്കുഴി കേന്ദ്രമാക്കി 7 അംഗങ്ങൾ ഉൾക്കൊള്ളുന്ന ചിത്ര നോട്ടുബുക്ക് നിർമ്മാണകേന്ദ്രം യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കുറ്റിച്ചൽ ശാഖയുടെ വായ്പ് ധനസഹായത്തോടും കൂടി 1995-96ൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

*ഭവനപദ്ധതികൾ*

ഇന്ദിരാ ആവാസ് യോജന, മില്യൻവെൽ സ്കീം, (MWS) ജവഹർ തൊഴിൽദാന പദ്ധതി (JRY) തുടങ്ങിയ എൻ.ആർ.ഈ.പി., ആർ.എൽ..ഇ.ജി.പി. തുടങ്ങിയ പദ്ധതികൾ വഴി കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ എട്ടാം പദ്ധതിക്കാലത്ത് 146 വീടുകൾ ഗുണഭോക്താക്കൾക്ക് നൽകുകയുണ്ടായി.

***കഴിഞ്ഞ 5 വർഷം നൽകയിതിന്റെ വിവരം ഇപ്രകാരമാണ്***

| | |
|---|---|
| 1991-92 | 4 |
| 1992-93 | 3 |
| 1994-95 | 8 |
| 1995-96 | 12 |
| 1996-97 | 15 |
| ആകെ | 42 |

*കേന്ദ്രഗ്രാമ ശുചിത്വപരിപാടി*

ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്ക് കക്കൂസ് നിർമ്മിക്കാൻ ഈ പരിപാടി അനുസരിച്ച് സഹായം നൽകി വരുന്നു. 500 രൂപ ഗുണഭോക്താവിന്റെ വിഹിതമായി വഹിക്കണമെന്ന നിബന്ധനയിൻമേൽ 2000 രൂപവീതം സർക്കാർ ധനസഹായം നൽകുന്നു ഇതനുസരിച്ച് 8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നല്ലതുപേർക്ക് സഹായം നൽകി. വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

| | |
|---|---|
| 1994-95 | 8 |
| 1995-96 | 8 |
| 1996-97 | 24 |
| ആകെ | 40 |

*മില്യംവെൽസ്കീം*

ഐ.ആർ.ഡി.പി. സർവെ പ്രകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ് ഇതിന്റെ ഗുണഭോക്താക്കൾ, കൃഷി ഭൂമി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ജലസേചനത്തിനുള്ള കിണറുകൾ ടാങ്കറുകൾ കനാലുകൾ തുടങ്ങിയവ നിർമ്മിക്കുക, പ്രകൃതിദത്തമായ ജലസ്രോതസ്സുകളും ചാനലുകളും വികസിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സ്കീമനുസരിച്ച് ചെയ്യാവുന്നതാണ്. ഈ പദ്ധതി പ്രകാരം 8-ാം പദ്ധതി കാലയളിവിൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച കിണറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1992-93 | 6 |
| 1993-94 | 2 |
| 1994-95 | 3 |
| 1995-96 | |
| ആകെ | 11 |

*ആർ.എ.പി.*

ഗ്രാമീണ കൈത്തറി തൊഴിലാളികൾക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീനതൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണം 8-ാം പദ്ധതിക്കാലത്ത് 21 പേർക്ക് ലഭിക്കുകയുണ്ടായി.

*പരിഹാരമാർഗ്ഗങ്ങൾ*

1. ഐ.ആർ.ഡി.പി. ലിസ്റ്റിൽ പേർ ഉൾപ്പെടുത്തുമ്പോൾ യഥാർത്ഥ ഗുണഭോക്താക്കളെ എത്ര ബുദ്ധിമുട്ടിയാലും കണ്ടുപിടിക്കണം.
2. ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന ലോണുകളിൽ ഇടനിലക്കാരുടെ ചൂഷണം നിർത്തലാക്കാനുള്ള നടപടികൾ സ്വീകരിക്കണം.
3. വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
4. അഗതി മന്ദിരം പണിയണം. സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ ഫീഡിംഗ് സെൻററുകൾ വേണ്ടത്ര സ്ഥാപിക്കണം.
5. മാരക രോഗ ബാധിതർക്ക് പ്രതിമാസം ഒരു നിശ്ചിത തുക ധനസഹായമായി നല്കുക.
6. ചപ്പാത്ത് കേന്ദ്രമാക്കി ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുക.
7. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ വർദ്ധിപ്പിക്കുക.
8. കോട്ടൂർ കേന്ദ്രമാക്കി ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
9. കോട്ടൂർ ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കുക.
10. മാർക്കറ്റ്, സ്റ്റേഡിയം, വായനശാല മുതലായവ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുക.
11. ഭൂമിയില്ലാത്ത പാവങ്ങൾക്ക് മിച്ച ഭൂമി പതിച്ചു നൽകുക.
12. കുറ്റിച്ചൽ ജംഗ്ഷൻ, വാഴപ്പള്ളി, എരുമക്കുഴി, കാപ്പുകാട്, വില്ലുചാരി, മന്തിക്കളം, കോട്ടൂർ മാർക്കറ്റ് ജംഗ്ഷൻ, പരുത്തിപ്പള്ളി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.
13. വ്യാപകമായ അക്രമവും വ്യാജവാറ്റും നിയന്ത്രിക്കുന്നതിന് എ.എസ്.ഐ റാങ്കിലുള്ള ഒരു പോലീസ് ഓഫീസറുടെ നേതൃത്വത്തിൽ കുറച്ച് പോലീസുകരെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിൽ ഒരു സബ് പോലീസ് സ്റ്റേഷൻ അനുവദിക്കുക.
14. മാരക രോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സാ സംവിധാനം ഉറപ്പുവരുത്തുക.
15. വികലാംഗങ്ങർക്ക് അവരുടെ തൊഴിലിനനുസരിച്ച് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.
16. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നിർദ്ധനരായ വിധവകൾക്ക് സ്വയം തൊഴിലിനനുവദിക്കുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും പഞ്ചായത്തു വഴി നൽകുകയും ചെയ്യുക.
17. ആദിവാസി മേഖലകളിലും, കോളനി പ്രദേശങ്ങളിലും താമസിക്കുന്നവരുടെ നാനാവിധക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക പരിഗണനയിൽ ഗതാഗത സൗകര്യവും പഞ്ചായത്തിന് വാഹന സൗകര്യവും ഏർപ്പെടുത്തുക.
18. സർക്കാരിൻെറ ക്ഷേമ പ്രവർത്തനങ്ങൾ സാധാരണക്കാരായവർക്ക് മനസ്സിലാക്കുന്നതിനുവേണ്ടി കോളനികൾക്കും സന്നദ്ധ സംഘടനകൾക്കും സ്വന്തമായി കെട്ടിടമുള്ള ദൃശ്യ-മാദ്ധ്യമോപകരണങ്ങൾ നൽകുക.
19. ക്ഷേമ പ്രവർത്തനങ്ങൾക്കായി മണ്ണൂർക്കര വില്ലേജിൽ നിനും വനം വകുപ്പിന് വിട്ടുകൊടുത്ത ഭൂമി പഞ്ചായത്തിന് തിരികെ നൽകാൻ സംവിധാനം ഏർപ്പെടുത്തുക.
20. സന്നദ്ധ സംഘടനകൾ വഴി ക്ഷേമ പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

*ജനസംഖ്യ - വാർഡടിസ്ഥാനത്തിൽ*

| വാർഡ് നമ്പർ | ജനസംഖ്യ | | |
|---|---|---|---|
| | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1. | 1049 | 1116 | 2165 |
| 2. | 780 | 843 | 1623 |
| 3. | 709 | 767 | 1476 |
| 4. | 1003 | 1055 | 2058 |
| 5. | 808 | 881 | 1689 |
| 6. | 1286 | 1184 | 2478 |
| 7. | 735 | 781 | 1516 |
| 8. | 980 | 986 | 1966 |
| 9. | 995 | 1090 | 2085 |
| ആകെ | 8345 | 8703 | 17048 |

അവലംബം: Panchayat Primary Census abstract. Tvm

**Advances during 95-96**

| | | |
|---|---|---|
| Agriculture | - | 55.85 Lacs |
| S.S.I | - | 0.77 Lacs |
| Service | - | 0.49 Lacs |
| 8R T.O. Loans | | |
| Business | - | 5.91 Lacs |
| Housing loan | - | 4.00 Lacs |

**Staff Pattern**

| | | |
|---|---|---|
| Officers | - | 3 |
| clerks | - | 5 |
| Sub-Staff | - | 2 |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - തൊഴിൽ രംഗം A

| Total Main workers | | Cultivators | | Agricultural Labourers | | Livestock, Forestry, Fishing, Hunting & Plantation, Orchards & allied activities | |
|---|---|---|---|---|---|---|---|
| | i | | ii | | iii | | |
| M | F | M | F | M | F | M | F |
| (18) | (19) | (20) | (21) | (22) | (23) | (24) | (25) |
| 523 | 83 | 224 | 37 | 191 | 16 | 14 | - |
| 381 | 26 | 122 | 42 | 73 | 22 | 44 | - |
| 379 | 97 | 132 | 29 | 84 | 14 | 14 | |
| 506 | 140 | 66 | 3 | 229 | 67 | 19 | - |
| 436 | 164 | 60 | 18 | 239 | 107 | 29 | - |
| 718 | 107 | 103 | 16 | 302 | 65 | 31 | - |
| 372 | 48 | 43 | 1 | 164 | 23 | 32 | - |
| 519 | 231 | 173 | 169 | 240 | 23 | 42 | 7 |
| 441 | 112 | 76 | 92 | 307 | 79 | 51 | 2 |
| 4375 | 1107 | 999 | 317 | 1829 | 416 | 276 | 10 |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - തൊഴിൽ രംഗം B

| Mining & Quarring | | Manufacturing, Processing, Servicing & Repairs in household industry | | Manufacturing, Processing, Servicing & Repairs in other than household industry | | Constructions | |
|---|---|---|---|---|---|---|---|
| (V) | (Va) | (Vb) | (VI) | | | | |
| M | F | M | F | M | F | M | F |
| 5 | | 117 | 103 | 216 | 46 | 109 | 1 |
| - | | 13 | 6 | 4 | 1 | 6 | - |
| - | | 5 | 2 | 13 | 1 | 9 | - |
| 1 | | 22 | 36 | 21 | 4 | 3 | - |
| - | | 38 | 41 | 16 | - | 13 | - |
| 1 | | 25 | 18 | 16 | 3 | 15 | - |
| - | | 14 | | 55 | 1 | 37 | - |
| 1 | - | | - | 50 | 14 | 5 | 1 |
| - | | | | 25 | 19 | 6 | - |
| 2 | | | | 16 | 3 | 15 | - |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - തൊഴിൽ രംഗം C

| Trade & Commerce | | Transport, storage and communications | | Other services | | Marginal workers | | Non workers | |
|---|---|---|---|---|---|---|---|---|---|
| (VII) | (VIII) | (IX) | | | | | | | |
| M | F | M | F | M | F | M | F | M | F |
| (34) | (35) | (36) | (37) | (38) | (39) | (40) | (41) | (42) | (43) |
| 285 | 33 | 139 | 12 | 400 | 169 | 65 | 603 | 3905 | 6993 |
| 25 | 3 | 11 | | 35 | 19 | 6 | 4 | 520 | 1030 |
| 40 | 6 | 19 | 2 | 56 | 51 | 2 | 4 | 397 | 713 |
| 52 | 1 | 15 | | 35 | 13 | 2 | 10 | 328 | 660 |
| 42 | 5 | 23 | | 60 | 23 | 5 | 64 | 492 | 851 |
| 24 | 3 | 8 | - | 19 | 15 | 6 | 31 | 366 | 686 |
| 27 | 1 | 23 | 2 | 126 | 22 | - | 269 | 568 | 808 |
| 33 | - | 11 | - | 33 | 9 | 15 | 173 | 348 | 560 |
| 11 | 3 | 9 | 5 | 13 | 5 | 28 | 32 | 433 | 723 |
| 31 | 11 | 20 | 3 | 23 | 12 | 1 | 16 | 453 | 962 |

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് 1995-96ൽ റേഷൻകടകൾ വഴി വിതരണം ചെയ്തസാധനങ്ങൾ സംബന്ധിച്ചവിവരം.

| ക്രമനമ്പർ | കടനമ്പർ | സ്ഥലം | വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ ക്വിൻറൽ | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെഎണ്ണം | പെർമിറ്റുവഴി വിതരണം | കാർഡുവഴി വിതരണം |
| 1. | ARD-5 | ഉത്തരംകോട് | 403-74 | 83.75 | 5.40 | 28.80 | 94.37 | | 616.06 | 36 | 2040 | 11,7100 |
| 2. | ARD-11 | കുറ്റിച്ചൽ | 332.00 | 234.00 | 540.00 | 17.10 | 46.00 | | 634.50 | 60 | 3166 | 8705 |
| 3. | ARD-12 | താന്നിമൂട് | 362.94 | 231.49 | 5.40 | 2.79 | 60.53 | | 663.15 | 16 | 599 | 11985 |
| 4. | ARD-13 | കോട്ടൂർ | 579.00 | 135.00 | 7.20 | 25.20 | 67.00 | | 813.40 | 6 | 50 | 16300 |
| 5. | ARD-14 | പരുത്തിപ്പള്ളി | 401.00 | 248.00 | 6.30 | 30.60 | 75.30 | | 761.20 | 31 | 279 | 17784 |
| 6. | ARD-15 | കുറ്റിച്ചൽ | 386.00 | 220.00 | 25.20 | 4.50 | 56.00 | | 691.70 | 50 | 3400 | 11746 |
| 7. | ARD-10 | കുറ്റിച്ചൽ | 371.00 | 257.00 | 5.40 | 26.10 | 70.90 | | 730.40 | 102 | 6272 | 8100 |
| 8. | ARD-17 | കോട്ടൂർ | 364.00 | 149.00 | 3.60 | 18.90 | 76.00 | | 611.50 | 2 | 140 | 11560 |
| 9. | ARD-325 | മാമ്പള്ളി | 425.00 | 237.00 | 2.70 | 16.20 | 40.00 | | 720.90 | 4 | 322 | 9044 |
| | | ആകെ | 3624.68 | 1795.24 | 66.60 | 170.19 | 586.10 | - | 6242.81 | 307 | 16268 | 212324 |

# 10

# സംസ്ക്കാരം

ജനതയുടെ ബാഹ്യവും ആന്തരികവുമായ ജീവിതത്തിൻെറ ആകെത്തുകയാണ് സംസ്ക്കാരം. വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പെരുമാറ്റക്രമങ്ങൾ, ഭക്ഷണം, വേഷം, ഭാഷ, കലാസാഹിത്യം, വിനോദം, ചിന്തകൾ, ദർശനം തുടങ്ങിയ ജീവിതത്തിൻെറ സമസ്തമണ്ഡലങ്ങളിലും തുടിച്ച് നിൽക്കുന്ന ചൈതന്യമാണിത്.

സമത്വാധിഷ്ഠിതമാണ് ഭാരതീയ സംസ്ക്കാരം. കേരള സംസ്ക്കാരമാകട്ടെ സങ്കുലിതവും സാർവജനീനവും ആണ്. സമന്വയത്തിൻെറയും സാമൂഹ്യലയനത്തിൻെറയും വിസ്മയാവഹമായ ഒരു സവിശേഷത കേരള സംസ്ഥാനത്തിൽ ദർശിക്കാം.

കുറ്റിച്ചൽ ഗ്രാമത്തിൻെറ സാംസ്കാരിക പൈതൃകത്തിലും മേല്പറഞ്ഞ സവിശേഷതകളുടെ വേരോട്ടം കാണാവുന്നതാണ്. വൈവിധ്യവും വൈചിത്ര്യവുമാർന്ന പല സംസ്കാരധാരകൾ ഇവിടെ സംഗമിക്കുന്ന വിവിധജാതിമതങ്ങൾ ഇവിടെ സംഗമിക്കുന്നു. വിവിധജാതിമതസ്ഥർ, വിവിധ ജീവിതപശ്ചാത്തലമുള്ള വിഭാഗക്കാർ എല്ലാം ഇവിടെ ഒത്തൊരുമയോടെ കഴിഞ്ഞുവരുന്നു.

ആദിവാസിയിൽ നിന്നുതുടങ്ങുന്നതാണ് കുറ്റിച്ചലിൻെറ സംസ്ക്കാരം. നെടുമങ്ങാട് താലൂക്കിലെ ആദിവാസികളിൽ പ്രമുഖരാണ് കോട്ടൂരിലെ കാണിക്കാർ, ഈ നൂറ്റാണ്ടിൻെറ ആരംഭം മുൽ അവരെക്കുറിച്ച് പഠിക്കാൻ നരവംശശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രജ്ഞരും ഉത്സാഹം കാണിച്ചിട്ടുണ്ട്. അവരുടെ വിവാഹസമ്പ്രദായത്തെപ്പറ്റിയും ചാറ്റ് തുടങ്ങിയ മാന്ത്രികാനുഷ്ഠാനങ്ങളെക്കിറിച്ചും പഠനങ്ങൾ നടന്നിട്ടുണ്ട്. വൈദ്യത്തിലും മന്ത്രവാദത്തിലും അസ്ത്രവിദ്യയിലും ബഹുസമർത്ഥരാണ് കാണിക്കാർ കൃഷിതൊഴിലാക്കിയ ഈ ആദിവാസികൾ അവരുടെ പ്രാകൃതദൈവങ്ങൾക്ക് കാർഷിക വിഭവങ്ങൾ കാഴ്ചവെക്കുന്നു. ഒരു വലിയ ഗാനലോകത്തിൻെറ അധിപരാണ് കാണിക്കാർ കുട്ടികളെ ഉറക്കാനും ചിരിപ്പിക്കാനുമുള്ള പാട്ടുകൾ മുതൽ മുഴുത്ത അശ്ലീലഗാനങ്ങൾ വരെ ഈ ആദിവാസികൾക്കിടയിൽ പ്രചാരത്തിലുണ്ട്. കാണിപ്പാട്ടുകളിൽ പ്രചുര പ്രചാരമാർജ്ജിച്ചത് കരുമ്പാണ്ടി ദുരിതനായികയായുള്ള 'കല്ലണപ്പോർ' പാട്ടാണ്. ഈ പാട്ടുപാടാനറിയുന്ന കാണിക്കാർ കോട്ടൂരിലെ വനപ്രദേശങ്ങളിൽ പാർത്തിരുന്നു. ഓതൻ പാട്ടുകളും ചാറ്റുപാട്ടുകളും രാപ്പാട്ടും മറ്റും പാടാനറിയാവുന്ന കാണിക്കാർ അടുത്തകാലം വരെയും പാങ്കാവിലും മറ്റും അധിവസിച്ചിരുന്നു.

കാട്ടിലും നാട്ടിലും ഒരു പോലെ അനുഷ്ഠാനങ്ങളിൽ പങ്കുള്ള ഒരു വിഭാഗമാണിവിടുത്തെ കാണിക്കാർ. പരിഷ്കൃതരായ നാട്ടുകാരുടെ അമ്പലങ്ങളിൽ പോലും ഈ ഗിരിവർഗ്ഗക്കാരുടെ ചാറ്റു പോലുള്ള ശുദ്ധികർമ്മങ്ങൾ ഇന്നും പ്രധാനാനുഷ്ഠാനാംശമായി നിലനിൽക്കുന്നുണ്ട്. കാണിക്കാരുടെ ദേവതമാരിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്നത് ആയിരവില്ലിയാണ് (വില്ലിക്ക് വല്ലി) എന്നും പറയും. (വില്ലാളിയെന്നും വേടനെന്നുമാണ് ഈ പദത്തിനർത്ഥം) ആരാധനയ്ക്ക് ഇവർക്ക് ക്ഷേത്രമില്ല കളങ്ങളോ തെക്കതുകളോ ആണുള്ളത്. കളകൾ സൗകര്യം പോലെ മാറ്റിയെന്നു വരും. കൃഷിയും വാസസ്ഥലവും മാറ്റിയാലെ കളങ്ങളും സാധാരണയായി മാറുകയുള്ളു. വൃക്ഷത്തിൻെറ ചുവടുകളോ ചരിവോ മതിയാവും അവരുടെ ദേവന് കുടിയിരിക്കാൻ തങ്ങളുടെ ജീവിതം പോലെ ലളിതവും ആർഭാടരഹിതവുമാണ് അവരുടെ ആരാധനരീതികളും കളങ്ങളിൽ 'കൊടുതി' നടത്തുന്നു. നിരവധി 'കൊടുതിക്കളങ്ങൾ' ഈ പ്രദേശത്തുണ്ട്.

ഉത്തരംകോട്ടുള്ള 'അരുവിമൂപ്പത്തിയമ്മ' ക്ഷേത്രവും കോട്ടൂരിലെ മുണ്ടണിക്ഷേത്രവും കാണിക്കാരുടെ പ്രധാന ആരാധനാ സ്ഥലങ്ങളാണ്. നൂറ്റാണ്ടുകളുടെ പഴക്കമുള്ളവയാണ്. ഈ ആരാധന സ്ഥലങ്ങൾ. ഇവിടെ ഇപ്പോഴും വിശ്വാസികളായ

ട്ടു വളരെ ആളുകൾ വന്നു ചേരാറുണ്ട്. ആണ്ടിലൊരിക്കൽ നടക്കുന്നകൊടുതിയാണ് ഇവിടത്തെ പ്രധാന ഉത്സവം. കൊടതി നിശ്ചയിച്ചു കഴിഞ്ഞാൽ ഓരോവീട്ടിൽനിന്നും വാഴക്കുലകൾ സ്വീകരിക്കുന്നു. കാണിക്കാരിൽ ആരെങ്കിലും നേരിട്ടുവന്ന് വാഴക്കുല സ്വീകരിക്കുകയായിരുന്നു പണ്ടത്തെ പതിവ്.

കൊടുതി ദിവസം വാഴക്കുലകൾ കെട്ടിത്തൂക്കി ക്ഷേത്രപരിസരം അലങ്കരിക്കുന്ന ഓരോ വാഴകപലയിലേയും ഓരോപടല പഴവും മൂപ്പത്തിയമ്മയ്കു പടുക്ക ഇടാൻ എടുക്കും. ബാക്കിപിറ്റേന്ന് ഉടമസ്ഥർക്കു തിരിയെ നൽകും. ഒരു തുമ്പിലയിൽ പഴം, അവൽ, മലര്, നാളികേരം തുടങ്ങിയ വസ്തുകൾ ഇട്ട് ദേവൻമാർക്കു നിവേദിക്കുന്നതിനെയാണ് പടുക്ക എന്നു പറയുന്നത്. ദേവൻമാർക്കും പടുക്ക ഇടും. മൂപ്പത്തിയമ്മ ക്ഷേത്രത്തിൽലെ ഉപദേവവതമാരാണ് കരികാളി,മാടൻ, മറുത, ആകാശയക്ഷി, യോഗീശ്വരൻ, ചാമുണ്ഡേശ്വരി, രക്ഷസ്, നീലേശ്വരി, കാലാട്ടുതമ്പുരാൻ, മുണ്ടണിത്തമ്പുരാൻ, ആയിരവല്ലി, നല്ലമ്പിമുത്തൻ, നീലമ്പിമുത്തൻ, കന്യാചാവ് തുടങ്ങിയവർ ഇതിൽ കാലാട്ടുതമ്പുരാൻ മദ്യപനാണ്. കള്ളുകുടി കാലാട്ടുതമ്പുരാനെന്നാണ് അറിയപ്പെടുന്നത് തന്നെ. നല്ലമ്പി, നീലമ്പിമുത്തൻമാരെ അമ്മയുടെ മക്കളാക്കി സങ്കല്പിച്ച് ആരാധിക്കുന്നു.

കൊടുതിയോടനുബന്ധിച്ച് തേരുവിളക്കുകൾ എഴുന്നള്ളിക്കും. തേരിന്റെ രൂപത്തിൽ കെട്ടിയുണ്ടാക്കിയ വിളക്കുകളാണിത്.

ആദിവാസികളായ കാണിക്കാർ ബഹുദൈവ വിശ്വാസികളാണ്. സ്ത്രീ ദൈവങ്ങളെക്കാൾ അവർ കൂടുതലായി പുരുഷദൈവങ്ങളെ ആരാധിക്കുന്നവരാണങ്കിലും അവരുടെ പെൺദൈവങ്ങളുടെ ചൈതന്യം ഒന്നു വേറെതന്നെന്നുകാണാം. ചിലർ അരുവിയെ പൊന്നരുവി എന്നു വിളിക്കുന്നു. ഈ ദേവിയോടുള്ള ആദരംകൊണ്ടാണ് കാണിക്കാർ അവരുടെ കുട്ടികൾക്ക് അരുവി എന്നു നാമകരണം ചെയ്തിട്ടുള്ളത്. കേരളത്തിലെ കാണിക്കാരുടെ ഇടയിൽ മറ്റോരിടത്തും അരുവിമൂപ്പത്തിയമ്മക്കായി ക്ഷേത്രമില്ല. ദ്രാവിഡരുടെ ദേവിസങ്കല്പത്തിന്റെ രൂപവും ഭാവവുമാണ് അരുവിക്കുമുള്ളത്.

കൃഷിയും വേട്ടയും മുഖ്യതൊഴിലാക്കിയ ആദിവാസികളാണ് കാണിക്കാർ അവരുടെ ദേവതകൾക്കു പഴവും അവലും മലരും നിവേദിക്കുന്നതിനുപുറമേ മദ്യവും നൽകുന്നു. രക്തപ്രീയരായ ദേവതമാർക്കു കോഴിയേയും കിടായേയും കുരുതി കൊടുത്തിരുന്നു. പഴയകാലത്തു കൊടുതിനാളിൽ ബലിചെയ്യപ്പെട്ട കോഴികൾക്കും ആടുകൾക്കും കൈയും കണക്കുമില്ല. കരിങ്കിടായും ചെങ്കിടായും ഒറ്റയായും ഇട്ടയായും വെട്ടിയിരുന്നു. ക്ഷേത്രപരിസരം ഒരു കുരുതിക്കളം പോലെ മാറിയിരുന്നെന്നാണു പറയപ്പെടുന്നത്. ആണ്ടുക്കൊടുതിക്കു തെക്കതുനടയിൽ നേർച്ചയായി വന്നു തിരക്കുന്ന കോഴികളുടെ കൊക്കരശബ്ദവും മുട്ടനാടുകളുടെ കരച്ചിലും കൊണ്ടുമുഖരിതമായിരുന്നു പണ്ട് ക്ഷേത്രപരിസരം

നാട്ടിൽ പല പരിഷ്ക്കാരങ്ങളും വന്നതോടെ ക്ഷേത്രത്തിന്റെ നടത്തിപ്പിലുമുണ്ടായി പുതിയ ചിട്ടകൾ നാനാജാതിമതസ്ഥരടങ്ങുന്ന ഒരു കമ്മറ്റിയാണിപ്പോൾ ക്ഷേത്രത്തിന്റെ ചുക്കാൻ പിടിക്കുന്നത്. പൂജാരി കാണിക്കാരാൻ തന്നെയാണ്. ആര്യൻമാരുടെതുപോലെയോ അതിലധികമോ പാവനതയും ശക്തിയും ചൈതന്യവുമുള്ള ദേവതമാർ ദ്രാവിഡദേശത്തെ ഗിരിവർഗ്ഗജനതക്കുമുണ്ടെന്നുള്ളതിന് തെളിവാണ് അരുവിമൂപ്പത്തിയമ്മ.

പ്രചീനകാലത്തിൽ ഈ ഗ്രാമത്തിൽ ജനജീവിതത്തിന്റെ പ്രമുഖ സ്പന്ദനകേന്ദ്രമായിരുന്നത് കൃത്യമായി അറിയുകബുദ്ധിമുട്ടാണ് നൂറ്റാണ്ടുകളുടെ പഴമക്കമുണ്ടാവുമെന്നേ പറയാൻ പറ്റൂ. ബുദ്ധമതകാലവുമായി ബന്ധമുള്ള ശാസ്താവും വിഷ്ണുവും ശിവനുമെല്ലാം ആരാധനപാത്രങ്ങളാണിവിടെ മലയോരങ്ങളിൽ കുടികൊള്ളുന്ന ശാസ്താവിന് ഈ ഗ്രാമത്തിൽ പ്രത്യക സ്ഥാനമുണ്ട്.

പഞ്ചായത്തിലെ ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടവ മൂന്നെണ്ണമാണ് - പേഴുംമൂട്ടിലും കുറ്റിച്ചലിലും പരുത്തിപ്പള്ളിയിലുള്ളവ. ഹിന്ദുക്കളായതാണ ജാതിക്കാരുടെ ആരാധനാ സ്ഥലങ്ങൾ വേറെയും പലതുമുണ്ടായിരുന്നു. പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി അവകിടന്നിരുന്നു. ഇവയിൽ ഭൂരിഭാഗവും അവിടത്തെ ആരാധകർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തതോടെ ക്രമേണ മൺമറഞ്ഞു

ജീർണ്ണോദ്ധാരണം നടത്തിയതിനുശേഷമുള്ള രൂപമാണ് കുറ്റിച്ചൽ ശ്രീധർമ്മശാസ്തത്തിനുള്ളത് മുൻപ് പ്രതിഷ്ഠിച്ചിരുന്ന വിഗ്രഹത്തിന്റെ തല അടുത്തുള്ള ഫോറസ്റ്റ് റെയിഞ്ചോഫീസ് കോമ്പൗണ്ടിൽ നിന്നും മരം മുറിഞ്ഞുവീണോ മറ്റോ തകർന്നുപോയി. ഇന്നിരിക്കുന്ന വിഗ്രഹം ദേവസ്വംബോർഡ് നല്കിയതാണ്. തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴലുള്ള ക്ഷേത്രമാണിത്.

പരുത്തിപ്പള്ളി തേവരുവിള ക്ഷേത്രം ഇന്നില്ല. ഒരിക്കൽ പ്രസിദ്ധമായിരുന്ന ക്ഷേത്രത്തിലെ പ്രതിഷ്ഠാതേവൻെറയും ദേവിയുടെയും ആയിരുന്നു. തേവൻകോട് എന്ന സ്ഥലനാമം ഉണ്ടായത് ഈ ക്ഷേത്രത്തിൽ നിന്നാണെന്ന് കാരണവൻമാർ പറയുന്നു.

350 വർഷത്തെ പഴക്കംകല്പിക്കാവുന്ന ക്ഷേത്ര മാണ്. പുനയ്ക്കോട് ശാസ്താക്ഷേത്രം മാർത്താണ്ഡ വർമ്മമഹാരാജാവിൻെറ കാലത്ത് ഈ ക്ഷേത്രത്തിന് വളരെ പ്രസിദ്ധി ഉണ്ടായിരുന്നു. ആനയെഴുന്നള്ള ത്തോടും കൂടിയുള്ള 10 ദിവസത്തെ ഉത്സവം പൊടിപൊടിച്ചിരുന്നു എന്നാണ് കേൾവി.

കൊടുവീട്ടിൽതമ്പുരാൻക്ഷേത്രവും (കളിയൽ) കാര്യോടമൂർത്തിക്ഷേത്രവും പച്ചക്കാട് ചാമുണ്ഡി ക്ഷേത്രവും കൊട്ടാരത്തിലെയും നടുവച്ചലിലേയും തമ്പുരാൻ ക്ഷേത്രങ്ങളും വളരെ പഴക്കമുള്ളവതന്നെ. പഞ്ചായത്തിൽ ഇന്നുള്ള മറ്റുക്ഷേത്രങ്ങളിൽ മിക്കതും അടുത്തക്കാലത്ത് ജന്മം കൊണ്ടവയാണ്.

ക്രിസ്ത്യാനികളുടെയും മുസ്ലിങ്ങളുടെ പള്ളികൾ ഈ ഗ്രാമത്തിൽ ഉണ്ട്. വിവിധമതവിഭാഗക്കാരുടെ ക്രിസ്ത്യൻപള്ളികൾ ഇവിടെ കാണുന്നു. പഞ്ചായത്തിൽ ഇവരുടെ ആരാധനാസ്ഥലങ്ങളുടെ എണ്ണം കൂടി വരുന്നതായികാണുന്നു.

പരുത്തിപ്പള്ളിയിലാണ് ആദ്യം ഒരു ക്രിസ്തീയ പള്ളി ഉണ്ടായത്. ബ്രിട്ടീഷ് വാഴ്ചക്കാലത്ത് മുക്കാട്ടു മലയിൽ എത്തിയ സായ്പ് സ്ഥാപിച്ചതായിരുന്നു അത്. സി.എസ്.ഐ.ചർച്ച് തച്ചൻകോട് സെൻറ്യോവാക്കിം ചർച്ചാണ് കമനീയമായ എടുപ്പും ഗാംഭീര്യവും ശില്പഭംഗിയുള്ള പഞ്ചായത്തിലെ ഏക ക്രൈസ്തവദേവാലയം രക്ഷാസൈന്യം. സെവന്ത്ഡേ അഡ്വന്റിസ്റ്റ്, സിലോൺപെന്തക്കോസ്തുമിഷൻ, മാർത്തോമാ തുടങ്ങി വിവിധസഭാക്കാരുടെ പള്ളികൾ ഇവിടെ ഉണ്ട്. തച്ചൻകോട് പള്ളിയിലെ ഉത്സവം പ്രസിദ്ധമാണ്.

കോട്ടൂർ, മേലേമുക്ക്, കള്ളോട് എന്നിവിടങ്ങ ളിലാണ് പ്രധാനപ്പെട്ട മുസ്ലീംപള്ളികൾ സ്ഥിതി ചെയ്യുന്നത്. മേലേമുക്കിലെപള്ളിയിൽ മനപഠനത്തി നുള്ള ഒരു വലിയ മദ്രസ ഉണ്ട്. എല്ലാക്കൊല്ലവും ഈ പള്ളികളിൽ മതപ്രഭാഷണ പരമ്പര നടത്തി വരുന്നുണ്ട്.

കുറ്റിച്ചൽ പഞ്ചായത്തിലാണ് കേരളത്തി നകത്തും പുറത്തും വിദേശത്തും പ്രസിദ്ധമായ സിദ്ധാശ്രമത്തിൻെറ നാലുശാഖകളിൽ പ്രധാനപ്പെട്ട ഒന്ന് പ്രവർത്തിക്കുന്നത്. കാലാമ്പാറയിൽ മണ്ണൂർക്കര സിദ്ധാശ്രമം എന്നപേരിൽ ശിവാനന്ദപരമഹംസരാൽ സ്ഥാപിയ്ക്കപ്പെട്ട സിദ്ധാശ്രമത്തിൽ സ്വാമികളുടെ ജന്മദിനമായ വൃശ്ചികമാസത്തിലെ തൃക്കാർത്തിക ദിവസം നടക്കുന്ന ആഘോഷങ്ങളിൽ നാനാജാതി മതസ്ഥർ പങ്കെടുത്തു വരിന്നു. ആശ്രമത്തിലെ വിദ്യാർത്ഥികളായുംഅന്തേവാസികളായും ഈ പഞ്ചായത്തിൽ നിന്നും ആളുകളുണ്ട് ജാതിമത രാഷ്ട്രീയങ്ങൾക്കതീതമായ ഒരുസ്ഥാപനമാണ് സിദ്ധസമാജം. ജാതിയിലോമതത്തിലോ ഈശ്വരനിൽ പ്പോലുമോ വിശ്വസിക്കാത്ത ഒരു സമൂഹമാണിത്.

മതത്തിൻെറ പേരിൽ പറയത്തക്ക സംഘട്ട നങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. മതസൗഹാർദ്ദം പുലർന്നുപോന്ന ചരിത്രമാണ് കുറ്റിച്ചലിന് പറയാനുള്ളത്. ഹിന്ദുക്കളുടെ ക്ഷേത്രോത്സവങ്ങളിൽ മറ്റുമതസ്ഥരും മറ്റുമതസ്ഥരുടെ ആഘോഷങ്ങളിൽ ഹിന്ദുക്കളും പങ്കുകൊണ്ടുപോരുന്നു.

ഉറിയടി, കാക്കാരുകളി,കമ്പടികളി, തിരു വാതിരക്കളി,കളരിപ്പയറ്റ്, തുടങ്ങിയ ഗ്രാമീണ വിനോദങ്ങൾ കുറ്റിച്ചൽ പ്രദേശത്ത് ഒരിയ്ക്കൽ സജീവമായിരുന്നു. സംഗീതനാടകങ്ങൾ കേരളത്തി ലെങ്ങും അരങ്ങുതകർത്തക്കാലത്ത് കോവിലൻ ചരിത്ര്, അല്ലിറാണി,സദാരാമ തുടങ്ങിയവ കോട്ടൂർ, വാഴപ്പള്ളി, കാര്യോട്, കുറ്റിച്ചൽ, പരുത്തിപ്പള്ളി എന്നി ഭാഗങ്ങളിൽ ടിക്കറ്റുവച്ചും അല്ലാതെയും അരങ്ങേറിയി രുന്നതായി ഗ്രാമവൃദ്ധൻമാർ അനുസ്മരിക്കുന്നു.

ശ്രീകൃഷ്ണജയന്തിക്ക് നടത്തിവന്നിരുന്ന മതപരമായ ഒരു കലാവിഭശ,മാണ് ഉറിയടി. ശ്രീകൃഷ്ണൻെറ ബാല്യകാലലീലകളെ അനുസ്മരി പ്പിക്കുന്ന പ്രസ്തുത ചടങ്ങ് വൃശ്ചികമാസത്തിലെ മണ്ഡലചിറപ്പിലും സ്ഥാനം നേടിയിരുന്നു.

നാടകീയതയും താളാത്മകതയും അഭിനയവും കലർന്ന ഒരു നാടൻ കലയാണ് കാക്കാരുകളി (കാക്കാരിശ്ശിനാടകം). കുറ്റിച്ചലിലെ പലഭാഗത്തും കാക്കാരുകളി നടത്തിയിരുന്നു. ടിക്കറ്റുവച്ചുപോലും കാക്കാരുകളി ഇവിടെ നടത്തിയിട്ടുണ്ട്.

കമ്പടികളി ആശാൻമാർ ഈ പ്രദേശത്ത് ധാരാളമുണ്ടായിരുന്നു. കളരിപ്പയറ്റിൻെറ സ്വാധീന മുള്ള ഈ കലയിൽ വ്യാപൃതരായ കലാകാരൻമാരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഈ നാടൻ കലയ്ക്ക് പുനരുജ്ജീവനം നൽകാൻ ചിലർ ശ്രമം നടത്തുന്നുമുണ്ട്.

കേരളത്തിൻെറയും കലാസാഹിത്യരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞ വ്യക്തികൾ ഈ ഗ്രാമത്തിൽകുറവാണ്. കവി എന്ന പേരിലറിയപ്പെടുന്ന കാര്യോട് ജോൺസനാണ്. ഇവിടത്തെ പഴയസാഹിത്യകാരൻ കവിയും നാടതകൃത്തും അക്ഷരശ്ലോക് വിദ്ഗധനുമാണ്. ഇദ്ദേഹം 1950കളിൽ ശ്രീ. ജോൺസൻെറ നാടകങ്ങൾ ഇവിടെ ടിക്കറ്റു വച്ചുകളിച്ചിരുന്നു. ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടദ്ദേഹം. പരേതനായ ജഗന്നാഥദാസും (അദ്ധ്യാപകൻ) കവിയായിരുന്നു. നാടകചലചിത്രരംഗങ്ങളിൽ ശ്രദ്ധേയനായ ശ്രീ. ജെ.സി. ജോർജ് കുറ്റിച്ചൽ ഗ്രാമക്കാരാനാണ്. അദ്ദേഹത്തിൻെറ "തണൽ" എന്ന നാടകം പ്രസിദ്ധമാണ്. ചില സിനിമകൾ സംവിധാനം ചെയ്തിട്ടുള്ള ഇദ്ദേഹം ഒരു തിരക്കഥാ രചയിതാവുകൂടിയാണ്.

ചലചിത്രരംഗത്ത് സ്റ്റണ്ട്ആർട്ടിസ്റ്റായി പ്രവർത്തിച്ചിരുന്ന ആളാണ് പരുത്തിപ്പള്ളി ശങ്കരപിള്ള (ശങ്കർ) യശശ്ശരീരനായ മാർട്ടിൻ ജോൺസൺ കേരളകൗമുദി സപ്ലിമെൻറിൽ ചെറുകഥകൾ എഴുതിയിരുന്നു. ചലചിത്രസഹസംവിധായകനായി ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. പരുത്തിപ്പള്ളി ശശികുമാർ കുറ്റിച്ചൽ ഗ്രാമക്കാരാണ്. പരേതനായ ഇ.എച്ച്. സ്റ്റാലിൻ കഥാകൃത്തും കവിയുമായിരുന്നു. ഷേക്സ്പിയറിൻെറയും ഡിക്കൻസിൻെറയും ചിലകൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ജെ.സി. ബാബു കുറ്റിച്ചൽകാരനാണ്. കഥ, ഗാനം, കവിത, നാടകം എന്നിവ രചിച്ചിട്ടുള്ള ഉത്തരംകോട് ശശി ഒരു പ്രാദേശിക ചരിത്രകാരൻ കൂടിയാണ്. സ്ഥലനാമങ്ങളേയും നാടോടിക്കലകളേയും പറ്റി പഠിക്കുകയും നാടൻ പാട്ടുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ടിദ്ദേഹം. ചില കൃതികൾ പ്രകാശനം ചെയ്തിട്ടുമുണ്ട്. പരുത്തിപ്പള്ളികൃഷ്ണൻകുട്ടി കവിയും വിമർശകനുമാണ്. കോളേജ് അദ്ധ്യാപകനായ ഇദ്ദേഹം ഷോക്ലോറുമായി ബന്ധപ്പെട്ട് ചില ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. നെടുമങ്ങാട് വക്കീലായിരുന്ന പരുത്തിപ്പള്ളി അച്ചുതനും കോട്ടൂർ എസ്.എ. റസാക്കും ഇവിടുത്തെ മറ്റു ചില ലേഖകരാണ്. യോഗചികിത്സയെപ്പറ്റി പ്രയോജനപ്രദമായ ഗ്രന്ഥം രചിച്ച വ്യക്തിയാണ് കുറ്റിച്ചൽ കെ.രാമൻപിള്ള

അദ്ധ്യാപകർക്കുള്ള ഗുരുശ്രേഷ്ഠ അവാർഡ് നേടിയ "ജി.ആർ. കുറ്റിച്ചൽ" ചിത്രകലാരംഗത്ത് പ്രസിദ്ധനാണ്. കോട്ടൂർ രഘു ഈ പഞ്ചായത്തിലെ സർഗധനനായ മറ്റൊരു ചിത്രകാരനാണ്. അരുകിൽ പൊന്നുപിള്ള കമേർഷ്യൽ രംഗത്തെ ഒരു ആർട്ടിസ്റ്റാണ്. ചെണ്ടവായിക്കാനും പാടാനുമറിയുന്ന ഏതാനും പേർ ഈ പഞ്ചായത്തിലുണ്ട്. കഥാപ്രസംഗകലയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നവരാണ് ഒരു വാഗ്മികൂടിയായ പി.വി.കേശവൻനായർ, ആര്യനാട് പാപ്പച്ചൻ, എം.ജി.മണി (ഉത്തരംകോട്) വാഴപ്പള്ളിസോമൻ, മലവിള സതീഷ്, പരുത്തിപ്പള്ളി ശശി എന്നിവർ. ഈ പ്രദേശത്തെ പ്രമുഖനായ ഒരു മിമിക് ആയിരുന്നു വിൻസൻറ് തളിയത്ത്.

ഈയിടെ അന്തരിച്ച ജെ.സി.ജോസ് ഒരുനാടക സംവിധായകനും കലാസാംസ്കാരിക രംഗത്തെ സജീവപ്രവർത്തകനുമായിരുന്നു. നാലുദശാബ്ദത്തിലധികം കുറ്റിച്ചലിൻെറ [illegible] രംഗങ്ങളിൽ നിസ്വാർത്ഥമായി പ്രവർത്തിച്ച ഒരദ്ധ്യാപകനാണ് ശ്രീ.എം. അബ്ദുൾസത്താർ ഹാജി. പുതിയ തലമുറയിൽ സാഹിത്യതൽപ്പരരായ യുവജനങ്ങൾ ധാരാളമുണ്ട്. പ്രൊഫഷണൽ കലാരംഗത്ത് പ്രവർത്തിക്കുന്ന പലയുവാക്കളും ഇപ്പോഴിവിടെ ഉണ്ട്. പത്രപ്രവർത്തനരംഗത്ത് ഉത്സാഹം കാണിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

*ഗ്രന്ഥശാലകൾ*

ഗ്രാമത്തിൻെറ സാംസ്കാരികവളർച്ചയിൽ പ്രമുഖപങ്കുള്ള സ്ഥാപനങ്ങളാണ് ഗ്രന്ഥശാലകൾ ചെറിയൊരു പ്രദേശമാണെങ്കിലും ഇവിടെ നിരവധി ഗ്രന്ഥശാലാ രൂപീകരണങ്ങൾ നടന്നിട്ടുണ്ട്. കുറ്റിച്ചൽ, വാഴപ്പള്ളി, കോട്ടൂർ, തച്ചൻകോട്, എരുമക്കുഴി എന്നീ സ്ഥലങ്ങളിലെല്ലാം ചെറുപ്പക്കാരുടെ ഉത്സാഹത്തിൽ പല കാലങ്ങളിലായി ഗ്രന്ഥശാലകൾക്ക് രൂപം കൊടുത്തു എങ്കിലും അവയെല്ലാം ശിശുവായിരിക്കെ മരിച്ചു പോവുകയാണുണ്ടായത് കുറ്റിച്ചലിൽ എ.ആർ.ആർ മെമ്മോറിയൽ ലൈബ്രറി എന്ന പേരിൽ കുറച്ചുകാലം ഒരു ഗ്രന്ഥശാല പ്രവർത്തിച്ചിരുന്നു. പരുത്തിപ്പള്ളി സർവീസ് സഹകരണസംഘം നമ്പർ (547) ത്തിൻെറ വകയായി രൂപീകരിച്ച ജവഹർജ്യോതി ആർട്ട്സ് ക്ലബ്ബിൻെറ കീഴിൽ 1967-68-ൽ ഒരു വായനശാല മേലെമുക്കിൽ സാമാന്യം നല്ല രീതിയിൽ പ്രവർത്തിച്ചുപോന്നു. ധാരാളം പുസ്തകങ്ങളും വായനാക്കാരും ഉണ്ടായിരുന്നു. പേഴുംമൂട്ടിലും "യുവജനസമാജം ലൈബ്രറി ആൻറ് റീഡിംഗ്" റൂം പ്രവർത്തിച്ചിരുന്നു. കോട്ടൂരിൽ അഗസ്ത്യർഗ്രന്ഥശാല കുറച്ചുകാലം നിലനിന്നു. ഇങ്ങനെ കാലത്തെ അതിജീവിക്കുവാൻ ശക്തിയില്ലാതിരുന്നാൽ ഗ്രന്ഥശാലകളുടെ എണ്ണമാണ് ഇവിടെക്കൂടുതൽ ചുരുക്കത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ഈ

സ്ത്രികളുടെ പ്രധാന വിനോദമായിരുന്നു തിരുവാതിരക്കളി. കോട്ടൂർ, കുറ്റിച്ചൽ, കാര്യാട്, പരുത്തിപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ കലാപരി പാടികളിൽ നടത്തിയിട്ടുണ്ട്. മതവുമായി ബന്ധപ്പെട്ട ഒരു കലയാണിത്. ഹിന്ദുസ്ത്രീകളുടെ മുഖ്യവിനോദം ഇതായിരുന്നു. ചിങ്ങമാസത്തിലെ ഓണത്തിനും ധനുമാസത്തിലെ തിരുവാതിരക്കും കൈക്കൊട്ടിക്കളി ഉണ്ടായിരുന്നു. തിരുവോണത്തിന് തുമ്പിതുള്ളലിലും സ്ത്രീകൾ ഏർപ്പെട്ടിരുന്നു. . ഊഞ്ഞാലാട്ടമായിരുന്നു സ്ത്രീകളുടെ മറ്റൊരു വിനോദം.

## സംസ്ക്കാരം- 2

സ്വാതന്ത്ര്യ ലബ്ധിയോടുകൂടിയാണ് കുറ്റിച്ചൽ ഗ്രാമത്തിലെ സമൂഹം ഉണരുന്നത്. അവർ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ടു കാടുപിടിച്ച ഒരു ലോകം വിട്ട് ആധുനികതയുടെ വെളിപ്രദേശത്തെത്തി ശുദ്ധവായുശ്വസിക്കാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ടിലധികമാവില്ല. സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്തില്ലെങ്കിലും അതിന്റെ സന്ദേശമെന്തെന്ന് ഗ്രഹിക്കുകയും അതിനൊത്ത ഒരു ജീവിത സമീപനം കൈക്കൊള്ളുകയും ചെയ്ത ഒരു പുതിയ തലമുറ ഇവിടെ ഉണ്ടായി. മന്ത്രവാദംകൊണ്ട് ഉന്മാദം പോലുള്ള മഹാരോഗങ്ങൾ വരെ മാറ്റാമെന്ന് വിശ്വസിച്ചിരുന്ന അവർ അക്ഷരം ജീവിതത്തിന് ആവശ്യമാണെന്ന് അറിഞ്ഞിരുന്നില്ല. പാരിസ്ഥിതിക പ്രശ്നങ്ങളില്ലായിരുന്നതിനാൽ പ്രകൃതിയുടെ താളത്തിനൊത്ത് ഒരു വിധം ജീവിച്ചുപോരുകയായിരുന്നു. അവർ ജാതീയമായ ഉച്ചനീചത്വങ്ങളുടെ ചുഴിയിൽ കിടന്നു വീർപ്പുമുട്ടുകയായിരുന്നു താണ ജാതിക്കാർ. മാടുകളെപ്പോലെ പാടങ്ങളിൽ പണിചെയ്തിരുന്നവർക്ക് ജീവിതം ഇല്ലായിരുന്നുവെന്ന് പറയുന്നതാവും ശരി.

സാമൂഹിക നീതിക്കുവേണ്ടിയുള്ള സാമുദായിക സംഘടനകളുടെ ആഹ്വാനം കേട്ടുകൊണ്ടാണ് ഈ ഗ്രാമം ഉണർന്നത്. ശ്രീനാരായണഗുരുവിന്റെയും മറ്റും ആദർശങ്ങൾ നടപ്പിലാക്കുന്നതിന് താത്പര്യമുള്ള ചിലർ ഉണ്ടായിരുന്നു ഇവിടെ ജാതിചിന്ത ഉച്ചാടനം ചേയ്യുന്നതിന് 'പന്തിഭോജനം' പോലെയുള്ള വിപ്ലവ പരിപാടികൾ നടപ്പിലാക്കി. ചായക്കടയിൽ നിന്നും പറയൻ പുലയൻ തുടങ്ങിയവർക്ക് ചിരട്ടയിൽ വെള്ളം കൊടുത്തിരുന്ന സമ്പ്രദായത്തിനറുതി വരുത്താൻ ശ്രമിച്ചവർക്ക് മർദ്ദനമേറ്റ സംഭവങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്.

കൊല്ലവർഷം 1119-ൽ പരുത്തിപ്പള്ളി കേന്ദ്രമാക്കി രൂപം കൊണ്ട എസ്.എൻ.ഡി.പി ശാഖായോഗമാണ്. സാമൂഹിക പരിവർത്തനത്തിന് തുടക്കം കുറിച്ച കുറ്റിച്ചലിലെ ആദ്യത്തെ സാമുദായിക സ്ഥാപനം. എൻ.എസ്.എസ്, കേരള പുലയർമഹാജനസഭ,അയ്യനവർസഭ,കേരളനാടാർ മഹാജന സംഘം തുടങ്ങിയ നിരവധി സംഘടനകൾ കുറേയെങ്കിലും പ്രയോജനപ്പെട്ടതായി പറയാം. സാമുദായികമായ ഒരു കലാപം കുറ്റിച്ചലിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചിലവ്യക്തികൾ തമ്മിലുള്ള കലാപത്തിന് അപൂർവ്വം സന്ദർഭങ്ങളിൽ സാമുദായികച്ഛായ വരുത്താൻ ശ്രമിച്ചിരുന്നില്ല [illegible] എൻ.എസ്.എസ്സ് ആദ്യമായി ഒരു ശാഖായുണ്ടായത്. പരുത്തിപ്പള്ളിയിലാണ് മറ്റു സാമുദായിക സംഘടനകൾ താരതമ്യേന അടുത്തകാലത്താണ് ഉണ്ടായിട്ടുള്ളത് വിശേഷിച്ചും പട്ടികജാതിക്കാരുടെ സംഘടനകൾ

ആദ്യം പത്രങ്ങൾ എത്തിയിരുന്നത് കാട്ടാക്കടയിൽ നിന്നായിരുന്നു. അതും ഏതാനും എണ്ണംമാത്രം ഏജൻറുണ്ടായിരുന്നത്. അന്ന് കാട്ടാക്കടയാണ്. വളരെ വൈകിയാണ് പത്രങ്ങൾ കിട്ടിയിരുന്നതും ദിനപത്രങ്ങൾ നൈകുന്നേരമാകും കോട്ടൂരെത്താൻ പഞ്ചായത്തിലെ ആദ്യത്തെ പത്രം ഏജൻറ് കുറ്റിച്ചൽ സ്റ്റീഫൻസൺ ആയിരുന്നു. അധികൃത ശ്രദ്ധയും മറ്റുമായി കുറ്റിച്ചലിന്റെ വാർത്തകൾ കൊടുക്കുന്നതിൽ അദ്ദേഹം ശുഷ്കാന്തികാട്ടിയിരുന്നു. മലയാളത്തിലെ ഏതാണ്ടെല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ഏജൻസി ഇന്നിവിടെയുണ്ട് രണ്ടു ഏജൻറുമാരാണ് ഇപ്പോൾ ഈ പ്രദേശത്ത് പത്രവിതരണ് നടത്തുന്നത്.

ഇവിടെ അഞ്ചാലോട്ടക്കാരൻ മണികിലുക്കി നടത്തിയിരുന്ന കാലത്തിന് ഒരന്ത്യമുണ്ടായത് 1952 ഫ്രെബ്രുവരി 8ന് ഒരു ബ്രാഞ്ച് പോസ്റ്റാഫീസ് തുറന്ന തോടെയാണ് (മണ്ണൂർക്കര പി.ഒ) അതിനുമുമ്പ് കത്തിടപാടുകൾക്കും മറ്റും കാട്ടാക്കടയായിരുന്നു ശരണം. 30-3-1976 മുതൽ ഒരു സബ്-പോസ്റ്റാഫീസ് ആണ്. മണ്ണൂർക്കര ഇപ്പോഴതിന്റെ പേര് "കുറ്റിച്ചൽ" എന്നാക്കി പരിഷ്ക്കരിച്ചിരിക്കുന്നു. കോട്ടൂർ, കള്ളിയൽ, പരുത്തിപ്പള്ളി എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്റ്റാഫീസ് ഇപ്പോഴുണ്ട്. റേഡിയോ എത്തിയിട്ട് വർഷങ്ങളായി ടെലിവിഷൻ പഞ്ചായത്തിൽ പ്രചാരത്തിലായിട്ട് 15 വർഷത്തോളമായിരിക്കണം. ടേലഫോൺ വന്നിട്ട് ഏകദേശം 8 വർഷം കഴിഞ്ഞു.

പഞ്ചായത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്നു പറയണം. വിനോദത്തിനും വിശ്രമത്തിനും പുതിയ മാധ്യമങ്ങൾ എത്തിയതും വിലിയമുടക്കില്ലാതെ വീട്ടിലിരുന്ന് വായിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിച്ചതും മുൻക്കാലത്തുണ്ടായുരുന്ന പ്രസക്തി കുറച്ചിട്ടുണ്ട്. വായനക്കാരുടെയും ഗ്രന്ഥങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഗൗരവമേറിയ പഴയ വായന ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. "സമയം കൊല്ലാൻ" വേണ്ടി മാത്രം വായിക്കുന്നവരുടെ എണ്ണം വല്ലാതെ പോരുകിയിരിക്കുന്നു. "ഗ്രന്ഥശാലകൾ" "ഗ്രാമീണ സർവ്വകലാശാലകൾ" ആയിരുന്നകാലം കഴിഞ്ഞു.

*രണ്ടുഗ്രന്ഥശാലകൾ*

1949-ൽ പരുത്തിപ്പള്ളിയിൽ സ്ഥാപിച്ച കർഷകസഹൃദയ ഗ്രന്ഥശാലയാണ് പഞ്ചായത്തിലെ പഴക്കം ചെന്ന ഗ്രന്ഥശാല.

ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനക്കായി തുറന്ന കേന്ദ്രം പിന്നീട് ഗ്രന്ഥശാലയായി മാറുകയാണ് ചെയ്തത്. കോളേജിലും മറ്റും പഠിച്ചിരുന്ന ചിലയുവാക്കളുടെ ആത്മാർത്ഥമായ ശ്രമം കൊണ്ട് തിരുവനന്തപുരം നഗരത്തിൽ നിന്നും കുറെ ഗ്രന്ഥങ്ങൾ സംഭരിക്കാൻ സാധിച്ചു. കുരവട്ടം സ്വാമി എന്നറിയപ്പെടുന്ന ശ്രീ.എൻ അപ്പുകുട്ടൻ നായരായിരുന്നു ഗ്രന്ഥശാലയുടെ പ്രഥമ സെക്രട്ടറി ശ്രീ.വൃജഭൂഷണൻനായർ, ശ്രീ. എൻ.എസ്. ശങ്കർ, പുറത്തേക്കാട് ചന്ദ്രശേഖരൻനായർ എന്നിവരുടെ ഉത്സാഹത്തിലാണ് ഗ്രന്ഥശാല സജീവമായി പ്രവർത്തിച്ചു വന്നത്. ആദ്യനാളുകളിൽ വയോജന വിദ്യാഭ്യാസ ക്ളാസ്സുകൾ നടത്തിയിരുന്നു. കൈയ്യെഴുത്തു മാസിക ഇറക്കിയിരുന്നു. കലാപരിപാടികൾ പരുത്തിപ്പള്ളി സ്കൂളിൽ വച്ചാണ് നടത്തിയിരുന്നത്. ശ്രീ.വൃജഭൂഷണൻനായർ സംഭാവന നൽകിയ സ്ഥലത്ത് സ്വന്തമായി കെട്ടിടത്തിൽ ഗ്രന്ഥശാല ഇന്ന് സ്ഥിതി ചെയ്യുന്നു. കുറ്റിച്ചൽ പഞ്ചായത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാലയാണ് പരുത്തിപ്പള്ളിയിലെ കർഷക സഹൃദയ ഗ്രന്ഥശാല. 5000 പുസ്തകങ്ങളുള്ള ഈ ബി-ഗ്രേഡ് ഗ്രന്ഥശാലയുടെ ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ.ജി.അർജ്ജുനനും (ബ്ളോക്ക്പഞ്ചായത്ത് വൈസ് പ്രസിഡൻറ്) സെക്രട്ടറി പി. അജികുമാറുമാണ്.

ഇരുപത്തിയഞ്ചുവർഷങ്ങൾക്കു ശേഷമാണ് മറ്റൊരു ഗ്രന്ഥശാല പഞ്ചായത്തിൽ വേരുപിടിച്ചത്. അരുകിൽ സ്ഥിചെയ്യുന്ന ഉത്തരംകോട് രാഗം തീയറ്റേഴ്സ് ഗ്രന്ഥശാലയാണത്. ദേശീയാടിയന്തരാവസ്ഥകാലത്തായിരുന്നു രൂപികരണം. 1976-ൽ അഫിലിയേഷൻ ലഭിച്ചു. ഗ്രന്ഥശാലയുടെ പ്രഥമ പ്രസിഡൻറ് എ. കുഞ്ഞുഹമ്മദും സെക്രട്ടറി ഉത്തരംകൊട് ശശിയുമാണ്. 3021 പുസ്തകങ്ങളും 231 അംഗങ്ങളും ഇപ്പോഴുണ്ട്. പ്രസ്തുത ഗ്രന്ഥശാലയിൽ നിരവധി അനുബന്ധപ്രവർത്തനങ്ങൾ നടക്കുന്നതാണ്. രാഗം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ്ബും ബാലവേദിയും സഞ്ചരിക്കുന്ന ഗ്രന്ഥശാലയും ഇവിടെയുണ്ട്. ഗ്രന്ഥശാലയിൽ വന്ന് പുസ്തകമെടുത്ത് വായിക്കാൻ ആൾക്കാർ താല്പര്യം കാട്ടാത്തതിനാലാണ്. ഈ ഗ്രന്ഥശാലാ പ്രവർത്തകർ "സഞ്ചരിക്കുന്ന ഗ്രന്ഥശാല" പദ്ധതി തയ്യാറാക്കി വിജയകരമായി നടത്തുന്നത്. ഗ്രാമരാഗം എന്ന പേരിൽ ത്രൈമാസികമായി ഒരു കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു. സമകാലിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്. പത്രപ്രവർത്തന രംഗവുമായി ബന്ധപ്പെടാൻ പലരെയും ഈ ഗ്രന്ഥശാല സഹായിച്ചു.മേൽ പറഞ്ഞ രണ്ടു ഗ്രന്ഥശാലകളും പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് രണ്ടിനും സ്വന്തമായി കെട്ടിടവുമുണ്ട്.

സാംസ്കാരികരംഗത്ത് പ്രവർത്തിച്ചുവരുന്ന പ്രധാന സംഘടനകളാണ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ളബ്ബുകൾ. 1955-ലെ 12-ാം തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ടനുസരിച്ച് പ്രവർത്തിക്കുന്നവയാണിവ. പുതിയൊരു സംസ്ക്കാരത്തിൻെറ ഭാഗമെന്നോണമാണ് കുറ്റിച്ചൽ പ്രദേശത്തിൽ കായിക-കലാ ക്ളബ്ബുകൾ ഉണ്ടായത്. എന്ന് എവിടെയാണ്. ഈ മട്ടിലുള്ള കലാകായിക സമിതികൾ ആദ്യം ഉദയം ചെയ്തെന്ന് വ്യക്തമല്ല. പഞ്ചായത്തിൻെറ നാനാമുക്കിലും മൂലയിലും ക്ളബ്ബുകൾ പ്രവർത്തിക്കാൻ തുടങ്ങിയത്. അറുപതുകൾക്കു ശേഷമാണ് രജിസ്റ്റർ ചെയ്ത ക്ളബ്ബുകളുടെ എണ്ണം നിരവധിയുണ്ട്. പല ക്ളബ്ബുകളും ഒന്നോ രണ്ടോ വാർഷികപരിപാടിയോടെ തകർന്നു തരിപ്പണമാകുകയാണ് പതിവ്. പത്തുകൊല്ലമെങ്കിലും സജീവമായി നിന്നിട്ടുള്ള ക്ലബ്ബുകൾ വളരെ വിരളം.

പരുത്തിപ്പള്ളി പ്രഭാത് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് കുറേ പഴക്കമുള്ള ഒന്നാണ് 1962-ൽ രൂപം കൊണ്ടതാണിത്. ഇടയ്ക്കുവച്ച് പ്രവർത്തനം മാന്ദ്യം നേരിട്ട ഈ സംഘടന 1978-ൽ പുനരുജ്ജീവിപ്പിച്ചെങ്കിലും വീണ്ടും നിർജ്ജീവമായി. ഉദയാ ആർട്ട്സ് ക്ലബ്ബ് കുറ്റിച്ചലിലെ പഴക്കംചെന്ന ഒരു സാസ്ക്കാരിക

സംഘടനയാണ് കാര്യോട് ജോൺസൻെറ നേതൃത്വത്തിൽ കാര്യോട് ജയാ ആർട്ട്സ് ക്ലബ്ബ് എന്നൊരു സംഘടനയുണ്ടായിരുന്നു. കാര്യോട് തന്നെ കൈരളി കലാക്ഷേത്രവും ഒരു കാലത്ത് നന്നായി പ്രവർത്തിച്ചിരുന്നു. കേരളാ തിയറ്റേഴ്സ് കുറ്റിച്ചൽ പഞ്ചായത്തിലെ ശ്രദ്ധേയമായ കലാസമിതിയായിരുന്നു നിലവിലുള്ള സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബുകൾ

കുറ്റിച്ചൽ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് പച്ചക്കാട് മിത്രവേദി കലാരംഗം. സ്വന്തമായി കെട്ടിടം ഉള്ള മൂന്ന് സംഘടനകളാണ് ഈ പ്രദേശത്തുള്ളത്. പരുത്തിപ്പള്ളി സഹൃദയ,അരുകിൽ രാഗം,പച്ചക്കാട് മിത്രവാദി. 1982-ൽ ആണ് മിത്രവേദി പ്രവർത്തനം ആരംഭിച്ചത്. ഇന്നും ഈ സംഘടനയുടെ പ്രവർത്തനം നാൾക്കുനാൾ വളർച്ചയിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഉള്ളത്. ഇവിടെ മഹിളാസമാജം, നഴ്സറിസ്കൂൾ, വോളിബോൾ ടീം,ബാലവേദി,മിമിക്സ്ഗ്രൂപ്പ്, നാടകവേദി എന്നിവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ വോളിബോൾ ടൂർണമെൻറുകൾ നടത്തപ്പെട്ടിരുന്നു. പഞ്ചായത്തിൻെറ ഒന്നാം ഘട്ട ശില്പശാലയും, ഗ്രാമസഭയും, ഈ മന്ദിരത്തിൽ വച്ചാണ് നടത്തപ്പെട്ടത്. സർക്കാരിൻെറ യാതൊരു സഹായവും ലഭിച്ചിട്ടില്ല. മിത്രവേദിക്ക് തെക്കേത്തറ മെമ്മോറിയൽ എന്ന പേരിൽ സ്റ്റേഡിയം ഉണ്ട്.

*കുറ്റിച്ചൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാസംഘടനകൾ*

| ക്രമ നമ്പർ | ക്ലബ്ബിൻെറ പേര് | സ്ഥലം | സ്ഥാപിച്ച വർഷം |
|---|---|---|---|
| 1. | ത്രിവേണി കലാരംഗം | പരുത്തിപ്പള്ളി | 1974 |
| 2. | മിത്രവേദി കലാരംഗം | പച്ചക്കാട് | 1982 |
| 3. | സാമൂഹികസാംസ്ക്കാരിക സമിതി | വെഴുംകൂട് | 1984 |
| 4. | തരംഗിണി | കുറ്റിച്ചൽ | 1984 |
| 5. | സാരഥി തിയറ്റേഴ്സ് | പരുത്തിപ്പള്ളി | 1984 |
| 6. | മഹാത്മാ ആർട്ട്സ് ആൻറ് സ്പോർട്ട്സ് | വലിയവിള | 1995 |
| 7. | സമഭാവന ഗ്രമോദ്ധാരണ വേദി | കൈതയ്ക്കൽ | 1995 |
| 8. | ഗിതാഞ്ജലി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | കോട്ടൂർ | 1996 |
| 9. | സർഗധാര ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | കോട്ടൂർ | 1996 |
| 10. | നവഭാവന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | കോട്ടൂർ | 1996 |
| 11. | ആരാധന കലാസാംസ്ക്കാരിക വേദി | വാഴപ്പള്ളി | 1985 |
| 12. | സഹൃദയ ആർട്ട്സ് ക്ലബ്ബ് | പരുത്തിപ്പള്ളി | 1991 |
| 13. | യുവശക്തി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | കല്ലറത്തോട്ടം | 1988 |
| 14. | മാനിഷാദ | ഉത്തരംകോട് | 1996 |
| 15. | ലയൺസ് ക്ലബ്ബ് | കുറ്റിച്ചൽ | 1987 |
| 16. | ചലഞ്ച് | വില്ലുചാരി | |

### ഗ്രന്ഥശാലകളുടെ പൊതു സ്ഥിതി

| പേര് | രജി നമ്പർ | ഗ്രേഡ് | കെട്ടിട വിവരം വാടക | പുസ്തക സംഖ്യ സ്വന്തം | അംഗ സംഖ്യ | പ്രതിമാസ പുസ്തക വിതരണം | വായന ശാല ഉണ്ട് ഇല്ല | പ്രതിദിന വായനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| കർഷക സഹൃദയ | 858 | ബി | സ്വന്തം | 5000 | 225 | 800 | ഉണ്ട് | 25 |
| രാഗം | 4329 | ഇ | സ്വന്തം | 3020 | 231 | 540 | ഉണ്ട് | 20 |

### കറ്റിച്ചൽ പഞ്ചായത്തിൽ പ്രചാരത്തിലുള്ള പത്രമാസികകളുടെ എണ്ണം

| പത്രങ്ങൾ പേര് | എണ്ണം | ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാരിക | എണ്ണം | ദ്വൈവാരിക | എണ്ണം | മാസിക | എണ്ണം | മറ്റിനം | എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1. മലയാള മനോരമ | 274 | മനോരമ | 450 | വനിത | 70 | ഗൃഹലക്ഷ്മി | 28 | ചിത്രകഥകൾ | 100 |
| 2. മാതൃഭൂമി | 270 | മംഗളം | 310 | ബാലരമ | 120 | മഹിളാരത്നം | 20 | | |
| 3. കേരള കൗമുദി | 167 | കലാകൗമുദി | 16 | പൂമ്പാറ്റ | 45 | വിദ്യാരാഗം | 30 | | |
| | | മാതൃഭൂമി | 16 | | | | | | |
| 4. ദേശാഭിമാനി | 25 | കേരള ശബ്ദം | 35 | ബാലമംഗളം | 66 | കർഷക ശ്രീ | 17 | | |
| 5. മാധ്യമം | 18 | നാന | 30 | ബാലഭൂമി | 60 | മുത്തശ്ശി | 10 | | |
| 6. മംഗളം | 10 | തൊഴിൽവാർത്ത | 80 | പ്രവാഹം | 25 | ദി വീക്ക് | 1 | | |
| | | വിജയവീഥി | 8 | | | | | | |
| 7. ഇൻഡ്യൻ എക്സ്പ്രസ്സ് | 20 | വെള്ളി നക്ഷത്രം | 8 | | | ചിത്രഭൂമി | 3 | | |
| | | കൗമുദി | 70 | | | | | | |
| | | ചിത്രഭൂമി | 3 | | | | | | |
| ആകെ 784 | 1026 | 386 | 106 | 100 | | | | | |

### പരിഹാരമാർഗ്ഗങ്ങൾ

**നിർദ്ദേശങ്ങൾ**

1. ഈ പഞ്ചായത്തിലെ സാംസ്ക്കാരികനിലയം ഇല്ലാത്ത എല്ലാവാർഡുകളിലും സംസ്ക്കാരിക നിലയങ്ങൾ ആരംഭിക്കുക.
2. നിലവിലുള്ള റേഡിയോ ക്യോസ്കുകൾ ടി. വി ക്യോസ്കുകളാക്കി മാറ്റുക.
3. പുതുതായി ടി.വി.ക്യോസ്കുകൾ അനുവദിക്കുക - എല്ലാവാർഡിലും.
4. പൊതുകളിക്കളങ്ങൾ നിർമ്മിക്കുക.
5. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
6. പുതുതായി ജനവിദ്യാകേന്ദ്രങ്ങൾ അനുവദിക്കുക.

7. ആദിവാസികളുടെ കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് ചോനാം പാറയിൽ ഒരു പഠനശാല ആരംഭിക്കുക.
8. കാപ്പുകാട്ടിൽ വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റിഹാൾ പഞ്ചായത്തിന് വിട്ടുകിട്ടാൻ വേണ്ട നടപടികൾ എടുക്കുക.
9. കോട്ടൂർ,കുറ്റിച്ചൽ എന്നിവിടങ്ങളിലെ സാംസ്കാരികനിലയങ്ങളിൽ വിപുലമായ സൗകര്യങ്ങളോടുകൂടിയ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
10. മന്തിക്കളം സ്റ്റേഡിയം വിപുലീകരിക്കുക.
11. സാംസ്ക്കാരികസംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക.
12. എല്ലാവാർഡിലും വായനശാലകൾ ആരംഭിക്കുക.
13. കള്ളിയിലെ സാംസ്ക്കാരിക നിലയത്തിന്റെ പണി പൂർത്തിയാക്കുക.
14. പുതിയ റേഡിയോ ക്യോസ്കുകൾ അനുവദിക്കുക.
15. ഹരിജൻ ഗിരിജൻകോളനികളിൽ കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുക.
16. ഗിരിവർഗ്ഗവിദ്യാർത്ഥികളുടെ വിദ്യാഭ്യാസസൗകര്യത്തിനായി മുണ്ടണിയിൽ ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുക.
17. പേഴുംമൂട് പഞ്ചായത്ത് ഗ്രൗണ്ട് സ്റ്റേഡിയമാക്കുക.
18. ലക്ഷംവീടുകോളനികൾക്ക് ടി.വി. സൗകര്യം ഏർപ്പെടുത്തുക.
19. സാംസ്ക്കാരിക-സന്നദ്ധ സംഘടനകൾക്കു സാംസ്ക്കാരികവകുപ്പിൽനിന്നും ദൃശ്യമാധ്യമ സൗകര്യങ്ങൾ ലഭ്യമാക്കുക.
20. സർക്കാരിന്റെ സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുക.

# 11

# വനിതാക്ഷേമം

അന്താരാഷ്ട്രതലത്തിൽ തന്നെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാലമാണിത്. വികസിത രാഷ്ട്രങ്ങളിലേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് വികസ്വരരാഷ്ട്രങ്ങളിലെ പ്രശ്നങ്ങൾ. സ്ത്രീ വിമോചനത്തിലൂടെ മാത്രമേ മനുഷ്യരാശിയുടെ സമഗ്രവികസനം സാധ്യമാകൂ എന്ന് എല്ലാ രാഷ്ട്രങ്ങൾക്കും ബോധ്യം വന്നിട്ടുണ്ട്. ഇന്ത്യയിലെ സ്ത്രീകൾ അനുഭവിക്കുന്ന ക്ലേശങ്ങൾ അനന്തമാണ്. അവരുടെ അവസ്ഥയ്ക്ക് എത്രവേഗം പരിഹാരം കാണാൻ കഴിയുമോ, അത്രയും വേഗം നമ്മുടെ സമൂഹം പുരോഗമിക്കും.

പുരാതനഭാരതം സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ മാനയമായ പദവി നൽകിയുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സ്ത്രീകളിൽ ഭൂരിഭാഗവും കുടുംബിനികളായി വീടിനുള്ളിൽ ഒതുങ്ങിക്കഴിയുന്നു. ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾക്കുപോലും ഇന്നവൾക്ക് പുരുഷനെ ആശ്രയിക്കേണ്ടിവരുന്നു. വികസന പ്രവർത്തനങ്ങളിൽ നിന്നും, ജനാധിപത്യസംവിധാനത്തിൽ നിന്നും സ്ത്രീകളെ പാടെ മാറ്റിനിർത്തിക്കൊണ്ട് ഒരു രാഷ്ട്രത്തിനും പുരോഗതി നേടാൻ കഴിയില്ല.

പുരുഷനോടൊപ്പം ഏത് രംഗത്തും അവസര സമത്വം ലഭിക്കേണ്ടവളാണ് സ്ത്രീ. സാമൂഹിക-സാംസ്കാരിക പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടത്തിൽ സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് നിഷേധിക്കപ്പെട്ടിരുന്നു സമൂഹത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങളുടേയും പ്രധാന ഇര വനിതകളായിരുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് ഉയർന്നതാണ്. എൺപതുകളിൽ കേരളത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനം സ്ത്രീകൾക്ക് തീർച്ചയായും പ്രയോജനം ചെയ്തിട്ടുണ്ട്.

പുരുഷമേധാവിത്വത്തെ പരിലാളിക്കുന്ന മനോഭാവവും പെരുമാറ്റക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളുമാണ് ഇപ്പോഴും നമ്മുടെ സമൂഹത്തെ ഭരിക്കുന്നത്. പഴഞ്ചൊല്ലുകളിലും സാഹിത്യത്തിലും നമ്മുടെ നിത്യസംഭാഷണങ്ങളിൽപോലും സ്ത്രീയെ അപകീർത്തിപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തുപോരുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ഇതിന് അറിഞ്ഞോ അറിയാതയോ അനുവാദം കൊടുക്കുകയാണ് സ്ത്രീവർഗ്ഗമെന്നു തോന്നുന്നു. ജീവശാസ്ത്രപരവും,. മാനസികവുമായ ചില വ്യത്യാസങ്ങൾ സ്ത്രീപുരുഷന്മാർ തമ്മിലുണ്ടെങ്കിലും, സമത്വപരിഗണന വളരെ ആവശ്യമാകുന്നു. ഒരു പക്ഷിയുടെ ഇരുചിറകുകൾ പോലെയാവണം സമൂഹത്തിൽ ആണും പെണ്ണും.

ആണിൻെറ വാക്കിനും, നോക്കിനും കീഴടങ്ങി പ്രാകൃതാചാരങ്ങളിൽപ്പെട്ടു പരതന്ത്രരായുഴലുന്നതായിട്ടാണ് ഈ നൂറ്റാണ്ടിൻെറ മധ്യത്തിൽപോലും കുറ്റിച്ചലിലെ സ്ത്രീകളെ നാം കാണുന്നത്. വിദ്യാഭ്യാസം ലഭിക്കാതെ, സ്വതന്ത്ര ചിന്ത വികസിക്കാതെ, പ്രസവിച്ചും അടുക്കളപ്പണിചെയ്തുമൊടുങ്ങേണ്ട യന്ത്രങ്ങളായി അവർ തീർന്നിരുന്നു. പട്ടികജാതി സ്ത്രീകളുടെ സ്ഥിതി കൂടുതൽ ദയനീയമായിരുന്നു. കുടുംബം പുലർത്തുന്നതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങളൊന്നുമവർക്കില്ലായിരുന്നു. പട്ടിണിയും, പരിവട്ടവുമായി നാളുകൾ തള്ളി നീക്കേണ്ട ഗതികേടിലുമായിരുന്നു. മേലാളരുടെ ലൈംഗിക-സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയരാകേണ്ടിയും വന്നു. അവരുടെ അജ്ഞതയും, അദ്ധ്വാനവും മറ്റുള്ളവർ മുതലാക്കിപോന്നു. മദ്യപാന്മാരും, കുടുംബത്തോടു കാര്യമായി ഉത്തരവാദിത്വമില്ലാതിരുന്നവരുമായ തങ്ങളുടെ പുരുഷന്മാരുടെ മർദ്ദനം കൂടി സഹിക്കേണ്ടി വന്നു. ഇക്കൂട്ടർക്ക് വിദ്യാഭ്യാസം കിട്ടി തുടങ്ങിയതോടെ സ്ഥിതിഗതി അല്പാല്പമായി മാറിത്തുടങ്ങി. ജാതീയമായ കെടുതികൾക്ക് അയവുവന്നു. അവകാശങ്ങളെക്കുറിച്ചു അറിവുണ്ടായി. സാമുദായിക-രാഷ്ട്രീയ പ്രവർത്തനങ്ങളും സ്ത്രീയുടെ ജീവിതം പരിഷ്ക്കരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

സാക്ഷരതിയിൽ ഉയർന്നനിലവാരമുണ്ടായിട്ടും കുറ്റിച്ചൽ ഗ്രാമത്തിലെ സ്ത്രീകളുടെ നില മെച്ചപ്പെട്ടില്ല. അഭ്യസ്തവിദ്യരായ വനികകൾക്കുപോലും തൊഴിൽ ലഭിക്കുന്നില്ല. പുരുഷന്മാരേക്കാൾ സ്ത്രീകളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്താണിത്.

പട്ടിക നോക്കുക.

| Year | Male | Female | %Female over Male |
|---|---|---|---|
| 89-90 | 8972 | 11705 | |
| 90-91 | 9132 | 11910 | |
| 91-92 | 9292 | 12110 | |
| 92-93 | 9452 | 12315 | |
| 93-94 | 9612 | 12530 | |
| 94-95 | 9772 | 12722 | |
| 95-96 | 9932 | 12932 | |

വനിതാസംവരണ വാർഡുകൾ മൂന്നെണ്ണമുണ്ട്. സാമൂഹിക രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന കാര്യത്തിൽ ഇവിടത്തെ സ്ത്രീകൾ പിന്നിലാണ്. പുരുഷൻെറ തണലിൽ നിന്നേ അവർക്ക് ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ കഴിയൂ എന്ന അവസ്ഥമാറിത്തുടങ്ങി സ്ത്രീധനത്തിൻെറ പേരിലുള്ള പീഢനം അനുഭവിക്കുന്നവരുമുണ്ട്. ആഭരണം, വസ്ത്രം, സൗന്ദര്യസംവർദ്ധക വസ്തുക്കൾ എന്നിവയോടും, ഗൗരവം കുറഞ്ഞ പ്രസിദ്ധീകരണങ്ങളോടും അമിതമായ താൽപര്യം കാണിക്കുന്നവരാണ് പുതിയ തലമുറയിലെ വനിതകൾ ബിരുദധാരിണികളും, ഉദ്യോഗസ്ഥരും ഇക്കൂട്ടത്തിൽപ്പെടും.

ഇരുപതാംനൂറ്റാണ്ടിൽ ആഗോളതലത്തിലുണ്ടായ വനിതാക്ഷേമ പ്രവർത്തനങ്ങളുടെ അലകൾ അടുത്തകാലത്ത് ഇന്ത്യയിലും പ്രകടമായി. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്ത്രീകൾക്ക് 33% സംവരണം നൽകികൊണ്ട്. വികസന പ്രവർത്തനത്തിൽ വനിതാ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വനിതാക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിൽ കുറ്റിച്ചൽ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശേഷിയുള്ള മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. ഇവിടത്തെ സ്ത്രീമാനവശേഷി പൂർണമായും പാഴായിപോകുന്നു. ഉല്പാദനരംഗത്തു, സാംസ്കാരിക മേഖലയിലും വനിതകളുടെ പങ്കാളിത്തം വളരെ ശുഷ്ക്കമാണ്. വനിതകൾ നേതൃത്വം കൊടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും

വളരെ കുറവാണ്. ഒരു വനിതാ സഹകരണസംഘം പ്രവർത്തിച്ചു തുടങ്ങിട്ടുണ്ട്. എന്നാൽ സാമ്പത്തിക സഹായമൊന്നും അവർക്കു ലഭിച്ചു തുടങ്ങിയിട്ടില്ല. പോഷണം. പ്രതിരോധ ചികിത്സ, സാമ്പാദ്യശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ബോധനം നൽകാൻ കുറച്ചെങ്കിലും സഹായിച്ച എട്ടോളം മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിന്, സംഘടനാശേഷിയും, സഹകരണശീലവും, ഉണ്ടാക്കുന്നതിനുതകുന്നതരത്തിലുള്ള വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് ജനകീയാടിത്തറയോടുകൂടി പുത്തൻ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറാകണം.

*വനിതകളുടെ പ്രശ്നങ്ങൾ*

1. തൊഴിലില്ലായ്മ.
2. തൊവിൽ രംഗത്ത് പ്രാപ്തയാകാൻ വേണ്ട ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിൻെറ അഭാവം.
3. സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന സ്വയം തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.
4. എല്ലാത്തരം തൊഴിൽ മേഖലയിലും സ്ത്രീകളെ അവഗണിക്കുന്നു.
5. സ്ക്കൂൾ തലത്തിൽ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് ആൺകുട്ടികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്.
6. സ്ത്രീകൾക്ക് മാത്രമായി തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.
7. മഹിളാസമാജങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല.
8. തുല്യജോലിക്ക് സ്ത്രീയുടേയും, പുരുഷൻെറയും വേതന നിരക്കിൽ സാരമായ വ്യത്യാസം നിലനിൽക്കുന്നു.
9. സ്വയം പര്യാപ്തത നേടിയ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്.
10. ശാരീരികവും, മാനസികവും ആയ പീഢനങ്ങൾ അനുഭവിക്കുന്ന ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്.
11. വിധവാ - വാർദ്ധക്യകാല പെൻഷനുകൾ അർഹതയുള്ളവർക്ക് ലഭിക്കുന്നില്ല.
12. പട്ടികവർഗ്ഗ വനിതകൾ ഇന്നും നിരക്ഷരരാണ്.
13. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ തൃപ്തികരമല്ല.

*പ്രശ്നപരിഹാരമാർഗ്ഗങ്ങൾ*

1. ധാന്യങ്ങൾ, മുളക്, മല്ലി തുടങ്ങിയവ പൊടിയാക്കി വില്പന നടത്തുന്നതിനും, പാനീയങ്ങൾ, ജാം, അച്ചാർ മുതലായവ നിർമ്മിച്ച് വിപണനം നടത്താനും ഓരോ വാർഡിലും ഓരോ യൂണിറ്റുകൾ വീതം ആരംഭിക്കുക.
2. കൃഷിയിൽ താൽപര്യമുള്ള വനിതകൾക്കായി അടുക്കളത്തോട്ടം വച്ച് പിടിപ്പിക്കാൻ വിത്തും, വളവും സൗജന്യമായി നൽകുക.
3. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ കേന്ദ്രങ്ങൾ ഓരോ വാർഡിലും ആരംഭിക്കുക.
4. മഹിളാ സമാജങ്ങളുടെയും അംഗനവാടികളുടെയുംപ്രവർത്തനം മെച്ചപ്പെടുത്തുക.
5. പുകയില്ലാത്ത അടുപ്പുകൾ കുറഞ്ഞ നിരക്കിൽ നൽകി വനിതകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുക.
6. കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവ വളർത്തുന്നതിനുള്ള സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകുക.
7. വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് പോസ്റ്റാഫീസിൽ തുക നിക്ഷേപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും, തത്തുല്യമായ തുക സർക്കാരിൽ നിന്ന് നൽകുകയും ചെയ്യുക.
8. ഓരോ വാർഡിലും ശിശു സംരക്ഷണകേന്ദ്രങ്ങൾ ആരംഭിക്കുക.
9. സ്ത്രീപീഡനത്തിനും, സ്ത്രീധന സമ്പ്രദായത്തിനുമെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുക.
10. വനിതകൾക്ക്വേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
11. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഈറ്റ കൈതയോല എന്നിവ ഉപയോഗിച്ചുള്ള ഉല്പന്നങ്ങളും ഉണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.
12. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പകൾ ഉദാരമാക്കുക.
13. വനിതാ സഹകരണ സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുക.

14.സ്ത്രീകൾക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15.തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക.

16.പട്ടികജാതി - പട്ടികവർഗ്ഗ വനിതകൾക്ക് സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും ധനസഹായം നൽകി, തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

17.പർപ്പടകം നിർമ്മിക്കാൻ അറിയാവുന്ന വനിതകളെ ധനസഹായം നൽകി പർപ്പടകനിർമ്മാണം ആരംഭിക്കുക.

18.വനിതകൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

19.ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകൾ തുടങ്ങുക.

20.സോപ്പുനിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് വായ്പ്പ അനുവദിക്കുക.

21.ഒരു റെഡിമെയ്ഡ് യൂണിറ്റു തുടങ്ങുന്നതിന് വായ്പ്പയും സഹായവും നൽകുക.

22.പച്ചക്കറി വിപണനശാല നടത്തുന്നതിന് 5 പേർക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

23.ചിറക്കോണം കേന്ദ്രമാക്കി അംഗൻവാടി അനുവദിക്കുക.

24.നാലാംവാർഡിൽ അരുകിൽ കേന്ദ്രമാക്കി ഒരു ക്രഷ് അനുവദിക്കുക.

25.തേനീച്ചവളർത്തലിനു സാമ്പത്തിക സഹായവും സാങ്കേതിക പരിജ്ഞാനവും നൽകുക.

26.അച്ചാർ നിർമ്മിക്കുന്ന യൂണിറ്റു തുടങ്ങുന്നതിന് സഹായം നൽകുക.

27.പഴവർഗ്ഗ സംസ്ക്കരണ യൂണിറ്റുകൾ നടത്തുന്നതിന് പിശീലനവും ധനസഹായവും നൽകുക.

28.പാൽകൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

29.സൗരോർജ്ജവിളക്കുകൾ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ സൗജന്യമായി നൽകുക.

30.നെയ്ത്ത്ശാല തുടങ്ങുന്നതിന് ചിറക്കോണത്ത് ഒരു യൂണിറ്റ് തുടങ്ങുക

31.18 വയസ്സിനു താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹം തടയുക.

32.ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട 30 വയസിനു താഴെയുള്ള വനിതകൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുക.

33.മദ്യപന്മാർക്ക് പരമാവധി പിഴയും, ശിക്ഷാനടപടിയും നൽകുക.

34.ദൃശ്യമാധ്യമങ്ങളിൽ സ്ത്രീയെ പ്രദർശന വസ്തുവാക്കി മാറ്റിക്കൊണ്ടുള്ള അശ്ലീല പരസ്യങ്ങൾ ഒഴിവാക്കുക.

35.ട്രാൻസ്പോർട്ട് ബസുകളിൽ സീറ്റ് 50% സംവരണം ഏർപ്പെടുത്തുക.

36.പൊതുവിതരണ കേന്ദ്രംവഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക.

37.റേഷൻകടകളിൽ ലൈസൻസികളായി സ്ത്രീകൾക്ക് സംവരണ്.

38.സർക്കാരിന്റെ തയ്യൽ പരിശീലനകേന്ദ്രം തുടങ്ങുകയും അഭ്യസ്ഥവിദ്യർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

39.വിധവകളുടെ പെൻഷൻ വിദ്യാർത്ഥികളായ ആൺമക്കൾ തടസ്സമാകാതിരിക്കുക.

# 12

# സഹകരണം

ജനതയുടെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി സമാന ചിന്താഗതിക്കാർ സ്വമേധയാ കൂട്ടം ചേർന്ന് ചൂഷണവും ഇടനിലക്കുരുമില്ലാതെ സത്യസന്ധവും സുതാര്യവുമായ പ്രവർത്തന ശൈലിയിലൂടെ മിതമായ ലാഭം ലക്ഷ്യമാക്കി സേവനത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന ജനകീയ ജനാധിപത്യ സ്ഥാപനമാണ് സഹകരണ സംഘം. 1909-ൽ മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്ന പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര എന്ന സ്ഥലത്ത് ജരിസ്റ്റർ ചെയ്യപ്പെട്ട കൊടുവായൂർ കാർഷിക വായ്പാ സംഘം ആണ് കേരളത്തിലെ ആദ്യത്തെ സഹകരണ സംഘം എന്ന് പറയാം. 1956-ൽ കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം കേരളത്തിന് മുഴുവൻ ബാധകമായ സഹകരണ നിയമം നടപ്പിലാക്കിയത് 1969-ൽ ആണ്.

കുറ്റിച്ചൽ പഞ്ചായത്ത് പ്രദേശത്ത് സഹകരണ മേഖല വളരെ ക്ഷീണിച്ച അവസ്ഥയിലാണ്. കൃഷിക്കാരുടെ എല്ലാ വിധ ആവശ്യങ്ങളും പൂർണ്ണമായി നിറവേറ്റി കൊടുക്കേണ്ടത് സഹകരണ സംഘങ്ങൾ വഴിയാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ കർഷകർക്ക് വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നു. വിത്തും വളവും കീടനാശിനികളും വായ്പാസഹായങ്ങളും കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള അവസരം ഇതുമൂലം നഷ്ടമായിരിക്കുന്നു. ഇതുപോലെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾവിറ്റഴിക്കാനും പ്രയാസം അനുഭവപ്പെടുന്നു. കൃഷിക്കാർക്ക് ആധുനിക സാങ്കേതിക വിദ്യകൾ മനസ്സിലാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഇതുമൂലം സാധിക്കുന്നില്ല. കുറ്റിച്ചൽ സർവ്വീസ് സഹകരണ സംഘം, വനിതാ സഹകരണ സംഘം, ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘം, കുറ്റിച്ചൽ ക്ഷീരോല്പാദക സഹകരണ സംഘം, കാട്ടുകണ്ടം ക്ഷീരോല്പാദക സഹകരണ സംഘം, പാങ്കാവ് ഗിരിജൻ സർവ്വീസ് സഹകരണ സംഘം, കൺസ്യൂമർ സംഘം, പരുത്തിപ്പള്ളി ഹൈസ്ക്കൂൾ സഹകരണ സംഘം എന്നിവ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. 1954-ൽ സ്ഥാപിക്കപ്പെട്ട മണ്ണൂർക്കര ഹൈലാൻഡ്സ് സഹകരണ സംഘം നമ്പർ 518 ആണ് ഈ പഞ്ചായത്തിലെ പ്രഥമ സഹകരണ സംഘമെന്ന് പറയാം. എന്നാൽ ഇന്നത് നിലവിലില്ല.

*കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. 547*

സ്ഥാപിതം: 24-5-1962

കുറ്റിച്ചൽ പഞ്ചായത്തിലെ ഏക കാർഷിക സഹകരണ സ്ഥാപനമാണ് കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്ക്. 30-10-1996 വരെ സംഘത്തിലെ ആകെ അംഗങ്ങൾ 4330. അംഗങ്ങളിൽ നിന്ന് പിരിച്ചെടുത്ത ഓഹരി മൂലധനം 3,30,2.. രൂപയാണ്. സർക്കാർ ഓഹരി പങ്കാളിത്തം നാളിതുവരെ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. വർഷങ്ങളായി പരാധീനതകളിലൂടെ കടന്നു പോകുന്ന ഒരു സ്ഥാപനമാണിത്. സംഘം രൂപമെടുത്ത കാലം മുതൽ അനുഭവപ്പെടുന്ന ക്ലേശങ്ങൾ ഏറ്റക്കുറച്ചിലുകളിലൂടെ തുടരുന്നു. പത്ത് സെൻറ് സ്ഥലവും ഒരു കെട്ടിടവും സംഘത്തിന് സ്വന്തമായിട്ടുണ്ട്. 30-10-1996 വരെ അംഗങ്ങൾക്ക് കൊടുത്ത വിവിധ തരം വായ്പകളിൽ 15,88,000 രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. 8,000,00 രൂപ നഷ്ടത്തിലാണ് സംഘം ഇന്ന് പ്രവർത്തിക്കുന്നത്. സംഘത്തിൻെറ സ്ഥലം കെട്ടിടം, മറ്റ് സാധനങ്ങൾ എന്നിവയ്ക്ക് 10 ലക്ഷം രൂപ മതിപ്പ് വിലവരും. സഹകരണ മാവേലി സ്റ്റോർ, ടെക്സ്റ്റൈൽസ്, കൺസ്യൂമർ ഷോറും എന്നിവ നടത്തിയിരുന്നെങ്കിലും ഭീമമായ നഷ്ടം മൂലം ആവകക്ഷേമപരിപാടികൾ നിർത്തിവെച്ചു., ഇപ്പോൾ സംഘത്തിനോടനുബന്ധിച്ച് ഒരു വളം ഡിപ്പോയും ആറ് നമ്പറുകളിലായി 50,000 രൂപയുടെ ചിട്ടിയും നടത്തിവരുന്ന. 24-5-1962-ൽ ആണ് ഈ സ്ഥാപനം രൂപീകരിച്ച് രജിസ്റ്റർ ചെയ്തത്. മുമ്പ് പ്രവർത്തിച്ചിരുന്ന

ചേരമർ സഹകരണ സംഘം, വിശ്വകർമ്മ സഹകരണ സംഘം എന്നിവ സംയോജിപ്പിച്ചുകൊണ്ട് 1975-ൽ രൂപീകൃതമായതാണ് പരുത്തിപ്പള്ളി സർവ്വീസ് സഹകരണസംഘം. പിന്നീട് പേര് കുറ്റിച്ചൽ എന്നാക്കി പരിഷ്കരിച്ചു.

*ഈ സ്ഥാപനം മറ്റു സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ*

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ജില്ലാ സഹകരണബാങ്ക് തിരുവനന്തപുരം | എസ് റ്റി എൽ | 23,94,000 |
| " | ഒ എൽ | 81,000 |
| | എം റ്റി | 23,000 |
| | സി സി ഡി പി | 45,000 |

*നൽകിയ വായ്പകൾ*
*കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ*

| വായ്പ സ്വഭാവം | തുക |
|---|---|
| എസ് റ്റി എൽ | 13,02,000 |
| ഒ എൽ | 262,000 |

സ്ഥാപനത്തിന്റെ ചെലവുകൾ 1600 (പ്രതിമാസം)

Establishement charges 6,000/- (പ്രതിമാസം)

Contingencies 2,000/- (പ്രതിമാസം)

*വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ.*

1. അംഗങ്ങൾക്ക് വായ്പാ വിതരണം നടത്തുക.
2. കർഷകന് ആവശ്യമായ വളം, കീടനാശിനി എന്നിവ യഥാസമയം നൽകുക.
3. ചിട്ടി നടത്തുക.
4. നിക്ഷേപങ്ങൾ സ്വീകരിക്കുക.
5. സർക്കാരിന്റെ നിർദ്ദേശാനുസരണം കാലാകാലങ്ങളിൽ മറ്റുപ്രവർത്തനങ്ങൾ

*കുറ്റിച്ചൽ ക്ഷീരോല്പാദക സഹകരണസംഘം നമ്പർ റ്റി. 139 (D) Apcos*

സ്ഥാപിതം 16-10-1983

ഈ സംഘത്തിൽ 190 അംഗങ്ങളാണുള്ളത്. ഇപ്പോൾ മേലെ മുക്കിൽ പ്രവർത്തിക്കുന്നു. ഇവിടെ മൂന്ന് ജീവനക്കാരുണ്ട്. ഷെയർ 2030 രൂപയാണ്. ഒരു വർഷം ശരാശരി 55,000 ലിറ്റർ പാൽ സംഭരിക്കുന്നു. ഈ സംഘം ലാഭകരമായി പ്രവർത്തിക്കുന്നു. സംഭരിക്കുന്നപാൽ പുറത്ത് കൊടുക്കുകയാണ് ചെയ്യുന്നത്

*കാട്ടുകണ്ടം ക്ഷീരോല്പാദകസഹകരണ സംഘം നമ്പർ. റ്റി. 153 (D) Apcos*

സ്ഥാപിതം 16-6-1984

283 അംഗങ്ങളുള്ള ഈ സംഘം ഒന്നാം വാർഡിലെ കാട്ടുകണ്ടത്ത് പ്രവർത്തിക്കുന്നു. സംഘത്തിനു വേണ്ടി ശ്രീമതി. എം. ലിസ്സി സംഭാവനയായി നൽകിയ 5 സെൻറ് വസ്തുവിൽ ഒരു ടെറസ്സ് കെട്ടിടം സംഘത്തിന്റെ ചെലവിൽ പണികഴിപ്പിച്ചിട്ടുണ്ട്. ഷെയർ 2830 രൂപ. പതിനയ്യായിരത്തോളം ലിറ്റർ പാൽ പ്രതിവർഷം വിപണനം നടത്തുന്നു. ഇതും ലാഭകരമായി പ്രവർത്തിക്കുന്ന സംഘമാണ്.

*കുറ്റിച്ചൽ വനിതാ സഹകരണസംഘം. നമ്പർ റ്റി. 1045. 20-3-1990*

വനിതാ ക്ഷേമം മുൻനിർത്തി സ്ഥാപിതമായ ഈ സംഘത്തിലെ അംഗസംഖ്യ 205 ആണ്. പിരിച്ചെടുത്ത ഓഹരി മൂലധനം 10,110 രൂപ. സർക്കാരിൽ നിന്നും രണ്ട് തവണയായി 50,000 രൂപ ഓഹരിയായി ലഭിച്ചിട്ടുണ്ട്. പരുത്തിപ്പള്ളി. വി.എച്ച്.എസ്.എസ്.ന് സമീപം പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ പ്രധാന പ്രവർത്തനം റെഡിമെയ്ഡ് തുണിത്തരങ്ങളുടെ വില്പനയാണ്. സംഘം നഷ്ടത്തിലാണ്.

*പാങ്കാവ് ഗിരിജൻ സഹകരണസംഘം*

ഗിരിജനങ്ങളുടെ നാനാവിധമായ ആവശ്യങ്ങൾ പുരോഗതിയും പരിഗണിച്ചുള്ള ഒരു സ്ഥാപനമാണിത്. ഇതിന് സ്വന്തമായ കെട്ടിടമില്ല. വിവധയിനം വായ്പാവിതരണം നടന്നിട്ടുണ്ട്. തിരിച്ചടവ് നടക്കാത്തത് കാരണവും സ്വന്തമായി സ്ഥാപനം ഇല്ലാത്തിതിനെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കഴിയാതെ മുരടിച്ച അവസ്ഥയിലാണ് ഒരു സെക്രട്ടറിമാത്രമാണുള്ളത്.

*ഹരിജൻ വിവിധോദ്ദേശ്യ സഹകരണ സംഘം, കുറ്റിച്ചൽ.*

ഹരിജനങ്ങളുടെ നാനാമുഖമായ പുരോഗതി ലക്ഷ്യമാക്കി സ്ഥാപിക്കപ്പെട്ട ഒരു സംഘമാണിത്. ചില ക്ഷേമ പരിപാടികൾ നടത്തുന്നുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നു പറയാൻ കഴിയില്ല. സ്വന്തമായി കെട്ടിടം ഉണ്ട്.

# 13

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സമൂഹത്തിൻെറ പൊതു ധാരയിലെത്താൻ വളരെ ക്ലേശിക്കുന്ന ജനവിഭാഗമാണ് പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ. ഈ അടിസ്ഥാന വർഗ്ഗങ്ങളെ അവഗണിച്ചുകൊണ്ടുള്ള ഒരാസൂത്രണ പരിപാടിയും വിജയകരമാവുകയില്ല. ഭൗതികവും മാനസ്സികവുമായ ഒരുപാടു പ്രശ്നങ്ങൾ ഇവർക്കുണ്ട്. നൂറ്റാണ്ടുകളായുള്ള പിന്നോക്കാവസ്ഥയെ ഏതെങ്കിലും ഷോക്ക് ട്രീറ്റുമെൻറിലുടെ പരിഹരിക്കാനാവില്ല. ശാസ്ത്രീയ മായ ജനകീയാസൂത്രണം അനുപേക്ഷണിയമാണ്.

കുറ്റിച്ചൽ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15.1% പട്ടികജാതി പട്ടിക വർഗ്ഗക്കാരാണ്. ഇതിൽ ആറ് ശതമാനത്തോളം വരും പട്ടിക വർഗ്ഗക്കാർ. വലിയകുന്നടി, പട്ടാണിപ്പാറ, കമലകം, പ്ലാവിള, എറുമ്പിയാട്, കുറ്റിച്ചൽ, മുളമൂട്, അരിയാവിള, വാലിപ്പാറ, കൈതോട്, ആമല, ചെറുമാങ്കൽ, മുക്കുവത്തി വയൽ, ചോനാംപാറ, പാങ്കാവ്, പൊടിയം, പൊത്തോട്, ആമോട്, കുന്നത്തേരി, പാറ്റാംപാറാ, പ്ലാത്ത്, ഈഞ്ചപ്പുരി, കല്യാട് എന്നിവ അംഗീകൃത പട്ടിക വർഗ്ഗ സങ്കേതങ്ങളാണ്. ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തെ കാണിക്കാരൻ കാണിക്കാർ എന്നറിയപ്പെടുന്നു. കാണിക്കാരിൽ ഒരു വിഭാഗം നാട്ടിലും മറ്റൊരു വിഭാഗം കാട്ടിലും താമസിക്കുന്നു. നാട്ടിൽ കഴിയുന്നവർ പഠിപ്പും പരിഷ്ക്കാരവും ഉള്ളവരാണ്. കാട്ടിലുള്ള വരാകട്ടെ, ഇപ്പോഴും ഗോത്രജീവിതം നയിക്കുന്നു. കാടിനെ മാത്രം ആശ്രയിച്ച് നായാടിയും, കൃഷി ചെയ്തും ഫലമൂലാദികൾ ഭക്ഷിച്ചും കഴിഞ്ഞു കൂടുന്ന ഇവരുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. മറ്റ് ജനവിഭാഗങ്ങളുമായി ഇണങ്ങിച്ചേർന്ന് പരിഷ്കൃത മായ ഒരു ജനജീവിതം നയിക്കാൻ അമാന്തിക്കുന്ന വരാണ് ഇക്കൂട്ടർ.

കൃഷി ഭൂമികളിൽ മാറിമാറി താമസിച്ച് കൃഷിചെയ്യുന്ന സ്വഭാവക്കാരാണ് കാണിക്കാർ. ഈറ്റയും, ഈറ്റയിലയും, മരക്കമ്പുകളും ഉപയോഗിച്ച് ഉണ്ടാക്കുന്ന ചെറു കുടിലിലാണ് ഇവർ താമസിക്കുന്നത്. ഒരു പ്രത്യേക തരം ഭാഷ ഉപയോഗിക്കുന്ന കാണിക്കാർ ബഹു ദൈവ വിശ്വാസികളാണ്. മരുന്നും മന്ത്രവാദവും കൊണ്ടാണ് അവർ ആരോഗ്യം പരിപാലിച്ച് പോന്നിരുന്നത്. പഞ്ഞമാസങ്ങളിൽ ഇപ്പോഴും അവർ കാട്ടുകിഴങ്ങുകളാണ് ഭക്ഷിക്കുന്നത്.

നായാട്ട് സർക്കാർ നിരോധിച്ചിരിക്കുന്നതു കൊണ്ടുള്ള വിഷമം വളരെയാണ്. കാട്ടു മൃഗങ്ങളുടെ ശല്യം കാരണം കാണിക്കാർക്ക് കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. നെയ്യാർ വന്യജീവി പാർക്ക് വന്നതോടെ കാട്ടിലുള്ള അവരുടെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. നൂറ്റാണ്ടുകളായി പല വിധ പിന്നോക്കാവസ്ഥകളിലും പെട്ട് ഉഴലുന്നവരാണിവർ. അടുത്ത കാലത്തായി സാക്ഷരതാ പ്രവർത്തനത്തിലൂടെയും മറ്റും ഈ വിഭാഗത്തെ പരിഷ്ക്കരിക്കുവാൻ കുറച്ചൊക്കെ കഴിഞ്ഞിട്ടുണ്ട്. ഗവൺമെൻറിൻെറ ക്ഷേമ പ്രവർത്തനങ്ങൾ കൊണ്ട് കാണിക്കാരുടെ ജീവിത ഗുണ നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന സത്യം എന്നിട്ടും അവശേഷിക്കുന്നു.

കുറ്റിച്ചൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 9%ത്തോളം പട്ടിക വർഗ്ഗക്കാരാണ്. പറയർ, പുലയർ, അയ്യനവർ, വേടൻ, കുറവൻ, എന്നിവരാണിവിടത്തെ പട്ടിക ജാതിക്കാർ. ഈറ്റ ഉപയോഗിച്ച് പലതരം ഉല്പന്നങ്ങളുണ്ടാക്കി ഉപജീവനം കഴിക്കുന്ന വരാണ് പറയർ. കാർഷിക മേഖലയിൽ പണിയെടുത്തു പോരുന്നവരാണ് പുലയർ. പുലയത്തിൽ പണിയെടുക്കുന്നവരെയാണ് പുലയർ എന്നു പറയുന്നത്. കുറ്റിച്ചൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട പട്ടിക ജാതി സങ്കേതങ്ങളാണ് കള്ളിയൽ, കുന്നിൻ പുറം, മുണ്ടണി ലക്ഷം വീട്, മൈലമൂട്, പൂച്ചപ്പാറ, മലവിള, പുല്ലോട്ടുകോണം, മന്തിക്കളം, വലിയവിള, ഉപ്പനച്ചംകാല, നെല്ലിവനം, പറക്കോണം, ഐ എച്ച് ഡി പി 1993-94 എന്നിവ. വിദ്യാഭ്യാസ കാര്യത്തിൽ പട്ടിക ജാതിക്കാർ വളരെ പിന്നോക്കമാണ്. ഉന്നത

സാങ്കേതിക വിദ്യാഭ്യാസം നേടിയ പട്ടിക ജാതിക്കാർ ഈ പഞ്ചായത്തിൽ ഇല്ല. മറ്റു പല സമുദായ സംഘടനകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പട്ടിക ജാതി വർഗ്ഗങ്ങൾ സംഘടനാ പ്രവർത്തനം ആരംഭിച്ചു. എങ്കിലും പട്ടിക ജാതിക്കാരുടെ സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തിക അവസ്ഥ ഒട്ടും തന്നെ ആശാവഹമല്ല.

കുറ്റിച്ചൽ പഞ്ചായത്തിൽ 252 പട്ടിക ജാതി കുടുംബങ്ങൾ ഉണ്ട്. പുരുഷൻമാരേക്കാൾ സ്ത്രീകൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ പട്ടിക ജാതിയിലും സ്ത്രീകളുടെ സംഖ്യതന്നെയാണ് ഏറെ മുന്നിൽ. 1991-ലെ കണക്കനുസരിച്ച് 68 സ്ത്രീകൾ കൂടുതലാണ്. സ്വന്തമായി കൃഷിഭൂമിയില്ലാത്തവരാണ് ഭൂരിഭാഗവും. തൊഴിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ് തുടങ്ങിയവ പര്യാപ്തമായ തോതിൽ നേടാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം പല പട്ടിക ജാതി വിദ്യാർത്ഥികൾളും പഠനം പൂർത്തിയാക്കുന്നില്ല. പരമ്പരാഗത തൊഴിലിന് പ്രാധാന്യം കൊടുത്തു കൊണ്ട് പല രക്ഷാകർത്താക്കളും കുട്ടികളെ വദ്യാലയങ്ങളിലേക്ക് അയയ്ക്കുന്നില്ല.

പട്ടിക ജാതി ക്ഷേമത്തിനു വേണ്ടി പല സ്കീമുകളും കഴിഞ്ഞകാലങ്ങളിൽ പഞ്ചായത്തിൽ നടപ്പിലാക്കി. എന്നാൽ ഈ വിഭാഗത്തിൽ ഭൂരിഭാഗവും ഇപ്പോഴും ദാരിദ്ര രേഖയ്ക്ക് താഴെയാണ്. ഇത്തരുണത്തിൽ പട്ടിക ജാതി ക്ഷേമം പ്രാധാന്യമർഹിക്കുന്നു. പട്ടിക ജാതി ക്ഷേമത്തിനുതകുന്നതരത്തിലുള്ള പ്രാദേശിക വികസന സ്കീമുകൾ തയ്യാറാക്കി നടപ്പിലാക്കുക വഴി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

*പട്ടിക ജാതി- പട്ടിക വർഗ്ഗം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ*

1. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ ഭൂരിഭാഗവും ദാരദ്ര്യരേഖയ്ക്ക് താഴെയാണ്.
2. വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ വളരെ പിന്നോക്കമാണ്.
3. സ്വന്തമായി ഭൂമിയില്ലാത്തതുകാരണം പല കുടുംബങ്ങളും കൂട്ടുകുടുംബങ്ങളായാണ് ജീവിക്കുന്നത്.
4. വാസയോഗ്യമായ വീടിൻെറ അഭാവം.
5. പല സെറ്റിൽമെൻറുകളും വൈദ്യുതീകരിച്ചിട്ടില്ല.
6. വേനൽക്കാലങ്ങളിൽ സെറ്റിൽമെൻറുകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.
7. പരമ്പരാഗതമായി ചെയ്തു വന്ന തൊഴിലുകൾക്ക് വിഭവങ്ങൾ ലഭ്യമല്ല.
8. വന്യമൃഗങ്ങളുടെ നിരന്തരമായ ശൈല്യംകാർഷിക മേഖലയെ മുരടിപ്പിച്ചു.
9. തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്.
10. സാംസ്ക്കാരിക രംഗത്ത് പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ വളരെ പിന്നിലാണ്.
11. സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണ്.
12. സ്വയം തൊഴിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

*പരിഹാരം.*

1. ഭൂരഹിതരായവർക്ക് സൗജന്യമായി ഭൂമി വാങ്ങി നൽകുക.
2. ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഗ്രാൻറ് അനുവദിക്കുക. വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക, കിണറുകൾ കുഴിക്കാനുള്ള ധനസഹായം നൽകുക. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുക.
3. കയർ, ഈറ്റുപ്പായ് നെയ്ത്ത്, തഴപ്പായ് നെയ്ത്ത്, ആടുവർത്തൽ, കോഴി വളർത്തൽ, പാറപ്പണി, കല്ലിറക്കി മെറ്റലാക്കി വില്പന, വിറക് വില്പന തുടങ്ങിയവയ്ക്ക് സർക്കാരിൽ നിന്നും ഗ്രാൻറ്, സബ്സിഡിയോടുകൂടിയ വായ്പ തുടങ്ങിയവ ലഭ്യമാക്കുക.
4. തയ്യൽ പരിശീലന കേന്ദ്രം ആരംഭിക്കുക.
5. കലാകായിക വാസനയുള്ളവരെ പ്രോൽസാഹിപ്പിക്കുക.
6. ആരോഗ്യ പരിപാലനത്തിലുവേണ്ടി മാതൃ ശിശു സംരക്ഷണ കേന്ദ്രം ആരംഭിക്കുക.

# 14

# വിഭവസമാഹരണം

പഞ്ചായത്തിൻെറ വരുമാന മാർഗ്ഗങ്ങളായി ഇപ്പോഴുള്ളത് കെട്ടിട നികുതി, തൊഴിൽ നികുതി, ഡ്യൂട്ടി ഗ്രാൻറ്, എസ്റ്റാബ്ലിഷ്മെൻറ് ഗ്രാനൻറ്, അൺടൈഡ് ഫണ്ട്, വി. ടി. സി, ജെ. ആർ. വൈ എന്നിവയാണ്. ചെലവ് പ്രധാനമായി ഉദ്യോഗസ്ഥൻ മാരുടെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളുമാണ്. വൈദ്യുതി, വെള്ളം എന്നിവയ്ക്ക് നല്ലൊരു തുക ചെലവാകുന്നുണ്ട്. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. പ്രകൃതി വിഭവങ്ങൾ പ്രയോജനപ്പെടുത്തി കാർഷിക രംഗം മെച്ചപ്പെടുത്താൻ കഴിയും. വൻകിട വ്യവസായങ്ങൾക്ക് സാധ്യതയില്ല. ചെറുകിട- കുടിൽ വ്യവസായങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിഭവ സമാഹരണം നടത്താവുന്നതാണ്. മണ്ണും ജലവും അനുയോജ്യമായ കാലാവസ്ഥയുമുള്ളതുകൊണ്ട് ഈ വന മേഖലയിൽ പ്രകൃതി വിഭവ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.

കഴിഞ്ഞ 5 വർഷത്തെ പഞ്ചായത്തിൻെറ വരവു ചെലവു കണക്കുകൾ താഴെ കൊടുക്കുന്നു.

*പഞ്ചായത്തിൻെറ വരവ് (കഴിഞ്ഞ 5 വർഷങ്ങളിൽ വരവ് വർഷം)*

| | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 64330 | 66322 | 103624 | 106242 | 119448 |
| 2 | തൊഴിൽ നികുതി | 60575 | 67630 | 67160 | 77805 | 83980 |
| 3 | വസ്തു കൈമാറ്റ നികുതി | 120743 | 124246 | 162513 | 149120 | 225348 |
| 4 | ലേലം | 37691 | 23555 | 6798 | 5330 | 20566 |
| 5 | വിനോദനികുതി | 786695 | 9952.70 | 10000.07 | 8807.65 | 10388.84 |
| 6 | ബാലവാടി ഗ്രാൻറ് | 12274 | 12657 | 12547 | 13932 | 24101 |
| 7 | മാർക്കറ്റ് | 15925 | 18965 | 16495 | 35555 | 24900 |
| 8 | എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് | 127133 | 110414 | 135885 | 153647 | 1192449 |
| 9 | ബേസിക് ടാക്സ് ഗ്രാൻറ് | 22939 | | 173486 | 14806 | 24974 |
| 10 | അൺറ്റൈഡ് ഫണ്ട് | 146302 | 217950 | 298328 | 317500 | 317590 |
| 11 | വി റ്റി സി | 77138 | 152450 | | 23000 | 329899 |
| 12 | സ്പെഷ്യൽ ഗ്രാൻറ് | 25000 | | | | 10000 |
| 13 | വി ആർ എം | 29764 | 29147 | 25365 | 25179 | 24843 |
| 14 | പലവക | 29840.10 | 34211.87 | 45448.37 | 37669.05 | 41445.79 |
| 15 | ട്യൂബ് വെൽ | 30000 | | | | |
| 16 | ഡ്യൂട്ടി ഗ്രാൻറ് | 74286 | | | | |

| പഞ്ചായത്തിന്റെ ചെലവ് (കഴിഞ്ഞ 5 വർഷങ്ങളിൽ വരവ് വർഷം) | | | | | | |
|---|---|---|---|---|---|---|
| ഇനം | | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| 1 | സിറ്റിംഗ് ഫീസ് | 15850 | 22400 | 22400 | 12600 | 36124 |
| 2 | എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളവും അലവൻസുകളും | 38756 | 42629 | 60276 | 60276 | 54762 |
| 3 | പെൻഷനും മറ്റുമുള്ള അംശാദായങ്ങൾ | 51489 | 10759 | 18076 | 18076 | 14895 |
| 4 | ശമ്പളവും സ്ഥിര അലവൻസുകളും | 218063.70 | 202178 | 283000 | 292849 | 359519 |
| 5 | റോഡ് സംരക്ഷണം | 14170 | 40154 | 35045 | 44082 | 23120 |
| 6 | തിരഞ്ഞെടുപ്പ് ചിലവുകൾ | 27783 | | | 14277 | 1210 |
| 7 | തൂപ്പുകാരുടെയും തോട്ടികളുടെയും ശമ്പളം | 14820 | 17101 | 19571 | 23906 | 33373 |
| 8 | അച്ചടിയും ലേഖന സാമഗ്രികളും | 11151 | 12076 | 12769 | 16104 | 9064 |
| 9 | വിളക്കുവയ്പ് | 64089 | 47867 | 52110 | 48716 | - |
| 10 | അൺറ്റൈഡ് ഫണ്ട് | 14180 | 123774 | 392473 | 98427 | - |
| 11 | തപാൽ, ഫോൺ, റോഡ് റോളർ, ഹോമിയോ കെട്ടിട വാടക | | 31718 | 11245 | 14395 | 5803 |
| 12 | പണം ഡെപ്പോസിറ്റുകൾ 91-92, 93-94 (സ്ക്കൂളിനുള്ള അംശാദായം) | 7115.50 | 18000 | 13253 | 37532 | - |
| 13 | ഗ്രന്ഥ ശാലകൾക്കുള്ള അംശാദായം 94-95 | | | | 15345 | - |
| 14 | ജലസേചനം 94-95 വൈദ്യുതി95-96- | | | 10643 | 47589 | |
| 15 | സമൂഹ്യ ക്ഷേമം 94-95 തോട് പുനരുദ്ധാരണം 95-96 | | | | 11700 | 22055 |
| 16 | ക്രഷിലേക്കുള്ള ഫുഡ്, ജീവനക്കാരുടെ ശമ്പളം95-96 | | | | | 11340<br>14760 |
| 17 | കെ ഐ എൽ എ പഞ്ചായത്ത് വിഹിതം | | | | | 15000 |
| 18 | പലവക | 48791.90 | 71013.50 | 105191.50 | 71531.10 | 46754.00 |
| 19 | പി എച്ച് സി വാട്ടർ ടാങ്ക് | | | | | 43523 |
| 20 | വി എച്ച് എസ് എസ് കോമ്പൗണ്ട് വാൾ | | | | | 35000 |

സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചമല്ല. കാര്യക്ഷമമമാക്കേണ്ട ഒരു മേഖലയാണിത്. പുതിയ വ്യവസായങ്ങളെന്തെങ്കിലും തുടങ്ങാൻ വൈദ്യുതി ക്ഷാമം മൂലം സാധ്യമല്ല. കൃഷി ഭൂമികൾ നികത്തിയെടുക്കുന്നതുമൂലം കൃഷിചെയ്യാൻ ഇടം കുറയുന്നു. രാസ വള പ്രയോഗം ഹാനികരമായതിനാൽ ജൈവവളോല്പാദനത്തിൽ ശ്രദ്ധിക്കണം. കൃഷി മെച്ചപ്പെടുത്താൻ ഇതനിവാര്യമാണ്. ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കണ്ടാൽ ചെറിയ തോതിലെങ്കിലും വ്യവസായം ചെയ്യാൻ കഴിഞ്ഞേക്കും.

മരാമത്തിനും വിദ്യാഭ്യാസ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് പഞ്ചായത്ത് ഫണ്ട് പ്രധാനമായും ചെലവഴിക്കുന്നത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും വൈദ്യുതി ഉപയോഗത്തിനും നല്ലൊരു തുക ആവശ്യമാണ്. മനുഷ്യോർജ്ജം ചെലവവിക്കുന്ന പക്ഷം മരാമത്ത് പണികൾക്ക് പണം അധികം വേണ്ടിവരില്ല. അന്യാധീനപ്പെട്ടുകിടക്കുന്ന പഞ്ചാത്തു വക ഭൂമിയും വൃക്ഷങ്ങളും ഒഴിപ്പിച്ചെടുത്ത് ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാം. പുറമ്പോക്ക് ഭൂമി കൃഷിക്ക് കൊടുത്ത് സമ്പത്ത് കൂട്ടാം. വാണിജ്യ പരസ്യങ്ങൾക്ക് സെസ് ഏർപ്പെടുത്താവുന്നതാണ്. കുളങ്ങളിൽ മത്സ്യം വളർത്തിയും റോഡ് തോട് പുറമ്പോക്കുകളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും വിഭവ ശേഷി വർദ്ധിപ്പിക്കാം.

പ്രകൃതി ഭംഗിയുള്ള കോട്ടൂർ പ്രദേശത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാവുന്നതാണ്. ആയതിലേക്ക് കാപ്പുകാട്ടിൽ നിന്നും മീലമുട്ടിയിലേയ്ക്ക് റോഡ് സർവ്വീസും കൊമ്പൈകാണിയിലേക്ക് ബോട്ട് സർവ്വീസും ഏർപ്പെടുത്താം. കോട്ടൂരിൽ നിന്നും നെയ്യാർഡാമിലേക്കും, പേപ്പാറയിലേക്കും അവിടെ നിന്ന് പൊൻമുടിയിലേക്ക് റോഡുണ്ടാക്കണം. അഗസ്ത്യകൂടത്തിലേക്ക് കോട്ടൂരിലൂടെ വഴി അനുവദിക്കുകയും അതിനുള്ള അനുമതി നൽകാനുള്ള അവകാശം പഞ്ചായത്തിന് ലഭിക്കുകയും ചെയ്താൽ വരുമാനത്തിൽ മാറ്റം വരുത്താൻ സാധിക്കും.

മാർക്കറ്റിംഗിൽ ചില പരിഷ്കാരം ഏർപ്പെടുത്താവുന്നതാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കാണിച്ചന്ത കോട്ടൂർ പബ്ലിക് മാർക്കറ്റിൽ അവർക്കായി പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് മാറ്റിയാൽ ചന്തലേല തുക വർദ്ധിപ്പിക്കാം. ഒരു കന്നുകാലി ചന്ത ആരംഭിക്കുകയുമാവാം. ഉത്തരംകോട് മാർക്കറ്റിൽ സ്റ്റാളുകൾ പണിതാൽ വാടകയ്ക്ക് കൊടുത്ത് വരുമാനം കൂട്ടാം. വിദേശത്ത് പണിയെടുക്കുന്നവരുടെ വരുമാനം ഈ പ്രദേശത്തിൻെറ വികസനത്തിനു വേണ്ടി വിനിയോഗിക്കാവുന്നതാണ്. വിഭവങ്ങളിൽ മനുഷ്യനും പെടുമല്ലോ. തൊഴിലാളികളുടെയും കർഷകരുടെയും കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഈ വിധത്തിൽ വിഭവ സമാഹരണത്തിന് പുതിയ മേഖലകൾ കണ്ടെത്തുകയും ജനകീയാസൂത്രണത്തിൻെറ സദ്ഫലങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സന്തുലിത വികസനത്തിനുതകുന്ന പദ്ധതി ആവിഷ്കരിച്ച് ഭാവനാ പൂർണ്ണമായി നടപ്പാക്കുകയും ചെയ്താൽ ഈ മലയോര ഗ്രാമ പഞ്ചായത്തിൻെറ ക്ഷേമം ഉറപ്പാക്കാം.

പഞ്ചായത്തിലെ പുറമ്പോക്കു ഭൂമികൾ സർക്കാരിൽ നിന്നും അളന്നു തിട്ടപ്പെടുത്തി പഞ്ചായത്തിനെ ഏല്പിക്കുന്നതിന് നടപടി സ്വീകരിച്ചാൽ അതിലൂടെ വിഭവങ്ങൾ സമാഹരിക്കാൻ കഴിയുന്നതാണ്.

| 1991-92 | കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾ | തുക |
|---|---|---|
| 1 | പരുത്തിപ്പള്ളി ഹൈസ്ക്കൂൾ വാട്ടർ ടാങ്ക് നിർമ്മിച്ചു | 24,933 |
| 2 | നിലമ- പൊന്നറക്കോണം നടപ്പാത | 69,829 |
| 3 | ആയത്തുനട, നടപ്പാലം | 3500 |
| 4 | ഉത്തരംകോട് നടപ്പാലം | 41,655 |
| 5 | ഉത്തരം കോട്- മേലെകുന്ന് തോടുപണി | 11,208 |
| 6 | നിലമ കലിങ്ക് പുനരുദ്ധാരണം | 14,928 |
| 7 | കൊച്ചുകോണം തോടിന്റെ സൈഡ് വാൾ നിർമ്മാണം | 4246 |
| 8 | മലവിള ബാലവാടി മെയിൻറൻസ് | 1694 |
| 9 | കുറ്റിച്ചൽ മാർക്കറ്റ്നട നടപ്പാത പുനരുദ്ധാരണം | 29,799 |
| 10 | വില്ലേജാഫീസ് കരുപ്പട്ടിച്ചിറ, നടപ്പാത പുനരുദ്ധാരണം | 44,600 |
| 11 | പൊന്നറക്കോണം- കള്ളോട് നടപ്പാത | 65,00 |
| 12 | തച്ചൻകോട്- അരുകിൽ നടപ്പാത | 32897 |
| 13 | ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണ പ്രവർത്തനം | 3,18000 |
| 14 | മിനി സാംസ്ക്കാരിക നിലയ നിർമ്മാണം | 1,00000 |
| 15 | പാർപ്പിട നിർമ്മാണ പദ്ധതി | 30000 |
| 16 | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നിർദ്ധനരായവരുടെ കുടുംബങ്ങൾ വൈദ്യുതീകരിച്ചു. 4 ആദിവാസി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു. | |
| 92-93 | | |
| 17 | കോട്ടൂർ പഞ്ചായത്ത് യൂ പി എസിൽ പാചകപ്പുര നിർമ്മിച്ചു. | |
| 18 | 50 നിർദ്ധന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകി | 75000 |
| 19 | മന്തിക്കളം സ്റ്റേഡിയത്തോട് ചേർന്ന്ബാലവാടി കെട്ടിടം പണിതു. | |
| 20 | കോട്ടൂർ ആദിവാസി മാർക്കറ്റിൽ സ്റ്റാളുകൾ നിർമ്മിച്ചു. | |
| 21 | 25% ഡ്യൂട്ടി ഗ്രാൻറ് അനുവദിച്ചതുപയോഗിച്ച് പരുത്തിപ്പള്ളി ഗവൺമെൻറ് പി എച്ച് സെൻററിൽ വാട്ടർ സപ്ലൈ സംവിധാനം നടപ്പിലാക്കി | 49955 |
| 22 | കാർഷിക തൊഴിൽദാന പദ്ധതി പ്രകാരം ലഭിച്ച തുക ഉപയോഗിച്ച് മേലാച്ചിക്കോണം ആയത്തുനട തോടിന്റെ ബണ്ട് പണി നടത്തി | 7500 |
| 23 | വടക്കേക്കോണം- കുത്തുകുഴി തോടിൽ ബണ്ട് നിർമ്മിച്ചു | 5025 |
| 24 | കുഴൽ കിണർ കുഴിക്കുന്നതിനനുവദിച്ച തുക വക മാറ്റി 19183 കിണർ കുഴിച്ചു | 11162 |
| 25 | വി റ്റി സി ഗ്രാൻറ് ഉപയോഗിച്ച് മലവിള - കുന്തറക്കോണം റോഡ് പുനരുദ്ധാരണം | 10000 |
| 26 | വി റ്റി സി ഉപയോഗിച്ച് ചന്തനട- പള്ളിത്തറ റോഡിന്റെ പുനരുദ്ധാരണ പണി ചെയ്തു | 13040 |
| 27 | ശ്മശാന നിർമ്മാണത്തിനനുവദിച്ച തുക വക മാറ്റി കോട്ടൂർ മാർക്കറ്റിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ചെലവഴിച്ചു | 70010 |

## 15

# ഉപസംഹാരം

ഗ്രാമത്തിന്റെ കൂട്ടായ്മയുടെ ഒരു ജനാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽ ഉല്പന്നമാണിത് ഈ വികസനറിപ്പോർട്ട് അന്യൂനവും രൂപപ്പെടുത്തിയ പറഞ്ഞുകൂടാ. സമഗ്രവുമാണെന്നു വസ്തുതാശേഖരണത്തിൽ അപാകതകൾ കണ്ടേയ്ക്കാം. ക്രമപെടുത്തിയതിലും തകരാറുകൾ സംഭവിച്ചിട്ടുണ്ടാവും എങ്കിലും ഒരു സമൂഹത്തിന്റെ നാനാവശങ്ങളേയും ഗാഢമായി സ്പർശിക്കുന്ന ഒരു റിപ്പോർട്ടാണിത്. ഒന്നിച്ചിരുന്നു നമ്മുടെ പ്രശ്നങ്ങളെന്തെന്ന് അപഗ്രഥിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തു എന്നത് ചെറിയ കാര്യമല്ല. ജനപങ്കാളിത്തത്തിന്റെ പ്രഥമ പ്രഘോഷണമാണ് ഈ വികസനറിപ്പോർട്ടിൽ മുഴങ്ങുന്നത്. സമൂഹത്തിലുണ്ടായ ദ്രുതഗതിയിലുള്ള മാറ്റത്തെ യാതൊരാൾക്കും കണ്ടില്ലെന്ന് നടിക്കാനാവില്ല. പക്ഷേ, ആ മാറ്റങ്ങൾ നമുക്കെത്രത്തോളം പ്രയോജനകരമാണെന്ന് ആരായുമ്പോഴാണ് നമ്മുടെ വികസന പ്രക്രിയ എവിടെച്ചെന്നു നിൽക്കുന്നുവെന്ന് നാമറിയുന്നത്.

കഴിഞ്ഞ അൻപതു വർഷക്കാലത്തിനടയ്ക്കുണ്ടായ മാറ്റത്തിന്റെ കാറ്റിൽ നമ്മുടെ പലതും നഷ്ടപ്പെട്ടു. അവയിൽ ചിലതെല്ലാം നഷ്ടപ്പെടേണ്ടവയുമായിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അജ്ഞതയും കുറയേറെ തൂത്തുമാറ്റപ്പെട്ടു. ശാസ്ത്രത്തിന്റെ ചെങ്കതിരുകൾ വേഗത്തിൽ കടന്നുവന്നു. മനഷ്യ പ്രകൃതി മാറ്റം വന്നതുപോലെ നമ്മുടെ ബാഹ്യ പ്രകൃതിക്കും മാറ്റം വന്നു. പക്ഷേ ആ മാറ്റം നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും പ്രശ്നങ്ങൾ സൃഷ്ടിച്ചു. നമ്മുടെ വികസനത്തിന് കീറാമുട്ടിയായി നിൽക്കുന്ന ഘടകങ്ങളിൽ പ്രമുഖം അതാണ്.

പ്രകൃതി മനുഷ്യന് പ്രയോജകീഭവിക്കുമ്പോഴാണ് അത് വിഭവമായി മാറുന്നത്. അമിതമായ ചൂഷണത്തിലൂടെ നാം എത്തി നിൽക്കുന്നത് നാശത്തിന്റെ പാതാളത്തിലാണ്. പ്രകൃതി മാതാവിന്റെ മാറിടം കുത്തിച്ചുരക്കകയും അതിൽനിന്നുമൊഴുകുന്ന ചോര പാലായി കരുതി ആവോളം പാനംചെയ്യുകയുമാണ് നമ്മുടെ കടമയെന്ന് നാം തെറ്റിദ്ധരിച്ചു. നമ്മുടെ വികസനത്തിന്റെ സ്രോതസ്സുകൾ പലതും അടഞ്ഞുപോകാൻ കാരണം ഇതാണ്. കൂട്ടായിക്കൊള്ളയടിച്ച പ്രകൃതിസമ്പത്തിനെ കൂട്ടായിത്തന്നെ തിരിച്ചുകൊണ്ട് വരേണ്ടിയിരിക്കുന്നു. പ്രകൃതി സന്തുലനം നാം വീണ്ടെടുക്കേണ്ടതുണ്ട്.

റിപ്പോർട്ടിൽ മുന്നോട്ടു വച്ചിട്ടുള്ള പരിപാടികൾ മുൻഗണനാക്രമമനുസരിച്ച് ചെയ്യുന്ന പക്ഷം വരുന്ന പഞ്ചവത്സര പദ്ധതിയിലെങ്കിലും ജനജീവിതത്തിൽ അഭികാമ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്ന് തീർച്ചയാക്കാം. ഭാവനാവിലാസങ്ങളേക്കാൾ യാഥാർത്ഥ്യം തുടിക്കുന്ന ഒരു റിപ്പോർട്ടാണിതെന്ന് മനസ്സിലാക്കുക. എന്തൊക്കെയാണ് കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇതൊക്കെ കൊണ്ടുണ്ടാകാവുന്ന മാറ്റങ്ങൾ.

1. കൃഷിക്കാരെക്കാൾ കർഷകത്തൊഴിലാളികൾ ധാരാളമുള്ളതിനാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ എളുപ്പമാണ്. മണ്ണിനനുയോജ്യമായ കൃഷികൾ പലതും കൂടുതലായി ചെയ്യാൻ സാധിക്കും. കാർഷികാഭിവൃദ്ധിയ്ക്ക് അത് കാരണമാവും.
2. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിഭവസാധ്യത വർദ്ധിപ്പിക്കുകയും പരമ്പരാഗത വ്യവസായത്തെ നവീകരിക്കുകയും ചെയ്താൽ തൊഴിൽ മേഖല പുഷ്ടിപ്പെടും. പരമ്പരാഗത കൈത്തൊഴിലുകാരുടെ വൈദഗ്ധ്യം വർദ്ധിപ്പിച്ച് അവരുടെ വരുമാനത്തിൽ ഗണ്യമായ പുരോഗതികൈവരിക്കാം.
3. തൊഴിൽ സാധ്യതവർദ്ധിച്ചുവരുമ്പോൾ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കും. വരുമാനം കൂടുകയും ചെയ്യും.

4. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ലഭിയ്ക്കുമ്പോൾ കുടുംബക്ഷേമം പുലരും ഊർജ്ജോപഭോഗം കാര്യക്ഷമത കൈവരിക്കും.

5. ജൈവ വൈവിധ്യം വർദ്ധിക്കും വർഷകാലത്തുണ്ടാകുന്ന മണ്ണൊലിപ്പ്, വെള്ളക്കെട്ട്, വേനൽക്കാലവറുതി എന്നിവ ഒഴിവാകും. ജൈവവസ്തുക്കളുടെ ലഭ്യത ഇരട്ടിക്കും.

6. കുട്ടികളുടെയും, അമ്മമാരുടെയും വൃദ്ധജനങ്ങളുടെയും ആരോഗ്യനിലമെച്ചപ്പെടും. പോഷകാഹാരക്കുറവ് പരിഹരിക്കപ്പെടും. പൊതുജനാരോഗ്യം ഇന്നത്തെ നിലയിൽ നിന്നുയരും.

7. സാമൂഹ്യക്ഷേമത്തിന് പുതിയ സ്കീമുകൾ നടപ്പിലാക്കുമ്പോൾ ദാരിദ്ര്യ നിർമ്മാർജ്ജനം വിജയിക്കും.

8. വിദ്യാഭ്യാസ രംഗത്തുള്ള കൊഴിഞ്ഞുപോക്ക് അവസാനിക്കും നിർബന്ധിതവും, സൗജന്യവും, സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കും. എസ്.എസ്.എൽ.സി.ക്കാരുടെ വിജയശതമാനം വർദ്ധിക്കും. ഉന്നത വിദ്യാഭ്യാസ രംഗവും കൂടുതൽ മെച്ചപ്പെടും. പഠനവും പഠിപ്പിക്കലും കൂടുതൽ രസപ്രദമാവും, ധന്യമാവും.

9. ഗ്രന്ഥശാലകളുടേയും, ക്ലബ്ബുകളുടേയും ഇതരസാംസ്ക്കാരിക സ്ഥാപനങ്ങളുടെയും നിലവാരം വർദ്ധിക്കും, ഗ്രാമീണരിൽ പുതിയൊരു സംസ്ക്കാരം പുലരും, സാമൂഹ്യബോധവും ഐക്യവും രൂഢമൂലമാകും.

ഇതൊല്ലാം പുല്ലുതിന്നുന്ന ഏട്ടിലെ പശുകളാണെന്ന് കരുതിക്കൂടാ. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കാതിരിക്കില്ലല്ലോ. നിലവിലുള്ള വിഭവങ്ങളെ സംഘടിതമായി, ശാസ്ത്രീയമായി സാങ്കേതികമായി ഔചിത്യത്തോടെ വിനിയോഗിച്ചാൽ ലക്ഷ്യത്തിലെത്താൻ കഴിയും. സർക്കാർ അതിൻെറ കടമ നിർവ്വഹിക്കുകയും ജനങ്ങൾ സ്വധർമ്മം കൈവെടിയാതിരിക്കുകകയും ചെയ്യണമെന്നമാത്രം കാലാനുസൃതമായ മാറ്റങ്ങൾ ചിലപ്പോൾ നയങ്ങളിൽ വരുത്തേണ്ടിവരും.

ജനങ്ങളാണ് യഥാർത്ഥത്തിൽ ചരിത്രം രചിക്കുന്നത്. അവരിലാണ് ക്ഷേമൈശ്വര്യങ്ങൾ കുടിയിരിക്കുന്നത്. ഈ യാഥാർത്ഥ്യം വൈകിയാണേങ്കിലും നമ്മുടെ ഗവൺമെൻറ് മനസ്സിലാക്കിയിരിക്കുന്നു. ജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾക്ക് വമ്പിച്ച പ്രാധാന്യമുണ്ട്. ഗ്രാമതലാഭിവൃദ്ധിക്ക് ഗ്രാമീണരുടെ ബൗദ്ധികവും ശാരീരികവുമായ സേവനം കൂടിയേ കഴിയൂ. ഉല്പാദന വർദ്ധനവിനു അനുകൂലമായ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കേണ്ടത് അവർ തന്നെ ഗ്രാമത്തിൽ ഇന്ന് കാണുന്ന പുരോഗതി ജനങ്ങളുടെവിയർപ്പിൻെറ ഫലമാണ്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഗ്രാമത്തിലും പുറത്തുമുള്ള എത്രയോ പേരുടെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ സേവനം ഉണ്ടായിട്ടുണ്ട്. ബഹുജനസംഘടനകളുടെ സജീവ സഹകരണവും, രാഷ്ട്രീയ കുട്ടികളുടെ ചേരിതരിവില്ലാത്തപിന്തുണയും, വിശിഷ്ട വ്യക്തികളുടെ ഉപദേശനിർദേശങ്ങളും പ്രസ്തുത റിപ്പോർട്ടിൻെറ നിർമ്മാണത്തിന് അത്യന്തം ഉപകരിച്ചിട്ടുണ്ട്. കുറ്റിച്ചൽ പഞ്ചായത്തിൻെറ ചരിത്രത്തിൽ ബഹുജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ എക്കാലത്തും വികസനത്തിന് നിരകഷണ്ണായക ശക്തിയായിവർത്തിച്ചിട്ടുണ്ട്. ആ പാത ഇനിയും തുടരുമെന്ന് വിശ്വസിക്കാം. നിലവിലുള്ള സ്കീമുകളുടെ ന്യൂനത ചൂണ്ടിക്കാണിച്ചും ഉചിതമായ പരിഷ്ക്കാരങ്ങൾ നിർദ്ദേശിച്ചും പുതിയ സ്കീമുകൾ സർക്കാരിനോട് ആവശ്യപ്പെടും. വികസനം കൈവരിക്കാൻ സന്നദ്ധതയുള്ള ഒരു തലമുറയ്ക്ക് സാക്ഷാത്കരിക്കാൻ കഴിയുന്ന കാര്യങ്ങളാണ് ഈ റോപ്പോർട്ടുൾക്കൊള്ളുന്നത്.